മലങ്കര

# വേദോപദേശ പാഠാവലി

## അഞ്ചാം പുസ്തകം

## മൂന്നാം ഭാഗം

www.malankaralibrary.com

മലങ്കര

# വേദോപദേശ പാഠാവലി

## അഞ്ചാം പുസ്തകം

## മൂന്നാം ഭാഗം

### പാഠം 1

### നിഖ്യാവിശ്വാസപ്രമാണം

(പൊതുവിവരണം)

### 1. തിരുസഭാസ്ഥാപനം, ഉദ്ദേശം

നമ്മുടെ കർത്താവായ യേശുക്രിസ്തു തൻെറ രക്ഷാകരവ്യാപാരം ഇഹത്തിൽ ലോകാവസാനംവരെ തുടരുന്നതിനും മനുഷ്യനെ അവൻെറ പരമമായ അന്ത്യത്തിൽ എത്തിക്കുന്നതിനും വേണ്ടി തിരുസഭയെ സ്ഥാപിച്ചു. വെളിപ്പെടുത്തപ്പെട്ട വിശ്വാസസത്യങ്ങൾ പഠിപ്പിക്കുന്നതിനും, കൂദാശകൾമുഖേന വിശുദ്ധീകരിക്കുന്നതിനും, കല്പനകൾ വഴിയായി ഭരിക്കുന്നതിനും തിരുസഭയ്ക്കു് അധികാരം നൽകി. വിശ്വാസസത്യങ്ങളുടെയും കൂദാശകളുടെയും ദൈവകല്പനകളുടെയും, വ്യാഖ്യാതാവും, സംരക്ഷകയും തിരുസഭതന്നെ ആകുന്നു. അതിനാൽ ആവിഷ്കരിക്കപ്പെട്ട സത്യങ്ങൾ വിശ്വാസസത്യങ്ങളായി തിരുസഭ പ്രഖ്യാപിക്കുന്നു; വിശുദ്ധ കൂദാശകൾ വിശ്വാസികൾക്കായി പരികർമ്മം ചെയ്യുന്നു; ദൈവകല്പനകൾ ഊർജ്ജിതപ്പെടുത്തി വിശ്വാസികളെ സൽപന്ഥാവിൽ കൂടി നയിക്കുന്നു. വിശ്വാസസത്യങ്ങളുടെ വ്യാഖ്യാനത്തെക്കുറിച്ചും, കൂദാശകളുടെ അനുഷ്ഠാനരീതിയെക്കുറിച്ചും, കല്പനകളുടെ വ്യാപ്തിയെക്കുറിച്ചും അവസാനതീരുമാനം ചെയ്യുന്നതു തിരുസഭ തന്നെയാകുന്നു.

www.malankaralibrary.com

## 2. പരമാധികാരവും അപ്രമാദിത്വവും

തിരുസഭ ഇവയെല്ലാം ചെയ്യുന്നതു് പൊതുസുന്നഹദോസ്സുകൾ വഴിയായോ, തിരുസഭാതലവന്റെ പ്രഖ്യാപനം മുഖേനയോ അത്രെ. തിരുസഭാതലവനു് വിശ്വാസവും സന്മാർഗ്ഗവും സംബന്ധിച്ചുള്ള കാര്യങ്ങളിൽ പരമാധികാരവും അപ്രമാദിത്വവും ഉണ്ടു്. സാർവ്വത്രികസുന്നഹദോസിനും ഈപ്രകാരം പരമാധികാരവും അപ്രമാദിത്വവും ഉണ്ടു്. എന്നാൽ തിരുസഭാതലവനെ കൂടാതെ ഒരു സുന്നഹദോസ് സാർവ്വത്രികസുന്നഹദോസ് ആകുന്നതല്ല. അതുപോലെതന്നെ തിരുസഭാതലവൻ അംഗീകരിക്കാതെ അതിന്റെ തീരുമാനങ്ങൾ നടപ്പിൽവരുന്നതുമല്ല.

## 3. സുന്നഹദോസുകൾ

തിരുസഭയുടെ പൊതുനന്മയ്ക്കു ആവശ്യമെന്നു കാണുമ്പോൾ തിരുസഭാതലവൻ അപ്പോഴപ്പോൾ പ്രാദേശികസുന്നഹദോസുകളും, സാർവ്വത്രികസുന്നഹദോസുകളും വിളിച്ചുകൂട്ടാറുണ്ടു്. അങ്ങനെ തിരുസഭയിൽ ഇതുവരെയും ഇരുപതു സാർവ്വത്രികസുന്നഹദോസുകൾ നടന്നിട്ടുണ്ടു്. അവയിൽ ഒന്നാമത്തെ സുന്നഹദോസാണു് ക്രി. വ. 325-ൽ 318 ബാവാന്മാർ ചേർന്നു് നിഖ്യായിൽ വച്ചു നടത്തിയതു്. ഈ സുന്നഹദോസിൽവച്ചു് തിരുസഭയുടെ ഭരണപരമായ കാര്യങ്ങളിൽ അതിപ്രധാനങ്ങളായ പല തീരുമാനങ്ങളും എടുത്തിട്ടുണ്ടു്. എന്നാൽ ഈ സുന്നഹദോസിന്റെ പ്രാധാന്യം തിരുസഭയുടെ നിലനില്പിനെത്തന്നെ ഭീഷണിപ്പെടുത്തിക്കൊണ്ടിരുന്ന ഏരിയൻ പാഷണ്ഡതയെ യാതൊരു വിട്ടുവീഴ്ചയും കൂടാതെ ശപിച്ചു എന്നതാണു്.

## 4. ഏരിയൻ പാഷണ്ഡത

അക്കാലത്തു ജീവിച്ചിരുന്ന ആരിയോസ് (ജനനം ക്രി. വ. 306) ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുകയും, ലോകസൃഷ്ടിക്കു മുമ്പുതന്നെ സൃഷ്ടിക്കപ്പെട്ട ഒരസാധാരണ വ്യക്തിയാണു് ക്രിസ്തുവെന്നും ഏതാനും ചില ദൈവികശക്തികൾ മാത്രമേ, ദൈ

www.malankaralibrary.com

വം അദ്ദേഹത്തിനു് നൽകിയിട്ടുള്ളവനെന്നും മററുമുള്ള അബദ്ധോപദേശങ്ങൾ പഠിപ്പിക്കുകയും ചെയ്തിരുന്നു. സത്യവിശ്വാസം വിശ്വാസികൾക്കു് ചൂണ്ടിക്കാണിച്ചുകൊടുക്കുക എന്നതായിരുന്നു ഈ സുന്നഹദോസിന്റെ പ്രധാനോദ്ദേശ്യം. എക്കാലവും വിശ്വാസികൾ സത്യം എന്തെന്നറിയുന്നതിനും അതിൽ അചഞ്ചലരായി നിലനില്ക്കുന്നതിനുമായി പിതാക്കന്മാർ ഈ സുന്നഹദോസിൽവച്ചു് ഒരു വിശ്വാസപ്രമാണം ക്രോഡീകരിച്ചു. ഇതിനെയത്രെ നിഖ്യാവിശ്വാസപ്രമാണമെന്നു വിളിക്കുന്നതു്. "ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കു മുമ്പിൽ പിതാവിൽനിന്നു ജനിച്ചവനും, പ്രകാശത്തിൽനിന്നുള്ള പ്രകാശവും, സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും, ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും.......... എന്നിപ്രകാരമുള്ള വിശ്വാസപ്രമാണത്തിലെ ഭാഗങ്ങൾ ഏരിയൻ പാഷണ്ഡതയ്ക്കു നേരെ വിപരീതമാകുന്നു.

---

ചോദ്യങ്ങൾ

1. യേശുക്രിസ്തു തന്റെ രക്ഷാകരവ്യാപാരം ഇഹത്തിൽ തുടർന്നുകൊണ്ടുപോകാൻ എന്തു ചെയ്തു?

2. ക്രിസ്തു തിരുസഭയ്ക്കു് എന്തെല്ലാം അധികാരങ്ങൾ നല്കി?

3. തിരുസഭ ഏതെല്ലാം കാര്യങ്ങളിൽ എപ്രകാരമാണു് അവസാന തീരുമാനമെടുക്കുന്നതു്?

4. തിരുസഭാതലവന്റെ നിശ്ചയത്തിനും, സാർവ്വത്രിക സുന്നഹദോസു നിശ്ചയങ്ങൾക്കും തമ്മിലുള്ള വ്യത്യാസമെന്തു്?

5. തിരുസഭയിൽ ആകെ എത്ര സാർവ്വത്രികസുന്നഹദോസുകൾ നടന്നിട്ടുണ്ടു്. അതിൽ ആദ്യത്തേതേതാകുന്നു?

6. ഒന്നാമത്തെ സുന്നഹദോസിന്റെ പ്രാധാന്യമെന്തു്?

7. അരിയൂസിന്റെ പാഷണ്ഡത എന്തായിരുന്നു?

8. നിഖ്യാവിശ്വാസപ്രമാണം ക്രോഡീകരിച്ചതിന്റെ ഉദ്ദേശ്യമെന്തു്?

www.malankaralibrary.com

## പാഠം 2

# നിഖ്യാവിശ്വാസപ്രമാണം

(പൊതുവിവരണം തുടർച്ച)

### 1. വിവിധ വിശ്വാസപ്രമാണങ്ങൾ

നിഖ്യായിൽവച്ചു ക്രോഡീകരിച്ച വിശ്വാസപ്രമാണം കൂടാതെ അതുമായി സാരാംശത്തിൽ വലിയ വ്യത്യാസമില്ലാത്ത ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം, എപ്പിഫാനിയോസിൻെറ വിശ്വാസപ്രമാണം, അത്തനാസ്യോസിൻെറ വിശ്വാസപ്രമാണം എന്നിങ്ങനെ പല വിശ്വാസപ്രമാണങ്ങളും തിരുസഭയിൽ നിലവിലിരുന്നു. വിശ്വാസസത്യങ്ങളുടെ ലഘുവും ലളിതവുമായ ഒരു വിവരണം വിശ്വാസികൾക്കു് നൽകുന്നതിനും സഭയിൽ വിശ്വാസൈക്യം പാലിക്കുന്നതിനും വേദവിപരീതങ്ങളുണ്ടാകുമ്പോൾ സത്യവിശ്വാസം വിശ്വാസികൾ അറിഞ്ഞിരിക്കുന്നതിനും വേണ്ടിയായിരുന്നു ഇപ്രകാരം വിശ്വാസപ്രമാണങ്ങൾ നിർമ്മിച്ചു് പ്രചാരത്തിൽവരുത്തിയിരുന്നതു്.

### 2. ശ്ലീഹന്മാരുടെ വിശ്വാസപ്രമാണം

അവയിൽ ഏററവും ചെറുതും പുരാതനവുമായതു് ശ്ലീഹന്മാരുടെ വിശ്വാസപ്രമാണമാണു്. ഇതു് ശ്ലീഹന്മാരാൽ എഴുതപ്പെട്ടതെന്നു് പരമ്പരാഗതമായി വിശ്വസിച്ചുവരുന്നതുകൊണ്ടും ശ്ലീഹന്മാരുടെ ഉപദേശങ്ങളുടെ സംക്ഷേപം ഇതിലടങ്ങിയിരിക്കുന്നതുകൊണ്ടും ഇതിനെ ശ്ലീഹന്മാരുടെ വിശ്വാസപ്രമാണമെന്നു വിളിക്കുന്നു.

### 3. വി. പ്രമാണം ചൊല്ലുന്നതുകൊണ്ടുള്ള ഗുണം

എന്നാൽ തിരുസഭയിൽ ഏററവും പ്രചാരത്തിലിരിക്കുന്നതും, ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിട്ടുള്ളതും നിഖ്യാവിശ്വാസപ്രമാണമാകുന്നു. നമ്മുടെ യാമപ്രാർത്ഥനകളിലും ദിവ്യകർമ്മങ്ങളിലും ഈ വിശ്വാസപ്രമാണം ചൊല്ലുന്നുണ്ടു്. ഇപ്രകാരം വിശ്വാ

www.malankaralibrary.com

സപ്രമാണം പലപ്പോഴും ചൊല്ലുന്നതുകൊണ്ട് വളരെ പ്രയോജനം സിദ്ധിക്കുന്നതാണ്. "ക്രിസ്തുവിൽ വിശ്വസിക്കുന്ന ഹൃദയം നീതീകരിക്കപ്പെടുന്നു; അവനെ ഏററുപറയുന്ന വായ് രക്ഷപ്രാപിക്കയും ചെയ്യുന്നു (റോമ. 10, 10) എന്ന് വി: പൗലോസ് ശ്ലീഹാ കല്പിക്കുന്നപ്രകാരം വിശ്വാസസത്യങ്ങൾ നമ്മുടെ ഹൃദയത്തിൽ അധികമധികം പതിയുന്നതിനും നമ്മുടെ വിശ്വാസപ്രഖ്യാപനത്താൽ ദൈവത്തെ അധികമധികം മഹത്വപ്പെടുത്തുന്നതിനും തൻനിമിത്തം നാം രക്ഷപ്രാപിക്കുന്നതിനും അതു പ്രയോജകീഭവിക്കുന്നു.

## 4. ഉള്ളടക്കം

നിഖ്യാവിശ്വാസപ്രമാണത്തിൽ പ്രധാനമായി ഏഴു സംഗതികൾ അടങ്ങിയിരിക്കുന്നു.

i പരിശുദ്ധത്രിത്വത്തിലെ ഒന്നാമാളായ പിതാവായ ദൈവത്തിലുള്ള വിശ്വാസം.

ii പ. ത്രിത്വത്തിലെ രണ്ടാമാളായ പുത്രൻതമ്പുരാന്റെ മനുഷ്യാവതാരത്തിലും രക്ഷണീയവ്യാപാരത്തിലുമുള്ള വിശ്വാസം.

iii പ. ത്രിത്വത്തിലെ മൂന്നാമാളായ പ. റൂഹായിലുള്ള വിശ്വാസം.

iv തിരുസഭയിലുള്ള വിശ്വാസം.

v ഏകമാമ്മോദീസായിലുള്ള വിശ്വാസം.

vi മരിച്ചവരുടെ ഉയിർത്തെഴുന്നേല്പിലുള്ള വിശ്വാസം.

vii നിത്യജീവനിലുള്ള വിശ്വാസം.

---

## ചോദ്യങ്ങൾ

1) തിരുസഭയിൽ ആദിമകാലങ്ങളിൽ നിലവിലിരുന്ന വിശ്വാസപ്രമാണങ്ങൾ ഏവ?

2) ആദിമകാലം മുതൽ തിരുസഭയിൽ വിശ്വാസപ്രമാണങ്ങൾ നിർമ്മിച്ചു നടപ്പിലാക്കിയിരുന്നതിന്റെ ഉദ്ദേശ്യമെന്ത്?

www.malankaralibrary.com

3) ശ്ലീഹന്മാരുടെ വിശ്വാസപ്രമാണത്തെ അങ്ങനെ വിളിക്കുന്നതെന്തുകൊണ്ടു്?

4) വിശ്വാസപ്രമാണം കൂടെക്കൂടെ ചൊല്ലുന്നതുകൊണ്ടുള്ള പ്രയോജനമെന്തു്?

5) നിഖ്യാവിശ്വാസപ്രമാണത്തിലടങ്ങിയിരിക്കുന്ന പ്രധാന സംഗതികളേവ?

## പാഠം 3

## നിഖ്യാവിശ്വാസപ്രമാണത്തിന്റെ ഒന്നാംഭാഗം

(പിതാവായ ദൈവത്തിലുള്ള വിശ്വാസം)

“സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ സത്യമുള്ള ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.”

### 1. ദൈവാസ്തിത്വം

“ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു”. (ഉല്പ. 1,1) ആദികാലം മുതൽ മനുഷ്യൻ ദൈവത്തിൽ വിശ്വസിച്ചിരുന്നു. എല്ലാക്കാലത്തും എല്ലാസ്ഥലത്തും എല്ലാജനപദങ്ങളുടെ ഇടയിലും ഈ വിശ്വാസം ഉണ്ടായിരുന്നു. ദൈവത്തെക്കുറിച്ചുള്ള അറിവു അവർക്കു ലഭിച്ചതു സ്വാഭാവികബുദ്ധി, വെളിപാടു്, ഇവ വഴിയായിട്ടാണു്. അതായതു്:—

(i) സ്വാഭാവികബുദ്ധി ഉപയോഗിച്ചു് പ്രകൃതികാതീതമായ ഒരു ശക്തി ഉണ്ടെന്നു പ്രകൃതിയിൽനിന്നും മനസ്സിലാക്കി.

(ii) പല അവസരങ്ങളിലായി ദൈവംതന്നെ തന്റെ അസ്തിത്വംവെളിപ്പെടുത്തി.

### 2. പ്രകൃതിയുടെ സാക്ഷ്യം

നമ്മുടെ സ്വാഭാവികബുദ്ധി ഉപയോഗിച്ചുതന്നെ നമ്മുടെ പരമാന്ത്യമായ ദൈവത്തിന്റെ അസ്തിത്വം പ്രകൃതിയിൽനിന്നു്

www.malankaralibrary.com

അറിയുന്നതിനു നമുക്കു സാധിക്കും. "ആകാശങ്ങൾ ദൈവത്തിന്റെ മഹത്വത്തെ അറിയിക്കുന്നു; ആകാശത്തട്ടു് അവന്റെ കൈവേലയെ കാണിക്കുന്നു." (സങ്കീ. 18, 2)

## A. പ്രപഞ്ചത്തിന്റെ ക്രമീകരണം ദൈവാസ്തിത്വം തെളിയിക്കുന്നു

നാം ഈ പ്രപഞ്ചത്തെ പരിശോധിക്കുമ്പോൾ ആകാശത്തിൽ നക്ഷത്രങ്ങളും ഗോളങ്ങളും, ഭൂമിയിൽ പലതരം ചരാചരങ്ങളും കണ്ടിട്ടു് അവയുടെ ക്രമീകരണത്തിൽ അതിശയിക്കാറുണ്ടു്. ഈ അത്ഭുതകരമായ പ്രപഞ്ചവും അതിന്റെ ക്രമീകരണവും താനേ ഉണ്ടാകുക സാധ്യമല്ല. നേരേമറിച്ചു് സർവ്വജ്ഞനും, സർവ്വശക്തനും ബുദ്ധിമാനുമായ ഒരു സ്രഷ്ടാവുണ്ടായിരിക്കണം.

"..................................................ജന്തുക്കളോടു ചോദിക്കുക, അവ നിന്നെ പഠിപ്പിക്കും; ആകാശത്തിലെ പറവകളോടു ചോദിക്കുക, അവ നിന്നോടു പറയും, ഭൂമിയോടു സംസാരിക്കുക അതു നിനക്കു മറുപടിനൽകും, സമുദ്രത്തിലെ മത്സ്യങ്ങൾ പറയുകയുംചെയ്യും. കർത്താവിന്റെ കൈകളാണു് ഇവയെല്ലാം സൃഷ്ടിച്ചതെന്നു് ആർക്കാണറിയുവാൻ പാടില്ലാത്തതു്. (യോബു് 12, 7—9)

ജ്ഞാനിയായ ശലോമോൻ തന്റെ പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "ദൈവത്തെ അറിയാത്ത മനുഷ്യർ വലിയ മൂഢന്മാരായിരിക്കണം. അവർ സൃഷ്ടിക്കപ്പെട്ട ഈ വസ്തുക്കളെ കാണുകയും അവയുടെ സ്രഷ്ടാവിനെ മനസ്സിലാക്കാതെയുമിരിക്കുന്നു". മനുഷ്യർ സൃഷ്ടിയുടെ സൗന്ദര്യത്തിൽ അത്ഭുതപ്പെടുന്നുവെങ്കിൽ അതിന്റെ സ്രഷ്ടാവു് അതിൽ എത്രയോമടങ്ങു വലിപ്പമുള്ളവനും സൗന്ദര്യമുള്ളവനുമായിരിക്കണം. കാരണം ഈ സൃഷ്ടിയുടെ മഹത്വത്തിന്റെയും സൗന്ദര്യത്തിന്റെയും ഉറവയും ആരംഭവും എല്ലാം അവ സൃഷ്ടിച്ചവനിൽ നിന്നുമത്രെ. അതുപോലെ മനുഷ്യൻ ലൗകികവസ്തുക്കളുടെ ശക്തിയും ഫലദായകത്വവും കണ്ടു് അത്ഭുതപ്പെടുന്നുവെങ്കിൽ ഇവയെ നിർമ്മിച്ചവൻ

www.malankaralibrary.com

ഇതിലെത്രയോ അധികം ശക്തിമാനാണെന്നു മനസ്സിലാക്കണം. എന്തുകൊണ്ടെന്നാൽ സൃഷ്ടിയുടെ ഔന്നത്യവും മഹിമയുമെല്ലാം അവയുടെ സ്രഷ്ടാവിനെ വെളിപ്പെടുത്തുന്നു. (Cfr. മഹാജ്ഞാനം 13. 1—5)

## B. സജീവവസ്തുക്കളുടെ ലക്ഷ്യത്തിലേക്കുള്ള ക്രമീകൃതപ്രവർത്തനം ദൈവാസ്തിത്വം തെളിയിക്കുന്നു

ഓരോ ജീവവസ്തുവും ഒരത്ഭുത കലാസൃഷ്ടിയാണു്. സസ്യങ്ങളും മൃഗങ്ങളും മനുഷ്യരും ജീവിക്കുന്നു, വളരുന്നു, വർദ്ധിക്കുന്നു. മനുഷ്യശരീരംതന്നെ ഒരത്ഭുത വസ്തുവാണു്. അതിലെ ഓരോ അവയവവും അതാതിന്റെ കൃത്യം ശരിയായി നിർവ്വഹിക്കത്തക്കവിധം നിർമ്മിക്കപ്പെട്ടവയാണു്. ഒരു ജീവവസ്തുവിനും ഇതുപോലെ സ്വയമായി ഒരു ക്രമീകരണമുണ്ടാകുവാൻ സാദ്ധ്യമല്ലാത്തതിനാൽ ഈ ദാനങ്ങളെല്ലാംതന്നെ സർവ്വജ്ഞനും സർവ്വശക്തനുമായ ഒരു ശക്തിയുടേതായിരിക്കണം. "അവിടുത്തെ അദൃശ്യവ്യാപാരങ്ങളും, ശക്തിയും നിത്യദൈവത്വവും ലോകാരംഭം മുതലേ തന്റെ സൃഷ്ടികൾക്കു് ആന്തരികമായി പ്രത്യക്ഷപ്പെടുന്നു. അതു് അവക്കു് ഒഴിവുകഴിവിനു് വകയില്ലാതെ ഇരിപ്പാൻ വേണ്ടിയാകുന്നു. അവർ ദൈവത്തെയറിഞ്ഞിരുന്നിട്ടും ദൈവത്തിനനുയോജ്യമാംവണ്ണം സ്തുതിക്കുകയോ നന്ദി കാണിക്കുകയോ ചെയ്തില്ല". (റോമ. 1, 20-21)

## C. മനസ്സാക്ഷിയുടെ അസ്തിത്വം ദൈവാസ്തിത്വം തെളിയിക്കുന്നു

നമുക്കു് ഓരോരുത്തർക്കും മനഃസ്സാക്ഷി ഉണ്ടു്. നന്മചെയ്യുന്നതിനും തിന്മ വിട്ടകലുന്നതിനും അതു നമ്മെ പ്രേരിപ്പിക്കുന്നു. ഈ മനഃസാക്ഷി നാമാരും സ്വന്തപ്രയത്നത്താൽ സമ്പാദിച്ചതല്ല; മററു മനുഷ്യരാരും നമുക്കു് നൽകിയതുമല്ല. എന്നാൽ അതു് നമുക്കു് ഓരോരുത്തർക്കും പരിശുദ്ധനായ ഒരു നിയമദാതാവും, നീതിമാനായ ഒരു വിധികർത്താവും നൽകിയതാണു്.

www.malankaralibrary.com

## D. ജനപദങ്ങളുടെ പൊതുവിശ്വാസം ദൈവാസ്തിത്വം തെളിയിക്കുന്നു

ഭൂമിയിലെ സർവ്വജാതിമനുഷ്യരും വിവിധങ്ങളായ ആചാര വിശ്വാസങ്ങളുള്ളവരാണെങ്കിലും പൊതുവിൽ എല്ലാവരും ദൈവമുണ്ടെന്നു അംഗീകരിക്കുന്നു. മലവർഗ്ഗങ്ങളുടെയും കാട്ടാളന്മാരുടെയും ഇടയിൽപോലും ഈ വിശ്വാസം നാം കാണുന്നുണ്ട്. മനുഷ്യരാശിയുടെ ഈ വിശ്വാസം കേവലം അടിസ്ഥാനരഹിതമായിരിക്കുവാൻ സാധിക്കുകയില്ല. നേരേമറിച്ച് സർവ്വജനങ്ങൾക്കും ഈശ്വരാസ്തിത്വം സ്വീകാര്യമായതിനാൽ അതു് ദൈവമുണ്ടെന്നുള്ളതിനു സ്വാഭാവികമായ ഒരു തെളിവാണ്.

## E. തിരുസഭയുടെ ഉപദേശം

ബുദ്ധിഉപയോഗിച്ച് പ്രകൃതിയിൽനിന്നും ദൈവത്തെ അറിയുവാൻ സാധിക്കുമെന്ന് വത്തിക്കാൻസുന്നഹദോസ് അസന്ദിഗ്ദ്ധമായി പ്രഖ്യാപനംചെയ്തു. (Cfr. D. B. 1785) എന്നു മാത്രമല്ല, സ്വാഭാവികബുദ്ധി ഉപയോഗിച്ച് ദൈവത്തിൻെറ അസ്തിത്വം സംശയലേശമന്യേ അറിയുവാൻ സാധിക്കുകയില്ല എന്നു ആരെങ്കിലും പറഞ്ഞാൽ അവൻ ശപിക്കപ്പെട്ടവനാകട്ടെ എന്നുള്ള ശാപവും നൽകുന്നു. (Cfr D. B. 1806)

---

### ചോദ്യങ്ങൾ

(1) ദൈവത്തിൻെറ അസ്തിത്വത്തെക്കുറിച്ചുള്ള അറിവു മനുഷ്യനു ലഭിക്കുന്നതെങ്ങനെ?

(2) സ്വാഭാവികബുദ്ധി ഉപയോഗിച്ച് ദൈവത്തിൻെറ അസ്തിത്വം അറിയുവാൻ സാധിക്കുമെന്നുള്ളതിനുപോൽബലകമായിട്ടുള്ള വേദവാക്യങ്ങളുദ്ധരിക്കുക.

(3) പ്രപഞ്ചത്തിൻെറ ക്രമീകരണത്തിൽ നിന്നും ദൈവത്തിൻെറ അസ്തിത്വം എങ്ങനെ മനസ്സിലാക്കാം?

(4) "നമ്മുടെ മന:സാക്ഷിയുടെ അസ്തിത്വം ദൈവത്തിൽനിന്നാകുന്നു". തെളിയിക്കുക.

(5) ഈ കാര്യങ്ങളെക്കുറിച്ചു തിരുസഭയുടെ ഉപദേശമെന്തു്?

www.malankaralibrary.com

## പാഠം 4

## നിഖ്യാവി: പ്രമാണം ഒന്നാംഭാഗം [തുടർച്ച]

(ദൈവവെളിപാടുകൾ)

### 1. ദൈവം സ്വയം വെളിപ്പെടുത്തി.

മനുഷ്യബുദ്ധി ഉപയോഗിച്ച് പ്രകൃതിയുടെ സവിശേഷതയിൽനിന്ന് പ്രകൃതിക്കതീതനായ ദൈവത്തെ അറിയുവാൻ സാധിക്കുമെന്ന് കഴിഞ്ഞ പാഠത്തിൽ നാം കണ്ടുവല്ലോ. എന്നാൽ ദൈവം തന്റെ അസ്തിത്വത്തെക്കുറിച്ചും ആന്തരികജീവനേക്കുറിച്ചും പല അവസരങ്ങളിലായി നമുക്ക വെളിപ്പെടുത്തിത്തന്നിട്ടുണ്ട്. "വലിയവനും പരിശുദ്ധനുമായ ദൈവം മനുഷ്യരോടുള്ള സ്നേഹം നിമിത്തം താന്നിറങ്ങുകയും നമ്മോടു സംസാരിക്കയും ചെയ്തു". വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ ശ്രദ്ധേയമാണ്. "ദൈവം മുമ്പ്, നാനാപ്രകാരത്തിലും വിവിധദൃഷ്ടാന്തരൂപത്തിലും ദീർഘദർശിമാർ മുഖാന്തിരം നമ്മുടെ പിതാക്കന്മാരോടും, പിന്നീട് ഈ അവസാനകാലത്ത് സ്വപുത്രൻ മുഖാന്തിരം നമ്മോടും സംസാരിച്ചു" (Heb. 1,1).

### 2. ദൈവം മോശയ്ക്കു നൽകിയ വെളിപാടുകൾ.

ആദ്യമനുഷ്യരായ ആദാമിനോടും ഹവ്വായോടും ദൈവം നേരിട്ടു സമ്പർക്കം പുലർത്തിയിരുന്നു. ജലപ്രളയത്തെക്കുറിച്ച് നോഹിനു മുന്നറിയിപ്പു നൽകി. എന്നാൽ ഇവയിലെല്ലാം പ്രധാനപ്പെട്ട ദർശനങ്ങളാണ് ദൈവം മോശയ്ക്കു നല്കിയത്. മുൾപ്പടർപ്പിൽ അഗ്നിജ്വാലയുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട ദൈവം "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു" (I am Who am) (പുറ. 3, 14) എന്ന് അരുളിച്ചെയ്തുകൊണ്ട് താൻ സ്വയംഭൂവും അനാദ്യന്തനുമാകുന്നുവെന്നു തെളിയിച്ചു. സീനായിമലയിൽ വച്ച് ദൈവം മോശയ്ക്കു കൊടുത്ത 'നിന്റെ ദൈവമായ കർത്താവു ഞാനാകുന്നു, ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുത്" (പുറ. 20, 3) എന്ന ഒന്നാമത്തെ കല്പനവഴിയായി

www.malankaralibrary.com

സ്വഭാവത്തിൽ തന്റെ ഏകത്വത്തേയും, മനുഷ്യരുടെമേൽ തനിക്കുള്ള ആധിപത്യത്തെയും വെളിപ്പെടുത്തി.

### 3. ദിവ്യരഹസ്യങ്ങൾ സംബന്ധിച്ചുള്ള വെളിപാടുകൾ.

ദൈവത്തിന്റെ ആന്തരികജീവനിലെ മഹാ മർമ്മമായ വിശുദ്ധ ത്രിത്വത്തെക്കുറിച്ചോ, ദൈവത്തിന്റെ ആന്തരികജീവനെക്കുറിച്ചുതന്നെയോ ദൈവം വെളിപ്പെടുത്തുന്നില്ല എങ്കിൽ നമ്മുടെ പരിമിതബുദ്ധി ഉപയോഗിച്ചു് ഗ്രഹിക്കുക സാദ്ധ്യമല്ല. അതിനാൽ അവ ദിവ്യരഹസ്യങ്ങൾ (Mystery) ആകുന്നു. ഏകദൈവത്തിൽ മൂന്നു ദൈവിക ആളുകൾ ഉണ്ടെന്നുള്ളതുതന്നെ നമുക്കു മററുവിധത്തിൽ അറിയുവാൻ നിവൃത്തിയില്ലാതെയിരുന്നതും ദൈവം വെളിപ്പെടുത്തിയില്ലായിരുന്നെങ്കിൽ എന്നും നിഗൂഢതയിൽ ഇരിക്കുന്നതുമായിരുന്നു.

### 4. ക്രിസ്തുവിന്റെ വെളിപാടുകൾ.

പഴയനിയമകാലത്തു് പ്രവാചകന്മാർമുഖേന ദൈവം തന്റെ ആന്തരികജീവനെപ്പററി ചില കാര്യങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ടെങ്കിലും അതെപ്പററിയുള്ള, പ്രത്യേകിച്ചു വിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള ഉപരിജ്ഞാനം നമുക്കു ലഭിച്ചതു് മനുഷ്യാവതാരം ചെയ്ത ക്രിസ്തുവിൽ നിന്നുമാണു്. "......പിന്നീടു് അവസാനകാലത്തു് സ്വപുത്രൻ മുഖാന്തിരം നമ്മോടു സംസാരിച്ചു". ഇങ്ങനെ ദൈവം തന്റെ അസ്തിത്വത്തേക്കുറിച്ചും ആന്തരികജീവനെക്കുറിച്ചും നമുക്കു വെളിപ്പെടുത്തിതന്നു.

---

**ചോദ്യങ്ങൾ.**

1. ദൈവത്തിന്റെ അസ്തിത്വം ദൈവം എങ്ങനെയാണു് വെളിപ്പെടുത്തിയിട്ടുള്ളതു്?

2. മോശയ്ക്കു നല്കിയ ദർശനങ്ങൾ മുഖേന ദൈവം പ്രധാനമായി എന്തെല്ലാം വെളിപ്പെടുത്തി?

3. ദൈവത്തിന്റെ ആന്തരികജീവനെക്കുറിച്ചു് എങ്ങനെയാണു് നമുക്കു് അറിവു ലഭിക്കുന്നതു്?

www.malankaralibrary.com

## പാഠം 5

## നിഖ്യാ വി: പ്രമാണം ഒന്നാംഭാഗം [തുടർച്ച]

(ദൈവം സർവ്വശക്തനും, സർവ്വജ്ഞനും, സർവ്വവ്യാപിയുമാകുന്നു. ദൈവം സൽഗുണസമ്പൂർണ്ണനും അനാദ്യന്തനുമാകുന്നു)

### 1. ദൈവം സർവ്വശക്തനാകുന്നു.

"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു". (ഉല്പ. 1, 1) ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചതു് ഇല്ലായ്മയിൽ നിന്നാണു്. "ഉണ്ടാകട്ടെ" എന്നു പറഞ്ഞപ്പോൾ സർവ്വവും ഉണ്ടായി. അവിടുന്നു് പ്രപഞ്ചത്തെ മുഴുവൻ തൃക്കൈയ്യിൽ വഹിക്കുകയും താൻ ആഗ്രഹിക്കുന്നതുപോലെ നിശ്ചയദാർഢ്യത്തോടും അതേസമയം ആർദ്രതയോടും നിയന്ത്രിച്ചുകൊണ്ടു പോരുകയും ചെയ്യുന്നു. എന്തെങ്കിലും ഒന്നു് ഇല്ലായ്മയിൽനിന്നു് ഉണ്മയിലേക്കു് കൊണ്ടുവരുന്നതിനു് സർവ്വശക്തി ആവശ്യമാണു്. "ഏതു ഭവനവും നിർമ്മിക്കുവാൻ ഒരാൾ വേണം. സർവ്വവും നിർമ്മിച്ചവനോ ദൈവാതന്നെ". (എബ്രാ. 3,4. Cfr. റോമാ. 1,20.)

താൻ സർവ്വശക്തനാണെന്നു് അനവധി അത്ഭുതങ്ങൾ വഴിയായും വെളിപ്പെടുത്തിയിട്ടുണ്ടു്. പ്രത്യേകിച്ചു് തന്റെ തിരുക്കുമാരന്റെ പുനരുത്ഥാനം വഴിയായിട്ടു്. തന്റെ സൃഷ്ടിയെ പുതുതാക്കുന്ന അവസാനനാളിൽ തന്റെ ശക്തി പൂർണ്ണമായി വെളിപ്പെടുത്തുകയും ചെയ്യും. ദൈവത്തിന്റെ അടുക്കൽ അസാദ്ധ്യമായി ഒന്നുമില്ലല്ലോ. "ദൈവത്തിനു എല്ലാക്കാര്യവും സാദ്ധ്യമാകുന്നു". (മത്താ. 19, 26) (Cfr. യോബു 42, 2.) എന്നാൽ പാപംചെയ്യുക, മരിക്കുക മുതലായവ ശക്തിഹീനതയുടെ ഫലമാകയാൽ ഇവ ദൈവത്തിനു സാദ്ധ്യമല്ല. ദൈവം സർവ്വശക്തനാകുന്നു.

### 2. ദൈവം സർവ്വജ്ഞനാകുന്നു.

ദൈവം ആകാശവും ഭൂമിയും ഏററം ക്രമീകൃതമായ ഒരു രീതിയിലാണു് സൃഷ്ടിച്ചതു്. തിന്മയിൽനിന്നും നന്മ ഉളവാക്കുന്ന

www.malankaralibrary.com

തിനും, തന്റെ അഭീഷ്ടമനുസരിച്ചു് ലോകത്തെ നയിക്കുന്നതിനും തനിക്കു സാധിക്കും. സർവ്വജ്ഞനായ ഒരാൾക്കുമാത്രമേ ഇതു സാധിക്കയുള്ളു. വി. പൗലോസ്സ്ലീഹാ റോമ്മാക്കാർക്കെഴുതുന്നു. "അഹോ! ദൈവത്തിന്റെ ഐശ്വര്യം, ജ്ഞാനം, ബുദ്ധി ഇവയുടെ അഗാധത! അവിടുത്തെ ന്യായവിധികൾ ഒരുവനാലും സ്പർശിക്കപ്പെട്ടിട്ടില്ല. അവിടുത്തെ മാർഗ്ഗങ്ങൾ സ്പർശിക്കപ്പെടാവുന്നതുമല്ല. കർത്താവിന്റെ സങ്കല്പത്തെ അറിഞ്ഞവനാരു്? അല്ലെങ്കിൽ അവിടുത്തേക്കു് ആലോചനക്കാരനായിത്തീർന്നവനാരു്? ആദ്യമായി അവിടുത്തേക്കു കൊടുത്തിട്ടു് അവിടെനിന്നും വാങ്ങിയവനാരു്? എന്തെന്നാൽ എല്ലാം അവനിൽനിന്നും, എല്ലാം അവനിലും എല്ലാം അവൻമുഖാന്തിരവും ആകുന്നു" (റോമ്മാ. 11. 33–36) (Cfr. സങ്കീ. 104, 24; 134, 6) ദൈവം കഴിഞ്ഞതും വരുവാനിരിക്കുന്നതും ഇപ്പോൾ നടക്കുന്നതുമായ എല്ലാക്കാര്യങ്ങളും നമ്മുടെ ഏററവും രഹസ്യവിചാരങ്ങൾപോലും അറിയുന്നു. "അവന്റെ സന്നിധിയിൽ മറഞ്ഞിരിക്കുന്ന സൃഷ്ടിയില്ല, എന്നല്ല എല്ലാം അവന്റെ കണ്ണുകളുടെ മുമ്പാകെ നഗ്നവും വെളിപ്പെട്ടതുമാകുന്നു". (ഏബ്ര, 4. 13) (Cfr. യോബു്. 42,2).

### 3. ദൈവം സർവ്വവ്യാപിയാകുന്നു.

ദൈവം തന്റെ മഹത്വത്താൽ ആകാശവും ഭൂമിയും എന്നല്ല സകലവും നിറഞ്ഞിരിക്കുന്നു. അതിനാൽ താൻ ഒരു പ്രത്യേക സ്ഥലത്താലാവൃതനല്ല. ആകാശവും ഭൂമിയും തന്നെ ഉൾക്കൊള്ളുന്നില്ല. താൻ സർവ്വവ്യാപിയാകുന്നു. ശ്ലേമ്മോൻ ദേവാലയം പണിതു പ്രതിഷ്ഠിച്ചപ്പോൾ ഇപ്രകാരം പ്രാർത്ഥിക്കുന്നു. "കർത്താവും എന്റെ ജനങ്ങളുടെ ദൈവവുമേ, ആകാശങ്ങൾ നിന്നെ ഉൾക്കൊള്ളുന്നില്ല; അതിൽ എത്രയോ അല്പംമാത്രം ഞാൻ പണിത ഈ വീടു്? (നിന്നെ ഉൾക്കൊള്ളും)" (3 രാജാ. 8. 27) ദൈവം ആകാശത്തിൽ മാത്രമല്ല, ഭൂമിയിൽ മാത്രമല്ല; സർവ്വവ്യാപിയാകുന്നു. "എന്തെന്നാൽ നാം ജീവിക്കുന്നതും ചരിക്കുന്നതും സ്ഥിതിചെയ്യുന്നതും അവനിലാകുന്നു". (നട: 17, 28) ചില സ്ഥലങ്ങ

www.malankaralibrary.com

ളിൽ ചിലയവസരത്തിൽ ദൈവത്തിൻെറ സാന്നിദ്ധ്യം പ്രത്യേകവിധത്തിലുണ്ട്. ഉദാഹരണമായി നമ്മുടെ മാമ്മോദീസാസമയത്ത് പരിശുദ്ധത്രിത്വം നമ്മിൽ വരികയും വസിക്കയും ചെയ്യുന്നു.

**4. ദൈവം സൽഗുണസംപൂർണ്ണനാകുന്നു.**

ദൈവം അരൂപിയാകുന്നു. നമുക്കുള്ളതുപോലെ ശരീരമോ അവയവങ്ങളോ തനിക്കില്ല. തന്നിൽ എല്ലാവിധ ഗുണങ്ങളും നാം അറിയുന്നതിലോ വിചാരിക്കുന്നതിലോ അധികമായി അനന്തമായി സ്ഥിതിചെയ്യുന്നു. "എൻെറ പിതാവ് പൂർണ്ണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണ്ണരായിരിക്കുവിൻ" ദൈവം സർവ്വസൽഗുണസമ്പൂർണ്ണനാകുന്നു.

**5. ദൈവം അനാദ്യന്തനാകുന്നു.**

ഒരിക്കൽ നാം കാണുന്ന ഈ ലോകമാകട്ടെ, നാമാകട്ടെ ഇല്ലായിരുന്നു. എന്നാൽ ദൈവം എല്ലായ്പോഴും സ്ഥിതിചെയ്യുന്നു. അവനെപ്പോഴും ഉണ്ടായിരുന്നു. എല്ലായ്പ്പോഴും ഉണ്ടായിരിക്കയും ചെയ്യും. അവന് ഇന്നലെയെന്നൊന്നില്ല, നാളെയെന്നൊന്നുമില്ല. "ദൈവം അനാദ്യന്തനാകുന്നു."

---

**ചോദ്യങ്ങൾ**

1) ദൈവം സർവ്വശക്തനാണെന്ന് എങ്ങനെ മനസ്സിലാക്കാം?

2) ദൈവം സർവ്വശക്തനായിരിക്കെ പാപം ചെയ്വാൻ സാധിക്കാത്തതെന്തുകൊണ്ട്?

3) ദൈവം സർവ്വജ്ഞാനിയാണെന്നുപറയുന്നതെന്തുകൊണ്ട്?

4) ദൈവത്തിൻെറ ജ്ഞാനത്തെക്കുറിച്ചു പ്രതിപാദിക്കുന്ന വേദസാക്ഷ്യങ്ങളുദ്ധരിക്കുക?

5) ദൈവം സർവ്വവ്യാപിയാകുന്നെന്നു പറയുന്നതെന്തുകൊണ്ട്?

6) ദൈവസാന്നിദ്ധ്യം പ്രത്യേകമായി എവിടെയെല്ലാമുണ്ട്?

7) ദൈവം അരൂപിയാണെന്നു പറയുന്നതെന്തുകൊണ്ട്?

8. ദൈവം അനാദ്യന്തനാണെന്നു പറയുന്നതെന്തുകൊണ്ട്?

www.malankaralibrary.com

## പാഠം 6

# നിഖ്യാ വി. പ്രമാണം ഒന്നാംഭാഗം (തുടർച്ച)

(ദൈവം സത്യവാനും, വിശ്വസ്തനുമാകുന്നു. ദൈവം പരിശുദ്ധനും നീതിമാനുമാകുന്നു. ദൈവം സ്നേഹമാകുന്നു.)

## 1. ദൈവം സത്യവാനാകുന്നു.

മനുഷ്യരെപ്പോലെ വ്യർത്ഥസംസാരിയോ ഭൗമികവസ്തുക്കളെപ്പോലെ പരിവർത്തനവിധേയനോ അല്ല ദൈവം. "താൻ തന്റെ വാക്കുകൾ പാലിക്കയും വാഗ്ദാനങ്ങൾ നിറവേററുകയും ചെയ്യുന്നവനല്ലേ?" (Cfr. സംഖ്യ. 23, 19) ദൈവം എപ്പോഴും സത്യം സംസാരിക്കുന്നു. മനുഷ്യർ തെററിപ്പോകയും മററുള്ളവരെ ചതിക്കയും ചെയ്തേക്കാം. ദൈവത്തിനു തെററുപററുന്നതിനോ മററുള്ളവരെ ചതിക്കുന്നതിനോ സാധിക്കയില്ല. "ദൈവം പ്രകാശമാകുന്നു; അവനിലിരുളില്ല". (1 യോഹ: 1, 5) ദൈവം സത്യവാനാകുന്നു.

## 2. ദൈവം വിശ്വസ്തനാകുന്നു.

ദൈവം തന്റെ വാഗ്ദാനങ്ങൾ നിറവേററുന്നതിൽ വിശ്വസ്തനാകുന്നു. ദൈവം വാഗ്ദാനംചെയ്ത പ്രകാരം തന്റെ ഏകജാതനെ ലോകത്തിലേക്കയച്ചു. മനുഷ്യർ തന്റെ ആജ്ഞയിൽ നിന്നകന്നു പോകുമ്പോൾ ദൈവം അവക്കു ശിക്ഷയെക്കുറിച്ചു താക്കീതു നൽകുകയും, അവരതു ഗൗനിക്കാതിരിക്കുമ്പോൾ തന്റെ വചനപ്രകാരം ശിക്ഷിക്കുകയുംചെയ്യുന്നതിനാൽ ദൈവം വിശ്വസ്തനാകുന്നു. താൻ ജലപ്രളയത്തെക്കുറിച്ചും തീമഴയെക്കുറിച്ചും പ്ലേഗിനെക്കുറിച്ചും മുമ്പുകൂട്ടി അറിയിക്കുകയും മാനസാന്തരപ്പെടാതിരുന്നവരെ തന്മൂലം ശിക്ഷിക്കയും ചെയ്തു. നിങ്ങൾ വഞ്ചിതരാകരുതു്; ദൈവത്തെ ചതിക്കുവാൻ സാദ്ധ്യമല്ല. (Cfr. ഗലാ. 6, 7)

www.malankaralibrary.com

### 3. ദൈവം പരിശുദ്ധനാകുന്നു.

യേശയ്യാ, ദീർഘദർശിയായി വിളിക്കപ്പെട്ടപ്പോൾ സ്വർഗ്ഗത്തിൽ ദൈവത്തിന്റെ മഹത്വം കണ്ടു. (Cfr. യേശ: 6, 1–5) ദൈവം പരിശുദ്ധനാകുന്നു. ദൈവം സകലസൃഷ്ടവസ്തുക്കളേക്കാളും ഉന്നതനാകുന്നു. താൻ നന്മയായിട്ടുള്ളതും പൂർണ്ണതയിലിരിക്കുന്നതുമായ സകലത്തെയും സ്നേഹിക്കുന്നതുകൊണ്ടും, തിന്മയായിട്ടുള്ള സകലത്തെയും വെറുക്കുന്നതുകൊണ്ടും താൻ പരിശുദ്ധനാകുന്നു. താൻ പരിശുദ്ധനായിരിക്കുന്നതുപോലെ നാമും പരിശുദ്ധരായിരിക്കുവാൻ താനാഗ്രഹിക്കുന്നു. "നിങ്ങളുടെ കർത്താവും ദൈവവുമായ ഞാൻ പരിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ" (ലേവ്യ: 19. 2) ദൈവം തന്റെ കരുണയിൽ നമ്മുടെ പാപങ്ങളിൽനിന്നും നമ്മെ വെടിപ്പാക്കുകയും തന്റെ പരിശുദ്ധമായ ജീവനെക്കൊണ്ടു നമ്മെ നിറയ്ക്കുകയും ചെയ്യുന്നു. "ദൈവത്തിന്റെ ഇഷ്ടമിതാകുന്നു. നിങ്ങൾ വിശുദ്ധിയിലും......ബഹുമാനത്തിലും സൂക്ഷിച്ചുകൊള്ളുവാൻ അറിയുന്നവരായിരിക്കയും ..........ഒരുത്തൻ തന്റെ സഹോദരനോട് അക്രമം പ്രവർത്തിക്കുവാൻ തുനിയാതിരിക്കയും ചെയ്യണമെന്നുതന്നെ". (1. തെസ്സ. 4,3—6) അതിനാൽ നാം നന്മയെ സ്നേഹിക്കണമെന്നും തിന്മയെ വെറുക്കണമെന്നും ദൈവം നമ്മോടാവശ്യപ്പെടുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതുമായ സകല വിശുദ്ധിയും ദൈവത്തിൽ നിന്നാകുന്നു.

### 4. ദൈവം നീതിമാനാകുന്നു.

അവസാനനാളിൽ ദൈവം തന്റെ വിശുദ്ധിയുടെ പ്രകാശത്തെ പ്രപഞ്ചത്തിനു മുഴുവനായി കാണിച്ചുകൊടുക്കും. ഈ പ്രകാശത്തിൽ എല്ലാ നന്മയും തിന്മയും വെളിവാക്കപ്പെടും. ആ അവസരത്തിൽ അവന്റെ ന്യായവിധിയിൽനിന്നും ഒരുത്തനും ഒഴിഞ്ഞുമാറുകയില്ല. ദൈവം ദുഷ്ടന്മാരെ നിത്യാഗ്നിയിലേക്ക് എന്നന്നേക്കുമായി തള്ളിവിടുകയും നീതിമാന്മാർ മുഖാമുഖമായി തന്നെക്കണ്ടാനന്ദിക്കുന്നതിനനുവദിക്കുകയും ചെയ്യും. ഓരോരു

www.malankaralibrary.com

ത്തനും അവനവൻെറ പ്രവൃത്തികൾ തക്കവണ്ണം ശിക്ഷിക്കപ്പെട്ടുകയോ രക്ഷിക്കപ്പെട്ടുകയോ ചെയ്യും. "ദൈവം സകല മനുഷ്യക്കും അവനവൻെറ പ്രവൃത്തികൾക്കു തക്കവണ്ണം പ്രതിഫലം നൽകുന്നു" (Cfr. Rom. 2, 6). ദൈവം അളവററ നീതിമാനാകുന്നു.

## 5. ദൈവം സ്നേഹമാകുന്നു.

ദൈവം തൻെറ ഏകപുത്രനെ അവൻമൂലം നാം ജീവിക്കേണ്ടതിനായി ലോകത്തിലേക്കയച്ചതുകൊണ്ടുതന്നെ ദൈവത്തിനു നമ്മോടുള്ള സ്നേഹം അറിയിക്കപ്പെട്ടിരിക്കുന്നു. നാം ദൈവത്തെ സ്നേഹിച്ചു എന്നതിലല്ല, ദൈവംതന്നെ നമ്മെ സ്നേഹിക്കുകയും നമ്മുടെ പാപങ്ങൾക്കു പരിഹാരമായി തൻെറ ഏകപുത്രനെ അയയ്ക്കുകയും ചെയ്തു എന്നതിലാകുന്നു സ്നേഹമിരിക്കുന്നതു്. "എൻെറ പ്രിയപ്പെട്ടവരേ, ദൈവം നമ്മെ ഇപ്രകാരം സ്നേഹിച്ചുവെങ്കിൽ നാമും പരസ്പരം സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നു. ..................ദൈവം സ്നേഹമാകുന്നു. സ്നേഹത്തിൽ വസിക്കുന്ന ഏവനും ദൈവത്തിൽ വസിക്കുന്നു. (1 യോഹ. 4,9—16).

ദൈവം നമ്മെ അനാദികാലംമുതലേ സ്നേഹിച്ചു. നാം ദൈവത്തെ സ്നേഹിക്കുന്നതിനു പ്രാപ്തരാകുന്നതിനുമുമ്പുതന്നെ ദൈവം നമ്മെ സ്നേഹിച്ചു. "മാററമില്ലാത്ത സ്നേഹത്താൽ ഞാൻ നിന്നെ സ്നേഹിച്ചു" (യരമ്യ 31, 3). ദൈവം നമ്മെ സൃഷ്ടിക്കുകയും, തൻെറ ഏകജാതൻമൂലം നമ്മെ രക്ഷിക്കയും, അങ്ങനെ വീണ്ടും നമ്മെ തൻെറ പുത്രരാക്കിത്തീർക്കുകയും ചെയ്തതു് ദൈവത്തിനു നമ്മോടുള്ള സ്നേഹം നിമിത്തമത്രെ. തനിക്കു നമ്മോടുള്ള സ്നേഹത്താൽ നമ്മെ അനുശാസിക്കുകയും, ശിക്ഷിക്കുകയും നമ്മോടു ക്ഷമിക്കുകയും ചെയ്യുന്നു. ദൈവം സ്നേഹമാകുന്നു.

ദൈവം നമ്മെ സ്നേഹിക്കുന്നതുനിമിത്തം നാമും തന്നെ സ്നേഹിക്കണം. തന്നെ പിതാവെന്നു വിളിക്കുകയും ശിശുസഹജമായ വിശ്വാസത്തോടുകൂടി തന്നിൽ ശരണപ്പെടുകയും ചെയ്യണമെന്നു് താൻ ആഗ്രഹിക്കുന്നു. അടിമകൾ യജമാനന്മാരെ ഭയ

www.malankaralibrary.com

പ്പെടുന്നതുപോലെ നാം ദൈവത്തെ ഭയപ്പെടേണ്ടയാവശ്യമില്ല. എന്നാൽ മക്കളെപ്പോലെ നാം ദൈവത്തെ സ്നേഹിക്കണം. ദൈവസ്നേഹം വിപ്ലവാത്മകമായ പരിവർത്തനം ആത്മാക്കളിൽ സൃഷ്ടിച്ചിട്ടുണ്ട്. മനുഷ്യഹൃദയങ്ങളെ തൃപ്തിപ്പെടുത്തുന്നതിനു ദൈവത്തിനു മാത്രമേ സാധിക്കയുള്ളെന്നു ഈ ആത്മാക്കൾ മനസ്സിലാക്കി. അതിനാൽ അവർ കൂടുതൽകൂടുതൽ ദൈവത്തെ സ്നേഹിച്ചു. പ്രതിപകരമായി ദൈവം തന്റെ സ്നേഹത്തിന്റെ പാരമ്യത്തെ കൂടുതൽകൂടുതലായി അവക്കു കാട്ടിക്കൊടുത്തു.

നാമെല്ലാവരും പരിപൂർണ്ണമായി തന്നോടുള്ള ഐക്യത്തിലായിത്തീരുന്നതിനും താനാഗ്രഹിക്കുന്നു. നാമെല്ലാവരും സ്വർഗ്ഗത്തിൽ പോകണമെന്നും അങ്ങനെ എന്നെന്നേക്കുമായി ദൈവസ്നേഹത്തിൽ വസിക്കണമെന്നും താനാഗ്രഹിക്കുന്നു.

---

### ചോദ്യങ്ങൾ

1. ദൈവം സത്യവാനാണെന്നു പറയുന്നതെന്തുകൊണ്ടു്?

2. ദൈവം തന്റെ വാഗ്ദാനങ്ങളിൽ വിശ്വസ്തനാണെന്നു തെളിയിക്കുക.

3. ദൈവം പരിശുദ്ധനും സ്നേഹവുമാണെന്നു പറയുന്നതെന്തുകൊണ്ടു്?

## പാഠം 7

## നിഖ്യാ വി. പ്രമാണം [രണ്ടാംഭാഗം]

### (പുത്രനായ ദൈവത്തിലുള്ള വിശ്വാസം)

"ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കുമുമ്പിൽ പിതാവിൽനിന്നു ജനിച്ചവനും പ്രകാശത്തിൽനിന്നുള്ള പ്രകാശവും സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും..................ആയ യേശുമിശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു".

www.malankaralibrary.com

## 1. യേശുമിശിഹാ സാക്ഷാൽ ദൈവപുത്രനാകുന്നു

യേശുമിശിഹാ സാക്ഷാൽ ദൈവവും ദൈവപുത്രനും ആകുന്നു. കുരിശിൽ തൂങ്ങി മരിക്കുന്ന തന്നെ നോക്കിക്കൊണ്ടു് പടയാളികൾ ഇപ്രകാരം പറഞ്ഞു. "ഇദ്ദേഹം സത്യമായിട്ടും ദൈവപുത്രനായിരുന്നു" (മത്താ. 27,54). പിതാവായ ദൈവത്തിൻെറയും, യേശുമിശിഹായുടെയും ശ്ലീഹന്മാരുടെയും സാക്ഷ്യങ്ങൾ വി. ഗ്രന്ഥത്തിലും, തിരുസഭയുടെയും പിതാക്കന്മാരുടെയും ബോധനങ്ങൾ പാരമ്പര്യത്തിലും ധാരാളമായി കാണുന്നതിനാൽ യേശുമിശിഹാ സംശയലേശമെന്യേ ദൈവമാണെന്നു തെളിയിക്കുവാൻ കഴിയും.

## 2. പിതാവായ ദൈവത്തിൻെറ സാക്ഷ്യം.

യേശുമിശിഹായുടെ പരസ്യജീവിതത്തിൻെറ ആരംഭത്തിൽ പിതാവായ ദൈവംതന്നെ ഈ സത്യം ലോകത്തിനു വെളിപ്പെടുത്തി. "ഇതാ ഇവനെൻെറ പ്രിയപുത്രനാകുന്നു. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു". (മത്താ. 3,17). നമ്മുടെ കർത്താവു് താബോർ മലയിൽവച്ചു് രൂപാന്തരപ്പെട്ടപ്പോഴും ഈ ശബ്ദം സ്വർഗ്ഗത്തിൽ നിന്നുമുണ്ടായി (Cfr. മത്താ. 17,5).

## 3. യേശുമിശിഹായുടെ സാക്ഷ്യം.

യേശുമിശിഹാ തൻെറ ഉപദേശങ്ങളാലും അത്ഭുതങ്ങളാലും പ്രവചനങ്ങളാലും തൻെറ ദൈവത്വം ലോകത്തിനു വെളിപ്പെടുത്തിക്കൊടുത്തു. സ്വർഗ്ഗസ്ഥനായ ദൈവത്തെ "പിതാവെ"ന്നും, തന്നെത്തന്നെ "പുത്രനെ"ന്നും വിളിക്കുന്നു(മത്താ. 11,27). സാരാംശത്തിൽ താൻ പിതാവിനോടു സമനാണു്. "ഞാനും എൻെറ പിതാവും ഒന്നാകുന്നു (യോഹ. 10,30). താൻ ദൈവപുത്രനാകുന്നുവെന്നു് തൻെറ ശ്ലീഹന്മാർ മനസ്സിലാക്കുകയും സന്ദർഭം ലഭിച്ചപ്പോൾ സംശയലേശമെന്യേ അതു പ്രഖ്യാപിക്കുകയും ചെയ്തു. "അങ്ങു ജീവനുള്ള ദൈവത്തിൻെറ പുത്രനായ മിശിഹായാകുന്നു" (മത്താ. 16,16). എന്നു് ഏററുപറഞ്ഞ വി. പത്രോസിനെ "യോ

www.malankaralibrary.com

നായുടെ പുത്രനായ ശീമോനേ നീ ഭാഗ്യവാൻ" എന്നഭിനന്ദിച്ചു കൊണ്ടും എന്നാൽ "മാംസവും രക്തവുമല്ല സ്വർഗ്ഗസ്ഥനായ എന്റെ പിതാവാകുന്ന ഇതു നിനക്കു വെളിപ്പെടുത്തിത്തന്നതു്" (മത്താ. 16,15—17.) എന്നു കല്പിച്ചുകൊണ്ടു് പിതാവിനെ സാക്ഷിനിറുത്തി ഈ സത്യം ശ്ലീഹന്മാൎക്കു വെളിപ്പെടുത്തി ഉറപ്പിച്ചു കൊടുത്തുകൊണ്ടും താൻ ദൈവപുത്രനാണെന്നു തെളിയിക്കുന്നു. പ്രധാനാചാര്യൻ "നീ ദൈവത്തിന്റെ പുത്രനാകുന്ന മിശിഹായാകുന്നുവോയെന്നു ഞങ്ങളോടു പറയണമെന്നു് ജീവനുള്ള ദൈവത്തെക്കൊണ്ടു നിന്നോടു ഞാൻ ആണയിട്ടു പറയുന്നു" എന്നു പറഞ്ഞപ്പോഴും നമ്മുടെ കൎത്താവു നിസ്സങ്കോചം 'നീതന്നെ പറഞ്ഞല്ലോ" (മത്താ. 26,63-64) ഞാനാകുന്നുവെന്നു് ഉത്തരം നൽകി.

## 4. വി. ശ്ലീഹന്മാരുടെ സാക്ഷ്യം.

വി. ശ്ലീഹന്മാർ സ്വജീവനെക്കൂടി ബലികഴിച്ചുകൊണ്ടു് ഈ സത്യത്തിനു സാക്ഷികളായിത്തീൎന്നു. വി. പൗലോസ് ശ്ലീഹാ റോമാക്കാൎക്കിപ്രകാരം എഴുതിയിരിക്കുന്നു. "അദ്ദേഹം (പിതാവായ ദൈവം) സ്വന്ത പുത്രനിൽ ദയകാണിക്കാതെ നമുക്കെല്ലാവൎക്കുമായി ആ പുത്രനെ സമർപ്പിച്ചു." (റോമ. 8:32.) വിശുദ്ധ യോഹന്നാൻ ശ്ലീഹായുടെ ഒന്നാംലേഖനത്തിൽ 'ദൈവം തന്റെ ഏക പുത്രനെ..................... നാം അദ്ദേഹത്തിൽ രക്ഷപെടേണ്ടതിനായി.................ലോകത്തിലേക്കയച്ചു". (1 യോഹ. 4,9). യേശുമിശിഹാ പിതാവിന്റെ ഏകജാതനാകുന്നതുകൊണ്ടു് താൻ സത്യദൈവമാകുന്നു. ശ്ലീഹന്മാർ, തന്നെ സത്യദൈവമായി വിളിക്കുകയും കരുതുകയും ആരാധിക്കുകയും ചെയ്തിരുന്നു. തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം ഏറാവും വിഖ്യാതമത്രേ. "എന്റെ കൎത്താവും എന്റെ ദൈവവുമേ' (യോഹ. 20, 28). വി. യോഹന്നാന്റെ സുവിശേഷങ്ങളിലും ലേഖനങ്ങളിലും ക്രിസ്തു ദൈവപുത്രനാണെന്നു് പല പ്രാവശ്യം ഉല്ലേഖനം ചെയ്തിട്ടുണ്ടു്. "അദ്ദേഹം സത്യദൈവവും സത്യജീവനുമാകുന്നു"(1യോഹ.5,20).

www.malankaralibrary.com

"ആദിയിൽ വചനമുണ്ടായിരുന്നു. ആ വചനം ദൈവത്തിൻെറ അടുക്കലായിരുന്നു. ആ വചനം ദൈവമായിരുന്നു...................... അദ്ദേഹം മുഖാന്തിരം സർവ്വവുമുണ്ടായി. ഉണ്ടായവയൊന്നും അദ്ദേഹത്തെക്കൂടാതെ അല്ല" (യോഹ. 1, 1–3). വി. പൗലോസും ഇതുതന്നെ രേഖപ്പെടുത്തിയിരിക്കുന്നു. "മിശിഹാ ശാരീരികമായി പ്രത്യക്ഷപ്പെട്ടു. അദ്ദേഹം സർവ്വോപരിസ്ഥനായ ദൈവമാകുന്നു". (റോമ. 9:5.)

**തിരുസഭയുടെ ബോധനം.**

തിരുസഭയുടെ ആരംഭംമുതൽ ഈ വിശ്വാസം നിലനിന്നിരുന്നു. എന്നാൽ കാലക്രമത്തിൽ ഇതിനെപ്പററി അബദ്ധോപദേശങ്ങൾ ഉണ്ടാകുവാൻ തുടങ്ങി. ഈയവസരത്തിലാണു് ക്രി. വ. 325–ൽ നിഖ്യായിൽ പൊതുസുന്നഹദോസു കൂടുകയും അബദ്ധോപദേശങ്ങളെ ശപിച്ചു് യേശുമിശിഹാ ദൈവത്തിൽനിന്നുള്ള ദൈവവും, പ്രകാശത്തിൽനിന്നുള്ള പ്രകാശവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും ആകുന്നെന്നു പ്രഖ്യാപനം ചെയ്തതു്.

യേശു എല്ലാക്കാര്യത്തിലും പിതാവിനോടു ചേൎന്നു് ഒന്നിച്ചു പ്രവൎത്തിക്കയും പിതാവിനു ലഭിക്കുന്ന അതേ മഹത്വവും ആരാധനയും പ്രാപിക്കയും ചെയ്യുന്നു. ഈ വിശ്വാസം അനേക രക്തസാക്ഷികൾ സ്വരക്തത്താൽ മുദ്രകുത്തിയിരിക്കുന്നു. മാർപ്പാപ്പാമാരും, മെത്രാന്മാരും വൈദികരും സന്യാസികളും സന്യാസിനികളും വിശ്വാസികളും ഈ വിശ്വാസം പാലിക്കുകയും ഈ വിശ്വാസത്തിൽ നിദ്രപ്രാപിക്കയും ചെയ്തിരിക്കുന്നു.

---

**ചോദ്യങ്ങൾ**

1. യേശുക്രിസ്തു ദൈവമാണെന്നുള്ളതിനു് പിതാവായ ദൈവം നൽകിയിട്ടുള്ള സാക്ഷ്യങ്ങളേവ?

2. താൻ ദൈവമാണെന്നുള്ളതിനു് യേശുക്രിസ്തുതന്നെ നല്കിയിട്ടുള്ള സാക്ഷ്യങ്ങളേവ?

3. ക്രിസ്തുവിൻെറ ദൈവത്വത്തെക്കുറിച്ചു് തിരുസഭയുടെ ഉപദേശമെന്തു്?

www.malankaralibrary.com

# പാഠം 8

## നിഖ്യാ വി. പ്രമാണം രണ്ടാംഭാഗം [തുടർച്ച]

“......സർവ്വലോകങ്ങൾക്കും മുമ്പിൽ പിതാവിൽ നിന്നു ജനിച്ചു വന്നു......നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹായിൽനിന്നും ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിൽനിന്നും ശരീരിയായി മനുഷ്യനായി”.

### 1. പിതാവിൽനിന്നും ജനിച്ചവൻ.

വി. ത്രിത്വത്തിലെ രണ്ടാമാളായ പുത്രൻതമ്പുരാൻ നിത്യതയിൽ പിതാവിൽനിന്നു ജനിക്കുകയും പിതാവിനോടും പരിശുദ്ധ റൂഹായോടുംകൂടെ അനാദികാലം മുതൽ അനന്തസ്നേഹത്തിലും ദൈവീകമഹത്വത്തിലും വസിക്കുകയും ചെയ്യുന്നു. മനുഷ്യനായി അവതരിച്ച ക്രിസ്തു യഹൂദന്മാരോടായി ഇപ്രകാരം അരുളിച്ചെയ്തു. “സത്യം സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, അബ്രഹാം ഉണ്ടാകുന്നതിനുമുമ്പു ഞാനുണ്ടു്”. (യോഹ. 8, 58) സർവ്വലോകങ്ങൾക്കും മുമ്പിൽ താൻ പിതാവിൽനിന്നു ജനിച്ചു. മനുഷ്യമനസ്സിൽ ഒരു വിചാരമോ, വായിൽനിന്നു് ഒരു വാക്കോ പുറപ്പെടുന്നതു്പോലെയത്രേ പിതാവായ ദൈവത്തിൽനിന്നും പുത്രൻ ജനിക്കുന്നതു്. അതുകൊണ്ടാണു് പുത്രനായ ദൈവത്തെ “വചനം” എന്നു വിളിക്കുന്നതു്. “ആദിയിൽ വചനം ഉണ്ടായിരുന്നു, ആ വചനം ദൈവത്തിന്റെ അടുക്കലായിരുന്നു. ആ വചനം ദൈവമായിരുന്നു” (യോഹ. 1,1).

### 2. വി. കന്യകയിൽനിന്നും ജനിച്ചവൻ.

കാലത്തിന്റെ തികവിൽ ഈ വചനം പാപികളായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി മനുഷ്യനായി അവതരിച്ചു. ഈ മഹാത്ഭുതം മനസ്സിലാക്കുകയെന്നുള്ളതു് നമ്മുടെ ബുദ്ധിശക്തിക്കതീതമെങ്കിലും വി. ഗ്രന്ഥത്തിൽ നാം ഇപ്രകാരം വായിക്കുന്നു. “വചനം ശരീരിയായി നമ്മോടുകൂടെ വസിച്ചു”(യോഹ. 1,14).

www.malankaralibrary.com

ദൈവം തന്റെ അതിദൂതനായ ഗബ്രിയേലിനെ ദിവ്യസന്ദേശവുമായി നസ്രേത്തിൽ കന്യകയായിരുന്ന മറിയത്തിന്റെ അടുക്കലേക്കയച്ചു. മാലാഖ അവളെ ഇപ്രകാരമറിയിച്ചു. "ഇതാ! നീ ഗർഭം ധരിച്ചു ഒരു പുത്രനെ പ്രസവിക്കും. നീ അദ്ദേഹത്തിനു് യേശു എന്നു പേർ വിളിക്കണം. അദ്ദേഹം മഹാനാകും. അത്യുന്നതന്റെ പുത്രനെന്നു വിളിക്കപ്പെടും" (Cfr. ലൂക്കാ. 1,26-38.)

## 3. യേശുമിശിഹാ സാക്ഷാൽ മനുഷ്യനാകുന്നു.

ദൈവപുത്രൻ ആത്മാവും, മാംസവും രക്തവുമുള്ള ഒരു പരിപൂർണ്ണ മനുഷ്യനായി. നമ്മെപ്പോലെ മാനുഷികമായ എല്ലാം താൻ സ്വീകരിച്ചു. തനിക്കു വിശപ്പും ദാഹവും ഉണ്ടായിരുന്നു. മരണത്തിന്റെ ക്ലേശങ്ങൾ സഹിക്കുകയും അതിന്റെ വരവിനെ ഭയപ്പെടുകയും ചെയ്തിരുന്നു. "പാപമൊഴികെയുള്ള സകലത്തിനും നമുക്കു തുല്യം അദ്ദേഹം പരീക്ഷിതനാകുന്നു". (ഹെബ്രാ. 4,15.) അദ്ദേഹം ദൈവമായിരിക്കെത്തന്നെ ആ ദൈവത്വത്തെ കാര്യമായി ഗണിക്കാതെ സ്വയം നിസ്സാരനാക്കിച്ചെയ്തിട്ടു് ദാസവേഷം എടുക്കുകയും മനുഷ്യസദൃശനായിത്തീരുകയും മനുഷ്യാകൃതിയായി കാണപ്പെടുകയും സ്വയം താഴുകയും മരണത്തോളം—കുരിശുമരണത്തോളം അനുസരണം കാണിക്കുകയും ചെയ്തു". (ഫിലി. 2,6-8.) ഇപ്പോൾ താൻ മഹത്വത്തോടുകൂടി പിതാവിന്റെ വലത്തുഭാഗത്തായിരിക്കുമ്പോഴും യഥാർത്ഥത്തിൽ പൂർണ്ണമനുഷ്യനാകുന്നു, എന്നാളും ആയിരിക്കയും ചെയ്യും.

## 4. യേശുമിശിഹാ ദൈവമനുഷ്യനാകുന്നു.

യേശു പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാകുന്നു. അനാദികാലംമുതൽ താൻ ദൈവവും കാലത്തിന്റെ തികവിൽ ഒരു സമയം മുതൽ പൂർണ്ണമനുഷ്യനുമാകുന്നു. ദൈവസ്വഭാവവും മനുഷ്യസ്വഭാവവും തനിക്കുണ്ടു്. താൻ ദൈവമനുഷ്യനാകുന്നു. താൻ മനുഷ്യനായി അവതരിച്ചതു് പിതാവായ ദൈവത്തിന്റെ അഭീഷ്ടം നിറവേറുന്നതിനും......................ദൈവരാജ്യത്തിന്റെ ദിവ്യസന്ദേശം ലോകത്തെ അറിയിക്കുന്നതിനും നിത്യപിതാ

www.malankaralibrary.com

വിൻെറ അടുക്കലേയ്ക്കുള്ള വഴി വാക്കാലും പ്രവൃത്തിയാലും നമുക്കു കാണിച്ചുതരുന്നതിനും വേണ്ടിയാണ്. നമ്മുടെ പാപത്തെ കഴുകിക്കളഞ്ഞു് ഒരിക്കൽക്കൂടി നമ്മെ ദൈവമക്കളാക്കിത്തീർക്കുന്നതിനും......

---

**ചോദ്യങ്ങൾ**

1. ക്രിസ്തു സർവ്വലോകങ്ങൾക്കുമുമ്പിൽ പിതാവിൽനിന്നും ജനിച്ചവനാണോ? തെളിയിക്കുക.

2. പുത്രനായ ദൈവത്തെ വചനമെന്നു വിളിക്കുന്നതു് എന്തുകൊണ്ടു്?

3. ഗബ്രിയേൽമാലാഖ കന്യാസ്ത്രീമറിയത്തെ അറിയിച്ച സന്ദേശമെന്തായിരുന്നു?

4. കന്യാസ്ത്രീമറിയത്തിൻെറ ഉദരത്തിൽ ആരുടെ അത്ഭുതപ്രവർത്തനത്താലാണു് ക്രിസ്തു ജാതനായതു്?

5. ക്രിസ്തു യഥാർത്ഥ ദൈവമായിരിക്കെ യഥാർത്ഥ മനുഷ്യസ്വഭാവമുണ്ടായിരുന്നോ?

6. തൻെറ മരണാനന്തരം മനുഷ്യസ്വഭാവം തന്നിലുണ്ടായിരുന്നോ?

## പാഠം 9

## നിഖ്യാ വി. പ്രമാണം രണ്ടാംഭാഗം [തുടർച്ച]

(ദൈവമാതാവായ വി. കന്യകമറിയം)

### 1. വ. മറിയം ദൈവമാതാവാകുന്നു.

വ. കന്യകമറിയം ദൈവപുത്രൻെറ മാതാവാകുന്നു. ദൈവം അനാദികാലംമുതലേ അവളെ തൻെറ പുത്രൻെറ മാതാവായി നിയോഗിച്ചിരുന്നു. ഈ പുത്രൻ സാക്ഷാൽ ദൈവമായിരുന്നതുകൊണ്ടു് അവൾ ദൈവമാതാവാകുന്നു. ഇക്കാരണത്താൽ തന്നെ മറിയത്തിനു മറ്റെല്ലാ സൃഷ്ടികളേക്കാൾ ശ്രേഷ്ഠതയുണ്ടു്.

### 2. വ. മറിയം നിത്യകന്യകയാകുന്നു.

ദൈവപുത്രനായ യേശുക്രിസ്തുവിനെ പ്രസവിച്ചുവെങ്കിലും അവൾ എന്നും കന്യകയായിരുന്നു. വി. യൗസേപ്പു കർത്താവി

www.malankaralibrary.com

ൻെറ വളൎത്തുപിതാവുമാത്രമായിരുന്നു. പരിശുദ്ധ കന്യകമറിയം പരിശുദ്ധാത്മാവിൻെറ അത്ഭുതപ്രവൎത്തനത്താലാണു് ഗൎഭം ധരിച്ചു് ദൈവപുത്രനെ പ്രസവിച്ചതു്. "ദാവീദിൻെറ പുത്രനായ യൗസേപ്പേ, നിൻെറ ഭാൎയ്യയായ മറിയാമിനെ സ്വീകരിപ്പാൻ നീ ശങ്കിക്കേണ്ട, അവളിൽ ഉത്ഭവിച്ചിരിക്കുന്നതു് പരിശുദ്ധാത്മാവിൽനിന്നാകുന്നു" (മത്താ. 1, 20).

## 3. പ. മറിയം അമലോത്ഭവയാകുന്നു.

അവരം ദൈവമാതാവായി നിയോഗിക്കപ്പെട്ടിരുന്നതുകൊണ്ടു് പാപത്തിൻെറ അടിമത്തത്തിൽ അവളുടെ ജീവിതത്തിൻെറ ഒരു വിനാഴികപോലും കഴിക്കുവാൻ പാടില്ലായിരുന്നു. "നീയും സ്ത്രീയും തമ്മിലും, നിൻെറ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉണ്ടാക്കും". (ഉല്പ. 3, 15) അതിനാൽ ദൈവം അവളെ ഉത്ഭവപാപത്തിൽനിന്നു പരിരക്ഷിക്കുകയും അവളുടെ ഉത്ഭവത്തിൻെറ ആദ്യവിനാഴികയിൽതന്നെ അവരംക്കു കൃപാവരം നൽകുകയും ചെയ്തു. അതുകൊണ്ടത്രേ മറിയത്തെ മാലാഖ "നന്മനിറഞ്ഞവളേ" (ലൂക്കോ. 1, 28) എന്നു് വിളിച്ചതു്. അവരം അമലോത്ഭവയാകുന്നു എന്നതു് ഒരു വിശ്വാസസത്യമായി A. D. 1854-ൽ മാൎപ്പാപ്പാ പ്രഖ്യാപനം ചെയ്തു. 1858-ൽ മാതാവുതന്നെ ലൂൎദ്ദിൽ പ്രത്യക്ഷപ്പെട്ടു താൻ "അമലോത്ഭവമാകുന്നു" എന്നു വെളിപ്പെടുത്തി. മാതാവിനു ലഭിച്ച ഈ കൃപയും, ക്രിസ്തുവിൻെറപീഡാനുഭവത്താലും കുരിശുമരണത്താലും നേടിയതാണു്. ദൈവം അവളെ കൃപയിൽ പരിപൂൎണ്ണയാക്കിയതുകൊണ്ടു് അവരം ദൈവേഷ്ടം മാത്രമേ പ്രവൎത്തിച്ചിരുന്നുള്ളു. അവരം ലഘുവായ പാപത്തിൽ നിന്നുപോലും വിമുക്തയായിരുന്നു.

## 4. പ. മറിയം നമ്മുടെ അമ്മയാകുന്നു.

ദൈവപുത്രൻെറ മനുഷ്യാവതാരത്തിനു സഹായിക്കുവാനുള്ള ഭാഗ്യം അവരംക്കുണ്ടായി. അവരം നമ്മുടെ രക്ഷകൻെറ അമ്മയാ

www.malankaralibrary.com

യിത്തീൎന്നു. രക്ഷകനായ യേശു നമ്മുടെ സഹോദരനാകയാൽ അവൾ നമ്മുടെ അമ്മ കൂടി ആകുന്നു. "അവൻ (മിശിഹാ) സകലത്തിലും തന്റെ സഹോദരന്മാരോടു സദൃശ്യനാകുവാൻ ആവശ്യമായിരുന്നു" (ഹെബ്ര. 2. 17):(Cfr. റോമാ. 8, 29: 8, 17; 1കോറ. 15, 23: 15, 20)

## 5. പ. മറിയം വ്യാകുലമാതാവാകുന്നു.

യേശു പാപികളായ നമുക്കുവേണ്ടി തന്നെത്തന്നെ കുരിശിൽ ബലിയൎപ്പിച്ചപ്പോൾ അവൾ കുരിശിൻ ചുവട്ടിൽ നിന്നുകൊണ്ടു് ആ ബലിയിൽ പങ്കുകൊണ്ടു. വ്യാകുലവാൾ അവളുടെ ഹൃദയത്തെ ഭേദിച്ചു. "നിന്റെ സ്വന്ത ആത്മാവിൽക്കൂടിയും,.......... ഒരു കുന്തം കടക്കും" (ലൂക്കോ. 1, 35) എന്ന ശെമവോന്റെ പ്രവചനം നിവൃത്തിയായി. അവൾ ദുഃഖിതരുടെ ആശ്വാസവും പാപികളുടെ സങ്കേതവും ആകുന്നു. അവൾ വ്യാകുലമാതാവാകുന്നു.

## 6. പ. മറിയം ക്രിസ്ത്യാനികളുടെ സഹായമാകുന്നു

നമ്മുടെ കൎത്താവിന്റെ സ്വൎഗ്ഗാരോഹണത്തിനുശേഷം മറിയം ശ്ലീഹന്മാരോടുകൂടി സെഹിയോൻമാളികയിൽ പ്രാൎത്ഥിച്ചുകൊണ്ടിരുന്നു. പെന്തിക്കൊസ്തി ദിവസം ശ്ലീഹന്മാരോടുകൂടി അവളും പരിശുദ്ധാത്മാവിനെ സ്വീകരിച്ചു. ശൈശവസഭയുടെ എല്ലാ സുഖദുഃഖങ്ങളിലും അവൾ പങ്കുകൊണ്ടു് സഭയെ സഹായിച്ചിരുന്നു. അവൾ ക്രിസ്ത്യാനികളുടെ സഹായമാകുന്നു.

## 7. പ. മറിയം സ്വൎഗ്ഗാരോപണം ചെയ്ത രാജ്ഞിയാകുന്നു.

മറിയം തന്റെ പുത്രന്റെ ജീവിതത്തോടു്, പ്രത്യേകിച്ചു് പീഡാനുഭവത്തിലും,മരണത്തിലും ഏററവും അടുത്തബന്ധം പുലൎത്തിയതിനാൽ സ്വൎഗ്ഗീയ മഹത്വത്തിലും അതിശ്രേഷ്ഠമായ സ്ഥാനം അവൾക്കുണ്ടു്. അവൾ പാപത്തിൽനിന്നും സ്വതന്ത്രയായിരുന്നതിനാൽ അവളുടെ ശരീരം അഴിഞ്ഞുപോകാതെ പരിരക്ഷിക്ക

www.malankaralibrary.com

പ്പെട്ടു. അവൾ ആത്മാവോടും ശരീരത്തോടുംകൂടെ സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ടു. ഇതു് ഒരു വിശ്വാസസത്യമായി 1950-ൽ 12-ാം പീയൂസ് മാർപ്പാപ്പാ പ്രഖ്യാപനം ചെയ്തു. അവൾ സ്വർഗ്ഗാരോപണം ചെയ്ത രാജ്ഞിയാകുന്നു. അവൾ സ്വർഗ്ഗത്തിൽ സകല മാലാഖമാരുടേയും പരിശുദ്ധന്മാരുടേയും രാജ്ഞിയായി വാഴുന്നു. അവൾ ക്രിസ്തുവിനോടുകൂടി സകല ലോകത്തേയും ഭരിക്കുന്നു.

## 8. പ. മറിയം സ്വർഗ്ഗീയമദ്ധ്യസ്ഥയാകുന്നു.

അവൾ ഒരു മാതാവിൻെറ കാരുണ്യപൂർണ്ണമായ സ്നേഹത്തോടുകൂടി അവളുടെ പുത്രൻെറ സഹോദരീസഹോദരന്മാരെ കൈക്കൊള്ളുന്നു. അവൾ നമ്മുടെ നാഥയും മാതാവുമാകുന്നു. അവൾ നമുക്കുവേണ്ടി പ്രാർത്ഥിക്കുകയും ദൈവത്തിൽനിന്നു് അനുഗ്രഹങ്ങളും കൃപയും പ്രാപിക്കയും ചെയ്യുന്നു. അവൾ നമ്മുടെ സ്വർഗ്ഗീയമദ്ധ്യസ്ഥ ആകുന്നു.

---

**ചോദ്യങ്ങൾ:-**

1. പരിശുദ്ധ മറിയത്തെ ദൈവമാതാവെന്നു വിളിക്കുന്നതെന്തുകൊണ്ടു് ?
2. എല്ലാ സൃഷ്ടികളിലുംവച്ചു് അവൾക്കുള്ള മേന്മയെന്തു്?
3. പരിശുദ്ധ മറിയം നിത്യകന്യകയായിരുന്നുവോ?
4. കന്യകമറിയത്തെ അമലോത്ഭവയെന്നു വിളിക്കുന്നതെന്തുകൊണ്ടു് ?
5. പ. മറിയം നമ്മുടേയും അമ്മ ആകുന്നതെന്തുകൊണ്ടു്?
6. പ. മറിയത്തെ വ്യാകുലമാതാവെന്നു വിളിക്കുന്നതെന്തുകൊണ്ടു്?
7. പ. മറിയത്തിൻെറ ഈ ലോകജീവിതശേഷം എന്തു സംഭവിച്ചു?
8. സ്വർഗ്ഗത്തിൽ മാതാവു് എന്തു ചെയ്തുകൊണ്ടിരിക്കുന്നു?

www.malankaralibrary.com

# പാഠം 10

## നിഖ്യാ വി. പ്രമാണം രണ്ടാംഭാഗം [തുടർച്ച]

"മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കുംവേണ്ടി സ്വർഗ്ഗത്തിൽനിന്നിറങ്ങി......................"

### 1. അനന്തയോഗ്യതയുള്ള പരിഹാരത്തിന്റെ ആവശ്യം

പാപം, അനന്തമഹിമയുള്ള ദൈവത്തോടു ചെയ്യുന്ന ദ്രോഹമാകയാൽ അതിന്റെ മാലിന്യം ഒരു പ്രകാരത്തിൽ അനന്തമാണു്. അതിനാൽ അതു പരിഹരിക്കുവാൻ തക്ക അനന്ത യോഗ്യതയുള്ള ഒരാൾ ആവശ്യമത്രേ. പാപത്തിൽ മുഴുകിയിരുന്ന മനുഷ്യനു് ഈ ദ്രോഹത്തിന്റെ മാലിന്യം മാറ്റുന്നതിനു സാദ്ധ്യമായിരുന്നില്ല. അതിനാൽ അനന്തമഹിമയുള്ള ദൈവം തന്നെ അതു് നിവർത്തിക്കേണ്ടിയിരുന്നു. പാപത്തിൽ വീണുപോയ മനുഷ്യരെ രക്ഷിപ്പാനായി പിതാവിന്റെ തിരുവിഷ്ടപ്രകാരം പുത്രനായ ദൈവം മനുഷ്യനായവതരിച്ചു. 'ഞാൻ സ്വർഗ്ഗത്തിൽനിന്നിറങ്ങിവന്നിരിക്കുന്നതു് എന്റെ ഇഷ്ടം ചെയ്യുവാനല്ല; എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുവാനത്രെ'. 'എന്നെ അയച്ചവന്റെ ഇഷ്ടമാകട്ടെ, അവൻ എനിക്കു തന്നവരിൽ ഒരുത്തനേയും അവനിൽ നിന്നു് നശിപ്പിച്ചുകളയാതെ അവസാനനാളിൽ അവനെ ഞാൻ ഉയിർപ്പിക്കണം" (യോഹ. 6, 38-39) എന്നാതാകുന്നു.

### 2. അനന്തയോഗ്യതയുള്ള പരിഹാരം ക്രിസ്തു ചെയ്തു

മനുഷ്യവർഗ്ഗത്തിന്റെ അനുസരണക്കേടിനു് ക്രിസ്തു മരണത്തോളം അനുസരണമുള്ളവനായി പരിഹാരം ചെയ്തു. തന്റെ അതികഠിനമായ കഷ്ടപ്പാടുകളാൽ അവൻ നമ്മിൽനിന്നും ഉത്ഭവപാപത്തിന്റെയും കർമ്മപാപത്തിന്റെയും കറയെ നീക്കിക്കളയുകയും നിത്യശിക്ഷയിൽനിന്നു രക്ഷിക്കുകയും ചെയ്തു.

www.malankaralibrary.com

യേശു പീഡയനുഭവിച്ചതു നമുക്കുവേണ്ടിയാണ്. "നമ്മുടെ പാപങ്ങൾ നിമിത്തം അവൻ മുറിക്കപ്പെട്ടു" (യശ. 53, 5: Cfr. 53, 3: റോമ. 4, 25). ക്രിസ്തുവിന്റെ പീഡാനുഭവത്തിനും മരണത്തിനും താൻ ദൈവപുത്രനായിരുന്നതുകൊണ്ട് അനന്തമായ വിലയാണുള്ളത്. തന്റെ മരണത്താൽ അവൻ നമ്മുടെ മരണത്തെ ചവുട്ടിക്കൊന്നു. അവൻ സാത്താന്റെ ശക്തിയെ കെടുത്തുകയും അവന്റെ അധികാരത്തിൽനിന്നു നമ്മെ സ്വതന്ത്രരാക്കുകയും ചെയ്തു. "......ഈശോമിശിഹായിൽ വ്യാപരിക്കുന്നവർക്ക് ഇനിമേൽ ശിക്ഷാവിധിയില്ല. ഈശോമിശിഹായിലുള്ള ജീവാത്മാവിന്റെ നിയമം, പാപത്തിന്റെയും മരണത്തിന്റെയും നിയമത്തിൽനിന്ന് നിന്നെ സ്വതന്ത്രനാക്കിയിരിക്കുന്നു" (റോമ. 8, 1-2).

## 3. എന്തുകൊണ്ട് എല്ലാവരും രക്ഷപ്പെടുന്നില്ല?

കുരിശുമരണം വഴിയായി നിത്യജീവൻ നമുക്കായി ക്രിസ്തു വീണ്ടെടുത്തു. അവൻ നമുക്കു മുമ്പായി നിത്യപിതാവിന്റെ അടുക്കലേക്കു പോയിരിക്കുന്നു. നാം താൻ നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ച് നിത്യപിതാവിന്റെ അടുത്തു ചെന്നെത്തണം. എന്നാൽ മിശിഹാ തന്നിട്ടുള്ള രക്ഷാമാർഗ്ഗത്തെ എല്ലാവരും സ്വീകരിക്കയാവട്ടെ, അവിടുത്തെ കല്പനകൾ വേണ്ടവിധം അനുസരിക്കയാകട്ടെ ചെയ്യാത്തതുനിമിത്തം എല്ലാവരും രക്ഷപ്പെടുന്നില്ല.

## 4. നിത്യരക്ഷയുടെ മാർഗ്ഗം

നിത്യരക്ഷയ്ക്കു ക്രിസ്തു നൽകിയിട്ടുള്ള മാർഗ്ഗങ്ങൾ അവിടുത്തെ തിരുസഭയും, തിരുസഭ വഴിയായി നൽകിയിട്ടുള്ള ഉപദേശങ്ങളും കൂദാശകളും കല്പനകളുമാകുന്നു. തിരുസഭ പഠിപ്പിക്കുന്ന വിശ്വാസസത്യങ്ങൾ സ്വീകരിക്കുകയും വി. കൂദാശകൾ കൈക്കൊള്ളുകയും കല്പനകൾ അനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവൻ മിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും

www.malankaralibrary.com

ഫലങ്ങൾ അനുഭവിക്കും. എന്നാൽ ഈ മാർഗ്ഗങ്ങൾ സ്വീകരിക്കാത്തവർ മിശിഹായുടെ മരണം തങ്ങൾക്കു നിഷ്ഫലമാക്കിത്തീർക്കുന്നു.

---

**ചോദ്യങ്ങൾ**

1. പുത്രൻതമ്പുരാൻ മനുഷ്യനായി അവതരിച്ചതെന്തിനു്?

2. ലോകരക്ഷാർത്ഥം വി. ത്രിത്വത്തിലെ രണ്ടാമാളായ പുത്രൻതമ്പുരാൻ തന്നെ മനുഷ്യനായി അവതരിക്കേണ്ട ആവശ്യമെന്തു്?

3. എപ്രകാരമാണു് ക്രിസ്തു നമ്മിൽനിന്നും പാപത്തിന്റെ ശിക്ഷയെ നീക്കിക്കളഞ്ഞതും നമ്മെ രക്ഷിച്ചതും.

4. എല്ലാ മനുഷ്യരും രക്ഷപ്പെടാത്തതെന്തുകൊണ്ടു്?

5. നിത്യരക്ഷ കിട്ടാൻ ക്രിസ്തു നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗങ്ങളേവ?

## പാഠം 11

## വിശ്വാ. വി. പ്രമാണം രണ്ടാംഭാഗം [തുടർച്ച]

"പൊന്തിയോസു് പീലാത്തോസിന്റെ ദിവസങ്ങളിൽ ക്രൂശിക്കപ്പെട്ടു, കഷ്ടമനുഭവിച്ചു, മരിച്ചു, അടക്കപ്പെട്ടു............"

### 1. യഹൂദജനത്തിന്റെ നിഷേധം

ഈശോമിശിഹാ മനുഷ്യനായി അവതരിച്ചു് 30 വർഷത്തോളം സ്വഭവനത്തിൽ രഹസ്യജീവിതം നയിച്ചു. "അവൻ അവരോടുകൂടി ഇറങ്ങി നസ്രേത്തിൽ ചെന്നു് അവർക്കു് അധീനനായിരുന്നു" (ലൂക്കാ. 2, 51). അതിനുശേഷം താൻ പരസ്യജീവിതം ആരംഭിച്ചു. അപ്പോൾ "ഈശോ ഉദ്ദേശം മുപ്പതു വയസ്സുള്ളവനായിരുന്നു." (ലൂക്കാ. 3, 23). തന്റെ പരസ്യജീവിതകാലമത്രയും തന്റെ ജനമായ യഹൂദന്മാരുടെ ഇടയിലത്രേ താൻ പ്രവർത്തിച്ചിരുന്നതു്. "ഇസ്രായേൽ ഗോത്രത്തിൽനിന്നു് വഴിതെറ്റിപ്പോയിരിക്കുന്ന ആടുകളുടെ അടുക്കലേക്കല്ലാതെ ഞാൻ അയ

www.malankaralibrary.com

ക്കപ്പെട്ടിട്ടില്ല" (മത്താ. 15, 24). എന്നാൽ ദൈവം തിരഞ്ഞെടുത്ത ആ ജനത്തിന്റെ നായകന്മാർ ലോകരക്ഷിതാവായി തന്നെ അംഗീകരിച്ചില്ല. "അവൻ തന്റെ സ്വന്തം ജനങ്ങളുടെ അടുക്കലേക്കുവന്നു. എങ്കിലും സ്വകീയർ അവനെ സ്വീകരിച്ചില്ല" (യോഹ. 1,11). വിസ്താരസമയം താൻ ദൈവപുത്രനാകുന്നുവെന്നു് ക്രിസ്തു പരസ്യമായി ജനത്തിന്റെയും പ്രധാനാചാര്യന്റെയും മുമ്പിൽ വച്ചു പ്രസ്താവിച്ചു. അപ്പോൾ പ്രധാനാചാര്യൻ തന്റെ വസ്ത്രങ്ങൾ കീറിക്കൊണ്ടു പറഞ്ഞു. "ഇതാ! ഇവന്റെ ദൈവദൂഷണം നിങ്ങൾ ഇപ്പോൾ കേട്ടുവല്ലോ. നിങ്ങൾക്കു എന്തുതോന്നുന്നു"? അവർ ഉത്തരമായി "ഇവൻ മരണത്തിനു അർഹനാകുന്നു" എന്നു പറഞ്ഞു (മത്താ. 26, 65-66).

## 2. പാപത്തിനു ചെയ്യാവുന്ന നാശം

ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ആ ജനതതി ക്രിസ്തുവിന്റെ വചനങ്ങൾ ശ്രവിക്കുകയും താൻ പ്രവർത്തിച്ച അത്ഭുതങ്ങളും തന്റെ പരിശുദ്ധമായ ജീവിതവും കാണുകയുംചെയ്തു. എന്നാൽ അനേകർ തന്റെ ദിവ്യദൗത്യത്തെ സ്വീകരിക്കാൻ തയ്യാറായില്ല. മനുഷ്യർ ക്രിസ്തുവിനെ ഉപേക്ഷിച്ചതു് ഏറാവും വലുതും ഭയങ്കരവുമായ ഒരു രഹസ്യമാകുന്നു. മനുഷ്യന്റെ ബലഹീനതയും പാപകാഠിന്യവും ഇതിൽ നമുക്കു ദർശിക്കാവുന്നതാണു്. മനുഷ്യഹൃദയങ്ങളിൽ പാപത്തിനു ചെയ്യുവാൻ സാധിക്കുന്ന ഭയങ്കരമായ നാശത്തെയാണു് ഇതു കാണിക്കുന്നതു്.

## 3. അവൻ ആഗ്രഹിച്ചതിനാൽ സ്വയം അർപ്പിച്ചു. (Cfr. യേശ. 53, 7).

തന്റെ ശത്രുക്കൾ തന്നെ മരണത്തിനു വിധിക്കുകയും കുരിശിൽ തറച്ചു കൊല്ലുകയും ചെയ്യുമെന്നു് തനിക്കറിയാമായിരുന്നു. അക്കാര്യം താൻ മുൻകൂട്ടി ശ്ലീഹന്മാരോടു പറഞ്ഞിരുന്നു. ലോകരക്ഷയ്ക്കുവേണ്ടി തന്റെ പിതാവിന്റെ ഇഷ്ടപ്രകാരം ഇവയെല്ലാം അനുഭവിക്കുന്നതിനു താൻ തിരുമനസ്സായി. "എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിനായി ഞാൻ അതു സമർപ്പിക്കുന്നതുകൊ

www.malankaralibrary.com

ണ്ടു് എന്റെ പിതാവു് എന്നെ സ്നേഹിക്കുന്നു. ആരും അതു് എന്നിൽ നിന്നു് എടുത്തുകളയുകയല്ല, ഞാൻ അതു് സ്വമനസ്സാലെ സമർപ്പിക്കുകയാകുന്നു. എന്തെന്നാൽ അതു സമർപ്പിക്കുവാൻ എനിക്കു് അധികാരമുണ്ടു്. അതു വീണ്ടും പ്രാപിക്കുവാനും എനിക്കധികാരമുണ്ടു്. ഈ കല്പന എന്റെ പിതാവിൽ നിന്നും ഞാൻ സ്വീകരിക്കുന്നു" (യോഹ. 10, 17—18). ക്രിസ്തു തന്റെ പിതാവിന്റെ ഇഷ്ടം നിവർത്തിക്കുവാൻ കുരിശുമരണത്തോളം കീഴ്‌വഴങ്ങി. "തന്നെത്തന്നെ താഴ്ത്തി. മരണത്തോളം അതേ, കുരിശുമരണത്തോളം അനുസരണമുള്ളവനായിത്തീരുകയും ചെയ്തു" (ഫിലി. 2, 8).

## 4. യഹൂദജനത്തിന്റെ കുററാരോപണം

അക്കാലത്തു് യഹൂദിയാരാജ്യം റോമാസാമ്രാജ്യത്തിലെ ഒരു സാമന്ത രാജ്യമായിരുന്നു. റോമാചക്രവർത്തിയുടെ പ്രതിനിധിയായി പൊന്തിയോസ്സ് പീലാത്തോസു് എന്നു ഒരു ഗവർണ്ണർ അത്രെ അവിടത്തെ ഭരണത്തിന്റെ മേധാവിത്വം വഹിച്ചിരുന്നതു്. ദുഷ്ടന്മാരായ യഹൂദപ്രമാണികൾ, ദൈവദൂഷണം, സമുദായദ്രോഹം, രാജ്യദ്രോഹം എന്നീ കുററങ്ങൾ ചുമത്തി യേശുവിനെ മരണത്തിനു വിധിക്കുവാനായി പീലാത്തോസിന്റെ അടുക്കൽ കൊണ്ടുചെന്നു. യൂദന്മാർ അവനോടു്: ഞങ്ങൾക്കു് ഒരു നിയമമുണ്ടു്; അവൻ തന്നെത്തന്നെ ദൈവപുത്രനാക്കിയതുകൊണ്ടു് ഞങ്ങളുടെ ആ നിയമമനുസരിച്ചു് ഇവൻ മരണത്തിനു അർഹനാകുന്നു. (യോഹ. 17, 7). "ഇവൻ ഞങ്ങളുടെ ജനങ്ങളെ വഴിതെററിക്കുകയും, കേസറിനു് തലവരി കൊടുക്കേണ്ടാ എന്നു വിരോധിക്കുകയും, മിശിഹാ രാജാവാകുന്നു എന്നു സ്വയംപറയുകയും ചെയ്യുന്നതായി ഞങ്ങൾ കണ്ടു എന്നു് അവനിൽ കുററം ചുമത്തിപറയുവാൻ തുടങ്ങി" (ലൂക്കാ. 23, 2.)

## 5. പീലാത്തോസിന്റെ വിധി

പീലാത്തോസാകട്ടെ ക്രിസ്തുവിൽ യാതൊരു കുററവും കണ്ടില്ല. 'ഞാൻ ഈ മനുഷ്യനിൽ കുററമൊന്നും കാണുന്നില്ല."

www.malankaralibrary.com

(ലൂക്കാ. 23, 4). പലപ്രാവശ്യവും ക്രിസ്തുവിന്റെ നിരപരാധിത്വം പ്രഖ്യാപിച്ചതിനുശേഷം ഭീരുവായ പീലാത്തോസ് രക്ഷകനെ ക്രൂശിക്കുവാൻ വിധിച്ചു. "കലഹം അധികമാകുന്നതല്ലാതെ പ്രയോജനമൊന്നും ഉണ്ടാകുന്നില്ലെന്നുകണ്ടു" (മത്തായി. 27, 24) "അവരുടെ അപേക്ഷ നടക്കട്ടെ എന്നു പീലാത്തോസ് കല്പിച്ചു". (ലൂക്കാ. 23, 24)

## 6. കുരിശിന്റെ വഴി, മരണം, കബറടക്കം

"അവർ പരിഹസിച്ചശേഷം.................കുരിശിൽ തറയ്ക്കുവാൻ അവനെ കൊണ്ടുപോയി...........അവർ അവനെ കുരിശിൽ തറച്ചശേഷം അവന്റെ വസ്ത്രങ്ങൾ ചീട്ടിട്ടു ഭാഗിച്ചു...........ഉദ്ദേശം ഒമ്പതു മണിക്കു ഈശോ ഉയർന്ന സ്വരത്തിൽ "ഏൽ, ഏൽ, ല്മാ ശബക്താനി"* എന്നു വിളിച്ചു പറഞ്ഞു......ഈശോ വീണ്ടും ഉയർന്ന സ്വരത്തിൽ നിലവിളിച്ച് തന്റെ പ്രാണനെ വെടിഞ്ഞു.................പാറയിൽ കുഴിക്കപ്പെട്ടതായ തന്റെ വക ഒരു പുതിയ പ്രേതാലയത്തിൽ അവൻ (റംസാക്കാരൻ യൗസേപ്പ്) അതിനെ (യേശുവിന്റെ ശരീരം) വച്ചു" (Cfr. മത്താ. 27,31–60)

## 7. യേശുവിനു നമ്മോടുള്ള സ്നേഹം

യേശു നമുക്കുവേണ്ടി മരണം സഹിച്ചുകൊണ്ട് നമ്മെ അത്യധികമായി സ്നേഹിച്ചു. "അവൻ നമുക്കുവേണ്ടി സ്വന്ത പ്രാണനെ തന്നതിൽനിന്ന് നമ്മോടുള്ള അവന്റെ സ്നേഹം നാമറിയുന്നു"(1 യോഹ. 3, 16). 'ഒരുവൻ തന്റെ സ്നേഹിതന്മാർക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല'. (യോഹ. 15, 13) താൻ തന്റെ ശത്രുക്കളോടുപോലും സ്നേഹമായി പെരുമാറി. 'അദ്ദേഹം നിന്ദിക്കപ്പെട്ടിട്ടും നിന്ദിച്ചില്ല. കഷ്ടതയനുഭവിച്ചിട്ടും നീരസപ്പെട്ടില്ല". താൻ കുരിശിൽ കിടന്നുകൊണ്ടു തന്റെ ശത്രുക്കൾക്കുവേണ്ടി പോലും പ്രാർത്ഥിച്ചു. (Cfr. ലൂക്കാ. 23, 34). യേശു പാപികളായ നമുക്കുവേണ്ടി സ്വപ്രാണനെ ബലിയർപ്പിച്ചു.

---

* എന്റെ ദൈവമേ, എന്റെ ദൈവമേ, നീ എന്നെ കൈവിട്ടതെന്ത്?

**ചോദ്യങ്ങൾ:-**

1. ക്രിസ്തു പരസ്യജീവിതകാലത്ത് ആരുടെ ഇടയിലാണ് പ്രവർത്തിച്ചിരുന്നത്?

www.malankaralibrary.com

2. തന്റെ ശത്രുക്കൾ ക്രിസ്തുവിൽ ആരോപിച്ചിരുന്ന കുററമെന്തായിരുന്നു.

3. അനേകർ ക്രിസ്തുവിന്റെ ദൗത്യത്തെ സ്വീകരിക്കാൻ തയ്യാറാകാഞ്ഞതെന്തുകൊണ്ട്?

4. ക്രിസ്തു പീഡാനുഭവത്തിനും മരണത്തിനും വിധേയനായതു് തന്റെ ശക്തിഹീനത കൊണ്ടായിരുന്നുവോ?

5. ക്രിസ്തു മനുഷ്യാവതാരം ചെയ്തതും പീഡകൾ സഹിച്ചു മരിച്ചതും എന്തിനുവേണ്ടി ആയിരുന്നു?

## പാഠം 12

## ദിവ്യ വി. പ്രമാണം രണ്ടാംഭാഗം [തുടർച്ച]

......................തിരുമനസ്സായപ്രകാരം മൂന്നാംദിവസമുയിർത്തെഴുന്നേററു.

### 1· ക്രിസ്തു മരിച്ചശേഷം പാതാളത്തിൽ പോയി.

ക്രിസ്തു മരിച്ചപ്പോൾ തന്റെ ശരീരത്തിൽനിന്നും ആത്മാവു വേർപെട്ടെങ്കിലും തന്റെ ശരീരത്തിൽനിന്നാകട്ടെ, ആത്മാവിൽ നിന്നാകട്ടെ ദൈവത്വം വേർപെട്ടില്ല. മുമ്പുകൂട്ടി മരിച്ചു തനിക്കുവേണ്ടി നോക്കിപ്പാർത്തിരുന്ന ആത്മാക്കളുടെ അടുക്കലേക്കു ക്രിസ്തു പോയി. അവരുടെ കൂട്ടത്തിൽ ആദാമും ഹവ്വായും പൂർവ്വപിതാക്കന്മാരും ദീർഘദർശികളും യോഹന്നാൻസ്നാപകനും മററുമുണ്ടായിരുന്നു. "......അവൻ ശരീരത്തിൽ മരിക്കുകയും ആത്മാവിൽ ജീവനോടിരിക്കയും, പാതാളത്തിൽ ബന്ധിക്കപ്പെട്ടിരുന്ന ആത്മാക്കളോടു്......അറിയിക്കുകയും ചെയ്തു" (1 പത്രോ. 3, 18 20). ആദാമിന്റെ പാപംനിമിത്തം അടയ്ക്കപ്പെട്ട സ്വർഗ്ഗവാതിൽ ഇതുവരെയും തുറന്നിട്ടില്ലായിരുന്നു. "അവർ രക്ഷിതരായി" എന്നു ക്രിസ്തു പ്രഖ്യാപിച്ചു.

### 2. ക്രിസ്തു മഹത്വത്തോടുകൂടി ഉയിർത്തെഴുന്നേററു

ക്രിസ്തു മരിച്ചശേഷം മൂന്നാം ദിവസം ഞായറാഴ്ച മഹിമയോടുകൂടി സ്വശക്തിയാൽ "ഉയിർത്തെഴുന്നേററു" (ലൂക്കോ. 24, 6;

www.malankaralibrary.com

മത്താ. 28, 6; Cfr. യോഹ. 10, 17-18). താൻ ദൈവപുത്രനാ യിരുന്നതുകൊണ്ടു് ദൈവശക്തി തനിക്കുണ്ടായിരുന്നു. തന്റെ ശരീരവുമാത്മാവും നിത്യമായി യോജിച്ചു് സ്വർഗ്ഗീയാനന്ദത്താൽ നിറയപ്പെട്ടു. തന്റെ ശരീരം മഹത്വീകരിക്കപ്പെടുകയും ആത്മാവു സന്തോഷത്താൽ നിറയുകയും ചെയ്തു. താൻ തന്റെ ശിഷ്യന്മാർക്കു് പല പ്രാവശ്യം പ്രത്യക്ഷപ്പെട്ടുവെങ്കിലും താൻ നേരത്തെ ചെയ്തതുപോലെ അവരോടുകൂടി പാർത്തില്ല. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേൽപ്പുമൂലം മരണത്തിന്റെ ശക്തിയെ തകർത്തു കളഞ്ഞു. ഇനിയും താൻ പീഡ അനുഭവിക്കുകയാകട്ടെ മരിക്കയാകട്ടെ ചെയ്കയില്ല. "മിശിഹാ മരിച്ചവരിൽനിന്നു് ഉയിർത്തെഴുന്നേററുവെന്നും വീണ്ടും മരിക്കയില്ലെന്നും മരണത്തിനു് അവന്റെ മേൽ അധികാരമില്ലെന്നും നാം അറിയുന്നു" (റോമ. 6, 9).

### 3. ക്രിസ്തുവിന്റെ പുനരുത്ഥാനം എന്തു പഠിപ്പിക്കുന്നു?

ക്രിസ്തു ഉയിർത്തെഴുന്നേററതു്, നീതിമാന്മാരുടെ ഫലം നശിച്ചുപോകുന്നതല്ലെന്നു സ്പഷ്ടമാക്കുന്നതിനും (Cfr. ഫിലിപ്യ. 3,10) ശ്ലീഹന്മാരുടെ വിശ്വാസത്തെ സ്ഥിരീകരിക്കുന്നതിനും (Cfr. നട. 17, 31) നമുക്കും പുനരുത്ഥാനം ഉണ്ടായിരിക്കുമെന്നുള്ള ബോദ്ധ്യം ദൃഢീകരിക്കുന്നതിനും ആകുന്നു. എന്റെ "സഹോദരന്മാരേ നിദ്ര പ്രാപിക്കുന്നവരെക്കുറിച്ചു് പ്രത്യാശയില്ലാത്ത മററുള്ളവരെപ്പോലെ നിങ്ങൾ ദുഃഖിക്കരുതെന്നു് നിങ്ങൾ അറിയണമെന്നു് ഞാൻ ആഗ്രഹിക്കുന്നു. എന്തെന്നാൽ യേശു മരിക്കയും ഉയിർക്കുകയും ചെയ്തുവെന്നു് നാം വിശ്വസിക്കുന്നുവെങ്കിൽ അപ്രകാരംതന്നെ ദൈവം യേശുവിൽ നിദ്രപ്രാപിച്ചവരേയും അവനോടുകൂടി വരുത്തും" (1 തെസ്സ. 4, 13-14). "മരിച്ചവരുടെ ഉയിർപ്പു ഇല്ലെങ്കിൽ മിശിഹായും ഉയിർത്തിട്ടില്ല. മിശിഹാ ഉയിർത്തിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമാകുന്നു, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം" (1 കോറി. 15, 13-14). നമ്മുടെ രക്ഷയുടെയും വീണ്ടെടുപ്പിന്റെയും പൂർത്തീകരണത്തിനായിട്ടത്രേ, നമ്മുടെ കർത്താവായ

www.malankaralibrary.com

യേശുമിശിഹായെ മരിച്ചവരുടെ ഇടയിൽനിന്നും ഉയിപ്പിച്ചു. (Cfr. റോമ. 4, 25).

**4 ക്രിസ്തു വാഗ്ദാനംചെയ്യപ്പെട്ടമിശിഹായാകുന്നു.**

ഉയിർത്തെഴുനേല്പിനാൽ ക്രിസ്തു മഹത്വീകരിക്കപ്പെട്ടു. തന്റെ ശത്രുക്കൾ തന്നെ ഒരു ദൈവദൂഷണക്കാരനായിട്ടും, കള്ളനായിട്ടും മുദ്രയടിച്ചത്രെ കുരിശിൽ തറച്ചു കൊന്നതു്. എന്നാൽ തന്റെ ഉയിർപ്പുമൂലം താൻ യഥാർത്ഥത്തിൽ വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായാകുന്നുവെന്നു തെളിയിച്ചു.

**5. ക്രിസ്തുവിന്റെ ഉയിർത്തെഴുന്നേല്പു് നമ്മുടെ ഉയിർത്തെഴുന്നേല്പിന്റെ അച്ചാരം**

"എന്നാൽ മിശിഹാ മരിച്ചവരുടെ ഇടയിൽനിന്നു് ഉയിർത്തു് നിദ്രപ്രാപിച്ചവരുടെ ആദ്യഫലമായിത്തീർന്നിരിക്കുന്നു" (1 കൊറ. 15, 20). "യാതൊന്നിനാൽ സകലവും തനിക്കു കീഴ്പ്പെടുത്തപ്പെട്ടുവോ, ആ തന്റെ മഹാശക്തിക്കനുസരണമായി നമ്മുടെ താഴ്മയുള്ള ശരീരത്തെ, അതു തന്റെ മഹത്വമുള്ള ശരീരത്തിന്റെ സാദൃശ്യത്തിലാകുവാൻ തക്കവണ്ണം അവൻ രൂപാന്തരപ്പെടുത്തും' (ഫിലി. 3, 21). പുതിയ സൃഷ്ടിയുടെ ആരംഭമാകുന്നു തന്റെ ഉയിർത്തെഴുന്നേല്പു്.

---

**ചോദ്യങ്ങൾ**

1. ക്രിസ്തുവിന്റെ മരണശേഷം എന്തു സംഭവിച്ചു?

2. ഉയിർത്തെഴുനേല്പിനുശേഷം നമ്മുടെ കർത്താവിന്റെ സ്ഥിതി എന്തായിരുന്നു?

3. നമ്മുടെ പുനരുത്ഥാനത്തിലുള്ള വിശ്വാസം എന്തിനെ ആസ്പദമാക്കിയുള്ളതാണു്?

4. ക്രിസ്തു വാഗ്ദാനം ചെയ്യപ്പെട്ട മിശിഹായാകുന്നുവെന്നു തെളിയിച്ചതെങ്ങനെ?

5 നമ്മുടെ കർത്താവിന്റെ ഉയിർത്തെഴുന്നേല്പ് നമ്മുടെ ഉയിർത്തെഴുന്നേല്പിന്റെ അച്ചാരമാകുന്നു എന്നു പറയുന്നതു് എന്തുകൊണ്ടു്?

www.malankaralibrary.com

## പാഠം 13

### നിഖ്യാ വി. പ്രമാണം രണ്ടാംഭാഗം [തുടർച്ച]

സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നു.................

### 1 ഉയിർത്തെഴുന്നേററശേഷം ക്രിസ്തു നാല്പതു നാൾ ഈ ലോകത്തിൽ പാർത്തു

നമ്മുടെ കർത്താവു ഉയിർത്തെഴുന്നേററശേഷം "നാല്പതു നാളുകളോളം അവക്കു പ്രത്യക്ഷനായിക്കൊണ്ടും, ദൈവരാജ്യത്തെപ്പററി സംസാരിച്ചുകൊണ്ടും, പീഡ അനുഭവിച്ചശേഷം താൻ ജീവനോടിരിക്കുന്നവനായി വളരെ അടയാളങ്ങളാൽ തന്നെത്തന്നെ അവക്കു കാണിച്ചു" (നടപടി. 1, 3). അതിനുശേഷം "അവർ അവനെ നോക്കിനില്ക്കവേ, അവൻ സ്വർഗ്ഗത്തിലേക്കു° എടുക്കപ്പെട്ടു" (നടപടി. 1, 9., Cfr. യോഹ. 16, 28). അവിടുന്നു° യഥാർത്ഥമായി ഉയിർത്തെഴുന്നേററുവെന്ന സത്യം പല പ്രകാരത്തിലുമുള്ള ദർശനങ്ങളാൽ തെളിയിക്കുന്നതിനും, ശ്ലീഹന്മാരെ പഠിപ്പിച്ചു ധൈര്യപ്പെടുത്തുന്നതിനും, സത്യവിശ്വാസത്തിൽ സ്ഥിരപ്പെടുത്തുന്നതിനും വേണ്ടിയായിരുന്നു അവിടുത്തെ ഉയിർത്തെഴുന്നേല്പിനുശേഷം നാല്പതുനാൾ താൻ ഈ ലോകത്തിൽ പാർത്തതു°.

### 2. സ്വർഗ്ഗാരോഹണവും അതിന്റെ ഉദ്ദേശവും

തന്റെ സ്വർഗ്ഗാരോഹണത്താൽ സ്വർഗ്ഗീയമഹത്വത്തിൽ പിതാവിന്റെ സന്നിധിയിലെത്തി. താൻ സ്വർഗ്ഗാരോഹണം ചെയ്തതു° തന്റെ കുരിശുമരണത്താൽ ഉൽഘാടനം ചെയ്യപ്പെട്ട സ്വർഗ്ഗരാജ്യവും അതിന്റെ മഹത്വവും അധീനപ്പെടുത്തുന്നതിനും നമുക്കു സ്വർഗ്ഗത്തിൽ സ്ഥലം ഒരുക്കുന്നതിനും (Cfr. യോഹ. 14, 2). നമുക്കുവേണ്ടി പിതാവിന്റെയടുക്കൽ മദ്ധ്യസ്ഥത വഹിക്കുന്നതിനും (Cfr. റോമ. 8, 34). ശ്ലീഹന്മാക്കു പരിശുദ്ധാത്മാവിനെ അയച്ചുകൊടുക്കുന്നതിനും (Cfr. യോഹ. 14, 16) വേണ്ടിയാണു°. "എന്റെ പിതാവിന്റെ ഭവനത്തിൽ വളരെ വാസസ്ഥലങ്ങൾ ഉണ്ടു°. ഇല്ലാതിരുന്നുവെങ്കിൽ നിങ്ങളോടു ഞാൻ പറയുമാ

www.malankaralibrary.com

യിരുന്നു. നിങ്ങൾക്കു സ്ഥലം ഒരുക്കുവാനാണല്ലോ ഞാൻ പോകുന്നതു്." (യോഹ. 14, 2). "......മിശിഹാ മരിച്ചു് ഉയിർത്തു് ദൈവത്തിന്റെ വലത്തുഭാഗത്തിരുന്നുകൊണ്ടു് നമുക്കു്വേണ്ടി പ്രാർത്ഥിക്കുന്നു." (റോമാ. 8,34). "ഞാൻ എന്റെ പിതാവിനോടു ചോദിയ്ക്കും. നിങ്ങളോടുകൂടി എന്നും ഇരിക്കേണ്ടതിനായി, വേറൊരു പാറക്ലേത്തായെ അവൻ നിങ്ങൾക്കു തരും" (യോഹ. 14,16). അവിടുന്നു സ്വർഗ്ഗത്തിൽ പിതാവിനോടുകൂടി ഏറാവും ഉന്നതമായ മഹത്വത്തിലിരിക്കുന്നതിനാൽ താൻ പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നെന്നു അലങ്കാരഭാഷയിൽ പറയുന്നു.

### 3. ക്രിസ്തു നമ്മുടെ നാഥനും രാജാവുമാകുന്നു

തന്റെകൂടെ, പാതാളത്തിൽ താൻ വിമോചിച്ച ആത്മാക്കളെയും സ്വർഗ്ഗത്തിൽ പ്രവേശിപ്പിച്ചു. അവിടുന്നു പിതാവിന്റെ വലത്തുഭാഗത്തിരിക്കയും ചെയ്തു. ദൈവപുത്രനെന്ന നിലയിൽ ആദിമുതൽ തനിക്കുണ്ടായിരുന്ന മഹത്വവും അധികാരവുമെല്ലാം മനുഷ്യനെന്ന നിലയിലും താൻ സ്വീകരിച്ചു. അങ്ങനെ ക്രിസ്തു നമ്മുടെ നാഥനും രാജാവുമായിത്തീർന്നു. "മിശിഹാ കർത്താവാകുന്നുവെന്നു്—പിതാവായ ദൈവത്തിന്റെ മഹിമയ്ക്കായിട്ടു്—സകല നാവുകളും ഏറ്റുപറയുകയും ചെയ്യത്തക്കവണ്ണം ദൈവം അവിടുത്തെ വളരെ ഉയർത്തുകയും സകല നാമങ്ങളേക്കാൾ ശ്രേഷ്ഠമായ നാമം അവിടുത്തേക്കു കൊടുക്കുകയും ചെയ്തു". (Cfr. ഫിലി. 2, 10-11).

---

**ചോദ്യങ്ങൾ**

1. ക്രിസ്തു ഉയർത്തെഴുന്നേറ്റതിനുശേഷം 40 ദിവസം ഭൂമിയിൽ പാർത്തതെന്തിനു്?

2. ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തതു് എന്തെല്ലാം ഉദ്ദേശത്തോടുകൂടിയാണു്?

3. ക്രിസ്തു പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നുവെന്നു പറയുന്നതിന്റെ അർത്ഥമെന്തു്?

4. ക്രിസ്തു നമ്മുടെ നാഥനും രാജാവുമായതെങ്ങനെ?

www.malankaralibrary.com

## പാഠം 14

## നിഖ്യാ വി. പ്രമാണം രണ്ടാംഭാഗം [തുടർച്ച]

ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാൻ വലിയ മഹത്വത്തോടുകൂടി ഇനിയും വരുവാനിരിക്കുന്നവനും...........

### 1. രണ്ടാമത്തെ വരവിനെക്കുറിച്ചുള്ള വാഗ്ദാനം

തന്റെ രണ്ടാമത്തെ വരവിനെക്കുറിച്ച് നമ്മുടെ കർത്താവ് പരസ്യ ജീവിതകാലാവസാനത്തിൽ പലപ്പോഴും സംസാരിച്ചിട്ടുണ്ട്. 'ഞാൻപോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്നിടത്തു് നിങ്ങളും ഇരിക്കേണ്ടതിനായി ഞാൻ വീണ്ടും വന്ന് നിങ്ങളെ എന്റെ അടുക്കലേക്ക് കൂട്ടിക്കൊണ്ടുപോകും." (യോഹ. 14, 3 Cfr. മത്താ. 24, 30) നമ്മുടെ കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ അവിടെ നോക്കിനിന്നിരുന്ന ശ്ലീഹന്മാരേയും ശിഷ്യരേയും അഭിസംബോധനചെയ്തുകൊണ്ട് വെള്ളവസ്ത്രധാരികളായ രണ്ടു യുവാക്കന്മാർ ഇപ്രകാരം പറഞ്ഞു. 'ഗ്ലീലായക്കാരായ മനുഷ്യരേ...........നിങ്ങളിൽ നിന്ന് സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ട ഈ യേശു സ്വർഗ്ഗത്തിലേക്ക കയറിപ്പോകുന്നതു നിങ്ങൾ കണ്ടതുപോലെ തന്നെ വരും" (നടപടി 1, 11).

### 2. രണ്ടാമത്തെ വരവിലുള്ള അടയാളം

ലോകാവസാനത്തിൽ നമ്മുടെ കർത്താവ് തന്റെ സർവ്വശക്തിയോടും മഹത്വത്തോടും കൂടി മാലാഖാമാരാൽ പരിസേവിതനായി വീണ്ടും വരും. 'അപ്പോൾ മനുഷ്യപുത്രന്റെ അടയാളം ആകാശത്തിൽ കാണപ്പെടും. ......ഭൂമിയിലെ സകലഗോത്രങ്ങളും പ്രലപിക്കും, മനുഷ്യപുത്രൻ വലിയ ശക്തിയോടും മഹത്വത്തോടും കൂടി വാനമേഘങ്ങളിന്മേൽ വരുന്നതു് കാണുകയും ചെയ്യും. അവൻ തന്റെ ദൂതന്മാരെ വലിയ കാഹളത്തോടുകൂടി അയയ്ക്കും. അവർ അവന്റെ തെരഞ്ഞെടുക്കപ്പെട്ടവരെ ആകാശത്തിന്റെ ഒരറ്റം മുതൽ മറ്റേയറ്റംവരെ നാലു വായുക്കളിൽനിന്നും കൂട്ടിച്ചേർക്കുകയും ചെയ്യും". (മത്താ. 24, 30–31) ജീവിച്ചിരിക്കുന്ന

www.malankaralibrary.com

വരേയും മരിച്ചവരേയും തന്റെ മുമ്പിൽ കൂട്ടിച്ചേർക്കും. പരേതർ അവരുടെ കല്ലറകളിൽനിന്ന് ഉയർത്തെഴുന്നേല്ക്കുകയും എല്ലാവരും കർത്താവിന്റെ ശബ്ദത്തെ പിൻതുടരുകയും ചെയ്യും. "അവസാനകാഹളമൂതുമ്പോൾ കണ്ണിമയ്ക്കുന്നതുപോലെ ക്ഷണനേരത്തിൽ നാമെല്ലാവരും രൂപാന്തരപ്പെടും; അപ്പോൾ മരിച്ചവർ അക്ഷയരായി ഉയിർത്തെഴുന്നേൽക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും" (1 കോറി. 15, 52)

## 3. വിധി മുഴുവൻ പുത്രനു കൊടുത്തിരിക്കുന്നു

നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവിൽ താൻമൂലം ദൈവം എല്ലാ മനുഷ്യരേയും, ജീവിച്ചിരിക്കുന്നവരേയും മരിച്ചവരേയും (Cfr. 2 തിമോത്തി. 4, 1; നടപടി. 10, 42) വിധിക്കും. "എന്തെന്നാൽ താൻ (ദൈവം)നിയമിച്ച പുരുഷൻ വഴിയായി ഭൂമി മുഴുവനെയും താൻ നീതിയിൽ ന്യായവിധി ചെയ്യുവാൻ ഇരിക്കുന്ന ദിവസം നിശ്ചയിച്ചിരിക്കുന്നു' (Cfr.നട.17, 31) ദൈവം യേശുമിശിഹാമൂലം മനുഷ്യരുടെ രഹസ്യങ്ങളെ വിധിക്കുന്നു (Cfr. റോമ. 2,16)., (1 കോറി. 4,5). ലോകത്തെ രക്ഷിച്ചതു് ക്രിസ്തുവാകുന്നു. അതിനാൽ ക്രിസ്തുതന്നെ വിധികർത്താവാകുവാൻ ദൈവം അധികാരം നൽകിയിരിക്കുന്നു. "പിതാവു് ഒരുത്തനെയും വിധിക്കുന്നില്ല. വിധി മുഴുവൻ പുത്രനു കൊടുത്തിരിക്കുന്നു" (യോഹ. 5, 22). "അവൻ മനുഷ്യപുത്രനാകകൊണ്ടു് വിധികർത്താവാകുവാനും അവനു അധികാരം നല്കിയിരിക്കുന്നു" (യോഹ. 5, 27).

## 4. പൊതുവിധി

കൃപാവരത്തിൽ ജീവിച്ചു മരിച്ചവർ തന്നോടുകൂടി എന്നും വസിക്കും. തന്റെ കൃപയെ നിരാകരിച്ചവർ എന്നെന്നേക്കുമായി തന്നിൽനിന്നു് വേർപെടുകയും ചെയ്യും. "മനുഷ്യപുത്രൻ തന്റെ സകല പരിശുദ്ധ ദൂതന്മാരുമായി മഹത്വത്തോടുകൂടി വരുമ്പോൾ അവൻ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കും. അവന്റെ മുമ്പിൽ സകലജനങ്ങളും കൂട്ടപ്പെടും. ........... വലത്തുഭാഗത്തുള്ളവ

www.malankaralibrary.com

രോടു അരുളിച്ചെയ്യും. "എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ. ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ. ......പിന്നെ അവൻ തന്റെ ഇടത്തുഭാഗത്തുള്ളവരോടു അരുളിച്ചെയ്യും "ശപിക്കപ്പെട്ടവരേ, നിങ്ങൾ എന്നെ വിട്ടു് പിശാചിനും അവന്റെ ദൂതന്മാർക്കുമായി ഒരുക്കിയിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ". (മത്താ. 25, 31-47). ഇവർ നിത്യപീഡയിലേക്കും നീതിമാന്മാർ നിത്യജീവനിലേക്കും പോകും. ഇപ്രകാരം തനതുവിധികൂടാതെ പൊതുവിധികൂടെ വച്ചിരിക്കുന്നതു് ദൈവമഹത്വത്തിനായിട്ടും പരിശുദ്ധന്മാരുടെ മഹിമയ്ക്കായിട്ടും ശരീരം ആത്മാവോടൊന്നിച്ചു് രക്ഷയുടേയോ ശിക്ഷയുടേയോ വിധി കൈക്കൊള്ളുന്നതിനും വേണ്ടിയത്രേ.

## 5. പ്രതാപമേറിയ വാഴ്ച

അവസാനവിധിയിൽ സാത്താനിൽനിന്നും അവനിൽ ശേഷിച്ചിരിക്കുന്ന സകല ശക്തിയും എടുത്തുകളയുകയും ലോകത്തിൽനിന്നു് സകലവിധ വേദനകളും, മരണവും ഇല്ലാതാക്കുകയും പ്രപഞ്ചം മുഴുവൻ തന്റെ മഹത്വം വ്യാപിപ്പിക്കുകയും ചെയ്യും. അങ്ങനെ താൻ ആരംഭിച്ച രക്ഷാകരവ്യാപാരം പൂർത്തിയാകുമ്പോൾ സകലവും തനിക്കു കീഴ്പ്പെടുകയും താൻ രാജാധിരാജനായി അധിനാഥനായി (Cfr. വെളി. 17, 14: 19, 16) തീരുകയും ചെയ്യും. അതിനുശേഷം രക്ഷിക്കപ്പെട്ട സകല സൃഷ്ടിയേയും പിതാവിനു താൻ കാഴ്ച വെയ്ക്കുകയും പിതാവായ ദൈവം അനന്തകാലത്തോളം സകല മഹിമപ്രതാപത്തോടുകൂടി വാഴുകയും ചെയ്യും. (Cfr. 1 കോറി. 15, 24-28).

---

**ചോദ്യങ്ങൾ**

1. ക്രിസ്തുവിന്റെ രണ്ടാം വരവിൽ എന്തു സംഭവിക്കും?
2. മിശിഹാ വിധികർത്താവായിരിക്കുന്നതെന്തുകൊണ്ടു്?
3. പൊതുവിധിയുടെ ഉദ്ദേശ്യമെന്തു്?
4. പൊതുവിധിക്കുശേഷം എന്തു സംഭവിക്കും?

www.malankaralibrary.com

## പാഠം 15

## നിഖ്യാ വി. പ്രമാണം രണ്ടാംഭാഗം [തുടർച്ച]

ക്രിസ്തുവിൻെറ രാജ്യം

......തൻെറ രാജ്യത്തിനവസാനമില്ലാത്തവനുമായ യേശുമിശിഹായായ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു".

### 1. ക്രിസ്തുവിൻെറ രാജ്യത്തെക്കുറിച്ചുള്ള മുന്നറിയിപ്പ്

ക്രിസ്തുവിൻെറ രാജ്യത്തെക്കുറിച്ച് പൂർവ്വപിതാക്കന്മാരും പ്രവാചകന്മാരും ദീർഘദർശനമായി പറഞ്ഞിരുന്നു. വിശുദ്ധ പിതാക്കന്മാർ അതിനായി നോക്കിപ്പാർത്തിരുന്നു. പരീശന്മാർ അതിനെക്കുറിച്ച് വാദപ്രതിവാദം നടത്തിയിരുന്നു. നമ്മുടെ കർത്താവിൻെറ മുന്നോടി ആയിരുന്ന യോഹന്നാൻ സ്നാപകൻ "നിങ്ങൾ പശ്ചാത്തപിക്കുവിൻ. സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു" (മത്താ. 3, 2) എന്ന് ക്രിസ്തുവിൻെറ രാജ്യത്തെക്കുറിച്ച് പ്രസ്താവിച്ചിരുന്നു.

### 2. നമ്മുടെ കർത്താവിൻെറ പ്രസംഗം

തൻെറ പരസ്യജീവിതകാലത്തു നമ്മുടെ കർത്താവിൻെറ പ്രസംഗമെല്ലാം ദൈവരാജ്യത്തെ കേന്ദ്രീകരിച്ചുള്ളതായിരുന്നു. താൻ എല്ലാവരോടും എല്ലാ സ്ഥലത്തും ദൈവരാജ്യത്തെക്കുറിച്ചു പ്രസംഗിച്ച് "സമയം പൂർത്തിയായി; ദൈവരാജ്യം സമീപിച്ചിരിക്കുന്നു" (മർക്കോ. 1, 15; മത്താ. 12, 28) എന്നു പറഞ്ഞിരുന്നു. "ഈശോ ഗ്ലീലായിലെങ്ങും ചുറ്റിസഞ്ചരിച്ചുകൊണ്ട് അവരുടെ സംഘങ്ങളിൽ പഠിപ്പിക്കുകയും രാജ്യത്തിൻെറ സുവിശേഷം പ്രസംഗിക്കുകയും......ചെയ്തിരുന്നു". (മത്താ. 4, 23) "മറ്റു നഗരങ്ങളിൽകൂടെയും ഞാൻ ദൈവരാജ്യം പ്രസംഗിക്കേണ്ടതാകുന്നു" (ലൂക്കോ. 4, 43). 'തൻെറ ശിഷ്യന്മാരെയും ദൈവരാജ്യത്തെക്കുറിച്ചു പ്രസംഗിക്കുന്നതിനു അവിടുന്ന് നിയോഗിക്കുന്നു. "നിങ്ങൾ പോകുമ്പോൾ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു എന്നു പ്രസംഗിച്ചു പറയുവിൻ" (മത്തായി. 10, 7; Cfr. ലൂക്കോ. 10, 9.)

www.malankaralibrary.com

## 3. ക്രിസ്തുവിൻെറ രാജ്യത്തെ കുറിയ്ക്കുന്നതിനുള്ള വിവിധ പദങ്ങൾ

ഈ രാജ്യത്തെ കുറിക്കുന്നതിനായി, "രാജ്യം" (മത്താ. 4, 23: 25, 34.) (ക്രിസ്തുവിൻെറ) "രാജ്യം" (മത്തായി. 13, 41. 16,28:20, 21) (പിതാവിൻെറ) "രാജ്യം" (മത്താ. 13, 43: 26 ,29) 'സ്വർഗ്ഗരാജ്യം" (മത്താ. 3, 2) ദൈവരാജ്യം' (ലൂക്കാ. 4, 43)എന്നിങ്ങനെ പല വാക്കുകൾ ഉപയോഗിക്കുന്നു. ഈ "രാജ്യം"ദൈവത്തിൻെറ പരമാധികാരത്തെയും ആധിപത്യത്തെയും കുറിക്കുന്നു. ദൈവത്തിൻെറ ഈ പരമാധികാരത്തെയും ആധിപത്യത്തെയും എല്ലായിടത്തും എല്ലാവരും അംഗീകരിക്കണമെന്നത്രെ ക്രിസ്തു ആഗ്രഹിക്കുന്നതു്. കർത്തൃപ്രാർത്ഥനയിലെ 'നിൻെറ രാജ്യം വരണമെ' എന്ന വാക്യത്തിൽ ഇതു വളരെ വ്യക്തമാണു്.

## 4. ദൈവരാജ്യത്തെക്കുറിച്ചു യഹൂദന്മാരുടെ ഇടയിലെ അഭിപ്രായം

യഹൂദജനങ്ങൾ അവരുടെ രാജ്യത്തെ ദൈവരാജ്യമായി പരിഗണിക്കുകയും അതു് ക്രിസ്തുവിൻെറ കാലത്തു് പരിപൂർണ്ണതയിൽ സ്ഥാപിക്കപ്പെടുമെന്നു് കരുതുകയും ചെയ്തിരുന്നു. എന്നാൽ പ്രവചനങ്ങൾ വെറും ലൗകികവും രാഷ്ട്രീയവുമായ വിധത്തിൽ തെററായി വ്യാഖ്യാനിക്കപ്പെട്ടിരുന്നതിനാൽ ക്രിസ്തുവിൻെറ രാജ്യത്തെ ഭൗമികപ്രതാപത്തോടുകൂടിയ ഒരു രാജ്യമായിട്ടാണു് യഹൂദപ്രമാണികളും പരീശന്മാരും വീക്ഷിച്ചിരുന്നതു്. ശത്രുക്കളെ എല്ലാം കീഴടക്കി, റോമാക്കാരിൽനിന്നും സ്വാതന്ത്ര്യം പ്രാപിച്ചു്, യറുശലേം തലസ്ഥാനമാക്കി ദാവീദിൻെറ രാജ്യം പുനസ്ഥാപിക്കപ്പെടുമെന്നും ക്രിസ്തു അതിൻെറ രാജാവായി എന്നും വാഴുമെന്നും അവർ കരുതിയിരുന്നു. (Cfr. ലൂക്കാ. 1, 67–68). ശിഷ്യന്മാർപോലും ഇപ്രകാരമാണു വിചാരിച്ചിരുന്നതു് (Cfr. ലൂക്കാ. 24, 21.) എന്നാൽ ക്രിസ്തുവിനാൽ പ്രസംഗിക്കപ്പെട്ട ദൈവരാജ്യം യഹൂദന്മാരുടെ പ്രതീക്ഷകളിൽനിന്നും തുലോം വി

www.malankaralibrary.com

ഭിന്നമായ രീതിയിൽ ഉള്ളതായിരുന്നു. ഇതു് ക്രിസ്തുവിനു് രാ ജാവായി അംഗീകരണം ലഭിക്കുന്നതിനുപകരം ശത്രുക്കളെ വർദ്ധിപ്പിക്കുകയത്രെ ചെയ്തതു്.

## 5· ക്രിസ്തു രാജാവാകുന്നു

തന്നാൽ സകലവും നിർമ്മിച്ചവനും (Cfr. യോഹ. 1, 3.) സകലത്തേയും പരിപാലിക്കുന്നവനും മനുഷ്യകുലത്തെ സ്വരക്തം ചിന്തി വിലയ്ക്കു വാങ്ങി സ്വജനമാക്കിത്തീർത്തവനും ആകയാൽ ക്രിസ്തു സകലത്തിന്റെയും രാജാവാകുന്നു. പ്രവചനങ്ങളിൽ ദിവ്യരക്ഷകനെ ഒരു രാജാവായിട്ടു അത്രേ ചിത്രീകരിച്ചിരിക്കുന്നതു്. (Cfr. മത്താ. 2, 6: മീഖാ. 5, 2: സഖറിയാ 9, 9; യേശ 32, 1) ദാവീദിന്റെ രാജവംശത്തിൽ ജനിക്കുകയും ദാവീദിന്റെ രാജ്യം പുനസ്ഥാപിക്കുകയും അങ്ങനെ തങ്ങളുടെ രാജാവായി എന്നും താൻ ഭരിക്കുകയും ചെയ്യുമെന്നു് യഹൂദജനങ്ങൾ വിശ്വസിച്ചിരുന്നു. തന്റെ ജനനസമയത്തു് നക്ഷത്രം കണ്ടു് കിഴക്കു നിന്നു വന്ന രാജാക്കന്മാർ പൊന്നു കാഴ്ച വച്ചുകൊണ്ടു് (Cfr. മത്താ. 2, 11.) തന്റെ രാജത്വം (Cfr. മത്താ. 2, 2) അംഗീകരിച്ചു. "തന്നെത്തന്നെ അവൻ രാജാവാക്കി"യെന്നു് യഹൂദജനങ്ങൾ ന്യായവിസ്താരസമയത്തു് കുററമാരോപിച്ചപ്പോൾ പീലാത്തോസിന്റെ ചോദ്യത്തിനു മറുപടിയായി താൻ രാജാവാകുന്നു എന്നു സമ്മതിച്ചുകൊണ്ടു് ക്രിസ്തു തന്റെ ആത്മികരാജത്വം ലോകത്തിനു വെളിപ്പെടുത്തി. (Cfr. യോഹ. 18, 37) ക്രിസ്തു യഹൂദന്മാരുടെ രാജാവാകുന്നു എന്നു് പീലാത്തോസ് പലക എഴുതി എല്ലാവർക്കും മനസ്സിലാകത്തക്കവണ്ണം കുരിശിന്റെ മുകളിൽ സ്ഥാപിച്ചു. (Cfr. ലൂക്കാ. 23, 38) താൻ നിത്യപുരോഹിതനായും സർവ്വലോകത്തിന്റെയും രാജാവായും സ്വപിതാവിനാൽ അഭിഷേകം ചെയ്യപ്പെട്ടവൻ ആകുന്നു. ലോകാവസാനത്തിൽ താൻ എല്ലാവരേയും വിധിക്കുകയും ഓരോരുത്തനും അവനവന്റെ പ്രവൃത്തിക്കുതക്കവണ്ണം പ്രതിഫലം കൊടുക്കുകയും ചെയ്യും. (Cfr. മത്താ. 25, 34.) അവസാനം

www.malankaralibrary.com

താൻ സകലത്തേയും കീഴ്പ്പെടുത്തി വിജയം കരസ്ഥമാക്കുകയും കർത്താക്കളുടെ കർത്താവും രാജാധിരാജനും ആയി വാഴുകയും ചെയ്യും (Cfr. വെളിപാട്. 17, 14)

## 6. ക്രിസ്തുവിൻെറ രാജ്യത്തിൻെറ സ്വഭാവം

ക്രിസ്തുവിൻെറ രാജ്യത്തിൽ അവിടുത്തെ രാജകീയമഹത്വത്തേയും പ്രൗഢിയേയും കണക്കിലെടുക്കുന്നുണ്ടെങ്കിലും അതു് ദിവ്യവും ആദ്ധ്യാത്മികവും, (മത്താ. 5, 3–10; ലൂക്കാ. 17, 20-21). പ്രകൃത്യതീതവും (Cfr. യോഹ. 3, 5) അഭൗമികവും (യോഹ. 18, 36; Cfr. മത്താ. 22, 30) അനശ്വരവും (ലൂക്കാ. 1, 32–33) ശാശ്വതമായ ശാന്തിയും സമാധാനവും നിറഞ്ഞതും എല്ലാവിധ സൗഭാഗ്യങ്ങൾ ഉൾക്കൊള്ളുന്നതും ആകുന്നു. അതു് ലഭിക്കുന്നതു് ആത്മാവിൽ ദരിദ്രർക്കും, നീതിനിമിത്തം പീഡ അനുഭവിക്കുന്നവർക്കും അത്രെ. (മത്താ. 5, 3–10; മർക്കോ. 10,25; ലൂക്കോ. 18, 24......) ദൈവരാജ്യത്തിൽ പ്രവേശിക്കുക എന്നതു് രക്ഷ പ്രാപിക്കുന്നതിനു തുല്യമാകുന്നു (Cfr. മർക്കോ. 10, 26; ലൂക്കോ. 18,26). പ്രകൃത്യാതീതമായ കൃപാവരംമൂലം വീണ്ടും ജനിക്കുന്നുവെങ്കിൽ മാത്രമേ ഈ രാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കുകയുള്ളു. (യോഹ. 3, 5) പാപത്തെക്കുറിച്ച് അനുതപിക്കുക, (മത്താ. 3, 2; മർക്കോ. 1, 15) ക്രിസ്തുവിൽ വിശ്വസിക്കുക, (മർക്കോ. 16, 16.) മാനസാന്തരപ്പെട്ടു് പൈതങ്ങളെപ്പോലെ ആയിത്തീരുക (മത്താ. 18, 3) നീതിയിൽ വർദ്ധിക്കുക (മത്താ. 5, 20) മുതലായവയും ക്രിസ്തുവിൻെറ രാജ്യത്തിലേക്കുള്ള പ്രവേശനത്തിനു അത്യന്താപേക്ഷിതമാകുന്നു.

## 7. ക്രിസ്തുവിൻെറ രാജ്യത്തിൻെറ ദൃശ്യരൂപം

ക്രിസ്തുവിൻെറ രാജത്വം പ്രധാനമായി മനുഷ്യഹൃദയങ്ങളിൽ സിംഹാസനമുറപ്പിച്ച് മനുഷ്യഹൃദയങ്ങളെ ഭരിക്കുന്നതിൽ അടങ്ങിയിരിക്കുന്നു. (ലൂക്കോ. 17, 20–21) എങ്കിലും അവിടുത്തെ രാജ്യം വേറൊരു രീതിയിലും വിഭാവന ചെയ്യേണ്ടതായിട്ടുണ്ടു്.

www.malankaralibrary.com

ഈ ലോകത്തിൽ ക്രിസ്തു അതിന് സംഘടിതമായ ഒരു ദൃശ്യസഭയുടെ രൂപം നല്കി ഒരു യഥാർത്ഥ ഭരണക്രമം ഏർപ്പെടുത്തിയിട്ടുണ്ട്. (Cfr. മത്താ. 16, 18-19) ഇതിന്റെ ഉദ്ദേശം കേവലം ആദ്ധ്യാത്മികമാകുന്നു. ഇതിനെ താൻ ഒരു പട്ടണത്തോട് അല്ലെങ്കിൽ വീടിനോട് ഉപമിക്കുന്നു. പത്രോസും മററു ശ്ലീഹന്മാരും അതിന്റെ അടിസ്ഥാനക്കല്ലുകളാണ്. പണിയുടെ മൂലയിലെ (തല)ക്കല്ല് ഈശോമിശിഹാതന്നെയാകുന്നു. (Cfr. എഫേ.2, 19-20) പൈശാചികശക്തികൾ അതിനെ ജയിക്കുകയില്ല. (മത്താ. 16, 18) എല്ലാവരും അതിൽ പ്രവേശിക്കുന്നതിന് ക്രിസ്തു പ്രതീക്ഷിക്കുന്നു. വിത്തിന്റെയും കളകളുടെയും ഉപമ (മത്താ. 13, 24......) എല്ലാവിധ മത്സ്യങ്ങളും പ്രവേശിച്ച വലയുടെ ഉപമ (മത്താ. 13, 47......) മുതലായവ ഇതിനെ പരാമർശിച്ചുള്ളവയത്രെ. ലോകാവസാനത്തിൽ താൻ സകലരേയും വിധിക്കുകയും നീതിമാന്മാരെ തന്റെ മഹത്വത്തിലേക്ക് പ്രവേശിപ്പിക്കുകയും ചെയ്യും.

## 7. എല്ലാവരേയും തന്റെ രാജ്യത്തിലേക്ക് ക്രിസ്തു ക്ഷണിക്കുന്നു

ക്രിസ്തു പ്രഥമവും പ്രധാനവുമായി, ദൈവം മുൻകൂട്ടി യഹൂദജനത്തോട് ചെയ്തിരുന്ന വാഗ്ദാനമനുസരിച്ച് ഇസ്രായേലിലെ നഷ്ടപ്പെട്ട ആടുകളുടെ അടുക്കലേക്കാണ് ആഗതനായതെങ്കിലും ലോകത്തെ മുഴുവൻ രക്ഷിക്കുകയായിരുന്നു അവിടുത്തെ ഉദ്ദേശ്യം. ...... 'സകല മനുഷ്യർക്കും വേണ്ടി വീണ്ടെടുപ്പ് വിലയായി............ ............ തന്നെ തന്നെ നൽകിയവൻ...... ഏകനാകുന്നു." (1തിമോ. 2, 6). അതിനാൽ ക്രിസ്തു ഇസ്രായേലിന്റെയും പുറജാതികളുടേയും രക്ഷകനാകുന്നു. ശെമയോന്റെ വാക്കുകൾ ശ്രദ്ധേയമാണ്. "എന്തെന്നാൽ പുറജാതികൾക്കു വെളിപ്പെടുത്തുവാനുള്ള പ്രകാശവും, നിന്റെ ജനമായ ഇസ്രായേലിനുള്ള മഹത്വവുമായി സകല ജാതികളുടേയും മുമ്പിൽ നീ ഒരുക്കിയിരിക്കുന്ന നിന്റെ കരുണയെ ഇതാ! എന്റെ കണ്ണുകൾ കണ്ടു. (ലൂക്കാ. 3, 30-32). നമ്മുടെ കർത്താവിന്റെ പരസ്യജീവിതത്തിന്റെ ആരംഭ

www.malankaralibrary.com

ത്തിൽ തന്നെ ശമ്റായക്കാരുടെ ഗ്രാമത്തിൽ അവിടുന്നു് സുവിശേഷം അറിയിക്കുകയും അനേകർ തന്നിൽ വിശ്വസിക്കുകയും ചെയ്തു. "അവന്റെ വാക്കു നിമിത്തം വളരെപ്പേർ അവനിൽ വിശ്വസിച്ചു." (യോഹ. 4, 41). പുറജാതിക്കാരനായ ശതാധിപന്റെ വിശ്വാസം കണ്ടു് ആശ്ചര്യപ്പെട്ടു് ക്രിസ്തു അരുളിച്ചെയ്യുന്നു. "കിഴക്കുനിന്നും പടിഞ്ഞാറുനിന്നും വളരെപേർ വന്നു് അബ്രാഹത്തിനോടും ഇസഹാക്കിനോടും യാക്കോബിനോടും കൂടെ സ്വർഗ്ഗരാജ്യത്തിൽ വിരുന്നിനിരിക്കും." (മത്താ. 8, 11). ലോകാവസാനത്തിനുമുമ്പു് രാജ്യത്തിന്റെ ഈ സുവിശേഷം എല്ലായിടത്തും പ്രസംഗിക്കപ്പെടും. "സുവിശേഷം സകല ജാതികൾക്കും സാക്ഷ്യത്തിനായിട്ടു് ലോകമെങ്ങും പ്രസംഗിക്കപ്പെടും."

## 9. ശ്ലീഹന്മാർക്കു കൊടുത്ത കല്പന

ഇപ്രകാരം എല്ലാവരേയും തന്റെ രാജ്യത്തിൽ ചേർക്കുവാനായി ക്രിസ്തു ശ്ലീഹന്മാർക്കു് കല്പന കൊടുത്തു. "നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടങ്ങളിലും എന്റെ സുവിശേഷം അറിയിക്കുവിൻ. വിശ്വസിക്കുകയും മാമോദീസാ സ്വീകരിക്കുകയും ചെയ്യുന്നവൻ രക്ഷ പ്രാപിക്കും. വിശ്വസിക്കാത്തവൻ കുറക്കാരനായി വിധിക്കപ്പെടും." (മർക്കോ. 16, 15-16) ശ്ലീഹന്മാർ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും പോയി ദൈവരാജ്യം പ്രസംഗിച്ചു. വി. പൗലോസ്സ് പുറജാതിക്കാരുടെ ശ്ലീഹായായി സ്വയം അഭിമാനിക്കുകയും ചെയ്യുന്നു. 'ഞാൻ സത്യം പറയുന്നു, കളവു പറയുകയല്ല, സത്യമായ വിശ്വാസത്താൽ ഞാൻ പുറജാതികളുടെ ഉപദേഷ്ടാവായിതീർന്നു". (1 തിമോ. 2, 7)

## 10. എല്ലാവരേയും ക്രിസ്തു വിധിക്കും

നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവിൽ അവിടുന്നു് സകല ജനങ്ങളെയും ന്യായം വിധിക്കും. "മനുഷ്യപുത്രൻ തന്റെ സകല പരിശുദ്ധ ദൂതന്മാരുമായി മഹത്വത്തോടുകൂടി വരുമ്പോൾ അവൻ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കും. അവന്റെ മുമ്പിൽ സകല ജനങ്ങളും കൂട്ടപ്പെടും" (മത്താ. 25,

www.malankaralibrary.com

31–32) അപ്പോൾ അവിടുന്ന എല്ലാവരേയും ന്യായം വിധിക്കുകയും നീതിമാന്മാർ നിത്യമഹത്വത്തിലേക്ക പ്രവേശിക്കുകയും ചെയ്യും.

## 11. ക്രിസ്തുവിൻെറ രാജ്യത്തിനവസാനമില്ല

ക്രിസ്തുവിൻെറ രാജ്യത്തോടു മത്സരിക്കുന്ന പിശാചിനു് അവിടുത്തെ ഒരിക്കലും ജയിക്കാൻ സാധിക്കാത്തതുകൊണ്ടും (മത്താ. 4,7—11; 16,18) അവിടുന്ന ദൈവമാകയാൽ നിത്യമായി സ്ഥിതിചെയ്യുന്നതുകൊണ്ടും (1 തിമോ. 1,17; ഉല്പ. 21,33) നീതിമാന്മാർ നിത്യസന്തോഷമനുഭവിപ്പാൻ ഉള്ളവരാകകൊണ്ടും (മത്താ. 25,34; 25,46) അവിടുത്തെ രാജ്യത്തിനവസാനമില്ലാത്തതാകുന്നു. (ലൂക്കോ. 1,33)

---

### ചോദ്യങ്ങൾ

1. തൻെറ രാജ്യത്തെക്കുറിച്ചു ക്രിസ്തുവിൻെറ പ്രസംഗം എന്തായിരുന്നു?

2. ക്രിസ്തുവിൻെറ രാജ്യത്തെക്കുറിക്കുന്നതിനു വി. ഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ ഏവ?

3. ക്രിസ്തുവിൻെറ രാജ്യത്തെക്കുറിച്ചു് യഹൂദ ജനങ്ങളുടെ ഇടയിലുണ്ടായിരുന്ന അഭിപ്രായമെന്തായിരുന്നു?

4. ക്രിസ്തുവിൻെറ രാജ്യത്തിൻെറ സ്വഭാവമെന്തു്?

5. ക്രിസ്തുവിൻെറ രാജ്യത്തിൽ പ്രവേശിക്കുന്നതിനുള്ള വ്യവസ്ഥകളേവ?

6. ക്രിസ്തുവിൻെറ രാജ്യവും തിരുസഭയും തമ്മിലുള്ള ബന്ധം എന്തു്?

7. ക്രിസ്തു തൻെറ രാജ്യത്തിലേക്കു് എല്ലാവരേയും ക്ഷണിക്കുന്നു എന്നുള്ളതിനു് തെളിവെന്തു്?

8. തൻെറ രാജ്യം വിസ്തൃതപ്പെടുത്തുന്നതിനായി ക്രിസ്തു എന്തു ചെയ്തു?

9. ക്രിസ്തുവിൻെറ രാജ്യത്തിനവസാനമില്ലെന്നു പറയുന്നതെന്തുകൊണ്ടു്?

www.malankaralibrary.com

## പാഠം 16

## നിഖ്യാ വി. പ്രമാണം രണ്ടാംഭാഗം [തുടർച്ച]

(ക്രിസ്തുവിന്റെ രാജ്യം)

### 1. ക്രിസ്തുവിന്റെ രാജ്യം പൊതുവിധിയ്ക്കുശേഷം

ലോകാവസാനത്തിൽ (മത്താ. 13, 40......) നീതിമാന്മാരെല്ലാം ഉയിർത്തെഴുന്നേല്പ്പു വഴി (മത്താ. 22,30; മർക്കോ. 12,25; ലൂക്കോ. 20,36) സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയും നിത്യമായ വിരുന്നിന് ഇരിക്കുകയും (മത്താ. 8,11: ലൂക്കോ. 13,29) ചെയ്യും. ക്രിസ്തു മുന്തിരിയുടെ ഫലത്തിൽ നിന്നും പുതുതായി പാനം ചെയ്യുകയും (മർക്കോ. 14,25: മത്താ. 26, 29) ചെയ്യും. ഉയിർത്തെഴുന്നേററ നീതിമാന്മാർ അവിടെ മാലാഖമാരെപ്പോലെ ജീവിക്കുകയും (മത്താ. 22, 30) സൂര്യനെപ്പോലെ പ്രകാശിക്കുകയും (മത്താ. 13, 43) എല്ലാവിധ സൗഭാഗ്യങ്ങൾ അനുഭവിക്കുകയും ചെയ്യും. (മത്താ. 5, 3—......: ലൂക്കോ. 6, 20......) അങ്ങനെ ദൈവം സകല മഹിമപ്രതാപത്തോടുകൂടി വാഴുകയും തന്റെ തെരഞ്ഞെടുക്കപ്പെട്ടവരുടെമേൽ ഭരണം നടത്തുകയും ദൈവരാജ്യം അതിന്റെ പരിപൂർണ്ണതയിൽ എത്തുകയും ചെയ്യും. വെളിപാടുപുസ്തകത്തിൽ വിവരിച്ചിട്ടുള്ള ദൈവരാജ്യം ഇതാകുന്നു.

### 2. വെളിപാടുപുസ്തകത്തിൽ വിവരിച്ചിട്ടുള്ള ദൈവരാജ്യം

“പിന്നെ ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു. ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും കടന്നുപോയല്ലോ. സമുദ്രവും ഇനി ഇല്ല. (Cfr. 2 പത്രോ. 3,13) പുതിയ ഓറശ്ലേം ആകുന്ന വിശുദ്ധ നഗരം—തന്റെ ഭർത്താവിനായി അലങ്കരിച്ചിരിക്കുന്ന മണവാട്ടിയെപ്പോലെ ഒരുങ്ങിയവളായി സ്വർഗ്ഗത്തിൽനിന്ന്, ദൈവത്തിൽനിന്ന് ഇറങ്ങുന്നതും ഞാൻ കണ്ടു. അപ്പോൾ സ്വർഗ്ഗത്തിൽ നിന്ന് ഒരു വലിയ സ്വരം (ഇങ്ങനെ) പറയുന്നതായി ഞാൻ കേട്ടു. ഇതാ!

www.malankaralibrary.com

മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം. അവനവരോടു കൂടെ വസിക്കും. അവർ അവന്റെ ജനമായിരിക്കും. ദൈവം തന്നെ അവരോടുകൂടെ അവർക്കു ദൈവമായിരിക്കുകയും ചെയ്യും. അവരുടെ കണ്ണുകളിൽ നിന്നും കണ്ണുനീരെല്ലാം നിവൃത്തിപ്പാകും. ഇനി മരണം ഉണ്ടാകയില്ല; കരച്ചിലോ മുറവിളിയോ ദുഃഖമോ ഇനി ഉണ്ടാകയില്ല; എന്തെന്നാൽ ആദ്യത്തവ കടന്നു പോയി. സിംഹാസനത്തിലിരിക്കുന്നവൻ: ഇതാ! ഞാൻ സകലവും പുതിയവയാക്കുന്നുവെന്നരുളിച്ചെയ്തു. അവൻ പിന്നെയും; എഴുതുക, എന്തെന്നാൽ ഈ വചനങ്ങൾ വിശ്വാസയോഗ്യങ്ങളും സത്യമായുള്ളവയുമാകുന്നു എന്നരുളിച്ചെയ്തു".(വെളി.21,2—5)

## 3. ക്രിസ്തുവിന്റെ രാജ്യത്തിൽ ത്രിയേകദൈവം നമ്മെ ഭരിക്കും

ലോകാവസാനത്തിൽ തന്റെ സൃഷ്ടിയെ പുതുതാക്കുമ്പോൾ ഏകദൈവത്തിലുള്ള മൂന്നാളുകൾ നമ്മെ ഭരിക്കുകയും സർവ്വമഹത്വവും നമുക്കു പ്രത്യക്ഷപ്പെടുത്തുകയും നമ്മെ നിത്യമായി ദൈവസ്നേഹത്തിൽ സന്തോഷിപ്പിക്കുകയും ചെയ്യും. രക്ഷിക്കപ്പെട്ട എല്ലാ സൃഷ്ടിയെയും അവൻ സമാധാനത്തിൽ വസിപ്പിക്കും. മനുഷ്യാവതാരമെടുത്ത പുത്രൻ തമ്പുരാൻ പിതാവിനോടും പരിശുദ്ധാത്മാവിനോടും കൂടെ പുതിയ സൃഷ്ടിയിൽ നമ്മെ ഭരിക്കുകയും എന്നും നമ്മോടു കൂടി ആയിരിക്കുകയും ചെയ്യും. ദൈവരാജ്യത്തിന്റെ കിരണങ്ങൾ തന്റെ മുഖത്തുനിന്നും നമ്മുടെ മേൽ പ്രകാശിക്കും. സർവ്വലോകത്തിന്റെയും സ്തുതിയും ആരാധനയും തന്റെ പിതാവിനു സമർപ്പിക്കുകയും നമ്മെ നിത്യജീവനിലെ പരിപൂർണ്ണതയിലെത്തിക്കുകയും ചെയ്യും.

## 4. ക്രിസ്തുവിന്റെ രാജ്യത്തിൽ നീതിമാന്മാരുടെ സ്ഥിതി

ഈ അത്ഭുതകരമായ ലോകത്തിൽ നമ്മുടെ ആത്മാവും ശരീരവും, മനസ്സും ബുദ്ധിയും ദൈവികമഹത്വം കൊണ്ടു നിറയ

www.malankaralibrary.com

പ്പെട്ടും. നാം തന്റെ സകല മാലാഖമാരോടും വിശുദ്ധന്മാരോടും കൂടെ അനന്തമായ സ്നേഹത്തിൽ ത്രിയേകദൈവത്തോടുകൂടി വസിക്കുകയും അളവററ ആനന്ദത്തിൽ ആറാടുകയും ചെയ്യും. ലൗകികമായിട്ടുള്ള സകലതും നശിക്കും. നാം വിശ്വാസത്തിൽകൂടെയല്ലാതെ ദൈവത്തെ നേരിട്ട് അവകാശപ്പെടുത്തുകയും ചെയ്യും. നാം വിജയം കരസ്ഥമാക്കിയതുകൊണ്ടും അമർത്ത്യമായ ജീവൻ പ്രാപിച്ചതുകൊണ്ടും നമുക്കു പരീക്ഷകളോ, അരിഷ്ടതകളോ, വിശപ്പോ, ദാഹമോ, കഷ്ടപ്പാടുകളോ, മരണമോ ഉണ്ടായിരിക്കുകയില്ല. എല്ലാ മാലാഖമാരും, എല്ലാ പ്രായത്തിലും എല്ലാ ജാതിയിലുമുള്ള വിശുദ്ധന്മാരും ദൈവത്തോടുകൂടി വസിക്കും. അന്ന് ദിവസങ്ങളും വർഷങ്ങളും ഉണ്ടായിരിക്കയില്ല. എല്ലാവരും ലോകാരംഭം മുതലേ പിതാവ് ഒരുക്കിയിരിക്കുന്ന വിജയത്തിൽ സംബന്ധിക്കും. ക്രിസ്തു നമുക്കു വാഗ്ദാനം ചെയ്ത ദൈവരാജ്യമിതാണ്. നമ്മുടെ ഹൃദയം ആകാംക്ഷയോടുകൂടി നോക്കിപ്പാർത്തിരിക്കുന്ന ആ നിത്യഭവനവും ഇതാകുന്നു. "നിങ്ങൾക്ക് സ്ഥലം ഒരുക്കുവാനാണല്ലോ ഞാൻ പോകുന്നത്. ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ ഞാൻ ഇരിക്കുന്നിടത്ത് നിങ്ങളും ഇരിക്കേണ്ടതിനായി ഞാൻ വീണ്ടും വന്ന് നിങ്ങളെ എന്റെ അടുക്കലേക്കു കൂട്ടിക്കൊണ്ടു പോകും". (യോഹ. 14, 2–3)

---

**ചോദ്യങ്ങൾ**

1. പൊതുവിധിക്കു ശേഷം ക്രിസ്തുവിന്റെ രാജ്യത്തിന്റെ സ്ഥിതി എന്താകുന്നു?

2. പൊതുവിധിക്കു ശേഷമുള്ള ക്രിസ്തുവിന്റെ രാജ്യത്തെക്കുറിച്ച് വി. യോഹന്നാനുണ്ടായ വെളിപാട് എന്ത്?

3. മനുഷ്യാവതാരം എടുത്ത പുത്രൻ തമ്പുരാൻ പൊതുവിധിയ്ക്കു ശേഷം എന്തു ചെയ്യും?

4. പൊതുവിധിയ്ക്കു ശേഷം ക്രിസ്തുവിന്റെ രാജ്യത്തിൽ നീതിമാന്മാരുടെ സ്ഥിതി എന്തായിരിക്കും?

www.malankaralibrary.com

# പാഠം 17

## ദിവ്യ വി. പ്രമാണം മൂന്നാംഭാഗം

(പരിശുദ്ധാത്മാവിലുള്ള വിശ്വാസം)

"സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും, പിതാവിൽ നിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനും......................"

### 1. പരിശുദ്ധാത്മാവ് ദൈവമാകുന്നു.

പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമാളായ പരിശുദ്ധാത്മാവ് പിതാവിനോടും പുത്രനോടും കൂടെ ഏക ദൈവവും, ഏക സാരാംശവുമാകുന്നു. അതിനാൽ പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനാകുന്നു. താൻ പിതാവിൽ നിന്നും പുറപ്പെടുകയും പുത്രനിൽ നിന്ന് എടുക്കപ്പെടുകയും ചെയ്യുന്നു. "എന്റെ പിതാവിന്റെ അടുക്കൽനിന്ന് നിങ്ങൾക്കു ഞാൻ അയയ്ക്കുന്ന പാറെക്ക്ലേത്താ—എന്റെ പിതാവിൽ നിന്ന് പുറപ്പെടുന്ന ആ സത്യാത്മാവ്—വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യപ്പെടുത്തും". (യോഹ. 15, 26) "അവൻ എനിക്കുള്ളതിൽ നിന്നെടുത്ത് നിങ്ങൾക്കു കാണിച്ചുതരുന്നതു കൊണ്ട് എന്നെയും മഹത്വപ്പെടുത്തും. എന്റെ പിതാവിനുള്ളതെല്ലാം എന്റേതാകുന്നു. ഇതുകൊണ്ടാകുന്നു അവൻ എനിക്കുള്ളതിൽ നിന്നെടുത്ത് നിങ്ങൾക്കു കാണിച്ചുതരും എന്നു ഞാൻ നിങ്ങളോടു പറഞ്ഞത്". (യോഹ. 16, 14-15) അനന്തമായ സ്നേഹത്താൽ പിതാവും പുത്രനും അന്യോന്യം സ്നേഹിക്കുന്നു. പരിശുദ്ധാത്മാവ്, പിതാവും പുത്രനും തമ്മിലുള്ള ഈ സ്നേഹത്തിന്റെ സജീവജ്വാലയാകുന്നു. പരിശുദ്ധാത്മാവ് ജീവന്റെ ദാതാവും കേന്ദ്രവും പരിശുദ്ധനും വിശുദ്ധീകരിക്കുന്നവനുമാകുന്നു. അതിനാൽ അവിടത്തെ സകലത്തേയും ജീവിപ്പിക്കുന്ന കർത്താവ് എന്നും ജീവനും വിശുദ്ധിയുമുള്ള റൂഹാ എന്നും വിളിക്കുന്നു.

www.malankaralibrary.com

## 2. പരിശുദ്ധാത്മാവിനെ അയയ്ക്കുമെന്നുള്ള ക്രിസ്തുവിന്റെ വാഗ്ദാനം

ആശ്വാസപ്രദനായ പരിശുദ്ധാത്മാവിനെ ശ്ലീഹന്മാരുടെ മേൽ താനയയ്ക്കുമെന്നു നമ്മുടെ കർത്താവു പീഡാനുഭവത്തിനുമുമ്പ് ശ്ലീഹന്മാരെ അറിയിച്ചിരുന്നു. "ഞാൻ എന്റെ പിതാവിനോട് ചോദിക്കും. നിങ്ങളോടുകൂടി എന്നും ഇരിക്കേണ്ടതിനായി വേറൊരു പാറക്ലേത്തായെ അവൻ നിങ്ങൾക്കു തരും". (യോഹ. 14,16) "ഞാൻ പോകുന്നതാണു നിങ്ങൾക്കു നല്ലത്. ഞാൻ പോകുന്നില്ലെങ്കിൽ പാറക്ലേത്താ നിങ്ങളുടെ അടുക്കലേക്കു വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കലേക്കു ഞാൻ അയയ്ക്കും". (യോഹ. 16, 7).

## 3. പരിശുദ്ധാത്മാവിനെ അയയ്ക്കുന്നതിന്റെ ഉദ്ദേശം

പരിശുദ്ധാത്മാവു സകലവും നയിക്കുന്നവനും സകലവും പഠിപ്പിക്കുന്നവനും സകലവും സ്ഥിരീകരിക്കുന്നവനുമാകുന്നു. "സത്യാത്മാവു വന്നുകഴിയുമ്പോൾ അവൻ സകല സത്യങ്ങളിലും നിങ്ങളെ നയിക്കും. അവൻ സ്വയമായി പറയുകയില്ല. പ്രത്യുത അവൻ കേൾക്കുന്നതെല്ലാം പറയുകയും വരുവാനിരിക്കുന്നവ നിങ്ങളെ അറിയിക്കുകയും ചെയ്യും". (യോഹ. 16,13) '......പിതാവ് എന്റെ നാമത്തിലയയ്ക്കുന്ന പരിശുദ്ധാത്മാവായ പാറക്ലേത്താതന്നെ നിങ്ങളെ സകലവും പഠിപ്പിക്കുകയും, ഞാൻ നിങ്ങളോടു പറയുന്നവയെല്ലാം നിങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്യും". (യോഹ. 14, 26). അവൻ വന്ന് പാപത്തെയും ധർമ്മത്തെയും ന്യായവിധിയെയും കുറിച്ചു ലോകത്തെ ഉൽബോധിപ്പിക്കും.

## 4. ശ്ലീഹന്മാരുടെമേൽ പരിശുദ്ധാത്മാവിനെ അയച്ചു

സെഹിയോൻമാളികയിൽ ധ്യാനിച്ചിരുന്ന പ. മാതാവിന്റെമേലും ശ്ലീഹന്മാരുടെമേലും (Cfr. നട. 1, 14.) നമ്മുടെ കർത്താവ്, സ്വർഗ്ഗാരോഹണത്തിനുശേഷം പത്താംനാൾ തന്റെ വാ

www.malankaralibrary.com

ദാനപ്രകാരം പരിശുദ്ധാത്മാവിനെ അയച്ചു. "............പെട്ടെന്ന് ആകാശത്തുനിന്ന് കൊടുങ്കാററിൻേറതുപോലെ ഒരു സ്വരം ഉണ്ടായി..................അഗ്നിപോലെ പിളൎന്നിരുന്ന നാവുകൾ അവൎക്ക് കാണപ്പെട്ടു. അവ അവരിൽ ഓരോരുത്തൻേറയും മേൽ ഇരുന്നു. അവരെല്ലാവരും പരിശുദ്ധാത്മാവുകൊണ്ടു നിറയുകയും...........പല ഭാഷകളിൽ സംസാരിച്ചു തുടങ്ങുകയും ചെയ്തു". (നട. 2, 1—4)

## 5. നാം പരിശുദ്ധാത്മാവിൻെറ ആലയങ്ങൾ

മാമോദീസാ മുഖാന്തിരം നീതീകരിക്കപ്പെടുകയും മൂറോനാഭിഷേകം വഴി പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്ത ഒരുവൻ പരിശുദ്ധാത്മാവിൻെറ ആലയമാകുന്നു. "നിങ്ങൾ ദൈവത്തിൻെറ ആലയമാകുന്നുവെന്നും, ദൈവാത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ"? (1 കോ. 3, 16) "(ആ) നല്ല നിധി നമ്മിൽവസിച്ചിട്ടുള്ള പരിശുദ്ധാത്മാവു മൂലം നീ കാത്തുകൊള്ളുക". (2 തിമോ. 1, 14; Cfr. തീത്തുസ്. 3,6; യോഹ. 14, 16—17.)

---

### ചോദ്യങ്ങൾ

1. പരിശുദ്ധാത്മാവാരാകുന്നു?

2. പരിശുദ്ധാത്മാവിനെ ജീവനും വിശുദ്ധിയുമുള്ള റൂഹാ എന്നു വിളിക്കുന്നതെന്തുകൊണ്ടു്?

3. ന. ക. പരിശുദ്ധാത്മാവിനെ ലോകത്തിലേക്കയച്ചതിൻെറ ഉദ്ദേശ്യമെന്തു?

4. പരിശുദ്ധാത്മാവു് എപ്രകാരമാണു് ശ്ലീഹന്മാരുടെ മേൽ ആവസിച്ചതു്?

5. പരിശുദ്ധാത്മാവു് നമ്മിൽ വിശേഷവിധിയായി വന്നാവസിക്കുകയും നമ്മെ സ്ഥിരീകരിക്കുകയും ചെയ്യുന്നതെപ്പോഴാകുന്നു?

6. പരിശുദ്ധാത്മാവു് ആശ്വാസപ്രദനാകുന്നെന്നു കാണിക്കുന്നതിനു് വേദപുസ്തകവാക്യങ്ങളുദ്ധരിക്കുക.

www.malankaralibrary.com

## പാഠം 18

## നിഖ്യാ വി. പ്രമാണം മൂന്നാംഭാഗം [തുടർച്ച]

“.......................നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ച.........ഏക റൂഹാ...........”.

### 1. നിബിയന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവൻ

പൂർവ്വപിതാക്കന്മാരുടെയും പ്രവാചകന്മാരുടെയും, ശ്ലീഹന്മാരുടെയും ബുദ്ധിയെ പ്രകാശിപ്പിക്കുകയും, മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്തു് അവരെ പ്രവചനങ്ങൾ നടത്തുന്നതിനും വിശുദ്ധ വേദപുസ്തകഗ്രന്ഥങ്ങൾ എഴുതുന്നതിനും പ്രേരിപ്പിച്ചതു് പരിശുദ്ധാത്മാവാകുന്നു. വേദപുസ്തകഗ്രന്ഥങ്ങളെല്ലാം പരിശുദ്ധാത്മനിവശിതങ്ങളാകുന്നു. “എന്തെന്നാൽ പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നിട്ടുള്ളതല്ല. പരിശുദ്ധാത്മാവിനാൽ ആകർഷിക്കപ്പെട്ടിട്ടു് ദൈവത്തിന്റെ വിശുദ്ധന്മാരായ മനുഷ്യർ സംസാരിച്ചവയത്ര”. (2 പത്രോ. 1, 21). നമ്മുടെ കർത്താവിന്റെ ശിഷ്യഗണത്തിനു് അവിടുത്തെ വാഗ്ദത്തപ്രകാരം വേണ്ട വെളിവും മനോധൈര്യവും നൽകിയതു് പരിശുദ്ധാത്മാവാകുന്നു. “സത്യാത്മാവു വന്നുകഴിയുമ്പോൾ അവൻ സകല സത്യങ്ങളിലും നിങ്ങളെ നയിക്കും. അവൻ......വരുവാനിരിക്കുന്നവ നിങ്ങളെ അറിയിക്കുകയും ചെയ്യും.” (യോഹ. 16, 13) താൻ അവരെ പഠിപ്പിക്കുകയും നമ്മുടെ കർത്താവു് പഠിപ്പിച്ചതിനെ ഓർമ്മയിൽ വരുത്തുകയും ചെയ്തു. (Cfr. യോഹ. 14, 26.)

### 2. പരിശുദ്ധാത്മാവു ശ്ലീഹന്മാരിൽ വരുത്തിയ പരിവർത്തനം

പെന്തിക്കൊസ്തിദിനത്തിൽ പരിശുദ്ധാത്മാവു് ശ്ലീഹന്മാരുടെമേൽ ആവസിച്ചു (Cfr. നട. 2, 3) അവരിൽ വേണ്ട പരിവർത്തനം വരുത്തി. പരിശുദ്ധാത്മാവിന്റെ പ്രേരണമൂലം അവർ സ്രഷ്ടാവായ ദൈവത്തിലേക്കു് എന്നെന്നേക്കുമായി തിരി

www.malankaralibrary.com

യുകയും സൃഷ്ടവസ്തുക്കളിലുള്ള സ്നേഹം വിട്ടിട്ട് പാപത്തിൽനിന്ന് ഒഴിയുകയും ചെയ്തു. നമ്മുടെ കർത്താവിൻെറ വാഗ്ദാനമനുസരിച്ച് അവരുടെ മനസ്സു തെളിയുകയും അവിട്ടത്തെ സുവിശേഷം പ്രസംഗിക്കുന്നതിൽ തെററാവരവും (അപ്രമാദിത്വം) ഭാഷാവരവും ഉള്ളവരായിത്തീരുകയും ചെയ്തു. സഭയുടെ ആരംഭകാലത്തു് സുവിശേഷം ഔദ്യോഗികമായി പ്രസംഗിക്കുന്നതിനു തെരഞ്ഞെടുക്കപ്പെട്ട ശ്ലീഹന്മാർക്ക് ഈ നൽവരങ്ങൾ അത്യാവശ്യവുമായിരുന്നു.

## 3. പരിശുദ്ധാത്മാവു ശ്ലീഹന്മാർക്കു തുടർന്നു നൽകിയ നൽവരങ്ങൾ.

യഹൂദന്മാരുടെയും പുറജാതികളുടെയും ഇടയിൽ സുവിശേഷം പ്രസംഗിക്കുന്നതിനും പീഡനാവസരങ്ങളിൽ രാജാക്കന്മാരോടും നാടുവാഴികളോടും തക്കതായ മറുപടി പറയുന്നതിനും ഉതകുന്ന വചനങ്ങൾ അവരുടെ മനസ്സിൽ പരിശുദ്ധാത്മാവു തോന്നിച്ചു കൊടുത്തിരുന്നു. "നിങ്ങൾ പറയേണ്ടതു് ആ ക്ഷണത്തിൽ നിങ്ങൾക്കു നൽകപ്പെടും. എന്തെന്നാൽ നിങ്ങളല്ല പറയുന്നതു് നിങ്ങളുടെ പിതാവിൻെറ ആത്മാവു നിങ്ങൾ മുഖേന പറയുന്നു." (മത്താ. 10, 19–20). അവക്ക് പുതിയ ശക്തി പ്രദാനം ചെയ്തു് അവരിൽനിന്ന് ഭയവും സങ്കോചവും നീക്കികളഞ്ഞു് ക്ഷമയോടും ധൈര്യത്തോടും സകല പീഡകളും സഹിക്കുന്നതിനുള്ള നൽവരം നൽകി. വിശ്വാസത്തെപ്രതി സ്വരക്തം ചിന്തുന്നതിനും സ്വജീവനെക്കൂടി ബലികഴിക്കുന്നതിനും അവരെ പ്രേരിപ്പിക്കയും അവരിൽ സകല നൽവരങ്ങളോടും ദാനങ്ങളോടും കൂടെ എന്നും വസിക്കയും ചെയ്തു.

## 4. തിരുസഭയിൽ പരിശുദ്ധാത്മവ്യാപാരം

പരിശുദ്ധാത്മാവിൻെറ വ്യാപാരവും ആവാസവും തിരുസഭയിൽ തുടർച്ചയായിട്ടുണ്ടു്. ക്രിസ്തുവിൻെറ മൗതികശരീരമായ തിരുസഭയുടെ ആത്മാവായിരുന്നുകൊണ്ടു് പരിശുദ്ധാത്മാവു് അതിനെ ജീവിപ്പിക്കുകയും വിശുദ്ധീകരിക്കുകയും തെററുകൾ വ-

www.malankaralibrary.com

രാതെ നയിക്കുകയും ചെയ്യുന്നു. ഇടവിടാതെ കൃപാദാനങ്ങളാൽ തിരുസഭയെ നിറക്കുന്നതിനാൽ അവൾ എന്നും പരിശുദ്ധയായിരിക്കുന്നു. എല്ലാ ആപത്തുകളിൽനിന്നും മതപീഡനങ്ങളിൽ നിന്നും രക്ഷിച്ചു് അവളുടെ ഉദ്ദേശ്യസാഫല്യത്തിൽ എത്തിക്കുന്നു. തിരുസഭയിലെ ഇടയന്മാർക്കു് ഉപദേശങ്ങളിൽ തെറ്റു പറ്റാതെ ഇരിക്കുന്നതിനും, വിശ്വാസികൾ ക്രിസ്തുവിന്റെ നിർമ്മലവും പരിശുദ്ധവുമായ ഉപദേശത്തിൽ ചേർന്നു നിൽക്കുന്നതിനുമാവശ്യമായ കൃപ താൻ നൽകുന്നു. അങ്ങനെയവൾ അക്ഷയമായ ചൈതന്യമുള്ളവളായി അവൾക്കെതിരായി വന്ന സകല ശക്തികളേയും കീഴടക്കിക്കൊണ്ടും, ക്രിസ്തു കാൽവരിയിൽ പൂർത്തിയാക്കിയ രക്ഷാകരവ്യാപാരത്തിന്റെ ഫലം എല്ലാക്കാലവും എല്ലാ ജാതികൾക്കും പ്രദാനം ചെയ്തുകൊണ്ടും വിജയപൂർവ്വം കഴിഞ്ഞ 19 ശതവത്സരക്കാലം നിലനിന്നു പോരുന്നു. ഇപ്രകാരം പരിശുദ്ധാത്മാവിന്റെ ആവാസവും, നേതൃത്വവും തിരുസഭയ്ക്കില്ലായിരുന്നെങ്കിൽ മനുഷ്യർ അംഗങ്ങളായിട്ടുള്ള ഈ സംഘടന ഇത്രയും നാൾ നിലനില്ക്കുകയില്ലായിരുന്നു. "ഞാനെന്റെ പിതാവിനോടു ചോദിക്കും. നിങ്ങളോടുകൂടി എന്നും ഇരിക്കേണ്ടതിനായി വേറൊരു പാറക്ലേത്തായെ അവൻ നിങ്ങൾക്കു തരും" (യോഹ. 14, 16) 'അവൻ സകല സത്യങ്ങളിലും നിങ്ങളെ നയിക്കും".

**ചോദ്യങ്ങൾ**

1. പരിശുദ്ധ റൂഹായെ നിബ്യന്മാരും ശ്ലീഹന്മാരും മുഖാന്തിരം സംസാരിച്ചവനെന്നു വിളിക്കുന്നതെന്തുകൊണ്ടു്?

2. വേദപുസ്തകഗ്രന്ഥങ്ങൾ പരിശുദ്ധാത്മനിവേശിതങ്ങൾ ആണെന്നു പറയുന്നതെന്തുകൊണ്ടു്?

3. ശ്ലീഹന്മാരിൽ പരിശുദ്ധാത്മാവു് വരുത്തിയ പരിവർത്തനം എന്തു്? അവർക്കു നൽകിയ ദാനങ്ങൾ എന്തെല്ലാം?

4. തിരുസഭയെ പരിശുദ്ധാത്മാവു് എങ്ങനെ നയിക്കുന്നു?

www.malankaralibrary.com

## പാഠം 19

## നിഖ്യാ വി. പ്രമാണം മൂന്നാംഭാഗം [തുടർച്ച]

"ജീവനും വിശുദ്ധിയുമുള്ള ഏകറൂഹായിലും..........ഞങ്ങൾ വിശ്വസിക്കുന്നു.

### 1. നമ്മിൽ പരിശുദ്ധാത്മാവിൻെറ വ്യാപാരം

പരിശുദ്ധാത്മാവ് ജീവൻെറ കേന്ദ്രവും, ദാതാവുമായതുകൊണ്ടും പരിശുദ്ധനും വിശുദ്ധിയെ പ്രദാനം ചെയ്യുന്നവനുമായതുകൊണ്ടും സകലത്തെയും ജീവിപ്പിക്കുന്ന കർത്താവ് എന്നും ജീവനും വിശുദ്ധിയുമുള്ള റൂഹാ എന്നും വിളിക്കപ്പെടുന്നു. പരിശുദ്ധാത്മാവിനാൽ നാം കൃപാവരം പ്രാപിച്ച് ദൈവികജീവനിൽ പങ്കാളികളായിത്തീരുകയും അപ്രകാരം ദൈവമക്കളും ക്രിസ്തുവിൻെറ സഹോദരങ്ങളും സ്വർഗ്ഗരാജ്യത്തിനവകാശികളുമായിത്തീരുന്നു. "നിങ്ങൾ മക്കളായിരിക്കകൊണ്ട് ദൈവത്തെ 'അബ്ബാ" (അപ്പാ) ഞങ്ങളുടെ പിതാവേ, എന്നു വിളിക്കുന്ന തൻെറ പുത്രൻെറ ആത്മാവിനെ ദൈവം നിങ്ങളുടെ ഹൃദയങ്ങളിലേക്കു അയച്ചു. ഇനി നിങ്ങൾ മക്കളല്ലാതെ ദാസന്മാരല്ല. മക്കളെങ്കിലോ ഈശോമിശിഹാ മൂലം ദൈവത്തിൻെറ അവകാശികളുമത്രേ". (ഗലാ. 4, 6—7). അതിനാൽ ദൈവമക്കളിൽ പരിശുദ്ധാത്മാവു വസിക്കുന്നു. പരിശുദ്ധാത്മാവിനോടു കൂടെ പിതാവും പുത്രനും അവരിൽ വസിക്കുന്നു. "......ഞങ്ങൾ അവൻെറ അടുക്കൽ വന്ന് അവനോടു കൂടെ വസിക്കുകയും ചെയ്യും". (യോഹ. 14, 23) "നിങ്ങൾ ദൈവത്തിൻെറ ആലയമാകുന്നുവെന്നും, ദൈവാത്മാവു നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങളറിയുന്നില്ലയോ"? (1 കോറ. 3, 16) നമ്മിൽ വസിക്കുന്ന പരിശുദ്ധാത്മാവ് നമ്മെ ശക്തരാക്കയും വിശ്വാസത്തിൽ ജീവിക്കുന്നതിനും ദൈവേഷ്ടം നിറവേററുന്നതിനും നമ്മെ പ്രേരിപ്പിക്കുകയും പരീക്ഷയിൽ സഹായിക്കയും അരിഷ്ടതകളിൽ ആശ്വസിപ്പിക്കയും അവസാനംവരെ നിലനില്ക്കുന്നതിന് കൃപ നല്കുകയും ചെയ്യുന്നു.

www.malankaralibrary.com

## 2. വരപ്രസാദജീവൻ

പരിശുദ്ധാത്മാവു മൂലം ദൈവികജീവനിൽ പങ്കുകൊള്ളുന്നതുകൊണ്ടും പരിശുദ്ധ ത്രിത്വം നമ്മിൽ വസിക്കുന്നതുകൊണ്ടും നമുക്കു ലഭിക്കുന്ന സ്വഭാവാതീതമായ ജീവനെയത്രേ വരപ്രസാദജീവനെന്നു് വിളിക്കുന്നതു്. ഈ വരപ്രസാദജീവൻ വഴിയായി നാം സകല വരപ്രസാദദാതാവായ ദൈവത്തോടു് ഏററവും അടുത്തു സംബന്ധിക്കുകയും അങ്ങനെ നാം പരിശുദ്ധരായിത്തീരുകയും ചെയ്യുന്നു. അതിനാൽ ഈ വരപ്രസാദജീവനെ നാം ശുദ്ധീകരണവരപ്രസാദമെന്നു വിളിക്കുന്നു.

## 3. പരിശുദ്ധാത്മാവിൻെറ ദാനങ്ങൾ

നാം ദൈവത്തിൻെറ നിത്യസത്യങ്ങളിൽ വിശ്വസിക്കുന്നതിനും ദൈവേഷ്ടം നിറവേററുന്നതിനും നമ്മുടെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും, മനസ്സിനെ പ്രേരിപ്പിക്കുകയും ഹൃദയത്തെ തുറക്കുകയും ചെയ്യുന്നതു് പരിശുദ്ധാത്മാവാകുന്നു. താൻ ഓരോരുത്തക്കും അവനവൻെറ ജീവിതാവസ്ഥയ്ക്കു് പ്രയോജനകരമായ വിധത്തിൽ ദാനങ്ങൾ വിതരണം ചെയ്യുന്നു. "ആത്മാവിൻെറ വെളിപാടു് ഓരോരുത്തനും അവനു പ്രയോജനകരമായ വിധത്തിൽ നൽകപ്പെടുന്നു. ഒരുവനു് ആത്മാവിനാൽ ജ്ഞാനത്തിൻെറ വചനം നൽകപ്പെടുന്നു. വേറൊരുവനു് അതേയാത്മാവിനാൽതന്നെ അറിവിൻെറ വചനവും വേറൊരുവനു് അതേയാത്മാവിനാൽതന്നെ വിശ്വാസവും വേറൊരുവനു് അതേയാത്മാവിനാൽതന്നെ രോഗശാന്തിയുടെ വരങ്ങളും, വേറൊരുവനു് ശക്തികളും, വേറൊരുവനു് പ്രവാചകത്വവും വേറൊരുവനു് ആത്മാക്കളുടെ വിവേചനവും വേറൊരുവനു പലവിധ ഭാഷകളും, വേറൊരുവനു് ഭാഷകളുടെ വ്യാഖ്യാനവും നൽകപ്പെടുന്നു. എന്നാൽ ഇവയെല്ലാം പ്രവത്തിക്കുന്നതും താൻ ഇച്ഛിക്കുന്നതു പോലെ എല്ലാവക്കും ഭാഗിച്ചു കൊടുക്കുന്നതും ഒരേയാത്മാവുതന്നെ ആകുന്നു". (1 കോറി. 12, 7-11.)

www.malankaralibrary.com

പരിശുദ്ധാത്മാവിൻെറ ദാനങ്ങൾ ഏഴാകുന്നു. അവ ഗ്രഹണശക്തി, ബുദ്ധിസാമർത്ഥ്യം, വിവേചനം, മനഃസ്ഥൈര്യം, ജ്ഞാനം, ഭക്തി, ദൈവഭയം എന്നിവയാകുന്നു.............................
"............ജ്ഞാനത്തിൻെറയും, ബുദ്ധിയുടെയും, ആലോചനയുടെയും, ധൈര്യത്തിൻെറയും, വിജ്ഞാനത്തിൻെറയും, ഭക്തിയുടെയും......ദൈവഭീതിയുടെ(യും) ചൈതന്യം അവനിൽ നിറയും". (യേശ. 11, 2-3)

## 4. പരിശുദ്ധാത്മാവിൻെറ പ്രസാദഫലങ്ങൾ

പരിശുദ്ധാത്മാവിൻെറ ഏഴു ദാനങ്ങൾ നമുക്കു ലഭിക്കുന്നതുമൂലം ആത്മ നമ്മിൽ ചില ഫലങ്ങൾ ഉളവാക്കുന്നുണ്ടു്. ഇവയെയത്രേ പരിശുദ്ധാത്മാവിൻെറ പ്രസാദഫലങ്ങൾ എന്നു വിളിക്കുന്നതു്. പരിശുദ്ധാത്മാവിൻെറ പ്രസാദഫലങ്ങൾ പന്ത്രണ്ടാകുന്നു. അവ സ്നേഹം, സന്തോഷം, സമാധാനം, ദീർഘശാന്തത, ക്ഷമ, സൽഗുണം, ദയ, സൗമ്യത, വിശ്വാസം, സംയമനം, ഇന്ദ്രിയനിഗ്രഹം, ചാരിത്രശുദ്ധി എന്നിവയാകുന്നു. "ആത്മാവിൻെറ ഫലങ്ങളാകട്ടെ, സ്നേഹം സന്തോഷം, സമാധാനം, ദീർഘശാന്തത, മധുരശീലം, സൽഗുണം, വിശ്വാസം, വിനയം, ക്ഷമ ഇവയാകുന്നു". (ഗലാ. 5, 22—23)

"പരിശുദ്ധാത്മാവായ ദൈവമേ, നീ ഞങ്ങളെ ശുദ്ധീകരിക്കുന്നവനും നടത്തുന്നവനുമാകയാൽ നിനക്കു സ്തോത്രം".

---

### ചോദ്യങ്ങൾ

1. പരിശുദ്ധാത്മാവിനെ ജീവനും വിശുദ്ധിയുമുള്ള റൂഹാ എന്നു വിളിക്കുന്നതെന്തുകൊണ്ടു്?
2. പരിശുദ്ധാത്മാവു് നമ്മുടെ ഓരോരുത്തരുടെയും ആത്മാവിൽ എന്തു പ്രവർത്തിക്കുന്നു?
3. വരപ്രസാദജീവൻ എന്നാൽ എന്തു്?
4. പരിശുദ്ധാത്മാവിൻെറ ദാനങ്ങൾ ഏവ?
5. പരിശുദ്ധാത്മാവിൻെറ പ്രസാദഫലങ്ങൾ ഏവ?

www.malankaralibrary.com

## പാഠം 20

### പരിശുദ്ധ ത്രിത്വം

### 1. വി. ത്രിത്വത്തിന്റെ രഹസ്യം

"ഞാൻ എന്റെ പിതാവിനോടു ചോദിക്കും. നിങ്ങളോടു കൂടി എന്നും ഇരിക്കേണ്ടതിനായി വേറൊരു പാറെക്ലേത്താ യെ അവൻ നിങ്ങൾക്കു തരും". (യോഹ. 14, 16). ദൈവം ത്രിയേകനാകുന്നു. അതായതു് ഏകദൈവസ്വഭാവത്തോടുകൂടിയ പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു് എന്ന മൂന്നു ദൈവിക ആളുകൾ ഏകദൈവത്തിലുണ്ടു്. ഇതു ക്രൈസ്തവവിശ്വാസത്തിന്റെ മൗലികതത്വ(പ്രധാന വേദരഹസ്യ)ങ്ങളിൽ ഒന്നാമത്തേതാണു്. ഏകദൈവത്തിൽ മൂന്നു ദൈവിക ആളുകളുള്ളതിനെ വി. ത്രിത്വം എന്നു വിളിക്കുന്നു. ഇതു വെളിപ്പെടുത്തപ്പെട്ട ഒരു സത്യമാകുന്നു. വെളിപ്പെടുത്തപ്പെടാതിരുന്നുവെങ്കിൽ എന്നും നിഗൂഢതയിൽ ഇരിക്കുന്നതുമായിരുന്നു. എന്നാൽ ഏക സാരാംശവും ഏക സ്വഭാവവും ഉള്ള മൂന്നു ദൈവിക ആളുകൾ ഏക ദൈവത്തിൽ സ്ഥിതി ചെയ്യുന്നതു് എപ്രകാരമാണു് എന്നു വെളിപ്പെടുത്തപ്പെട്ടിട്ടില്ല. നമ്മുടെ സ്വാഭാവികബുദ്ധിയ്ക്കു അതു് മനസ്സിലാക്കുവാൻ സാധിക്കയുമില്ല. ഇതു ഗ്രഹിക്കുകയെന്നുള്ളതു് ദൈവത്തെ തന്നെ ഗ്രഹിക്കുന്നതിനു് തുല്യമാകയാൽ ദൈവത്തിന്റെ ജ്ഞാനം തന്നെ ഇതു ഗ്രഹിക്കുന്നതിനു് ആവശ്യമാണു്. അതിനാലത്രേ ഈ സത്യത്തെ "മഹാരഹസ്യം" എന്നു വിളിക്കുന്നതു്.

### 2. ക്രിസ്ത്യാനികൾ മാത്രം വിശ്വസിക്കുന്ന രഹസ്യം

ക്രിസ്ത്യാനികൾ മാത്രം വിശ്വസിക്കുന്ന ഒരു മഹാരഹസ്യമാകുന്നു ഇതു്. ഈ വിശ്വാസസത്യം പുതിയനിയമകാലത്തു വ്യക്തമായി വെളിപ്പെടുത്തപ്പെടുന്നതുവരെ, യഹൂദന്മാർക്കോ പുറജാതികൾക്കോ ഇതിനെക്കുറിച്ചു അറിവുണ്ടായിരുന്നില്ല. ദൈവത്തിൽ മൂന്നു ദൈവിക ആളുകളുണ്ടെന്നുള്ള വിശ്വാസസത്യം

www.malankaralibrary.com

ബുദ്ധിക്കോ ഏകദൈവവിശ്വാസത്തിനോ വിപരീതമല്ല: എന്നിട്ടും പഴയനിയമകാലത്തു് ഈ സത്യം പ്രത്യക്ഷമായി വെളിപ്പെടുത്തപ്പെട്ടിരുന്നില്ല. എന്നാൽ പഴയനിയമഗ്രന്ഥങ്ങളിൽ ചില സൂചനകൾ ഇല്ലാതെയുമില്ല. (Cfr. ഏശയ 11,2—3) പല ദൈവങ്ങളിൽ വിശ്വസിച്ചിരുന്ന പുറജാതിക്കാരുടെ വിശ്വാസത്തിലേക്കു് വഴിതെറ്റിപ്പോകാതിരിക്കുന്നതിനു വേണ്ടി ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായ യഹൂദന്മാരുടെ ഇടയിൽ ഏകദൈവത്തിലുള്ള വിശ്വാസം ഉറപ്പിച്ചുകൊണ്ടിരിക്കേണ്ടതു് ആവശ്യമായിരുന്നു.

### 3. വി. ത്രിത്വത്തെക്കുറിച്ചുള്ള വെളിപാടുകൾ

വിശുദ്ധ ത്രിത്വത്തെക്കുറിച്ചുള്ള പ്രത്യക്ഷമായ അറിവു മംഗലവാർത്ത സമയത്താണുണ്ടായതു്. ഗബ്രിയേൽ മാലാഖ, പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു് എന്നീ മൂന്നു ദൈവികാളുകളെക്കുറിച്ചും സൂചിപ്പിക്കുന്നുണ്ടു്. "പരിശുദ്ധാത്മാവു വരും, അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ഇതിനാൽ നിന്നിൽ നിന്നും പിറക്കുന്നവൻ പരിശുദ്ധനാകുന്നു; ദൈവത്തിന്റെ പുത്രനെന്നു വിളിക്കപ്പെടുകയും ചെയ്യും". (ലൂക്കാ 1,35) ക്രിസ്തുവിന്റെ മാമോദീസാസമയത്തു് "നീ എന്റെ പ്രിയപുത്രനാകുന്നു, നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു, (മർക്കോ. 1,11) എന്നരുളിച്ചെയ്തുകൊണ്ടു് പിതാവായദൈവം സ്വയം വെളിപ്പെടുത്തുകയും, സ്വപുത്രനെ ലോകത്തിനു സാക്ഷ്യപ്പെടുത്തിക്കാണിച്ചുകൊടുക്കുകയും ചെയ്തു. പരിശുദ്ധാത്മാവു് പ്രാവിന്റെ രൂപത്തിൽ പുത്രന്റെമേൽ ആവസിച്ചു് സ്വയം വെളിപ്പെടുത്തി.

### 4. നമ്മുടെ കർത്താവിന്റെ സാക്ഷ്യം

നമ്മുടെ കർത്താവു് വിശുദ്ധ ത്രിത്വത്തെക്കുറിച്ചു് വളരെ തെളിവായി പഠിപ്പിക്കുന്നുണ്ടു്. "പിതാവിന്റെ" ഇഷ്ടം ചെയ്യുവാൻ വന്നിരിക്കുന്ന "ദൈവപുത്രനെന്നു" തന്നെത്തന്നെ വിളിക്കുന്നു. താൻ സ്വർഗ്ഗത്തിലേക്കു പോകുന്നതിനു മുമ്പു് തന്റെ ശ്ലീഹന്മാരോടു് തന്റെ വേർപാടിനെക്കുറിച്ചു് സംസാരിക്കുകയും,

www.malankaralibrary.com

തന്റെ പിതാവിൽ നിന്നു് താൻ അയയ്ക്കുന്ന "വേറൊരു ആശ്വാസപ്രദനെ" വാഗ്ദാനം ചെയ്കയും ചെയ്തു. തന്റെ വേർപാടിനു മുമ്പ് തന്റെ ശ്ലീഹന്മാർക്ക് അന്ത്യശാസനം നൽകുമ്പോൾ ലോകമെല്ലാം പോയി പഠിപ്പിക്കുന്നതിനും പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദീസാ നൽകുന്നതിനും ഉപദേശിക്കുന്നു. (Cfr. മത്താ. 28, 18—20).

### 5. തിരുസഭയുടെ ബോധനം

തിരുസഭ ഔദ്യോഗികമായിത്തന്നെ ഈ വിശ്വാസ സത്യം നമ്മെ പഠിപ്പിക്കുന്നു. ആദിമനൂറ്റാണ്ടുമുതൽ തിരുസഭയിൽ നിലവിലിരുന്ന ശ്ലീഹന്മാരുടെ വിശ്വാസപ്രമാണത്തിൽ ഇങ്ങനെ കാണുന്നു. "ആകാശവും ഭൂമിയും സൃഷ്ടിച്ച സർവ്വശക്തിയുള്ള പിതാവായ ദൈവത്തിലും,.................തന്റെ ഏകപുത്രനായ ഞങ്ങളുടെ കർത്താവീശോമിശിഹായിലും.................പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു". നിഖ്യാവിശ്വാസപ്രമാണത്തിലും ഇതുതന്നെ നാം കാണുന്നു. തിരുസഭയുടെ ആരംഭകാലം മുതൽ നിലവിലിരുന്നതും നിലവിലിരിക്കുന്നതുമായ അനേകം പ്രാർത്ഥനകൾ വി. ത്രിത്വത്തിന്റെ നാമത്തിൽ ആരംഭിക്കുകയും അവസാനിക്കുകയും ചെയ്യുന്നു.

### 6. വി. ത്രിത്വത്തോടു നാം ഭക്തിയും നന്ദിയും ഉള്ളവരായിരിക്കണം

പിതാവു് തന്റെ പുത്രനെ ലോകത്തിലേക്കയച്ചു. പുത്രൻ മനുഷ്യനായവതരിച്ചു് നമ്മെ രക്ഷിച്ചു. പരിശുദ്ധാത്മാവു് തിരുസഭയിലാവസിച്ചു് നമ്മെ ശുദ്ധീകരിക്കുന്നു. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നാം മാമോദീസാ സ്വീകരിക്കുന്നു. അങ്ങിനെ വി. ത്രിത്വം നമ്മിൽ വസിച്ചുകൊണ്ടു് നമ്മെ അവിടുത്തെ ആലയങ്ങളാക്കിത്തീർക്കുന്നു. (Cfr. 1 കോറ. 3, 16.) ഈ മൂന്നു ദൈവികാളുകൾക്കും ഒരേ ദൈവികസ്വഭാവമായതുകൊണ്ടു് ഏക ദൈവമാകുന്നു.

www.malankaralibrary.com

പുത്രനും പരിശുദ്ധാത്മാവും പിതാവിനേപ്പോലെ പരിപൂർണ്ണരും, സർവ്വജ്ഞരും, സർവ്വശക്തരും, അനാദ്യന്തരുമാകുന്നു. അതുകൊണ്ടു് അവർ പിതാവിനേപ്പോലെ വന്ദിക്കപ്പെടേണ്ടവരും സ്തുതിക്കപ്പെടേണ്ടവരുമാകുന്നു. അവർ അളവററ ആനന്ദത്തോടു കൂടി ഒരേ ദൈവിക അറിവും മനസ്സും ജീവനുമുള്ളവർ ആകുന്നു.

നാമും നമുക്കുള്ള സകലവും വി. ത്രിത്വത്തിൻെറ ദാനങ്ങളാണു്. അതുകൊണ്ടു് വിശുദ്ധ ത്രിത്വത്തിനു് നാം നന്ദിയും സ്തോത്രവും അർപ്പിക്കേണ്ടതാണു്. ഇല്ലായ്മയിൽനിന്നു് നമ്മെ സൃഷ്ടിച്ചതിനും, നമ്മെ നിത്യജീവനിലേക്കു വിളിച്ചതിനും പിതാവിനോടും, നമ്മെ പിശാചിൻെറ അടിമത്വത്തിൽ നിന്നു രക്ഷിച്ചതിനു് പുത്രനോടും, നമ്മെ ശുദ്ധീകരിക്കുന്നതിനാൽ പരിശുദ്ധാത്മാവിനോടും പ്രത്യേകമായി നാം ഭക്തിയും നന്ദിയുമുള്ളവരായിരിക്കണം.

"വിശുദ്ധ ത്രിത്വമേ, ആദ്യന്തമില്ലാത്ത നിൻെറ കൃപയും ശക്തിയും ഞങ്ങളുടെ സഹായത്തിനായി അയച്ചുതരണമെ. കർത്താവേ, നിൻെറ രക്ഷ എപ്പോഴും ഞങ്ങൾക്കുണ്ടായിരിക്കണമെ".

---

**ചോദ്യങ്ങൾ**

1. വിശുദ്ധ ത്രിത്വം എന്നാൽ എന്തു്?
2. വിശുദ്ധ ത്രിത്വത്തിൻെറ രഹസ്യമെന്നാലെന്തു്?
3. പഴയനിയമകാലത്തു് വിശുദ്ധ ത്രിത്വത്തെക്കുറിച്ചു വെളിപ്പെടുത്താതിരുന്നതിൻെറ കാരണമെന്തു്?
4. ദൈവം ത്രിയേകനാകുന്നു എന്നുള്ളതു് ക്രിസ്ത്യാനികൾ മാത്രമേ വിശ്വസിച്ചുപോരുന്നുള്ളു. കാരണമെന്തു്?
5. പുതിയനിയമകാലത്തു് ഏതെല്ലാം അവസരങ്ങളിലാണു് വി. ത്രിത്വത്തെക്കുറിച്ചു് വെളിപ്പെടുത്തപ്പെട്ടിട്ടുള്ളതു്?
6. വിശുദ്ധ ത്രിത്വത്തെക്കുറിച്ചു് തിരുസഭയുടെ ഔദ്യോഗിക പ്രമാണങ്ങളിൽ എന്തുപറയുന്നു?
7. വി. ത്രിത്വത്തോടു നാം എന്തുകൊണ്ടു ഭക്തിയും നന്ദിയുമുള്ളവരായിരിക്കണം?

www.malankaralibrary.com

# രണ്ടാംഭാഗം

# മനഃപാഠം പഠിക്കേണ്ട പ്രാർത്ഥനകൾ

## പാഠം 1

### 91-ാം മസ്മൂറാ

അത്യുന്നതന്റെ മറവിലിരിക്കുന്നവൻ[1] ദൈവത്തിന്റെ നിഴലിൽ മഹത്വപ്പെടുന്നു.

ഞാൻ ആശ്രയിച്ചിരിക്കുന്ന ദൈവം എന്റെ ശരണവും സങ്കേതസ്ഥലവുമെന്നു് കർത്താവിനെക്കുറിച്ചു നീ[2] പറക.

എന്നാൽ അവൻ[3] വിരുദ്ധതയുടെ കണിയിൽ നിന്നും വ്യർത്ഥസംസാരത്തിൽ നിന്നും നിന്നെ രക്ഷിക്കും.

അവൻ തന്റെ തൂവലുകൾകൊണ്ടു് നിന്നെ രക്ഷിക്കും. അവന്റെ ചിറകുകളുടെ കീഴിൽ നീ മറയ്ക്കപ്പെടും[4]. അവന്റെ സത്യം നിന്റെ ചുറ്റും ആയുധമായിരിക്കും.

നീ രാത്രിയിലെ ഭയത്തെയും പകൽ പറക്കുന്ന അസ്ത്രത്തെയും ഇരുട്ടിൽ സഞ്ചരിക്കുന്ന വചനത്തെയും ഉച്ചയിൽ ഊതുന്ന കാററിനെയും ഭയപ്പെടുകയില്ല [5].

നിന്റെ ഭാഗത്തു ആയിരങ്ങളും നിന്റെ വലത്തുഭാഗത്തു പതിനായിരങ്ങളും വീഴും [6].

(എങ്കിലും) അവ നിങ്കലേക്കു് അടുക്കുകയില്ല. എന്നാലോ നിന്റെ കണ്ണുകൾകൊണ്ടു് നീ കാണുക മാത്രം ചെയ്യും. ദുഷ്ടന്മാർക്കുള്ള പ്രതിഫലത്തെ നീ കാണും.

---

1 ദൈവസംരക്ഷണയിൽ ഇരിക്കുന്നവൻ

2 നീ—എന്റെ ആത്മാവു്

3 അവൻ—ദൈവം

4 തള്ളപ്പക്ഷി കുഞ്ഞുങ്ങളെ സംരക്ഷിക്കുംപോലെ

5 ഭയപ്പെടുകയില്ല—ഭയപ്പെടാൻ ആവശ്യമില്ല

6 നിനക്കു ദൈവസഹായം ഉള്ളതുകൊണ്ടു് നിന്റെ ശത്രുക്കൾ നിലംപതിക്കും

www.malankaralibrary.com

എന്തെന്നാൽ തന്റെ വാസസ്ഥലം ഉയരങ്ങളിൽ ആക്കിയ എന്റെ ശരണമായ കർത്താവ് നീയാകുന്നു[7].

ദോഷം നിന്നോട്ട് അടുക്കുകയില്ല. ശിക്ഷ നിന്റെ വാസസ്ഥലത്തിനു സമീപിക്കയുമില്ല[8].

എന്തുകൊണ്ടെന്നാൽ നിന്റെ സകല വഴികളിലും നിന്നെ കാക്കേണ്ടുന്നതിന് അവൻ[9] നിന്നെക്കുറിച്ചു തന്റെ മാലാഖമാരോട്ട കല്പിക്കും.

നിന്റെ കാലിൽ നിനക്കു ഇടർച്ചയുണ്ടാകാതെ ഇരിപ്പാനായി അവർ തങ്ങളുടെ ഭുജങ്ങളിൽ നിന്നെ വഹിക്കും.

ഘോരവിഷസർപ്പത്തെയും അണലിയെയും നീ ചവിട്ടും. സിംഹത്തെയും പെരുമ്പാമ്പിനെയും നീ മെതിക്കും.

അവൻ[10] എന്നെ അന്വേഷിച്ചതുകൊണ്ടു ഞാൻ അവനെ രക്ഷിക്കും. അവൻ എന്റെ നാമം അറിഞ്ഞതുകൊണ്ടു ഞാൻ അവനെ ബലപ്പെടുത്തും.

അവൻ എന്നെ വിളിക്കും. ഞാൻ അവനോട്ട് ഉത്തരം പറയും. ഞെരുക്കത്തിൽ ഞാൻ അവനോടുകൂടെ ഇരുന്ന് അവനെ ബലപ്പെടുത്തി ബഹുമാനിക്കും.

ദീർഘായുസ്സുകൊണ്ടു ഞാൻ അവനെ തൃപ്തിപ്പെടുത്തി, എന്റെ രക്ഷ അവനെ ഞാൻ കാണിക്കും.

## പാഠം 2

## 120–ാം മസ്മൂറാ

ഞാൻ[11] പർവ്വതത്തിലേക്ക് എന്റെ കണ്ണുകൾ ഉയർത്തും. എന്നെ സഹായിക്കുന്നവൻ എവിടെ നിന്നു വരും.

---

7 ദൈവത്തെ സംബോധനചെയ്തു പറയുന്നു

8 ആത്മഗതം (എന്റെ ആത്മാവേ)

9 അവൻ—ദൈവം

10 ദൈവം പറയുന്നതാവിത്

11 ആത്മഗതം

www.malankaralibrary.com

എന്റെ സഹായം ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിന്റെ സന്നിധിയിൽ നിന്നാകുന്നു.

അവൻ നിന്റെ കാൽ ഇളകുവാൻ സമ്മതിക്കയില്ല. നിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുകയുമില്ല.

എന്തെന്നാൽ ഇസ്രായേലിന്റെ കാവൽക്കാരൻ ഉറക്കം തൂങ്ങുന്നില്ല, ഉറങ്ങുന്നുമില്ല.

നിന്റെ കാവല്ക്കാരൻ കർത്താവാകുന്നു. കർത്താവു തന്റെ വലത്തുകൈകൊണ്ടു നിനക്കു നിഴലിടും.

പകൽ ആദിത്യനെങ്കിലും രാത്രിയിൽ ചന്ദ്രനെങ്കിലും നിന്നെ ഉപദ്രവിക്കയില്ല.

കർത്താവു സകല ദോഷങ്ങളിൽ നിന്നും നിന്നെ കാത്തുകൊള്ളും. അവൻ നിന്റെ ആത്മാവിനെ കാത്തുകൊള്ളും.

കർത്താവു നിന്റെ ഗമനത്തെയും നിന്റെ ആഗമനത്തെയും ഇതുമുതൽ എന്നേക്കും കാത്തുകൊള്ളും.

ദൈവമേ, സ്തുതി നിനക്കു യോഗ്യമാകുന്നു. ബാറെക്മോർ.

## പാഠം 3

### അപേക്ഷ

കർത്താവേ, നിന്റെ കരുണയിൻ ചിറകുകളുടെ നിഴലിൻ കീഴിൽ ഞങ്ങളെ മറച്ചു ഞങ്ങളെ അനുഗ്രഹിക്കണമെ. സകലവും കേൾക്കുന്നവനേ, നിന്റെ കരുണയാൽ നിന്റെ അടിയാരുടെ അപേക്ഷ നീ കേൾക്കണമെ. മഹത്വമുള്ള രാജാവായി ഞങ്ങളുടെ രക്ഷകനായ മിശിഹാ, സമാധാനപൂർണ്ണമായ സന്ധ്യയും പുണ്യമുള്ള രാവും ഞങ്ങൾക്കു തരണമെ. ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു നോക്കിക്കൊണ്ടിരിക്കുന്നു. ഞങ്ങളുടെ കടങ്ങളും പാപങ്ങളും നീ പരിഹരിച്ചു ഇഹവും പരവുമായ രണ്ടു ലോകങ്ങളിലും ഞങ്ങളോടു കരുണ ചെയ്യണമെ. കർത്താവേ,

www.malankaralibrary.com

നിന്റെ കരുണ ഞങ്ങളെ മറച്ചു നിന്റെ കൃപ ഞങ്ങളുടെ മുമ്പിൽ നിൽക്കണമെ. നിന്റെ സ്ലീബാ ദുഷ്ടനിൽ നിന്നും അവന്റെ സൈന്യങ്ങളിൽ നിന്നും ഞങ്ങളെ കാത്തുകൊള്ളണമെ. ഞങ്ങൾ ജീവനോടിരിക്കുന്ന നാളുകൾ ഒക്കെയും നിന്റെ വലത്തുകൈയ് ഞങ്ങളുടെമേൽ ആവസിപ്പിക്കണമെ. നിന്റെ സമാധാനം ഞങ്ങളുടെ ഇടയിൽ വാഴുമാറാകണമെ. നിന്നോട് അപേക്ഷിക്കുന്ന ആത്മാക്കൾക്കു ശരണവും രക്ഷയും നീ ഉണ്ടാക്കണമെ. നിന്നെ പ്രസവിച്ച മറിയാമ്മിന്റെയും നിന്റെ സകല പരിശുദ്ധന്മാരുടെയും പ്രാർത്ഥനയാൽ ദൈവമേ, ഞങ്ങളുടെ കടങ്ങൾക്കു പരിഹാരമുണ്ടാക്കി ഞങ്ങളോടു കരുണ ചെയ്യണമെ.

## പാഠം 4

### അപേക്ഷ

സത്യവാനായ ദൈവമേ, ഞങ്ങളെ രക്ഷിക്കണമെ. തിന്മകൾ ഒക്കയിൽ നിന്നും ദോഷങ്ങൾ ഒക്കയിൽ നിന്നും തിന്മപെട്ട മനഃസ്ഥിതിയിൽ നിന്നും വേശ്യാദോഷചിന്തകളിൽ നിന്നും എല്ലാവിധ ശത്രുക്കളിൽ നിന്നും വഞ്ചനയുള്ള സ്നേഹിതരിൽ നിന്നും പിശാചുക്കളുടെ പരീക്ഷകളിൽ നിന്നും ദുഷ്ടമനുഷ്യരുടെ തിന്മകളിൽ നിന്നും അശുദ്ധ വികാരങ്ങളിൽ നിന്നും മ്ലേച്ഛമായ മോഹങ്ങളിൽ നിന്നും പൈശാചികവിചാരങ്ങളിൽ നിന്നും തിന്മകരമായ സ്വപ്നങ്ങളിൽ നിന്നും അപകടമുള്ള കണികളിൽ നിന്നും വ്യർത്ഥവചനങ്ങളിൽ നിന്നും വൻചതിവുകളിൽ നിന്നും ഉത്തരിക്കേണ്ട കടങ്ങളിൽ നിന്നും ഇഹലോകത്തിനടുത്ത സകല പരീക്ഷകളിൽ നിന്നും കർത്താവേ, ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ.

കോപത്തിൽനിന്നും ദ്വേഷതയിൽനിന്നും ക്രോധത്തിന്റെ ശിക്ഷകളിൽ നിന്നും പെട്ടന്നുള്ള മരണത്തിൽ നിന്നും മിന്നലുക

www.malankaralibrary.com

ളിൽ നിന്നും ഇടികളിൽ നിന്നും വസന്തകളിൽ നിന്നും കഠിന പീഡകളിൽനിന്നും തീനരകത്തിൽ നിന്നും ചാകാത്ത പുഴുവിൽ നിന്നും കെടാത്ത തീയിൽനിന്നും പല്ലുകടിയിൽ നിന്നും കരച്ചിലിൽ നിന്നും കഷ്ടതരമായ ഭവിഷ്യത്തുകളിൽ നിന്നും തിന്മപെട്ട നാഴികയിൽനിന്നും ഉപദ്രവകരമായ എല്ലാ ശക്തികളിൽ നിന്നും കർത്താവേ, ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ.

ക്ഷാമത്തിൽ നിന്നും ഭയത്തിൽ നിന്നും പരിഭ്രമകരമായ എല്ലാററിൽ നിന്നും അസഹ്യമായ ശിക്ഷകളൊക്കയിൽ നിന്നും "പോകുവിൻ നിങ്ങളെ ഞാൻ അറിയുന്നില്ല" എന്നുള്ള തിരുവചനത്തിൽ നിന്നും കർത്താവേ, ഞങ്ങളെ നീ രക്ഷിച്ചുകൊള്ളണമെ. ആമ്മീൻ.

കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ, കുറിയേലായിസ്സോൻ. ഞങ്ങളുടെ കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമെ. ഞങ്ങളുടെ കർത്താവേ, കൃപയുണ്ടായി ഞങ്ങളെ അനുഗ്രഹിക്കണമെ. ഞങ്ങളുടെ കർത്താവേ, ഉത്തരം അരുളി ഞങ്ങളെ അനുഗ്രഹിക്കണമെ. ഞങ്ങളുടെ കർത്താവേ, നിനക്കുസ്തുതി. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി. ഞങ്ങളുടെ ശരണമേ, എന്നേക്കും നിനക്കു സ്തുതി. ബാറെക്മോർ.

## പാഠം 5

### സ്തോത്രം*

(മുട്ടിന്മേൽ നിന്നുകൊണ്ടു്)

ദൈവമേ, നിനക്കു സ്വീകാര്യമായ സ്തുതിയും സ്തോത്രവും നന്ദിപൂർവ്വം അർപ്പിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമെ.

പിതാവായ ദൈവമേ, നീ ഞങ്ങളുടെ സ്രഷ്ടാവും സംരക്ഷകനുമാകയാൽ നിനക്കു സ്തോത്രം.

പുത്രനായ ദൈവമേ, നീ ഞങ്ങളുടെ രക്ഷകനും പരിത്രാതാവും ആകയാൽ നിനക്കു സ്തോത്രം.

---

*ഈ പ്രാർത്ഥന മുമ്പൻ (ഒരാൾ മാത്രം) ചൊല്ലണം.

www.malankaralibrary.com

പരിശുദ്ധാത്മാവായ ദൈവമേ, നീ ഞങ്ങളെ ശുദ്ധീകരിക്കുന്നവനും നടത്തുന്നവനുമാകയാൽ നിനക്കു സ്തോത്രം.

വി. ത്രിത്വമേ, വി. കത്തോലിക്കാസഭയ്ക്കു നീ സ്വയം വെളിപ്പെടുത്തിയിരിക്കുന്നതിനാലും, അതിന്റെ മക്കളായി ഞങ്ങളെ അനുഗ്രഹിച്ചിരിക്കുന്നതിനാലും സ്തോത്രം.

ഈ ജീവിതത്തിലേക്കു ഞങ്ങളെ കൊണ്ടുവന്നതിനായി സ്തോത്രം.

നിന്റെ വിശുദ്ധന്മാരുടെ ഉത്തമമാതൃകകൾക്കും ദിവ്യോപദേശങ്ങൾക്കും വേണ്ടി സ്തോത്രം.

നിന്നെ അറിയുകയും സ്നേഹിക്കുകയും സേവിക്കുകയും ചെയ്‌വാൻ തക്കതായ കൃപ ഞങ്ങൾക്കു തന്നിട്ടുള്ളതിനായി സ്തോത്രം.

ഇന്നേദിവസം തൃക്കൈയിൽ നിന്നു ഞങ്ങൾ പ്രാപിച്ച എല്ലാ സഹായങ്ങൾക്കും വേണ്ടി സ്തോത്രം.

## പാഠം 6

## മദ്ധ്യസ്ഥത

ഞങ്ങളുടെ മാതാപിതാക്കൾ, സഹോദരസഹോദരികൾ, ചാർച്ചക്കാർ, ഗുരുക്കന്മാർ, സ്നേഹിതന്മാർ, ഞങ്ങൾക്കു എന്തെങ്കിലും നന്മ ചെയ്തിട്ടുള്ളവർ എന്നിവരെയെല്ലാം അനുഗ്രഹിക്കണമെ. ഈ ദേശത്തെയും സർവ്വജനങ്ങളെയും അനുഗ്രഹിക്കണമെ.

നിന്നെ അറിയാത്ത ജാതികളെ നിന്റെ സത്യത്തിലേക്കും രക്ഷയിലേക്കും ആകർഷിക്കണമെ. നിന്റെ തിരുസഭയിൽ നിന്നു് ഭിന്നിച്ചുപോയ ശീശ്മക്കാരെയും വേദവിപരീതികളെയും അനുസരണത്തിലേക്കും തിരുസഭയുടെ ഐക്യത്തിലേക്കും തിരിച്ചു വരുത്തണമെ. ലോകമാകെയുള്ള നിന്റെ തിരുസഭയെ അനുഗ്രഹിക്കണമേ. തിരുസഭയുടെ തലവനും ഞങ്ങളുടെ പരിശുദ്ധ പിതാവുമായ മാർപ്പാപ്പായെ കാത്തുകൊള്ളണമെ. ഞങ്ങളുടെ ഇടയനും മേല്പട്ടക്കാരനുമായ *(ഇന്നാരെ) അനുഗ്രഹിക്കണമെ.

*അതതു കാലത്തു ഭരിക്കുന്ന രൂപതാദ്ധ്യക്ഷന്മാരുടെ പേരു പറയണം.

www.malankaralibrary.com

ഞങ്ങളുടെ എല്ലാ ഇടവകകളെയും മിഷ്യനെയും പട്ടക്കാരെയും സന്യാസികളെയും സന്യാസിനികളെയും വിദ്യാലയങ്ങളെയും എല്ലാ കുടുംബങ്ങളെയും സകല ജനങ്ങളെയും അനുഗ്രഹിക്കണമെ.

നിൻെറ കൃപകളാലും ഐശ്വര്യങ്ങളാലും ഞങ്ങൾ എല്ലാവരെയും ആശീർവദിക്കണമെ.

## പാഠം 7

## സമർപ്പണം

ഇന്നേദിവസം ഞങ്ങൾ ചെയ്തുപോയ തെററുകളും പാപങ്ങളും ദയതോന്നി ഞങ്ങളോടു ക്ഷമിക്കണമെ.

ഈ രാത്രിയിൽ ഞങ്ങളെ കാത്തുകൊള്ളണമെ. ഈ രാത്രിയിലും ഞങ്ങളുടെ ജീവിതകാലം മുഴുവനും നിൻെറ കൃപയിലും വിശുദ്ധിയിലും ഞങ്ങളെ പാലിക്കണമെ.

ഞങ്ങളുടെ ശിഷ്ടായുസ്സിനെയും ഞങ്ങളെത്തന്നെയും തിരുമുമ്പാകെ ഞങ്ങൾ സമർപ്പിക്കുന്നു. ഞങ്ങളുടെ സമർപ്പണം കൈക്കൊള്ളണമെ.

പിതാവായ ദൈവമേ, നിൻെറ സ്നേഹവും പുത്രനായ ദൈവമേ, നിൻെറ കൃപയും പരിശുദ്ധാത്മാവായ ദൈവമേ, നിൻെറ സംസർഗ്ഗവും ആവാസവും ഇന്നും എന്നും ഞങ്ങൾക്കുണ്ടാകണമെ.

ദൈവമാതാവിൻെറയും സകല വിശുദ്ധന്മാരുടെയും പ്രാർത്ഥനാസഹായങ്ങളും അനുഗ്രഹങ്ങളും ഇപ്പോഴും എന്നേക്കും ഞങ്ങൾക്കുണ്ടായിരിക്കണമെ. ആമ്മീൻ.

വിശുദ്ധ മാതാവേ, ഈ രാത്രിയിൽ ദൈവകൃപയിലും വിശുദ്ധിയിലും ഞങ്ങളെ കാത്തുകൊള്ളണമെ. ആമ്മീൻ.

www.malankaralibrary.com

ഞങ്ങളുടെ കാവൽമാലാഖമാരേ, ഈ രാത്രിയിൽ ദൈവകൃപയിലും വിശുദ്ധിയിലും ഞങ്ങളെ കാത്തുകൊള്ളണമെ.

ആമ്മീൻ.

എല്ലാവരും

എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക. എന്നിലുള്ള സകലവുമേ, അവന്റെ വിശുദ്ധ തിരുനാമത്തെ പുകഴ്ത്തുക.

എന്റെ ആത്മാവേ, കർത്താവിനെ സ്തുതിക്കുക. അവന്റെ ഉപകാരങ്ങൾ ഒന്നും മറക്കരുതെ.

## പാഠം 8

### അപേക്ഷ

കരുണയുള്ള ദൈവമേ, നിന്റെ വാതിലിൽ ഞങ്ങളുടെ അപേക്ഷയുടെ സ്വരം മുട്ടുന്നു. നിന്നെ വന്ദിക്കുന്നവരുടെ ആവശ്യങ്ങൾ നീ മുടക്കരുതെ. ദൈവമേ, ബലഹീനരായ ഞങ്ങളുടെ സഹായത്തിന് നിന്നെ ഞങ്ങൾ വിളിക്കുന്നു. നല്ലവനേ, ഞങ്ങളുടെ അപേക്ഷയുടെ സ്വരം കേട്ടു കരുണയുണ്ടായി ഞങ്ങളുടെ യാചനകൾ നൽകണമെ. ആമ്മീൻ.

## പാഠം 9—10

### മാർ അപ്രേമിന്റെ ബോവൂസാ

കർത്താവേ, കൃപ ചെയ്യണമെ
കൈക്കൊണ്ടടിയാരുടെ കർമ്മം
പൊറുതി അയച്ചരുളണമെ നി
ന്നറിയിന്നാലിവുമനുഗ്രഹവും.

നിദ്രവെടിഞ്ഞിട്ടുണർവോട്ട ഞാൻ
നിൻ മുൻ നിൽക്കാറാകണമെ
വീണ്ടുമുറങ്ങിലതിൽ പാപം
തീണ്ടുകയും ചെയ്യരുതെ ഞാൻ.

www.malankaralibrary.com

അക്രമമുണർവ്വിൽ ചെയ്യാതെ
കാക്കണമെ നാഥാ കൃപയാൽ
നിദ്രയിൽ ഞാൻ പാപം ചെയ്കിൽ
നിൻകൃപ മോചനമരുളണമെ.

എളിമയെഴും നിൻ കുരിശിനെയോ-
ർത്തുകൊണ്ടമടിയനു സ്വപനിദ്ര
മായാരൂപക്കാഴ്ചകളിൽ
പായാതെന്നെ രക്ഷിക്ക.

സ്വച്ഛന്ദമുറങ്ങുന്നോരാം
ദുശ്ചിന്തകൾ ദുഷ്ടന്മാരും
എന്നെ വന്നു ഭരിക്കായ്‌വാൻ
ഈ രാവിൽ കാക്കണമെന്നെ.

എൻദേഹമശേഷം കാപ്പാ-
നേകുക വെളിവിൻ ദൂതനെ നീ
നിൻമെയ് ഞാൻ ഭക്ഷിച്ചതിനാൽ
ദുർമ്മോഹേ വീഴരുതെ ഞാൻ.

ആശ്വാസത്തോടുറങ്ങുമെനി-
ക്കാവുക നിൻരക്തം കാവൽ
ഈ നിൻ സദൃശ്യമതാം സൃഷ്ടി-
ക്കേകണമെ നീ സ്വാതന്ത്ര്യം.

നിൻ കൈവേലയതാം മെയ്മേൽ
നിന്റെ വചനെ മേവണമെ
പരിപാല്യെപ്പോഴും കാക്കുക നിൻ
കരുണക്കോട്ട വളർത്തെന്നെ.

മെയ്യിലുറങ്ങുമ്പോൾ കാവൽ
ചെയ്യണമെ നിന്നുടെ ശക്തി

www.malankaralibrary.com

ഏൽക്കണമെ നൽധൂപം പോ-
ലെൻറയുറക്കം തിരുമുമ്പിൽ.

നിൻമാതൃപ്രാൎത്ഥനയാലെൻ
ശത്രുക്കണയരുതെ ദുഷ്ടൻ
എന്നെ ഹിംസിക്കായ്‌വാൻ നിൻ
ബലി സാത്താനെ വിലക്കണമെ.

നിൻ വാക്കെന്നിൽ നിവൎത്തിക്ക
നിൻ കുരിശെന്നയിർ കാത്തിടുക
എന്നെ താങ്ങിയ നിന്നാൻപാൽ
നിന്നൊന്നുണർവിൽ സ്തുതിചെയ്‌വാൻ.

നിന്നിഷ്ടം കേട്ടതിനെ ഞാൻ
അനുവൎത്തിപ്പാൻ കൎത്താവേ,
നീതിയെഴുന്നൊരു രാവുമെനി-
ക്കാകെണമെ നൽ സന്ധ്യയതും.

വെളിവാം മിശിഹാ രക്ഷക നീ
വെളിവിൽ തന്നെ നിൻവാസം
വെളിവിൻ പുത്രന്മാർ നിന്നെ-
ത്തന്നെ വന്ദിച്ചീടുന്നു.

വെളിവിൽ വസിക്കുന്നുലകത്തിൻ
രക്ഷകനാമീശോ സ്തോത്രം
ഇഹപരലോകങ്ങളിൽ നിൻെറ
കൃപ ഞങ്ങളിലുണ്ടാകണമെ.

സ്തോത്രം സ്തോത്രം കൎത്താവേ,
സ്തോത്രമതായിരമായിരമായ്
അനവധിയായ് സ്തോത്രം നാഥാ,
കൃപ വേണം ഞങ്ങളിലെന്നും.

www.malankaralibrary.com

സ്തോത്രം മാലാഖകൾ ശുശ്രൂ-
ഷിച്ചീറയർ വന്ദിപ്പവനേ
പ്രാർത്ഥന കേൾക്കീറയരുടെയും
മാലാഖകളുടെയും നാഥാ.

ത്രിത്വൈകത്വവുമേകത്വ
ത്രിത്വവുമായി സ്ഥിതി ചെയ്യും
പിതൃസുതശുദ്ധാത്മാത്മകനാം
സത്യൈകപരനായ് സ്തോത്രം.

*ബലഹീനജനപ്രാർത്ഥനയെ
കേൾപ്പവനും കാഴ്ചകൾപോലെ
അനുതാപം പൂണ്ടവർ കണ്ണീർ
കൈക്കൊള്ളുന്നവനും സ്തോത്രം.

ഈറയർ ശുശ്രൂഷിപ്പവനെ
മാലാഖകൾ വാഴ്ത്തുന്നവനെ
വൃക്ഷദലത്തിൻ സംഖ്യയിൽ മൺ
മയർ നിന്നെ സ്തുതി ചെയ്യുന്നു.

പിതൃസുതശുദ്ധാത്മാത്മകനാം
സത്യൈക പരനായ് സ്തോത്രം
ചെയ്തീടേണം നാം സത്യ
ജ്ഞാനവിവേകത്തൊടുകൂടി.

മൃതികരവിഷമാം പൊൻവെള്ളി-
ധനമഭ്യോ നേടരുതെ നീ
തേടുക സുഖകരമുപദേശം
നിന്നെ നാഥൻ സ്നേഹിപ്പാൻ.

---

* ഇതുമുതൽ അവസാനത്തെ ഖണ്ഡം ഒഴിച്ചുള്ള ഭാഗങ്ങൾ വലിയ നോമ്പിലും മൂന്നുനോമ്പിലും ചൊല്ലിയാൽ മതി.

www.malankaralibrary.com

നാല്പതു നോമ്പതു നോക്കുക നീ
തീറുക തീനില്ലാത്തവരെ
ഈശോയ് സുതനൊപ്പം നീ
പ്രാർത്ഥിക്കുക ദിനമേറ്റം.

നാല്പതു നാളിന്നുപവാസം
മൂശകഴിച്ചേലിയാവും
നാഥൻ ശത്രുവിനെ വെന്നു
നാല്പതു നാളുപവാസത്താൽ.

കടൽ കുഴിയഗ്നിച്ചൂളകളിൽ
നിന്നു കരേറിയ പ്രാർത്ഥനകൾ
അടിയാരുടെ പ്രാർത്ഥനകൾക്കും
കൃപയാം വാതിൽ തുറക്കണമെ.

പ്രാർത്ഥന കേട്ടീടുന്നാവനേ,
യാചന നൽകീടുന്നാവനേ,
പ്രാർത്ഥന കേട്ടു നിറപ്പായി
കൃപയാൽ യാചന നൽകണമെ.

കുറിയേലായിസ്സോൻ......കുറി...........കുറി.

## രാത്രിപ്രതിഷ്ഠ

പരിശുദ്ധനായ ബാവാതമ്പുരാനേ, നിന്റെ പരിശുദ്ധ തിരുനാമത്താൽ ഞങ്ങളെ കാത്തുകൊള്ളണമെ. രക്ഷിതാവായ പുത്രൻ തമ്പുരാനേ, നിന്റെ ജയമുള്ള സ്ലീബായാൽ ഞങ്ങളെ മറച്ചുകൊള്ളണമെ. പരിശുദ്ധനായ റൂഹാതമ്പുരാനേ, ഞങ്ങളെ നിന്റെ അധിവാസത്തിന്നു ഭവനങ്ങളാക്കിത്തീർക്കണമെ. ഞങ്ങളുടെ ദൈവമായ കർത്താവേ, എല്ലാ സമയത്തും നിന്റെ ദൈവത്വത്തിന്റെ ചിറകുകളുടെ കീഴിൽ ഞങ്ങളെ മറച്ചുകൊള്ളണമെ. ആമ്മീൻ.

www.malankaralibrary.com

# മൂന്നാംഭാഗം

# പഴയനിയമകഥകൾ

## പാഠം 1

## യൗസേപ്പിനെ വിററതു്

(ഉല്പ: 37: 4—36)

ഒരിക്കൽ യൗസേപ്പ് ഒരു സ്വപ്നം കണ്ടു. താനും സഹോദരന്മാരും വയലിൽ കററകെട്ടിക്കൊണ്ടിരുന്നപ്പോൾ സഹോദരന്മാരുടെ കററകൾ ചുററും നിന്നു തന്റെ കററയെ സാഷ്ടാംഗം വന്ദിച്ചു എന്നായിരുന്നു ആ സ്വപ്നം. ഈ വിവരം യൗസേപ്പു സഹോദരന്മാരോടു പറഞ്ഞു; അവക്കു അതു നീരസമായി. "നീ ഞങ്ങളുടെ രാജാവാകുമോ?" എന്നു അവർ ചോദിച്ചു. അന്നുമുതൽ അവക്കു യൗസേപ്പിനോടു വൈരസ്യം തുടങ്ങി. വീണ്ടും യൗസേപ്പ് വേറൊരു സ്വപ്നംകൂടി കണ്ടു. സൂര്യചന്ദ്രന്മാരും[1] പതിനൊന്നു നക്ഷത്രങ്ങളും യൗസേപ്പിനെ കുമ്പിട്ടു നില്ക്കുന്നതായിട്ടായിരുന്നു ആ സ്വപ്നം. ഇതു കേട്ടപ്പോൾ അദ്ദേഹത്തിന്റെ അപ്പൻ "ഞാനും, നിന്റെ അമ്മയും സഹോദരന്മാരും സാഷ്ടാംഗം വീണു നിന്നെ വന്ദിക്കുമോ?" എന്നു ചോദിച്ച് അദ്ദേഹത്തെ ശാസിച്ചു. യാക്കോബ് യൗസേപ്പിനെ അധികം സ്നേഹിച്ചിരുന്നതുകൊണ്ടും, പ്രസ്തുത സ്വപ്നങ്ങൾ നിമിത്തവും സ്വസഹോദരന്മാക്കു യൗസേപ്പിനോടുള്ള അസൂയ ദിനംപ്രതി വർദ്ധിച്ചു. ഏതുവിധം അദ്ദേഹത്തെ അപായപ്പെടുത്തേണ്ടു എന്നുപോലും അവർ ആലോചിക്കാതിരുന്നില്ല[2].

ഒരിക്കൽ യൗസേപ്പിന്റെ സഹോദരന്മാർ ആടുമേയിക്കുവാൻ വിദൂരമായ ശേഖേം വനാന്തരത്തിൽ പോയിരുന്നു. അവരുടെ സുഖസ്ഥിതി അറിഞ്ഞുവരുന്നതിനു യാക്കോബ് യൗസേ

www.malankaralibrary.com

പ്പിനെ അയച്ചു3. യൗസേപ്പ് ഹെബ്രോന്റെ താഴ്‌വരയിൽ നിന്നു് നടന്നു യറുശലേമിനു 35 മൈൽ വടക്കുള്ള ശേഖേം എന്ന സ്ഥലത്തെത്തി. അവരെ അവിടെ കാണായ്കയാൽ 15 മൈൽകൂടെ നടന്നു "ദോഥാൻ" എന്ന സ്ഥലത്തുചെന്നു. അവിടം ധാരാളം നീരുറവകളും കുറിക്കാടുകളും ഉള്ള പ്രദേശമായിരുന്നു. അവിടെവച്ചു യൗസേപ്പ് സഹോദരന്മാരെ കണ്ടു4. യൗസേപ്പിനെക്കണ്ടപ്പോൾ അവരുടെ വൈരാഗ്യം വർദ്ധിച്ചു, അദ്ദേഹത്തെ കൊന്നുകളയുവാൻ ഇതുതന്നെതരം എന്നു അവർ ഉറച്ചു5. രൂബൻമാത്രം അതിനു അത്ര അനുകൂലിച്ചില്ല. അതിനാൽ അവർ യൗസേപ്പിനെ വെള്ളമില്ലാത്ത ഒരു പൊട്ടക്കിണററിൽ തള്ളിമറിച്ചിട്ടിട്ടു് ഭക്ഷണം കഴിക്കുവാൻ ഇരുന്നു. അപ്പോൾ മിദിയാനിൽനിന്നും കച്ചവടക്കാരായ ചില ഇഷ്‌മായേൽക്കാർ അവിടെ വന്നു. യഹൂദായും മററു സഹോദരന്മാരും കൂടി യൗസേപ്പിനെ കിണററിൽനിന്നും കയററി ഇരുപതു വെള്ളിക്കാശിനു ഇഷ്‌മായേൽക്കാർക്കു വിററു6. അവർ യൗസേപ്പിനെ മിസ്രയിമിലേയ്ക്കു കൊണ്ടുപോയി.

അപ്പൻ വാത്സല്യപൂർവ്വം യൗസേപ്പിനു കൊടുത്തിരുന്ന പല നിറമുള്ള അങ്കി സഹോദരന്മാർ കൈക്കലാക്കി, ഒരാട്ടിൻകുട്ടിയെ കൊന്നു് അതിന്റെ രക്തത്തിൽ ഉടുപ്പു മുക്കി പിതാവിനെ കാണിപ്പാൻ വീട്ടിൽ കൊടുത്തയച്ചു. "ഈ ഉടുപ്പു ഞങ്ങൾക്കു കിട്ടി. യൗസേപ്പിന്റേതാണോ അല്ലയോ എന്നു നോക്കുക" എന്നു പറഞ്ഞയച്ചു. യാക്കോബു് അങ്കി വാങ്ങി നോക്കിയപ്പോൾ തന്റെ മകന്റേതാണെന്നറിഞ്ഞു. "വല്ല കാട്ടുമൃഗങ്ങളും അവനെ പിടിച്ചു ഭക്ഷിച്ചിരിക്കാം" എന്നു പറഞ്ഞു തന്റെ വസ്ത്രം പിടിച്ചു കീറി, ചാക്കുശീല ധരിച്ചു, വളരെ നാളത്തേയ്ക്കു മകനെപ്പററി വിലപിച്ചു.

---

1. യൗസേപ്പിന്റെ സ്വപ്നത്തിൽ ചന്ദ്രൻ എന്നു പറയുന്നതു് യൗസേപ്പിന്റെ അമ്മയായ റാഹേലിനെ പററിയല്ല. യാക്കോബു് പാദാനിൽനിന്നു കനാൻദേശത്തു വന്നെത്തുന്നതിനുമുമ്പു് റാഹേൽ മരിച്ചുപോ

www.malankaralibrary.com

യല്ലോ. (35:19) റാഹേൽ യൗസേപ്പിനെ ഒരിക്കലും വണങ്ങീട്ടില്ല. റാഹേലിന്റെ ദാസിയും യൗസേപ്പിന്റെ വളർത്തമ്മയുമായ ബിൽഹായെ പ്പറ്റിയാണ് ഇവിടെ "ചന്ദ്രനും വണങ്ങി" എന്നു പറഞ്ഞിരിക്കുന്നത്.

2. സഹോദരന്മാർക്കു യൗസേപ്പിന്റെ നേരേ ആദ്യം അല്പമായ അസൂയതോന്നി. അതു വളർന്നുവന്നിട്ടു യൗസേപ്പിന്റെ നേരെ കഠിനപ്രവൃത്തികൾ ചെയ്യുവാൻ ഇടയായി. ആരംഭത്തിൽതന്നെ അസൂയാബുദ്ധിയെ ഇല്ലാതാക്കണം.

3. യൗസേപ്പ് മാതാപിതാക്കന്മാരെ അനുസരിക്കുന്നവനായിരുന്നു. അതിനാലത്രേ പിതൃശാസനമനുസരിച്ച് സഹോദരന്മാരുടെ സുഖസ്ഥിതി അറിവാൻ ഇത്ര വളരെ ദൂരം നടന്നുപോയത്.

4. സഹോദരന്മാർ അസൂയാലുക്കളായിരുന്നു എങ്കിലും അവരുടെ സുഖസ്ഥിതി അറിഞ്ഞു വരുവാൻ യൗസേപ്പ് വളരെദൂരം കഷ്ടപ്പെട്ടു യാത്രചെയ്തു. നാം നമ്മുടെ ശത്രുക്കളെപ്പോലും സ്നേഹിക്കണം.

5. സഹോദരവിദ്വേഷം എത്രയും ചീത്തയാണ്. സഹോദരസ്നേഹം ദൈവത്തിനു പ്രിയമുള്ളതാകുന്നു.

6. യൗസേപ്പിനെ വിറ്റത് ക്രിസ്തുവിനെ യൂദാ സ്കറിയോത്താ മറി കൊടുക്കുവാനിരുന്നതിനു മുൻകുറി ആയിരുന്നു.

## പാഠം 2

# യൗസേപ്പിന്റെ കാരാഗൃഹവാസം

(ഉല്പ: 41 1—57)

ഇഷ്മായേല്യർ യൗസേപ്പിനെ മിസ്രയിം (ഈജിപ്റ്റ്) രാജാവിന്റെ അകമ്പടിനായകനായ പോത്തീഫറിനു വിലയ്ക്കു വിറ്റു. യൗസേപ്പ് സമർത്ഥനാണെന്നു കണ്ടപ്പോൾ പോത്തീഫർ അദ്ദേഹത്തെ തന്റെ സർവാധികാരിയാക്കി. സുമുഖനായ യൗസേപ്പിൽ പോത്തീഫറിന്റെ ഭാര്യ അനുരക്തയായി. പക്ഷേ ദൈവഭക്തനായ യൗസേപ്പിന്റെ അടുക്കൽ അവളുടെ പ്രണയാഭ്യർത്ഥനകൾ വ്യർത്ഥമായിപ്പോയി[1]. ആകയാൽ ഭഗ്നാശയായിത്തീർന്ന് അവൾ യൗസേപ്പ് തന്നെ അപമാനിക്കാൻ വന്നു എന്നു സ്വഭർത്താവിനോടു അപവാദം പറഞ്ഞു. പതിയുടെ പാതി

www.malankaralibrary.com

വ്യഭിചാരത്തിന്നു യൗസേപ്പ് ഒരുമ്പെട്ടു എന്നു കേട്ട ക്ഷണത്തിൽ കോപാന്ധനായിത്തീൎന്ന പോത്തീഫർ യൗസേപ്പിനെ കരാഗൃഹത്തിൽ അടച്ചു.

ആ കാരാഗൃഹത്തിൽ തടവുപുള്ളികളായി വേറെ രണ്ടുപേർ കൂടെ ഉണ്ടായിരുന്നു. അതിൽ ഒരാൾ ഫറവോൻ രാജാവിന്റെ പാനപാത്രവാഹകനും മറെറയാൾ അപ്പക്കാരനുമായിരുന്നു. അവരുമായി യൗസേപ്പ് പരിചയപ്പെട്ടു. ഒരു ദിവസം യൗസേപ്പിന്റെ ഈ പരിചിതൎക്കു ഇരുവൎക്കും ഓരോ സ്വപ്നമുണ്ടായി. അവർ ആ വിവരം യൗസേപ്പിനെ അറിയിച്ചു.

"ഒരു മുന്തിരിവള്ളിക്കു മൂന്നു കൊമ്പുകൾ ഉണ്ടായിരുന്നു; അതിൽ നിറച്ചു മുന്തിരിപ്പഴം കായിച്ചിരുന്നു. അവൻ അതു പറിച്ചു പിഴിഞ്ഞു ഫറവോൻ രാജാവിനു കൊടുത്തു." ഇതായിരുന്നു പാനപാത്രവാഹകൻ കണ്ട സ്വപ്നം. ഇതു കേട്ടപ്പോൾ "നീ മൂന്നു ദിവസത്തിനുശേഷം പഴയ ജോലിയിൽ നിയമിക്കപ്പെടും എന്നാണു ഇതിന്റെ അൎത്ഥം. അന്നു നീ എന്നെയുംകൂടി ഓൎത്തുകൊള്ളണം." എന്നു യൗസേപ്പു പറഞ്ഞു. ഇതു കേട്ടപ്പോൾ അപ്പക്കാരനും അയാളുടെ സ്വപ്നത്തിന്റെ സാരം ഗ്രഹിക്കണമെന്ന് ആഗ്രഹമുണ്ടായി. അതിനാൽ അയാളും സ്വപ്നം യൗസേപ്പിനെ അറിയിച്ചു. "ഫറവോൻ രാജാവിനു വിളമ്പുവാൻ മൂന്നുകുട്ട അപ്പം അയാൾ വഹിച്ചിരുന്നു. എന്നാൽ പക്ഷികൾ വന്നു അതു തിന്നുകളഞ്ഞു" ഇതായിരുന്നു അയാളുടെ സ്വപ്നം. "മൂന്നുദിവസം കഴിഞ്ഞു നീ കൊല്ലപ്പെടുമെന്നാണ് ഇതിന്റെ അൎത്ഥം" എന്നു യൗസേപ്പു പറഞ്ഞു. അദ്ദേഹം പറഞ്ഞതുപോലെ ഇരുവൎക്കും സംഭവിച്ചു. ബന്ധനവിമുക്തനായി കൊട്ടാരത്തിൽ എത്തിയിട്ടും പാനപാത്രവാഹകൻ യൗസേപ്പിനെ സ്മരിച്ചില്ല.

രണ്ടു സംവത്സരങ്ങൾക്കുശേഷം ഫറവോൻരാജാവു ഒരു സ്വപ്നം കണ്ടു. അതിന്റെ അൎത്ഥം അറിയുവാൻ മന്ത്രവാദികളെയും വിദ്വാന്മാരെയും അദ്ദേഹം വരുത്തി. പക്ഷെ ശരിയായ

www.malankaralibrary.com

ഉത്തരം പറയുവാൻ അവക്കു കഴിഞ്ഞില്ല. അപ്പോൾ പാനപാത്രവാഹകൻ യൗസേപ്പിന്റെ കാര്യം ഓൎത്തു3. അദ്ദേഹത്തെക്കുറിച്ചുള്ള വൎത്തമാനമെല്ലാം അവൻ രാജാവിനെ ഉണൎത്തിച്ചു. അപ്പോൾ രാജാവു് യൗസേപ്പിനെ കാരാഗൃഹത്തിൽനിന്നു് വരുത്തി സ്വപ്നവിവരം ധരിപ്പിച്ചു. കാഴ്ചയ്ക്കു ഭംഗിയും കൊഴുപ്പുമുള്ള ഏഴു തടിച്ച പശുക്കളും, വിരൂപവും ശുഷ്കവുമായ ഏഴു പശുക്കളും നദിയിൽനിന്നു കയറി മേഞ്ഞുകൊണ്ടിരുന്നു. അപ്പോൾ ആ മെലിഞ്ഞ പശുക്കൾ തടിച്ചവയെ വിഴുങ്ങിക്കളഞ്ഞു. അതുപോലെതന്നെ പുഷ്ടിയുള്ളതും മുഴുപ്പുമുള്ള മണികളോടുകൂടിയതുമായ ഏഴു് കതിരുകളും, പുഷ്ടിയില്ലാത്തതും പതിരായതുമായ ഏഴു് കതിരുകളും ഒരു തണ്ടിൽ മുളയ്ക്കുകയും, പതിരുള്ള കതിരുകൾ മണിയുള്ള കതിരുകളെ വിഴുങ്ങിക്കളകയും ചെയ്തു." ഇതായിരുന്നു സ്വപ്നം4.

"രാജ്യത്തു് ഏഴുവൎഷം സുഭിക്ഷതയും അതിനെത്തുടൎന്നു് ഏഴു വർഷം ക്ഷാമവുമായിരിക്കും,എന്നാണു് ഇതിന്റെ അൎത്ഥം" എന്നു് യൗസേപ്പു പറഞ്ഞു. ഇതു കേട്ടു് സംതൃപ്തനായ രാജാവു് ക്ഷാമനിവാരണമാൎഗ്ഗങ്ങൾ ഉണ്ടാക്കുവാനായി യൗസേപ്പിനെ തന്റെ പ്രധാനമന്ത്രിയായി നിയമിച്ചു5. തിരുവാഴി ഊരി യൗസേപ്പിന്റെ വിരലിലിട്ടിട്ടു് വെള്ളപ്പട്ടു ധരിപ്പിക്കുകയും സ്വർണ്ണമാല അണിയിക്കുകയും യൗസേപ്പിനെ രാജാവിന്റെ രണ്ടാം രഥത്തിലിരുത്തുകയും ചെയ്തു. അപ്പോൾ യൗസേപ്പിനു 30 വയസ്സായിരുന്നു.

യൗസേപ്പു് അസേനാത്തു് എന്നൊരു സ്ത്രീയെ വിവാഹം കഴിച്ചു. അദ്ദേഹത്തിനു മനശ്ശെ എന്നും എഫ്രേം എന്നും രണ്ടു പുത്രന്മാർ ജാതരായി. ക്ഷാമകാലം വന്നപ്പോൾ ജനങ്ങൾ ധാന്യത്തിനായി ഫറവോൻ രാജാവിന്റെ അടുക്കൽ വന്നു. അപ്പോൾ രാജാവു് "നിങ്ങൾ യൗസേപ്പിന്റെ അടുക്കൽ ചെല്ലുവിൻ. യൗസേപ്പു പറയുന്നതുപോലെ ചെയ്യുവിൻ" എന്നു പറഞ്ഞു് എല്ലാവരേയും അദ്ദേഹത്തിന്റെ അടുക്കലേക്കയച്ചു.

www.malankaralibrary.com

1. യൗസേപ്പ് ദൈവത്തെ ഭയന്നു പാപത്തോടെതിൎത്തു, അതിൽ വീഴാതെ നിന്നു. അതിനാൽ ദൈവം വളരെ പ്രസാദിച്ചു. ഭക്തന്മാരിൽ ദൈവം പ്രസാദിയ്ക്കുന്നു. അവരുടെ പ്രാൎത്ഥന ദൈവം കേൾക്കും.

2. യൗസേപ്പിനെപ്പററി വ്യാജം കേട്ടയുടൻ അദ്ദേഹത്തെ തടവിലിട്ടതു തെററാണ്. അന്വേഷിച്ചു യഥാൎത്ഥം അറിഞ്ഞതിനുശേഷം പ്രവൎത്തിക്കേണ്ടതായിരുന്നു.

3. എത്രയോ പേർ അവരുടെ ഉപകാരികളായിരുന്നവരെ എന്നേയ്ക്കുമായി മറന്നുകളയുന്നു. പാനപാത്രവാഹകൻ യൗസേപ്പിനെ രണ്ടുവർഷത്തേയ്ക്കു മറന്നുകളഞ്ഞു, നമുക്ക് ഉപകാരികളായിരുന്ന പരേതരെ നാം മറക്കുന്നതു കഷ്ടമാണ്. അവൎക്കുവേണ്ടി നാം പ്രാൎത്ഥിക്കയും വിശുദ്ധ കുർബാന ചൊല്ലിക്കയും വേണം.

4. മിസ്രയിമിന്റെ ഐശ്വൎയ്യം ഗോതമ്പും, പശുക്കളുമായിരുന്നു. വൃഷ്ടിയേറിയ സ്ഥലം നീലനദീതടവുമായിരുന്നു. അതിനാലത്രെ നീലനദീതീരത്തിലുള്ള ഗോതമ്പുകതിരുകളെക്കുറിച്ചും പശുക്കളെക്കുറിച്ചും ദർശനം കണ്ടതു്.

5. ദൈവം തന്റെ ഭക്തന്മാരെ ഒരിക്കലും കൈവിടുകയില്ല. യൗസേപ്പ്, രാജാവിന്റെ മന്ത്രിയായിത്തീൎന്നല്ലോ.

പാഠം 3

# യൗസേപ്പിന്റെ സഹോദരന്മാരുടെ ആഗമനം

(ഉല്പ. 42,1—43,34)

യാക്കോബും പുത്രന്മാരും കനാൻനാട്ടിൽ താമസിച്ചിരുന്നു. അവിടെയും ക്ഷാമം ബാധിച്ചു. അപ്പോൾ ഗോതമ്പില്ലാതെ അവരും വിഷമിച്ചു. ആകയാൽ യാക്കോബ് തന്റെ പ്രിയപുത്രനായ ബെന്യാമിനെ ഒഴിച്ച് മററുള്ളവരെയെല്ലാം വിളിച്ച് ധാന്യം വാങ്ങുവാൻ മിസ്രയിമിലേക്ക് അയച്ചു. അവർ മിസ്രയിമിൽ ചെന്നപ്പോൾ അവിടത്തെ ഭരണാധികാരി

www.malankaralibrary.com

യായിരുന്നതു് യൗസേപ്പായിരുന്നു1. എന്നാൽ അദ്ദേഹം അവരുടെ സഹോദരനാണെന്നു് അവർ തിരിച്ചറിഞ്ഞില്ല. അവർ യൗസേപ്പിനെ താണുവീണു തൊഴുതു് തങ്ങൾ വന്ന കാര്യം അറിയിച്ചു.

അപ്പോൾ അവർ തന്റെ സഹോദരന്മാരാണെന്നു യൗസേപ്പിനു മനസ്സിലായി. എങ്കിലും താൻ ആരാണെന്നു അവരെ അറിയിച്ചില്ല. യൗസേപ്പു് സഹോദരന്മാരെ പരിചയമുള്ള ഭാവംപോലും നടിച്ചില്ല. "നിങ്ങൾ ഒറ്റുകാരാണു്. ഞങ്ങളോടു് ശത്രുതയുള്ള രാജ്യത്തുനിന്നു വന്നിരിക്കുകയാണു്. അല്ലേ? "എന്നു് കോപഭാവത്തിൽ ചോദിച്ചു. "അയ്യോ! ഞങ്ങൾ ഒറ്റുകാരല്ല. ഞങ്ങളുടെ നാട്ടിൽ കഠിനമായ ക്ഷാമമാകയാൽ ഗോതമ്പു വാങ്ങുവാൻ വന്നവരാണു്. ഞങ്ങൾ പന്ത്രണ്ടു സഹോദരന്മാരായിരുന്നു. ഒരുവൻ ഇപ്പോൾ ഇല്ല. ഇളയവൻ പിതാവിന്റെ കൂടെ താമസിക്കുകയാണു്. ബാക്കിയുള്ള പത്തുപേരാണു് ഞങ്ങൾ" എന്നു പറഞ്ഞു. പക്ഷെ അതു യൗസേപ്പു് വിശ്വസിച്ച ഭാവമേ കാണിച്ചില്ല. ദ്വിഭാഷി മൂലമായിരുന്നു യൗസേപ്പു സഹോദരന്മാരോടു സംസാരിച്ചതു്.

അവരെ തടവിൽ പാർപ്പിച്ചു. മൂന്നു ദിവസം കഴിഞ്ഞപ്പോൾ ഇളയവനെ കൂട്ടിക്കൊണ്ടുവന്നു കാണിക്കണമെന്നും അതുവരെ ഒരുവൻ ഇവിടെ താമസിക്കട്ടെ എന്നും ഉള്ള തീരുമാനത്തിൽ അവരെ ഇറക്കിവിട്ടു. തദനന്തരം ശീമോൻ2 അവിടെ താമസിച്ചു. ഗോതമ്പു കൊടുത്തു ബാക്കിയുള്ളവരെ പറഞ്ഞയച്ചു. ഗോതമ്പു കെട്ടിയ ചാക്കുകളിൾ അവർ കൊടുത്ത വിലക്രടി രഹസ്യമായി ഇട്ടാണു കൊടുത്തയച്ചതു്. അവക്കു് ആവശ്യമുള്ള ഭക്ഷണവും കൊടുത്തയച്ചിരുന്നു. ഒരു വഴിയമ്പലത്തിൽ എത്തി അവരിൽ ഒരുവൻ ചാക്കഴിച്ചപ്പോൾ പണസഞ്ചി ഇരിക്കുന്നതു കണ്ടിട്ടു് "എന്റെ പണം തിരികെ കിട്ടിയിരിക്കുന്നു" എന്നു പറഞ്ഞു. അപ്പോൾ ഒരോരുത്തരും ചാക്കു അഴിച്ചുനോക്കി പണം ഇരിക്കുന്നതു കണ്ടിട്ടു് വല്ലാതെ പരിഭ്രമിച്ചു. അവർ

സ്വദേശത്തെത്തി യാക്കോബിനോടു വിവരം മുഴുവനും പറഞ്ഞു. എല്ലാവരും വളരെ പരിഭ്രമിച്ചു[1].

നാളുകൾ കുറേ കഴിഞ്ഞപ്പോൾ ഗോതമ്പു മുഴുവനും തീർന്നു. ക്ഷാമബാധ വീണ്ടും വന്നുനിന്നു. മിസ്രയിമിൽപോയി ധാന്യം കൊണ്ടുവരണമെന്നു യാക്കോബു സ്വപുത്രന്മാരോടു പറഞ്ഞു. ബന്യാമിനെക്കൂടെ അയയ്ക്കാതെ തങ്ങൾ പോകയില്ലെന്ന് അവർ ശാഠ്യമായി. യൗസേപ്പിനെപ്പോലെ തന്റെ വത്സലനായ ബന്യാമിനും അപകടം പറ്റിയേക്കുമോ എന്ന് യാക്കോബു സംശയിച്ചു. അപകടം കൂടാതെ ബന്യാമിനെ തിരികെ കൊണ്ടുവരാമെന്ന് യഹൂദാ ഏറ്റുമാറു. അങ്ങിനെയെങ്കിൽ കുറേ സുഗന്ധപശ, തേൻ മുതലായ വിശേഷസാധനങ്ങളും ചാക്കിന്റെ വായ്ക്കൽ മടങ്ങിവന്ന ദ്രവ്യവും എടുത്തു ബന്യാമിനെയും കൂട്ടി കൊണ്ടുപോകുവിൻ. പക്ഷെ അദ്ദേഹം നിങ്ങളോടു ദയ കാണിച്ചേക്കാം എന്ന് യാക്കോബ് പറഞ്ഞു. സഹോദരന്മാർ എല്ലാവരും ബന്യാമിനോടുംകൂടെ യാത്രചെയ്ത് മിസ്രയിമിൽ എത്തി. യൗസേപ്പിന്റെ ഭൃത്യനെക്കണ്ടു പണം തിരികെ വാങ്ങണമെന്നു അവർ ആവശ്യപ്പെട്ടു. 'അതു ദൈവം നിങ്ങൾക്കു തന്നതാണ്' എന്നു കാര്യസ്ഥൻ മറുപടി പറഞ്ഞുകൊണ്ട് ശീമോനെ പുറത്തുകൊണ്ടുവന്നു. എല്ലാ സഹോദരന്മാരുംകൂടി യൗസേപ്പിന്റെ അടുക്കൽ എത്തി. കാഴ്ചകൾ വച്ച് അദ്ദേഹത്തെ നമസ്കരിച്ചു. യൗസേപ്പ് സന്തോഷിച്ചു. "അപ്പനു സുഖംതന്നെയോ?" എന്നു ചോദിച്ചു. "സുഖംതന്നെ" എന്നു അവർ പറഞ്ഞു. തന്റെ സഹോദരനായ ബന്യാമിനെ കണ്ടപ്പോൾ സന്തോഷാധിക്യത്താൽ യൗസേപ്പ് മുറിയിൽക്കയറി വാതിൽ അടച്ച് കരഞ്ഞു. യൗസേപ്പും ബന്യാമീനും ഒരമ്മമക്കളാണല്ലോ. അനന്തരം യൗസേപ്പ് അവരുമായി ഒരുമിച്ചിരുന്ന് സന്തോഷഭക്ഷണം കഴിച്ചു. എങ്കിലും യൗസേപ്പിനെ അവർ തിരിച്ചറിഞ്ഞില്ല.

1. **സൽസ്വഭാവത്തിൽ സ്ഥിരതയും ദൈവവിശ്വാസത്തിൽ ഉറപ്പും ഉണ്ടോ എന്നു അറിവാനായി സത്തുക്കൾ പല പല ക്ലേശങ്ങൾക്കും**

www.malankaralibrary.com

വിധേയരാകേണ്ടി വരും. യൗസേപ്പ് അനുഭവിച്ച കഷ്ടതകളും അനുഗ്രഹത്തിന്റെ ഒടുവിൽ ഉണ്ടായ പദവിയും ഇതിനുദാഹരണമാകുന്നു.

2. ദ്വാദശ സഹോദരന്മാരിൽ പ്രായംകൊണ്ടു പ്രഥമനായ റൂബേൻ പണ്ടു യൗസേപ്പിനെ ഉപദ്രവിക്കുന്നതിൽ അനുകൂലിച്ചിരുന്നില്ല. പ്രായംകൊണ്ടു രണ്ടാമൻ ശെമവൂൻ ആയിരുന്നു. അ ദ്ദേഹംകൂടെ ചേർന്നതിനാലാണു മററു സഹോദരന്മാർ യൗസേപ്പിനെഉപദ്രവിക്കുവാൻ ഇടയായതു്. അതിനു പകരമായിട്ടത്രേ ശെമവൂൻ തടവിൽ കിടക്കേണ്ടിവന്നതു്. തിന്മചെയ്യുവനു പ്രതിഫലമായി തിന്മ താനേ വന്നുകൂടും.

3. നാം ഒരുത്തരോടും തിന്മ പ്രവർത്തിക്കരുതു്. എല്ലാവരെക്കൊണ്ടും നമുക്കു് ഉപകാരമുണ്ടു്. വിക്രയം ചെയ്യപ്പെട്ട യൗസേപ്പല്ലേ പിന്നീടു സഹോദരന്മാർക്കു ഉപകാരിയായിത്തീർന്നതു്.

4. യാക്കോബിന്റെ മക്കൾ എല്ലാവരും മിസ്രയിമിലേക്കു പോയപ്പോൾ യാക്കോബു് ഏകാകിയായിത്തീർന്നു. എന്നാൽ ദൈവത്തോടുള്ള പ്രാർത്ഥനയിൽ യാക്കോബു് ഏർപ്പെട്ടിരിക്കയും ദൈവസംസർഗ്ഗത്തിൽ ആശ്വാസം കണ്ടെത്തുകയും ചെയ്തു. ഇക്കാലത്തു് യാക്കോബിന്റെ പ്രധാനപ്രവൃത്തി സ്വന്തമക്കൾക്കുവേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥനയായിരുന്നു. ഏകാന്തതയിൽ പ്രവേശിച്ചു് പ്രാർത്ഥനയിലും തപസ്സിലും ഏർപ്പെട്ടു് ദൈവസംസർഗ്ഗത്തിൽ എപ്പോഴും ഇരിക്കുന്നതു് വാത്സല്യനാകുവാൻ ആഗ്രഹിക്കുന്ന ഒരുവനു് ഏററവും ആവശ്യമത്രെ.

5 യൗസേപ്പു് ക്രിസ്തുവിന്റെ ആറാം മാതൃകയാണു്. യൗസേപ്പു് സഹോദരന്മാരാൽ വില്ക്കപ്പെട്ടു. ക്രിസ്തുവും സ്വശിഷ്യനാൽ ഒററിക്കൊടുക്കപ്പെട്ടു. യൗസേപ്പിനെ സഹോദരന്മാർ വെറുത്തു. ക്രിസ്തുവിനെ യഹൂദന്മാരും വെറുത്തു. യൗസേപ്പു് രണ്ടു കുററക്കാരരോടുകൂടെ തടവിൽ കിടന്നു. ക്രിസ്തുവും രണ്ടു കള്ളന്മാരോടുകൂടി ക്രൂശിക്കപ്പെട്ടു. യൗസേപ്പിനോടുകൂടെ തടവിൽ കിടന്ന ഒരുവൻ രക്ഷപ്പെട്ടു. ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടവരിൽ വലത്തു ഭാഗത്തു ക്രൂശിക്കപ്പെട്ടയാളും രക്ഷ പ്രാപിച്ചു. യൗസേപ്പു് തടവിൽനിന്നു വിടുവിക്കപ്പെട്ടു. രാജാവിന്റെ അടുത്ത സ്ഥാനിയായി. ക്രിസ്തുവും മരിച്ചവരിൽനിന്നും മൂന്നാംനാൾ ഉയിർത്തു ദൈവത്തിന്റെ വലത്തു ഭാഗത്തിരിക്കുന്നു. യൗസേപ്പു് ലോകത്തെ ക്ഷാമത്തിൽനിന്നും രക്ഷിച്ചു. ക്രിസ്തു നമ്മുടെ ആത്മാവിനെ പാപത്തിൽനിന്നും രക്ഷിക്കുന്നു. യൗസേപ്പിന്റെ അടുക്കൽ എല്ലാവരും മുട്ടുകുത്തി. ക്രിസ്തുവിന്റെ അടുക്കലും എല്ലാവരും മുട്ടുകുത്തുന്നു.

www.malankaralibrary.com

## പാഠം 4

# ഇസ്രായേൽക്കാരുടെ മിസ്രയിം സമാഗമം

(ഉല്പ. 44, 1—50, 14)

യൗസേപ്പിന്റെ സഹോദരന്മാർ ഗോതമ്പു വാങ്ങിക്കൊണ്ടു മടങ്ങിപ്പോയി. മുമ്പിലത്തെപ്പോലെ ഗോതമ്പു ചാക്കു് കെട്ടിയപ്പോൾ അവർ അതിനു കൊടുത്ത വിലകൂടി അതിലിട്ടു കെട്ടിയിരുന്നു. ബന്യാമിന്റെ ചാക്കിൽ യൗസേപ്പിന്റെ വെള്ളിപ്പാത്രം കൂടി വിശേഷാൽ ഇട്ടിട്ടുണ്ടായിരുന്നു. ഗോതമ്പു ചുമന്നുകൊണ്ടു് അവർ പട്ടണത്തിനു പുറത്തായപ്പോൾ യൗസേപ്പിന്റെ ഭവനാധികാരി അതിവേഗം പാഞ്ഞുചെന്നു് "നില്ക്കണം യൗസേപ്പിന്റെ വെള്ളിപ്പാത്രം മോഷ്ടിച്ചുകൊണ്ടുപോന്നവരാരാണു്? എന്നു ചോദിച്ചു. സഹോദരന്മാർ വിഷമിച്ചു. ഭവനാധികാരി എല്ലാവരുടെയും ചാക്കു പരിശോധിച്ചു. ബന്യാമിന്റെ ചാക്കിൽ വെള്ളിപ്പാത്രം കണ്ടു.

അവരെല്ലാവരും അന്ധാളിച്ചു തിരിച്ചുവന്നു. താണുവീണു യൗസേപ്പിനെ കുമ്പിട്ടു. അപ്പോൾ യൗസേപ്പു് "എന്റെ വെള്ളിപ്പാത്രം മോഷ്ടിച്ചവൻ ഇവിടെ താമസിക്കണം" എന്നു പറഞ്ഞു[1]. "ഇവനെക്കൂടാതെ ഞങ്ങൾ മടങ്ങിച്ചെന്നാൽ വയോവൃദ്ധനായ പിതാവു പുത്രവിരഹദുഃഖത്താൽ മരിക്കും. അതിനാൽ ദയവായി അവനെ വിട്ടയയ്ക്കുക. പകരം ഞാൻ അങ്ങേയ്ക്കു അടിമയാകാം" എന്നു യഹൂദാ പറഞ്ഞു[2]. സഹോദരന്മാരുടെ ദുഃഖവും പരിഭ്രമവും മററും കണ്ടപ്പോൾ യൗസേപ്പിനു അടക്കുവാൻ വഹിയാത്ത ഖേദമുണ്ടായി. "നിങ്ങൾ അടുത്തുവരുവിൻ ഞാൻ നിങ്ങളുടെ സഹോദരനായ യൗസേപ്പാണു്" എന്നു പറഞ്ഞു അദ്ദേഹം അവരെ എല്ലാപേരെയും ആശ്ലേഷിച്ചു കരഞ്ഞു. "ഞാൻ ഇവിടത്തെ മന്ത്രിയായി ഇന്നും ജീവിച്ചിരിക്കുന്നു എന്ന വിവരം നിങ്ങൾ വീട്ടിൽ ചെന്നു പിതാവിനോടു പറഞ്ഞശേഷം വീട്ടിലുള്ള എല്ലാവരെയും

www.malankaralibrary.com

ഇവിടെ കൂട്ടിക്കൊണ്ടു വരുവിൻ" എന്നു പറഞ്ഞു് യാക്കോബി ൻെറ യാത്രക്കായി രഥങ്ങളും മറ്റും കൊടുത്തയച്ചു. സഹോദരന്മാക്കു അപ്പോഴുണ്ടായ വിസ്മയം പറഞ്ഞറിയിക്കാവതല്ല3.

അവർ ചെന്നു വിവരമെല്ലാം യാക്കോബിനെ അറിയിച്ചു. യാക്കോബു് അത്യധികം സന്തുഷ്ടനായി വീട്ടിലുള്ളവരെയെല്ലാം കൂട്ടിക്കൊണ്ടുചെല്ലുന്നതിനു രഥങ്ങൾകൂടെ അയച്ചിരിക്കുന്നതു കണ്ടപ്പോൾ യാക്കോബു് ആനന്ദസാഗരത്തിൽ അറിയാതെ ആണ്ടുപോയി. ഉടൻതന്നെ യാക്കോബു്, പുത്രന്മാരോടും ബന്ധുമിത്രാദികളോടുംകൂടി രഥത്തിൽ കയറി,മിസ്രയിമിലേയ്ക്കു യാത്ര തിരിച്ചു4. മിസ്രേമിൽ വന്ന ഇസ്രായേൽക്കാർ ആകെ 70 പേർ ആയിരുന്നു.

മിസ്രയിമിൽ എത്തിയപ്പോൾ യഹൂദാ മുമ്പെ ഇറങ്ങി നടന്നു. പിതാവു വരുന്ന വിവരം യൗസേപ്പിനെ ധരിപ്പിച്ചു. അദ്ദേഹം രഥത്തിൽ കയറിച്ചെന്നു പിതാവിനെ എതിരേററു. മരിച്ചുപോയതായി കരുതപ്പെട്ടിരുന്ന പുത്രനെ ഒരു നാടുവാഴിയായി കാണ്മാൻ സാധിച്ചതിൽ യാക്കോബും, ചിരവിരഹത്തിൽപെട്ടിരുന്ന പിതാവിനെ വീണ്ടും കാണ്മാൻ സാധിച്ചതിൽ യൗസേപ്പും, തമ്മിൽ കണ്ടപ്പോൾ പരസ്പരം കെട്ടിപ്പിടിച്ചു കരഞ്ഞു.

അനന്തരം യൗസേപ്പു് സ്വപിതാവിനെ രാജസന്നിധിയിൽ കൂട്ടിക്കൊണ്ടുപോയി രാജാവു് യാക്കോബിനെ യഥോചിതം സല്ക്കരിച്ചു, ബഹുമാനിച്ചു5. യാക്കോബു് രാജാവിനു മംഗളമാശംസിച്ചു രാജ്യത്തിൻെറ നല്ല ഭാഗമായ ഗോഷാൻ എന്ന സ്ഥലം രാജാവു് അവൎക്കായി തിരിച്ചുകൊടുത്തു. യൗസേപ്പിനെയും രണ്ടു പുത്രന്മാരേയും യാക്കോബു് അനുഗ്രഹിച്ചു. പതിനേഴു വൎഷം മിസ്രയിമിൽ താമസിച്ചശേഷം 147-ാമത്തെ വയസ്സിൽ യാക്കോബു് മരിച്ചു. മരണസമയം 12 പുത്രന്മാരിൽ ഓരോരുത്തരേയും വിളിച്ചു അദ്ദേഹം അനുഗ്രഹിച്ചു യാക്കോബിൻെറ മൃതശരീരം പുത്രന്മാർ കനാൻനാട്ടിൽകൊണ്ടുചെന്നു്, അബ്രഹാം, ഇസഹാക്കു, സാറ ആദിയായവരെ സംസ്കരിച്ച സ്ഥലത്തുതന്നെ സംസ്കരിച്ചു. അനന്തരം അവർ മിസ്രയിമിൽ വന്നു. ഫറവോൻ രാജാവു് അവൎക്കു കൊടുത്ത ഗോഷാൻദേശത്തു താമസിച്ചു.

www.malankaralibrary.com

1. സഹോദരന്മാർ തന്നെ വിററതുപോലെ ബന്യാമിനോടും വഞ്ചന കാണിക്കുമോ എന്നറിവാനായിരുന്നു ബന്യാമിനെ തടവിലാക്കണമെന്നും മററും യൗസേപ്പ് പറഞ്ഞത്.

2. പാപികൾ കഷ്ടത അനുഭവിപ്പാൻ ദൈവം ഇടയാക്കുന്നത് പ്രതികാരബുദ്ധികൊണ്ടല്ല. അവർ അനുതപിക്കുന്നതിനും മരണാനന്തരമുള്ള നിത്യശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതിനും വേണ്ടിയാകുന്നു.

3. തന്നെ വിലയ്ക്കു വിററ സഹോദരന്മാരെപ്പോലും യൗസേപ്പ് സ്നേഹിച്ചു. നമ്മോടു തിന്മ ചെയ്യുന്നവരെപ്പോലും നാം സ്നേഹിക്കണം.

4. യൗസേപ്പ് ജീവിച്ചിരിക്കുന്നു എന്നു യാക്കോബ് അതിനുമുമ്പ് അറിഞ്ഞിരുന്നു എങ്കിൽ എന്തുകൊടുത്തും അദ്ദേഹത്തെ കാരാഗ്രഹത്തിൽനിന്നു മോചിപ്പിച്ചുകൊണ്ടുപോകുമായിരുന്നു അങ്ങനെ സംഭവിച്ചിരുന്നു എങ്കിൽ ക്ഷാമം കൊണ്ടു എല്ലാവരും നശിക്കുമായിരുന്നു. എന്നാൽ അതിനൊന്നിനും ഇടയാകാതെ ദൈവം തിന്മയിൽ നിന്നു നന്മയെ ഉളവാക്കി.

5. ഫറവോൻ രാജാവ് യാക്കോബിൻെറ വാർദ്ധക്യത്തെ ബഹുമാനിച്ചു. നമ്മെക്കാൾ പ്രായമുള്ളവരെ നാമും ബഹുമാനിക്കണം.

## പാഠം 5

# മിസ്രയിമിലെ അടിമവാസം

(പുറ. 1, 1—22)

യാക്കോബു മിസ്രയിമിൽ വന്നിട്ട് 215 കൊല്ലം കഴിഞ്ഞു. കാലക്രമത്തിൽ ഇസ്രായേൽമക്കളുടെ സംഖ്യ വളരെ വർദ്ധിച്ചു. അബ്രഹാമിനോടു ദൈവം ചെയ്ത വാഗ്ദാനപ്രകാരം ആകാശത്തിലെ നക്ഷത്രങ്ങൾപോലെയും, കടൽക്കരയിലെ മണൽത്തരികൾപോലെയും അവർ പെരുകി. അന്നു മിസ്രയിം ഭരിച്ചിരുന്ന രാജാവ് ഒരു പുതിയ കുടുംബക്കാരനായിരുന്നു. ഇസ്രായേൽക്കാരുടെ ഈ ജനവർദ്ധനവ് മിസ്രയിം രാജാവിനു ഈർഷ്യയുണ്ടാക്കി. മന്ത്രിയായിരുന്ന യൗസേപ്പിനേപ്പററിയോ അദ്ദേഹത്തിൻെറ ഗുണഗണങ്ങളെക്കുറിച്ചോ ഈ രാജാവിന് അറിവുണ്ടായിരുന്നില്ല. മിസ്രയിംകാരെക്കാൾ വർദ്ധിച്ചിരുന്ന ഇസ്രാ

www.malankaralibrary.com

യേൽക്കാർ ശത്രുക്കളോടു ചേർന്നാൽ തങ്ങളുടെ ശക്തി ക്ഷയിക്കു
മെന്നു് അദ്ദേഹം ശങ്കിച്ചു. ആകയാൽ അവരെ സകലവിധ
ത്തിലും അദ്ദേഹം പീഡിപ്പിച്ചു.

അവരെ ഭരിക്കുന്നതിനു് നിഷ്ഠൂരന്മാരായ ഉദ്യോഗസ്ഥ
ന്മാരെ നിയമിച്ചു. അക്കാലത്തു് പിഥോം, റംസീസ് എന്നു്
രണ്ടു വലിയ സൗധങ്ങൾ രാജാവു പണിയിച്ചുകൊണ്ടിരുന്നു.
അതിനുവേണ്ട ഇഷ്ടികകൾ ചുടുവാൻ ഇസ്രായേൽക്കാരെ ഏൾപ്പെ
ടുത്തി. കൃഷി മുതലായ അദ്ധ്വാനമേറിയ പണികളെല്ലാം അവരെ
ക്കൊണ്ടു ചെയ്യിച്ചു. പക്ഷെ ഇതുകൊണ്ടൊന്നും ഇസ്രായേൽക്കാരു
ടെ വർദ്ധനവിനു ഒരു കുറവും ഉണ്ടായില്ല. അവർ പൂർവ്വാധികം
ഉന്മേഷവും, പരസ്പരസ്നേഹവും, ഉത്സാഹവും, ചൊടിയും ഉള്ള
അദ്ധ്വാനികളാകുകകൂടിച്ചെയ്തു1.

ആകയാൽ അവരുടെ സ്ത്രീകൾ പ്രസവിക്കുന്ന കുട്ടികളെ വ
ധിക്കണമെന്നു് രാജാവു് നിശ്ചയിച്ചു. അതിലേക്കു 'പൂയാ' 'ശ്രേ
പ്രാ' എന്ന രണ്ടു സൂതികർമ്മിണികളെ വരുത്തി ഇസ്രായേൽ
സ്ത്രീകൾ പ്രസവിക്കുന്ന ആൺകുട്ടികളെ കൊന്നുകളയണമെന്നു
രഹസ്യമായി ഏർപ്പാടു ചെയ്തു. പക്ഷേ മഹാപാതകമെന്നു കരു
തി അവർ അതു ചെയ്തില്ല. രാജാവു അവരോടു സമാധാനം
ചോദിച്ചു. എബ്രായസ്ത്രീകൾ മിസ്രയിംസ്ത്രീകളെപ്പോലെ അ
ല്ലെന്നും തങ്ങൾ ചെല്ലുംമുമ്പു അവർ പ്രസവിക്കുന്നു എന്നും മറുപ
ടി പറഞ്ഞു. ആകയാൽ എബ്രായസ്ത്രീകൾ പ്രസവിക്കുന്ന കുട്ടി
കളെ നദിയിലെറിഞ്ഞുകളയണമെന്നു രാജാവു ഒരു നിയമം
പ്രസിദ്ധപ്പെടുത്തി. ഇപ്രകാരം പലവിധത്തിലും അവർ പീഡി
പ്പിക്കപ്പെട്ടു2. എങ്കിലും അവരുടെ വർദ്ധനവിനും നന്മയ്ക്കും
ദൈവാൽ ഒരു കുറവും വരുത്തിയില്ല3.

---

1. പലവിധത്തിൽ ശത്രുക്കൾ നമ്മെ ഉപദ്രവിച്ചാലും ദൈവകൃപ
യുണ്ടെങ്കിൽ നമുക്കു ദോഷം വരികയില്ല. "മർദ്ദനം ഗുണവർദ്ധനം"
എന്ന ആപ്തവാക്യം ഇസ്രായേല്യരെ സംബന്ധിച്ചിടത്തോളം ശരിയായി
ഭവിച്ചു.

www.malankaralibrary.com

2. ഇസ്രായേൽക്കാരുടെ കുട്ടികളെ നദിയിൽ എറിയണമെന്നുള്ള കല്പന മിസ്രയിമിലെ ജനങ്ങൾപോലും ഇഷ്ടപ്പെട്ടില്ല. അതിനാൽ ആ കല്പന വേഗം പിൻവലിക്കപ്പെട്ടു എന്നാണു പറയപ്പെടുന്നതു്. എന്തെന്നാൽ ഇസ്രായേൽക്കാർ മിസ്രയിമിൽനിന്നു പുറപ്പെട്ടപ്പോൾ 20 വയസ്സിനു മേലുള്ള യോദ്ധാക്കന്മാർ ആറുലക്ഷംപേർ ഉണ്ടായിരുന്നുവല്ലോ.

3. ഇസ്രായേല്യരെ പരദേശത്തയച്ചു ദൈവം വളത്തിയതു് അവർക്കു അന്യോന്യം സ്നേഹവും അനുസരണവും ഉണ്ടാകുവാൻ വേണ്ടിയും, ആരാധനാസ്വാതന്ത്ര്യമില്ലാത്ത അടിമകളാക്കിയതു് അവർ മററുള്ളവരുടെ വിഗ്രഹാരാധന കണ്ടു പഠിക്കാതിരിക്കുന്നതിനുവേണ്ടിയും ആയിരുന്നു. ഇസ്രായേൽകാർക്കു അവരുടെ പിതാക്കന്മാരായ അബ്രഹാമിന്റെയും, ഇസഹാക്കിന്റെയും, യാക്കോബിന്റെയും ദൈവമായ—അതായതു സത്യൈകദൈവമായ—യഹോവാ മാത്രമേ ദൈവമായുണ്ടായിരുന്നുള്ളു.

## പാഠം 6

# മോശ

(പുറ. 2, 1 – 25)

അബ്രഹാം യൂഫ്രേററീസ് നദീതീരത്തുള്ള "ഊർ" എന്ന സ്ഥലം വിട്ടിട്ടു് നാനൂററിമുപ്പതു കൊല്ലം കഴിഞ്ഞിരിക്കുന്നു. മിസ്രയിമിൽ താമസിച്ചിരുന്ന ഇസ്രായേൽക്കാരിൽ ലേവിഗോത്രത്തിൽപ്പെട്ട ഒരാൾ ആ ഗോത്രത്തിൽനിന്നുതന്നെ ഒരു സ്ത്രീയെ വിവാഹം കഴിക്കുകയും അവൾ കോമളനായ ഒരു ആൺകുട്ടിയെ പ്രസവിക്കുകയും ചെയ്തു. രാജശാസനമനുസരിച്ചു് കുഞ്ഞിനെ നദിയിൽ എറിഞ്ഞുകളയാതെ അവൾ മൂന്നു മാസം സൂക്ഷിച്ചു[1]. അനന്തരം നിവൃത്തിയില്ല എന്നു കണ്ടിട്ടു്, ഒരു ഞാങ്ങണപ്പെട്ടി വാങ്ങി പെട്ടിയുടെ അകവും പുറവും പശ തേച്ചു് വെള്ളം കയറാത്ത വിധത്തിലാക്കി കുഞ്ഞിനെ അതിൽ കിടത്തി, ആററുതീരത്തു മണൽത്തിട്ടമേൽ വച്ചു.

കുഞ്ഞിനു എന്തു സംഭവിക്കുമെന്നറിവാനായി അതിന്റെ സഹോദരി നോക്കിനില്ക്കുമ്പോൾ ഫറവോൻ രാജാവിന്റെ

www.malankaralibrary.com

പുത്രി ദാസിമാരോടുകൂടി നദീതീരത്തു കുളിക്കുവാൻ വരികയും ഈ പെട്ടി കണ്ടെടുക്കുകയും ചെയ്തു. പെട്ടി തുറന്നു നോക്കിയപ്പോൾ സുന്ദരനായ ഒരു കുഞ്ഞിനെ കണ്ടു. അതു കരഞ്ഞപ്പോൾ രാജകുമാരിക്കു് അതിനോടു് അനുകമ്പ തോന്നി. "ഇതൊരു എബ്രായക്കുട്ടിയാണു്" എന്നു പറഞ്ഞു. കണ്ടുനിന്നിരുന്ന സ്ത്രീ —കുഞ്ഞിന്റെ സഹോദരി—കുഞ്ഞിനു മുല കൊടുക്കുവാൻ ഒരു എബ്രായക്കാരി സ്ത്രീയെ കൊണ്ടുവരാമെന്നു പറഞ്ഞു. രാജകുമാരിയുടെ അനുവാദപ്രകാരം അവൾ കുട്ടിയുടെ അമ്മയെത്തന്നെ കൂട്ടിക്കൊണ്ടു വന്നു.

"ഈ കുഞ്ഞിനെ എനിക്കായി വളർത്താമെങ്കിൽ ഞാൻ നിനക്കു ശമ്പളം തരാം" എന്നു രാജകുമാരി പറഞ്ഞതനുസരിച്ചു് അവൾ കുട്ടിയെ കൊണ്ടുപോയി വളർത്തി. ഏകദേശം പ്രായമായപ്പോൾ അവനെ രാജകുമാരിക്കു കൊടുത്തു. ആ കുട്ടിക്കു് വെള്ളത്തിൽനിന്നു് എടുക്കപ്പെട്ടവൻ എന്ന അർത്ഥത്തിൽ "മോശ" എന്നു പേരിട്ടു. മോശ ബുദ്ധിശക്തിയും കായബലവും ഉള്ളവനായിരുന്നു. അദ്ദേഹം കൊട്ടാരത്തിൽത്തന്നെ പാർത്തു രാജകീയസുഖങ്ങൾ അനുഭവിക്കുകയും അതോടുകൂടി രാജ്യതന്ത്രമഭ്യസിക്കുകയും ചെയ്തു. മോശ ഒരു ദിവസം എബ്രായക്കാരുടെ അടിമവേല കാണുവാൻ പോയി. അവിടെ ഒരു എബ്രായക്കാരനെ മിസ്രയിംകാരൻ അടിക്കുന്നതു കണ്ടു്, മോശ മിസ്രയിംകാരനോടു എതിർക്കുകയും അവസാനം അവനെ കൊന്നു കുഴിച്ചിടുകയും ചെയ്തു. അദ്ദേഹം പിറേറദിവസം അതുവഴി ചെല്ലുമ്പോൾ രണ്ടു എബ്രായക്കാർ തമ്മിൽ കലഹിക്കുന്നതു കണ്ടു. അതിൽ കുററക്കാരനോടു് "നീ സഹോദരനെ അടിക്കുന്നതെന്തു്?" എന്നു ചോദിച്ചു. അതിനു് ആ ഇസ്രായേല്യക്കാരൻ മോശയോടു് "നീ ഞങ്ങളുടെ പ്രഭുവോ? ഇന്നലെ മിസ്രയിംകാരനെ കൊന്നതുപോലെ ഞങ്ങളേയും കൊല്ലുവാൻ വരികയാണോ?" എന്നു ചോദിച്ചു. താൻ പ്രവർത്തിച്ചതു് എല്ലാവരും അറിഞ്ഞുപോയോ എന്നു് അദ്ദേഹം ശങ്കിച്ചു. ഈ വൃത്താന്തം അറിഞ്ഞു് അദ്ദേഹത്തെ വധിക്കുവാൻ

www.malankaralibrary.com

ഫറവോൻ അന്വേഷിക്കുന്നു എന്നു കേട്ട് മോശ മിദിയാനിലേക്കു ഓടിപ്പോയി[4].

മോശ മിദിയാനിൽ ഒരു കിണററിനടുത്തിരിക്കുമ്പോൾ ആചാര്യനായ "എത്രോ"യുടെ പുത്രിമാരായ ഏഴ് ബാലികമാർ ആടുകൾക്കു വെള്ളം കൊടുക്കുവാൻ കിണററിനടുത്തു വന്നു. പക്ഷേ മററിടയന്മാർ അതിനു അവരെ അനുവദിച്ചില്ല. ഇതുകണ്ടു് മോശ ചെന്നു ഇടയന്മാരെ ഓടിച്ചുകളഞ്ഞിട്ട് കുമാരിമാരുടെ ആടുകൾക്കു വെള്ളം കോരിക്കൊടുത്തു. കുമാരിമാർ മുഖാന്തിരം ഈ വൃത്താന്തമറിഞ്ഞ എത്രോ മോശയെ വരുത്തി വീട്ടിൽ താമസിപ്പിച്ചു[5]. മകളായ സിപ്പോറായെ മോശയ്ക്കു ഭാര്യയായി കൊടുത്തു. അവളിൽ മോശയ്ക്കു ഒരു പുത്രൻ ജനിച്ചു. അവനു പരദേശത്തു ജനിച്ചവൻ എന്നു അർത്ഥത്തിൽ ഗേർശോൻ എന്നു പേരിട്ടു.

---

1. മാതാപിതാക്കന്മാർ സ്വജീവനെപ്പോലും പണയം വച്ചു തങ്ങളുടെ സന്താനങ്ങളെ രക്ഷിക്കുന്നു. അതിനാൽ മാതാപിതാക്കളെ നാം അനുസരിക്കുകയും ബഹുമാനിക്കുകയും വേണം.

2. മോശയുടെ മാതാപിതാക്കന്മാർ ദൈവവിശ്വാസികളായിരുന്നു. അവരുടെ പ്രാർത്ഥനയുടെ ഫലമായിട്ടാണ് മോശ കൊട്ടാരത്തിൽ വളർത്തപ്പെട്ടതു്. മാതാപിതാക്കന്മാരുടെ പ്രാർത്ഥന ദൈവം കേൾക്കും.

3. മാതാപിതാക്കന്മാരുടെ അടുക്കൽനിന്നത്രേ കുഞ്ഞുങ്ങൾ ദൈവഭക്തി അഭ്യസിക്കുന്നതു്. ദൈവഭക്തരായ മാതാപിതാക്കന്മാരാണു മോശയെ ഒരു ദൈവവിശ്വാസിയായി വളർത്തിയതു്.

4. ദൈവത്തിന്റെ ജനത്തെ പീഡിപ്പിക്കുന്ന രാജാവിന്റെ കൊട്ടാരത്തിൽ താമസിക്കുന്നതിനെക്കാൾ ഏകാന്തവാസമാണു നല്ലതെന്നു മോശ വിചാരിച്ചു, നാം ദൈവത്തിന്റെ സഭയെ ആദരിക്കണം.

5. സ്ത്രീകളോടും പെൺകുട്ടികളോടും കൂടുതൽ മര്യാദയായി വർത്തിക്കണം. എത്രോയുടെ ഏഴു പെൺമക്കളോടും മോശ അങ്ങനെതന്നെ വർത്തിച്ചു. എത്രോ മോശയെ ബഹുമാനിക്കുകയും ചെയ്തു.

www.malankaralibrary.com

## പാഠം 7

# മുൾപ്പടർപ്പ്.

(പുറ. 3, 1—4, 13))

മോശ മിദ്യാനിൽ തന്റെ ശ്വശുരന്റെ ആടുകളെ മേയ്ക്കുകയായിരുന്നു. അങ്ങിനെയിരിക്കെ ഒരു ദിവസം ഹോരേബു പർവ്വതത്തിൽ ഒരു മുൾപ്പടർപ്പിന്റെ നടുവിൽ ഒരു അഗ്നിജ്വാലയിൽ കർത്താവു് അദ്ദേഹത്തിനു പ്രത്യക്ഷപ്പെട്ടു. മുൾപ്പടർപ്പിൽ തീ കത്തുന്നതായും, എന്നാൽ അതു ദഹിക്കാതിരിക്കുന്നതായും[1] കാണുകയാൽ ഇതെന്തൊരത്ഭുതമെന്നു നോക്കുവാനായി മോശ വഴിവിട്ടു കയറിച്ചെന്നു.

അപ്പോൾ കർത്താവു "മോശേ, മോശേ," എന്നു വിളിച്ചു. "ഇതാ ഞാൻ" എന്നു അദ്ദേഹം മറുപടി പറഞ്ഞു. അപ്പോൾ ദൈവം മോശയോടു "നീ ഇങ്ങോട്ടു് അടുക്കരുതു്. നിന്റെ കാലിലെ ചെരിപ്പു അഴിക്കുക. നീ നില്ക്കുന്ന സ്ഥലം വിശുദ്ധമാകുന്നു. ഞാൻ നിന്റെ പിതാക്കന്മാരായ അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമാകുന്നു. മിസ്രയിമിലെ എന്റെ ജനത്തിന്റെ അടിമത്വം ഞാൻ കണ്ടു, അവരുടെ നിലവിളിയും ഞാൻ കേട്ടു. അവരുടെ സങ്കടങ്ങൾ ഞാൻ അറിയുന്നു. അവരെ മിസ്രയിംകാരുടെ കയ്യിൽനിന്നും വിടുവിച്ചു് പാലും തേനും ഒഴുകുന്ന കനാൻനാട്ടിലേക്കു കയററിക്കൊണ്ടു പോകണം. അതിനായി നിന്നെ ഞാൻ നിയോഗിക്കുന്നു" എന്നു പറഞ്ഞു. മോശ നേരേ നോക്കുവാൻപോലും ഭയന്നിട്ടു് മുഖം മൂടിക്കൊണ്ടു് "അയ്യോ! ഇസ്രയേലിനെ വിടുവിച്ചു കൊണ്ടുപോകുവാൻ ഞാൻ ആരു്?" എന്നു പറഞ്ഞു[2]. അതിനു ദൈവം മറുപടിയായി "ഞാൻ നിന്നോടുകൂടെ ഇരിക്കും. നീ പോക നീ പോയി ഇസ്രയേൽ മൂപ്പന്മാരെ വിളിച്ചു വരുത്തി സകലവും വിവരമായി അവരോടു പറയണം. അവർ നിന്നെ അനുസരി

www.malankaralibrary.com

ക്കം. നീ അവരേയും കൂട്ടി ഫറവോന്റെ അടുക്കൽ ചെന്നു് ഇ
സ്രായേൽജനം വനത്തിൽ മൂന്നു ദിവസത്തെ വഴി ദൂരം പോയി
അവരുടെ ദൈവത്തെ ആരാധിപ്പാൻ വിട്ടയയ്ക്കണം എന്നു പ
റക. മിസ്രയിംരാജാവു് അത്ര ക്ഷണം വിട്ടയയ്ക്കുകയില്ല എ
ന്നും ഞാൻ വളരെ അത്ഭുതങ്ങളാൽ അവനെ ശിക്ഷിക്കേണ്ടിവരും
എന്നും എനിക്കറിയാം. ഒടുവിൽ അവൻ നിങ്ങളെ വിട്ടയയ്ക്കും.
നിങ്ങൾ മിസ്രയിമിൽനിന്നു പോരുമ്പോൾ നിങ്ങളുടെ അയൽ
ക്കാരായ മിസ്രയിംകാരോടു ധാരാളം പൊൻ വെള്ളി ആഭരണ
ങ്ങളും മററും വാങ്ങിക്കൊണ്ടു പോരണം” എന്നും പറഞ്ഞു.

“ഞാൻ പറഞ്ഞാൽ അവർ വിശ്വസിക്കുകയില്ല” എന്നു്
പിന്നെയും മോശ മറുപടിയായി. മോശയ്ക്കു വിശ്വാസവും ഉറ
പ്പും വരുത്തുവാനായിട്ടു് ദൈവം ഒന്നുരണ്ടു അത്ഭുതങ്ങൾ ചെയ്തു.
“നിന്റെ വടി താഴെ ഇടുക” എന്നു ദൈവം മോശയോടു ക
ല്പിച്ചു. മോശ അതു നിലത്തിട്ടു. അപ്പോൾ അതു ഒരു സർപ്പമാ
യിത്തീൎന്നു[3]. മോശതന്നെയും അതു കണ്ടു് ഭയന്നു ഓടിപ്പോയി.
“നീ അതിന്റെ വാലിൽപ്പിടിച്ചു് എടുക്കുക” എന്നു ദൈവം പ
റഞ്ഞു. മോശ എടുത്തപ്പോൾ അതു പിന്നെയും വടിയായിത്തീ
ൎന്നു. അനന്തരം “നിന്റെ കൈ മടിയിൽ വയ്ക്കുക” എന്നു പറ
ഞ്ഞു. മോശ കൈ മടിയിൽ വച്ചു. അല്പം കഴിഞ്ഞു എടുത്തു
നോക്കിയപ്പോൾ അതു വെളുത്ത കുഷ്ഠമുള്ളതായിത്തീൎന്നിരുന്നു.
കൈ വീണ്ടും മടിയിൽ വയ്ക്കാൻ ദൈവം ആജ്ഞാപിച്ചു. വീ
ണ്ടും മോശ കൈ മടിയിൽ വച്ചു; എടുത്തപ്പോൾ അതു സുഖമാ
യിത്തീൎന്നു. “ഈ രണ്ടു അടയാളങ്ങൾ പോരാതെ വരികയാ
ണെങ്കിൽ നദിയിലെ വെള്ളം കോരി കരയിൽ ഒഴിക്കണം. അതു
രക്തമായിത്തീരും” എന്നു ദൈവം പറഞ്ഞു.

ഇവയെല്ലാമായിട്ടും മോശയ്ക്കു വേണ്ട ധൈൎയ്യം ഉണ്ടായില്ല.
“ഞാൻ വാക്സാമൎത്ഥ്യമുള്ളവനല്ല. വിക്കനുമാണു്. മററാരെയെ
ങ്കിലും അയയ്ക്കേണമേ” എന്നു അപേക്ഷിച്ചു. അതിനു കൎത്താവു്
“ഊമനേയും ചെകിടനേയും സൃഷ്ടിച്ചതു് ഞാനല്ലയോ?[4] അതി

www.malankaralibrary.com

നാൽ നീ പോകുക. ലേവ്യനായ നിന്റെ സഹോദരൻ അഹറോനെയും കൂടെ കൂട്ടിക്കൊൾക. നിനക്കു പകരം അവൻ ജനത്തോടു സംസാരിക്കും[5]. നിന്റെ വടിയും നിന്റെ കയ്യിൽ എടുത്തുകൊൾക"[6] എന്നു പറഞ്ഞു. മോശ വടിയുമെടുത്തു യാത്രയ്ക്കായി സ്വവസതിയിലേക്കു പോയി.

---

1 മുൾപ്പടർപ്പ് ദൈവമാതാവായ വിശുദ്ധ കന്യകമറിയാമിന്റെ മുൻകുറിയാണ്. അഗ്നിജ്വാല മുൾപ്പടർപ്പിൽ കാണപ്പെട്ടു എങ്കിലും മുൾപ്പടർപ്പു കത്തിയില്ല. ക്രിസ്തു മാതാവിന്റെ ഗർഭത്തിൽ വസിച്ചെങ്കിലും മാതാവിന്റെ കന്യാവ്രതത്തിനു ഹാനി തട്ടിയില്ല. അങ്ങിനെ വസിപ്പാൻ ദൈവത്തിനു മാത്രമേ കഴിയൂ.

2 മോശക്കുണ്ടായിരുന്ന വലിയ ഗുണം താഴ്മയാണ്. അതിനാൽ അദ്ദേഹം തന്റെ അയോഗ്യത ഏററുപറയുന്നു. താഴ്മയുള്ളവരെ മാത്രമേ ദൈവം അനുഗ്രഹിക്കുകയുള്ളു.

3 ലോകത്തിൽ ആദ്യമായി അതിശയം പ്രവർത്തിച്ച ആളാണു മോശ. അദ്ദേഹം അമ്മായി അപ്പനായ എത്രോയുടെ ആടുകളെ വിശ്വസ്തതയോടെ മേയിച്ചു. അല്പത്തിൽ വിശ്വസ്തൻ വലുതിലും വിശ്വസ്തനായിരിക്കും.

4 "മൂകരേയും ബധിരരേയും സൃഷ്ടിച്ചതു ഞാനല്ലയോ, എന്നു പറയുന്നതിൽനിന്നു വിക്കനായ മോശയെക്കൊണ്ടു ഇസ്രായേലിനെയും, തള്ളിപ്പറഞ്ഞ പത്രോസിനെക്കൊണ്ടു ക്രിസ്ത്യാനികളെയും നടത്തി ഉദ്ദിഷ്ടസ്ഥാനത്തേയ്ക്കു എത്തിക്കുവാൻ ദൈവത്തിനു കഴിയും എന്നു നാം ഗ്രഹിക്കണം.

5 മോശ ദൈവത്താൽ നിയമിക്കപ്പെട്ട ആളായിരുന്നു. മനുഷ്യരാൽ തെരഞ്ഞെടുക്കപ്പെട്ടവനോ, ജനത്തിന്റെ പ്രതിപുരുഷനോ ആയിട്ടല്ല മോശ ഇസ്രായേലിനെ ഭരിച്ചതു്. അഹറോനും ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടയാളായിരുന്നു.

6 മെത്രാന്മാരുപയോഗിക്കുന്ന സർപ്പത്തലയുള്ള വടി ദൈവദത്തമായ ഭരണാധികാരത്തെ സൂചിപ്പിക്കുന്നു. മോശയുടെ വടിയെ സർപ്പമാക്കിയതു ദൈവമാണല്ലോ.

www.malankaralibrary.com

## പാഠം 8

# ഫറവോന്റെ ഹൃദയകാഠിന്യം

(പുറ. 4, 18—5, 23)

ദൈവസന്നിധിയിൽനിന്നും ഗൃഹത്തിലെത്തി മോശ വിവരമെല്ലാം തന്റെ ശ്വശുരനായ എത്രോയെ ധരിപ്പിച്ചു. മിസ്രയിമിലേക്കു പോവാൻ എത്രോ അനുവാദം കൊടുത്തു. "നിന്റെ ജീവനെ അന്വേഷിച്ചിരുന്നവരെല്ലാം മരിച്ചുപോയി. അതിനാൽ നീ മിസ്രയിമിലേക്കു മടങ്ങുക" എന്നൊരു ദർശനവും മോശയ്ക്കുണ്ടായി. അപ്പോൾ മോശ തന്റെ ഭാൎയ്യയെയും മകനെയും കൂട്ടിക്കൊണ്ടു മിസ്രയിമിലേക്കു തിരിച്ചു. അദ്ദേഹത്തിന്റെ മകനു ചേലാകൎമ്മം നടത്തിയിട്ടില്ലാതിരുന്നതിനാൽ ഒരു ദൂതൻ വഴിയമ്പലത്തിൽ വച്ചു പ്രത്യക്ഷനായി മോശയെ കൊല്ലുവാൻ തക്കവണ്ണം എതിൎത്തു[1]. മോശയുടെ ഭാൎയ്യയായ സിപ്പോറ മൂൎച്ചയുള്ള ഒരു കല്ലെടുത്തു് മകനെ ചേല ചെയ്തു[2]. അപ്പോൾ ദൂതൻ അപ്രത്യക്ഷനായി. "ഞാൻ അങ്ങയെ രക്തംകൊണ്ടു രക്ഷിച്ചതിനാൽ അങ്ങു് എനിക്കു രക്തമണവാളനാകുന്നു" എന്നു് സിപ്പോറാ മോശയോടു പറഞ്ഞു. കൎത്താവു അഹരോനോടു് "നീ നിന്റെ സഹോദരനായ മോശയെ പോയിക്കാണുക" എന്നു പറഞ്ഞു. അതിനാൽ യാത്രാമദ്ധ്യത്തിൽ അദ്ദേഹം ഹോറേബു പൎവ്വതത്തിൽ മോശയെ വന്നുകണ്ടു. രണ്ടുപേരും കൂടി മിസ്രയിമിൽ ചെന്നു ഇസ്രായേൽമൂപ്പന്മാരെ കണ്ടു് സംഗതികളെല്ലാം പറഞ്ഞു. യഹോവാ കാണിച്ച അത്ഭുതങ്ങളും അവരെ കാണിച്ചു. അപ്പോൾ അവർ വിശ്വസിച്ചു. അവർ മുട്ടുകുത്തി ദൈവത്തെ ആരാധിച്ചു. അവരെല്ലാവരുംകൂടി രാജസന്നിധിയിൽ ചെന്നു. "മരുഭൂമിയിൽ. മൂന്നു ദിവസത്തെ വഴി പോയി ഞങ്ങളുടെ ദൈവമായ യഹോവായ്ക്കു പെരുനാളാഘോഷിപ്പാൻ ഇസ്രയേൽജനത്തെ വിട്ടയയ്ക്കണം" എന്നു പറഞ്ഞു. പക്ഷേ രാജാവതു സമ്മതിച്ചില്ല.

www.malankaralibrary.com

"ഞാൻ അനുസരിപ്പാൻ യഹോവാ ആര്?[3] നിങ്ങൾ ജനത്തെ അസഹ്യപ്പെടുത്തരുത്. അവർ അവരുടെ ജോലി ചെയ്തുകൊള്ളട്ടെ. മേലാൽ അവൎക്കു ഇഷ്ടിക ചുടുവാൻ വയ്ക്കോലും കൊടുക്കുകയില്ല. ഇഷ്ടികയുടെ എണ്ണം കുറയ്ക്കുവാനും പാടില്ല" എന്നു രാജാവു പറഞ്ഞു[4]. ഇതനുസരിച്ച് അവർ വയ്ക്കോൽ അന്വേഷിച്ചു ഇഷ്ടിക ചുട്ടു. എങ്കിലും എണ്ണം തികയാഞ്ഞതിനാൽ ഉദ്യോഗസ്ഥന്മാർ എബ്രായക്കാരെ അടിച്ചു. പ്രമാണികൾ രാജാവിനോടു സങ്കടം പറഞ്ഞു. എന്നാൽ രാജാവ് ഒട്ടും അനുകമ്പ കാണിച്ചില്ല. "നിങ്ങൾ മടിയന്മാരാണ്. അതിനാലാണ് ദൈവത്തെ ആരാധിപ്പാൻ പോകണമെന്ന് നിങ്ങൾ പറയുന്നത്," എന്ന് അദ്ദേഹം പറഞ്ഞു. ഇതുമൂലം ഇസ്രായേൽക്കാർ മോശയോടു കോപിക്കുകയും മോശ യഹോവായുടെ മുമ്പിൽ സങ്കടപ്പെടുകയും ചെയ്തു.

---

1 മക്കളെ ദൈവകല്പനപ്രകാരം വളൎത്തേണ്ടതു മാതാപിതാക്കന്മാരുടെ കടമയാണ്. അതു വിസ്മരിച്ചു മകനെ ചേല ചെയ്യാതിരുന്നതിനാൽ ദൈവദൂതൻ മോശയെ കൊല്ലുവാനടുത്തു. മക്കൾക്കു മാമ്മോദീസാ കൊടുപ്പിക്കേണ്ടതു മാതാപിതാക്കന്മാരുടെ കടമയാകുന്നു.

2 സിപ്പോറാ ഇസ്രായേൽക്കാരി അല്ലായിരുന്നു എങ്കിലും ദൈവഭയമുള്ളവളായിരുന്നു. അതിനാൽ സ്വഭൎത്താവിനെ രക്ഷിക്കാൻ അവൾക്കു സാധിച്ചു. ദൈവഭയം കുടുംബത്തിനു രക്ഷയാകുന്നു. അന്യസഭയിൽനിന്നും നാം സ്ത്രീകളെ സ്വീകരിക്കുമ്പോൾ അവർ കത്തോലിക്കാവിശ്വാസം സ്വീകരിപ്പാൻ സന്നദ്ധതയുള്ളവരായിരിക്കണം.

3 "ഞാൻ അനുസരിപ്പാൻ യഹോവ ആര്? എന്നു രാജാവ് പറയുന്നതിൽനിന്നും അദ്ദേഹത്തിന്റെ ധിക്കാരം നമുക്കു മനസ്സിലാക്കാം. അതിനു അദ്ദേഹം അനുഭവിക്കേണ്ടിവന്ന വലിയ ശിക്ഷയും നമുക്കു പിന്നാലെ കാണാം. ഇത്തരം ധനവാന്മാർ സ്വൎഗ്ഗരാജ്യത്തിൽ കടക്കുന്നതു വളരെ പ്രയാസമാണ്.

4 ഫറവോൻ രാജാവ് കൂലിവേലക്കാരായ ഇസ്രായേല്യരോടു വളരെ കഠിനമായി വൎത്തിച്ചു. അതിനു ദൈവം അവരെ ബാധകൾമൂലവും മറ്റും ശിക്ഷിച്ചു. എന്തെന്നാൽ അവ പ്രതികാരത്തിനായി ദൈവത്തോടു നിലവിളിക്കുന്ന നാലു പാപങ്ങളിൽപ്പെട്ടവയാണ്.

www.malankaralibrary.com

## പാഠം 9

# മോശ ചെയ്ത പത്തു അൽഭുതങ്ങൾ

(പുറ. 6, 1—8, 32)

"ഫറവോൻ രാജാവിന്റെ അടുക്കൽ എന്റെ പ്രതിനിധിയായി സംസാരിപ്പാൻ ഞാൻ നിന്നെ ആക്കിയിരിക്കുന്നു. അഹറോൻ നിനക്കു പരിഭാഷകനും ആയിരിക്കും"1. എന്നു പറഞ്ഞു യോഹോവാ അവരെ ഫറവോന്റെ അടുക്കലേക്കു അയച്ചു. അന്നു മോശയ്ക്കു എൺപതുവയസ്സും അഹറോനു എൺപത്തിമൂന്നു വയസ്സും പ്രായമായിരുന്നു. അവർ അവിടെച്ചെന്നു. "ഇസ്രായേൽക്കാരെ തങ്ങളുടെ ദൈവത്തെ ആരാധിപ്പാൻ വിട്ടയയ്ക്കണം" എന്നു പറഞ്ഞു. "നിങ്ങൾ പറയുന്നതു സത്യമാണെന്നുള്ളതിനു എന്തു് അടയാളം?" എന്നു ഫറവോൻ ചോദിച്ചു. അഹറോൻ രാജസന്നിധിയിൽ തന്റെ വടി താഴെ ഇട്ടു. അതു ഒരു സർപ്പമായിത്തീർന്നു. ഇതു കണ്ടു ഫറവോൻ രാജാവിന്റെ മാന്ത്രികന്മാരും ഇപ്രകാരം പ്രവർത്തിച്ചു. പക്ഷെ അവരുടെ വടികളെ അഹറോന്റെ വടി വിഴുങ്ങിക്കളഞ്ഞു. എന്നിട്ടും ഫറവോൻ ഇസ്രായേൽക്കാരെ വിട്ടയച്ചില്ല. അതിനാൽ ഒന്നിനുപുറകെ ഒന്നായി പത്തു ബാധകളെ ദൈവം മോശമൂലം മിസ്രയിംകാരുടെ മേൽ അയപ്പാൻ തുടങ്ങി.

1. പിറേറദിവസം രാവിലെ ഫറവോൻ നീരാട്ടുവാനായി നീല നദിയിൽ വന്നു. അപ്പോൾ നദീതീരത്തുനിന്നുകൊണ്ടു് മോശ "മരുഭൂമിയിൽ ദൈവത്തെ ആരാധിപ്പാൻ ഇസ്രായേൽജനത്തെ വിട്ടയയ്ക്കണം എന്നു യഹോവാ പറയുന്നു" എന്നു പറഞ്ഞു. ഫറവോൻ സമ്മതിച്ചില്ല. ഉടനെ മോശ തന്റെ വടികൊണ്ടു വെള്ളത്തിൽ അടിക്കുകയും വെള്ളം രക്തമായി മാറുകയും ചെയ്തു. ജലത്തിലെ ജീവജാലങ്ങളെല്ലാം ചത്തുപോയി2.

www.malankaralibrary.com

2. ദിവസങ്ങൾ ഏഴു കഴിഞ്ഞു. എന്നിട്ടും ഫറവോൻ ഇസ്രായേൽക്കാരെ വിട്ടയച്ചില്ല. വീണ്ടും മോശ എല്ലാ ജലാശയങ്ങളിലും തന്റെ വടികൊണ്ടടിച്ചു. അപ്പോൾ തവളകൾ കൂട്ടം കൂട്ടമായി പുറപ്പെട്ടു ക്ഷേത്രങ്ങളിലും വീടുകളിലും കയറി ഉപദ്രവം ആരംഭിച്ചു3. ഇതുകണ്ടു് ഫറവോൻ മോശയേയും അഹറോനേയും വിളിപ്പിച്ചു. "തവളകളെ ഇല്ലാതാക്കണം. ജനത്തെ വിട്ടയക്കാം" എന്നു പറഞ്ഞു. അതിൻപ്രകാരം മോശ തവളകളെ ഇല്ലാതാക്കി4. പക്ഷേ, ഇസ്രായേൽക്കാരെ വിട്ടയച്ചില്ല.

3. ആകയാൽ മോശ തന്റെ വടി നിലത്തെ പൊടിയിൽ അടിക്കുകയും അതിൽനിന്നു് നാട്ടിൽ സർവ്വത്ര ചെള്ളു് വ്യാപിക്കയും ചെയ്തു. ഇതുകൊണ്ടും ഫറവോൻ ഇസ്രായേൽക്കാരെ വിട്ടയച്ചില്ല.

4. അനന്തരം പലതരത്തിലുള്ള ഈച്ചകളെ രാജ്യമാകെ വ്യാപിപ്പിച്ചു. അവ പലതരത്തിൽ മനുഷ്യരെ ഉപദ്രവിച്ചു. അപ്പോൾ രാജാവു് മോശയേയും അഹറോനേയും വിളിച്ചു് "ഇസ്രായേൽ ജനത്തിനു ആരാധന നടത്തിക്കൂടാ എന്ന നിയമം മാററിത്തരാം. നിങ്ങൾ നിങ്ങളുടെ ദൈവത്തെ ഈ ദേശത്തു വച്ചുതന്നെ ആരാധിച്ചുകൊള്ളുവിൻ." എന്നു പറഞ്ഞു. മോശയും അഹറോനും അതു സമ്മതിച്ചില്ല. "ഞങ്ങളുടെ ആരാധന ഇന്നാട്ടുകാർ വെറുക്കുന്നു." ഞങ്ങൾ ഇവിടെ ആരാധന നടത്താമെന്നു വച്ചാൽ അവർ ഞങ്ങളെ കല്ലെറിയും. ആകയാൽ മൂന്നു ദിവസത്തെ വഴിദൂരംപോയി ആരാധിക്കുവാൻ അനുവദിക്കണം" എന്നു പറഞ്ഞു. "കുറേ വഴി ദൂരംപോയി ആരാധിക്കുവാൻ അനുവദിക്കാം. ഈച്ചകളെ പിൻവലിക്കണം" എന്നു ഫറവോൻ പറഞ്ഞതനുസരിച്ചു മോശ ഈച്ചകളെ വിലക്കി, പക്ഷേ ഫറവോൻ ഇസ്രയേലിനെ വിട്ടയച്ചില്ല.

---

1 മോശ ദൈവത്തിന്റെ ഏക പ്രതിപുരുഷനായിരുന്നു. ഭൂമിയിൽ ക്രിസ്തീയസഭയ്ക്കു മാർപ്പാപ്പാ യേശുക്രിസ്തുവിന്റെ ഏക പ്രതിപുരുഷനാകുന്നു.

www.malankaralibrary.com

2 നീലനദിയിലെ മത്സ്യങ്ങളും ചീങ്കണ്ണികളും മിസ്രയിംകാരുടെ ദേവന്മാരായിരുന്നു. മോശ വെള്ളത്തെ രക്തമാക്കിക്കൊണ്ടു അവയെ നിഷ്പ്രയാസം സംഹരിച്ചു. യഹോവായായ ദൈവം ഫറവോനും മിസ്രയിമിനും ദൈവമാകുന്നു എന്നു വെളിപ്പെടുത്തി.

3 തവളകൾ മിസ്രയിംകാരുടെ ക്ഷേത്രങ്ങളിൽ കയറിയാൽ ക്ഷേത്രം അശുദ്ധമാകുമായിരുന്നു. മോശ തവളയെ വർദ്ധിപ്പിച്ചതിനാൽ മിസ്രയിമിലെ ക്ഷേത്രങ്ങളിൽ അവ പ്രവേശിച്ച് അവയെ അശുദ്ധമാക്കി.

4 മിസ്രയിംദേവാലയത്തിലെ പുരോഹിതന്മാരുടെ ദേഹത്തു പേൻ, ചെള്ള് ആദിയായ ജന്തുക്കൾ കണ്ടുകൂടാ. അതിനാൽ അവർ പാദാദികേശം നിത്യം ക്ഷൗരം ചെയ്യിക്കുമായിരുന്നു. മോശയുടെ അത്ഭുതംമൂലം മിസ്രയിംക്ഷേത്രങ്ങളിൽ പൂജ മുടങ്ങി.

## പാഠം 10

# മോശയുടെ പത്തു അൽഭുതങ്ങൾ (തുടർച്ച)

(പുറ. 9, 1-12, 13)

5. മോശ പല അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടും ഫറവോൻ പലപ്രാവശ്യം ഇസ്രായേല്യരെ വിട്ടയക്കാമെന്ന് വാഗ്ദാനം ചെയ്തിട്ടും അവരെ വിട്ടയക്കാഞ്ഞതിനാൽ മോശ കൂടുതൽ ശുഷ്കാന്തിപ്പെടുകയാണു ചെയ്തത്. ഈ പരാഭവം അദ്ദേഹത്തെ ബാധിച്ചില്ല. മിസ്രയിംകാരുടെ കുതിര, കഴുത, ഒട്ടകം, കന്നുകാലി, ആടു, മാടു എന്നിങ്ങനെയുള്ള മൃഗങ്ങളുടെ കൂട്ടത്തിൽ പല പകർച്ച വ്യാധികളേയും അദ്ദേഹം വ്യാപിപ്പിച്ചു. മൃഗങ്ങൾ ക്രമാധികം ചത്തൊടുങ്ങി[1]. ഈ ഉപദ്രവം ഇസ്രായേൽക്കാരുടെ മൃഗങ്ങളെ ബാധിച്ചില്ല.

6. അനന്തരം മോശ ദൈവകല്പനപ്രകാരം ഇഷ്ടികച്ചൂളയിലെ ചാരം വാരി ഫറവോൻ കാൺകെ ആകാശത്തേക്കു എറിഞ്ഞു. അതു പുണ്ണുണ്ടാക്കുന്ന ഒരുതരം അണുക്കളായിത്തീർന്നു. എല്ലാ മിസ്രയിംജനങ്ങൾക്കും മൃഗങ്ങൾക്കും മന്ത്രവാദികൾക്കും പുണ്ണുണ്ടായി[2] എന്നിട്ടും, ഫറവോൻ ഇസ്രായേലിനെ വിട്ടയച്ചില്ല.

www.malankaralibrary.com

7. ഇത്രയുമായപ്പോൾ മോശ അഗ്നിയും കൽമഴയും പെയ്യിച്ചു[3]. ഇസ്രായേൽക്കാർ താമസിച്ചിരുന്ന ഗോശാൻ പ്രദേശത്തു മാത്രം അതുണ്ടായില്ല. ഇതുകണ്ടു് മോശയേയും അഹറോനേയും വരുത്തി ഇസ്രായേൽക്കാരെ വിട്ടയക്കാമെന്നു രാജാവു സമ്മതിച്ചു. മോശ ബാധയെ പിൻവലിപ്പിച്ചു എങ്കിലും ഫറവോന്റെ ഹൃദയം വീണ്ടും കഠിനപ്പെട്ടു. അതിനാൽ അവരെ വിട്ടയച്ചില്ല.

8. മോശ അപ്പോൾ വെട്ടുക്കിളികളെ വിട്ടു സകല പച്ചിലവൃക്ഷങ്ങളെയും സസ്യങ്ങളേയും നശിപ്പിച്ചു.[4] കാര്യസാദ്ധ്യത്തിനായി രാജാവു് വീണ്ടും ക്ഷമാപണംചെയ്തു. മോശ ഒരു കാററടിപ്പിച്ചു് അവയെ കടലിലേക്കു ഓടിച്ചു കളഞ്ഞു. ഇതിന്റെ ശേഷവും ഫറവോൻ ഇസ്രായേൽക്കാരെ വിട്ടയച്ചില്ല.

9. ഇത്രയുമായപ്പോൾ ഇസ്രായേൽക്കാരുടെ ക്ഷമ തീരെ നശിച്ചു. അതിനാൽ മോശ മിസ്രയിം ദേശത്തിന്മേൽ മൂന്നു ദിവസത്തേക്കു കൂരിരുട്ടു വരുത്തി. ഇസ്രായേൽക്കാർ താമസിച്ചിരുന്നിടത്തു മാത്രം ഈ ഉപദ്രവങ്ങളൊന്നും ഉണ്ടായില്ല. ഫറവോൻ വല്ലാതെ ഭയന്നു. "ജനത്തെ കൊണ്ടുപൊയ്ക്കൊള്ളുവിൻ" എന്നു മോശയെ വിളിച്ചു പറകയാൽ അദ്ദേഹം ഇരുട്ടു നീക്കി. അപ്പോഴും അവരെ വിട്ടയച്ചില്ല.

10. അവസാനമായി മിസ്രയിംകാരുടെ സകല ആദ്യജാതന്മാരേയും നിഗ്രഹിക്കുവാൻ യഹോവ തീർച്ചയാക്കി[5]. ആ രാത്രി രാജാവിന്റെ പ്രഥമപുത്രൻ മുതൽ ആ ദേശത്തുള്ള എല്ലാ മനുഷ്യരുടെയും മൃഗങ്ങളുടേയും പ്രഥമസന്താനങ്ങൾ മരിച്ചുതുടങ്ങി. എല്ലായിടത്തും കരച്ചിലും വിലാപവും കേൾക്കപ്പെട്ടു. രാജാവു തൽക്ഷണം മോശയേയും അഹറോനേയും വിളിച്ചു. "നിങ്ങളും ഇസ്രായേൽമക്കളും എന്റെ ജനത്തിന്റെ ഇടയിൽനിന്നും പോയി നിങ്ങളുടെ ദൈവത്തെ ആരാധിച്ചുകൊള്ളുവിൻ. നിങ്ങളുടെ ആട്ടുമാടുകളേയും കൂടെ കൊണ്ടുപൊയ്ക്കൊള്ളുവിൻ. എന്നെ അനുഗ്രഹിപ്പിൻ" എന്നു പറഞ്ഞു.

www.malankaralibrary.com

എല്ലാ മിസ്രയിംകാരും ഇസ്രായേൽക്കാരെ പുറത്താക്കുവാൻ നിർബന്ധിച്ചു. "നിങ്ങൾ നിമിത്തം ഞങ്ങൾ മരിക്കുന്നു. നിങ്ങൾ പോകുവിൻ എന്നു് അവർ പറഞ്ഞു. കുട്ടികൾക്കു് അണിയുന്നതിനു് ആഭരണങ്ങളില്ലെന്നായി ചിലർ. മിസ്രയിംകാർ അതു വേണ്ടുവോളവും കൊടുത്തു. കൊടുക്കാത്തവരോടു് ഇസ്രായേൽക്കാർ അതു ബലാൽക്കാരമായും എടുത്തു. ലഭിക്കാവുന്നിടത്തോളം പൊൻവെള്ളി ആഭരണങ്ങൾ മിസ്രയിംകാരിൽനിന്നും കൈക്കലാക്കി. ഇരുപതുവയസ്സിനു മുകളിലുള്ള യൗവ്വനക്കാരായ പടയാളികൾതന്നെ ആറു ലക്ഷം പേർ ഉണ്ടായിരുന്നു. അവർ ആയുധപാണികളായിട്ടത്രേ തിരിച്ചതു്. കുട്ടികൾ, യൗവ്വനക്കാർ, വൃദ്ധന്മാർ, സ്ത്രീകൾ, ആടുമാടുകൾ ആദിയായി മിസ്രയിമിൽ നിന്നും തിരിച്ച കൂട്ടം എത്ര വിപുലമായിരുന്നു എന്നു ഇതിൽനിന്നുതന്നെ ഊഹിക്കാവുന്നതാണല്ലോ. അവർ എല്ലായിടത്തുനിന്നും റാംസേസിൽ ഒരുമിച്ചു കൂടി. അവിടെനിന്നു തിരിച്ചു സോക്കോസിലേക്കും അവിടെനിന്നും ഏഥമിലേക്കും വന്നു.

---

1 മിസ്രയിംകാർ പശുക്കളേയും മററും ദേവന്മാരായി കരുതിയിരുന്നു. മോശയുടെ പ്രവൃത്തിമൂലം മിസ്രയിം ദേവന്മാർ ചത്തൊടുങ്ങി.

2 പുണ്ണുള്ളവർ ക്ഷേത്രങ്ങളിൽ കയറാൻ പാടില്ല. മോശ മിസ്രയിംകാർക്കു് പുണ്ണു വരുത്തി. പൂജാരികൾക്കും മന്ത്രവാദികൾക്കുപോലും പുണ്ണുണ്ടായി.

3 മിസ്രയിംകാരുടെ വിഗ്രഹങ്ങൾ എല്ലാം കല്ലായിരുന്നു. അഗ്നിയും കൽമഴയും പെയ്തപ്പോൾ അവയെല്ലാം നശിച്ചു.

4 മിസ്രയിം ദേവന്മാർക്കു പൂക്കൾ അർച്ചനയ്ക്കു ആവശ്യമായിരുന്നു. വിട്ടിലുകൾ അവയെല്ലാം നശിപ്പിച്ചു. ഇങ്ങനെ ഇസ്രായേലിന്റെ ദൈവമാണു സാക്ഷാൽ ദൈവം എന്നു വെളിവായി.

5 മിസ്രയിംകാരിൽ ആദ്യജാതന്മാർക്കു മാത്രമേ പൂജാരികളാവാൻ അധികാരമുണ്ടായിരുന്നുള്ളൂ. ആദ്യജാതന്മാർ ഹതരാകയാൽ പൗരോഹിത്യം ദൈവം കൊടുക്കേണ്ടതാണെന്നു വ്യക്തമായി.

www.malankaralibrary.com

## നാലാംഭാഗം

# പുതിയനിയമകഥകൾ

### പാഠം 1

## പക്ഷവാതക്കാരനെ സൌഖ്യമാക്കിയതു്

(മത്താ. 9, 1–8; ലൂക്കോ. 5, 17–26)

യേശു ഒരു ദിവസം സ്വന്തപട്ടണമായ കപ്പർന്നഹോമിൽ സ്വഭവനത്തിലിരിക്കുമ്പോൾ, ഗലീല, യഹൂദിയാ, യറുശലേം എന്നിവിടങ്ങളിൽനിന്നു് തന്റെ പ്രസംഗം കേൾക്കുവാൻ ഒട്ടുവളരെ പ്രീശന്മാരും, പുരോഹിതന്മാരും വന്നു ചേർന്നു. ചില ആളുകൾ, തളർവാതം വന്നു കേവലം ആതുരശയ്യാവലംബിയായ ഒരുവനെ കട്ടിലിൽ കിടത്തി എടുത്തുകൊണ്ടവിടെ വന്നു. ആൾത്തിരക്കുമൂലം രോഗിയെ യേശു ഇരിക്കുന്നിടത്തു കൊണ്ടുചെല്ലുക അസാദ്ധ്യമാണെന്നു കണ്ടിട്ടു്, അവർ കെട്ടിടത്തിനു മുകളിൽ കയറി, അതിന്റെ തട്ടു് ഇളക്കി, രോഗിയെ കട്ടിലോടുകൂടി യേശുവിന്റെ മുമ്പിലേക്കിറക്കി[1].

ഈ ബദ്ധപ്പാടുമൂലം അവർ പ്രദർശിപ്പിച്ച വിശ്വാസം അദ്ദേഹം നിരൂക്ഷിച്ചു കണ്ടിട്ടു്[2] ആ രോഗിയോടു് "മനുഷ്യാ നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു" എന്നു കല്പിച്ചു[3]. "പാപമോചനം കൊടുപ്പാൻ ദൈവത്തിനു മാത്രം അവകാശമുള്ളതാണല്ലോ. അതിനാൽ ഇദ്ദേഹം പറയുന്നതു ദൈവദൂഷണമല്ലേ" എന്നു് ഉപദേഷ്ടാക്കന്മാരും പ്രീശന്മാരും വിചാരിച്ചു. യേശു അവരുടെ ആത്മഗതം മുഴുവൻ അപ്പടി ഗ്രഹിച്ചു. "നിങ്ങളുടെ ഹൃദയത്തിൽ നിങ്ങൾ ദോഷമുള്ളതു ചിന്തിക്കുന്നതെന്തിനു്?" "നിന്റെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു എന്നു പറയുന്ന

www.malankaralibrary.com

തോ, നീ എഴുന്നേററു നടക്കുക എന്നു പറയുന്നതോ ഏതാണു് എളുപ്പം?" എന്നീപ്രകാരം അദ്ദേഹം അവരോടു ചോദിച്ചു4.

ഭൂമിയിൽ പാപം മോചിക്കാൻ മനുഷ്യപുത്രനു് അധികാരമുണ്ടെന്നു്, അവർ ഗ്രഹിക്കുന്നതിനുവേണ്ടി, യേശു ആ പക്ഷവാതക്കാരനോടു് "നീ എഴുന്നേററു് നിന്റെ കിടക്കയെടുത്തു് നടന്നു വീട്ടിലേക്കു പോക" എന്നു് ആജ്ഞാപിച്ചു. കിടക്ക എടുത്തുകൊണ്ടും ദൈവത്തെ മഹത്വീകരിച്ചുകൊണ്ടും അയാൾ വീട്ടിലേക്കു പോയി. ഇതു കണ്ടു് എല്ലാവരും വിസ്മയിച്ചു. "ഇപ്രകാരം ഒരിക്കലും കണ്ടിട്ടില്ല" എന്നു പറയുകയും ഇങ്ങനെയുള്ള അധികാരം കൊടുത്ത ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു.

---

1. സിറിയാ രാജ്യത്തെ കെട്ടിടങ്ങൾക്കു് നമ്മുടെ നാട്ടിലേതിനെപ്പോലെ മേൽപുര ഇല്ല. മട്ടുപ്പാവു് രീതിയിലാണു് അവിടത്തെ കെട്ടിടങ്ങൾ. പാവപ്പെട്ടവരുടെ വീടാണെങ്കിൽ അതിന്റെ തട്ടുകൾക്കു് തുലാങ്ങളിൽ മരക്കഷണങ്ങൾ നിരത്തിയശേഷം കളിമണ്ണു് കുഴച്ചു് കട്ടിയായി തേച്ചിരിക്കും. അതു് ഇളക്കുവാൻ വലിയ പ്രയാസമുണ്ടായിരിക്കുകയില്ല.

2 രോഗിയെ കൊണ്ടുവന്ന ആളുകളുടെ വിശ്വാസം കണ്ടു് യേശു അവനെ സൌഖ്യമാക്കി. നമുക്കു വിശ്വാസമുണ്ടെങ്കിൽ നമ്മുടെ മദ്ധ്യസ്ഥപ്രാർത്ഥനകൾ മൂലം മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കും ദൈവസഹായം ലഭിക്കുന്നതാണു്.

3. ക്രിസ്തുവിനു പാപമോചനാധികാരം ആരിൽ നിന്നും ലഭിച്ചതല്ല. ദൈവമെന്നുള്ള നിലയ്ക്കു തനിക്കു അതു സ്വതസിദ്ധമാണു്. എന്നാൽ പട്ടക്കാർക്കു പാപമോചനാധികാരം ക്രിസ്തു ദത്തം ചെയ്തിട്ടുള്ളതാകുന്നു. അതിനാലാണു് "എനിക്കു നല്കപ്പെട്ടിട്ടുള്ള അധികാരത്താൽ ഞാൻ നിന്റെ പാപങ്ങൾ മോചിക്കുന്നു" എന്നു പറഞ്ഞുകൊണ്ടു് അനുതാപിക്കു പട്ടക്കാരൻ പാപമോചനം കൊടുക്കുന്നതു്.

4. "പാപം മോചിക്കുന്നതോ, നീ എഴുന്നേററു നടക്കുക എന്നു പറയുന്നതോ, ഏതു് എളുപ്പം"? നിന്റെ പാപം മോചിച്ചിരിക്കുന്നു എന്നു പറഞ്ഞു മററുള്ളവരെ വഞ്ചിപ്പാനെളുപ്പമാണു്. അതിന്റെ കള്ളം ബാഹ്യമായ യാതൊരു ലക്ഷ്യങ്ങൾകൊണ്ടും തെളിയുകയില്ലല്ലോ. പക്ഷവാതരോഗിയോടു നീ എഴുന്നേററു നടക്കുക എന്നു പറഞ്ഞതു് സംഭവി

www.malankaralibrary.com

ച്ചില്ല എങ്കിൽ കള്ളം ഉടൻ വെളിയിലാകും. അതിനാലത്രെ "നിന്റെ കിടക്കയെടുത്തുകൊണ്ടു നടക്കുക" എന്നു രോഗിയോടു പറഞ്ഞതു്. രോഗി സൌഖ്യം പ്രാപിച്ചു് അപ്പോൾ തന്നെ കിടക്കയുമെടുത്തു നടന്നു. ഇതു മൂലം ക്രിസ്തുവിന്റെ പാപമോചനാധികാരം യഥാർത്ഥമാണെന്നു ക്രിസ്തു തെളിയിച്ചു. ഈ അധികാരമാണു് ക്രിസ്തു തന്റെ ശ്ലീഹന്മാർക്കും കൊടുത്തിരിക്കുന്നതു്. (യോഹ. 20, 23)

## പാഠം 2

# ചുങ്കക്കാരൻ മത്തായി

(മത്താ. 9, 9-17; ലൂക്കാ. 5, 27-39; മർക്കോ. 2, 14-22)

യോർദ്ദാൻ നദീതീരത്തുവച്ചു് യേശു കുറെ ശിഷ്യന്മാരെ തിരഞ്ഞെടുത്തിരുന്നു. അവരിൽ നാലുപേർ മാത്രമേ എപ്പോഴും അദ്ദേഹത്തോടുകൂടി ഉണ്ടായിരുന്നുള്ളു. ഇവർ കേവലം ദരിദ്രരായിരുന്നു. ക്രിസ്തു ഒരിക്കൽ ഗനേസറേത്തു് തടാകത്തിന്റെ തീരത്തേക്കു പോകുംവഴി കപ്പർന്നഹോമിൽ ചെന്നു. അവിടെ ഒരു മനുഷ്യൻ ചുങ്കസ്ഥലത്തിരുന്നു് കരം പിരിവു നടത്തുന്നതു് യേശു കണ്ടു. അദ്ദേഹം ഗലീലക്കാരനായ അല്പായുടെ പുത്രനായിരുന്നു. ചുങ്കക്കാരൻ[1] ലേവി എന്ന പേരിനാൽ അദ്ദേഹം അറിയപ്പെട്ടിരുന്നു. കർത്താവു് ഇദ്ദേഹത്തെ കണ്ടയുടനെ "നീ എന്നെ പിൻതുടരുക" എന്നു പറഞ്ഞു. ഇതു കേട്ടു് അദ്ദേഹം സർവ്വവും ഉപേക്ഷിച്ചു് യേശുവിന്റെ പിന്നാലെ പോയി[2].

ഈ ലേവി[3] സ്വഭവനത്തിൽ യേശുവിനു് ഒരു വലിയ വിരുന്നൊരുക്കി. ചുങ്കക്കാരുൾപ്പെടെ ഒരു വലിയ ജനക്കൂട്ടം യേശുവുമൊന്നിച്ചു ഭക്ഷണത്തിനിരുന്നു. പ്രീശന്മാർക്കും ശാസ്ത്രികൾക്കും ഇതു സന്തോഷമായില്ല. ചുങ്കംപിരിവു് അവരുടെ ദൃഷ്ടിയിൽ നിന്ദ്യമായ ഒരു തൊഴിലാണു്[4]. നിന്ദ്യതൊഴിൽ ചെയ്യുന്ന ഒരാളുമായി യേശു ഒപ്പമിരുന്നു് ഭക്ഷിച്ചതു് അവർക്കു് രസിക്കാഞ്ഞതിൽ അത്ഭുതമുണ്ടോ? "അദ്ദേഹം ചുങ്കക്കാരോടും പാപി

www.malankaralibrary.com

കളോടും കൂടെ ഭക്ഷിക്കുന്നതെന്തു്?" എന്നു് അവർ അദ്ദേഹത്തിന്റെ ശിഷ്യന്മാരോടു ചോദിച്ചു. ഇതറിഞ്ഞു് യേശു "ദീനക്കാക്കല്ലാതെ സൗഖ്യമുള്ളവക്കു് വൈദ്യനെക്കൊണ്ടു് ആവശ്യമില്ലല്ലോ. ഞാൻ നീതിമാന്മാരെയല്ല, പാപികളെയത്രേ മാനസാന്തരത്തിലേക്കു വിളിക്കുവാൻ വന്നിരിക്കുന്നതു്" എന്നു മറുപടി പറഞ്ഞു.

"യോഹന്നാന്റെ ശിഷ്യന്മാർ പലപ്പോഴും ഉപവസിച്ചു പ്രാർത്ഥനകൾ നടത്തിവരുന്നു. അതുപോലെ പരീശന്മാരുടെ കൂടെയുള്ളവരും ചെയ്തുവരുന്നു. എന്നാൽ നിന്റെ ശിഷ്യന്മാരോ ഭക്ഷിച്ചും കുടിച്ചും നടക്കുന്നു" എന്നു് അവർ യേശുവിനോടു പറഞ്ഞു. "മണവാളൻ കൂടെയുള്ളപ്പോൾ തോഴമക്കാർ ഉപവസിക്കുന്നില്ലല്ലോ. എന്നാൽ മണവാളൻ എടുക്കപ്പെടുന്ന നാൾ വരും അപ്പോൾ അവർ ഉപവസിക്കും. ഒരുവനും പുതിയ വസ്ത്രക്കണ്ടം പഴയതിൽവച്ചു തുന്നുന്നില്ല. അങ്ങനെ ചെയ്താലോ പുതിയതു പഴയതിനോടു ചേരാതിരിക്കുകയും കൂടുതൽ കീറുകയും ചെയ്യും. ആരും പുതിയ വീഞ്ഞു് പഴയ തോൽക്കുടങ്ങളിൽ പകരാറില്ല. അങ്ങനെ ചെയ്താൽ തോൽക്കുടം പിളന്നുപോകുകയും വീഞ്ഞു് ഒഴുകിപ്പോവുകയും ചെയ്യും. പുതിയ വീഞ്ഞു് പുതിയ തോൽക്കുടങ്ങളിലത്രേ വയ്ക്കുന്നതു്. പഴയ വീഞ്ഞു കുടിച്ചിട്ടു് ഉടനെ പുതിയതു് ആരും ആഗ്രഹിക്കുന്നില്ല; എന്തെന്നാൽ പഴയതാണല്ലോ ഏറെ നല്ലതു് എന്നവർ പറയുന്നു. അവിടുന്നു വീണ്ടും തുടന്നു പറഞ്ഞു. "ബലിയിലല്ല, കരുണയിലത്രേ ഞാൻ പ്രസാദിക്കുന്നതു്. അതു് എന്തെന്നു നിങ്ങൾ പോയി പഠിപ്പിൻ".

1. ഗവർമ്മെന്റിന്റെ കരം പിരിക്കുന്നതിനു് ഉയന്ന ഉദ്യോഗത്തിൽ വിദേശികളും മാന്യന്മാരും ഉണ്ടായിരുന്നു. അവരെ മററുള്ളവർ ബഹുമാനിച്ചും പോന്നു. എന്നാൽ ഏതു തരക്കാരോടും ഏതു വിധ കരവും പിരിക്കുന്നതിനു് സ്വദേശികളായ താണതരം ഉദ്യോഗസ്ഥന്മാരെക്കൂടെ നിയമിച്ചിരുന്നു. ഇവർ സാധാരണയായി കഠിനകണ്ണന്മാരും അക്രമികളും ആയിരുന്നതിനാൽ മററുള്ളവക്കു ഇവരെ പുച്ഛമായിരുന്നു.

www.malankaralibrary.com

2 മുമ്പു പലപ്രാവശ്യം യേശുവിന്റെ പ്രസംഗം കേട്ടു അതിൽ വിശ്വസിച്ചിരുന്നതിനാലായിരിക്കാം യേശു വിളിച്ചു ഉടൻ ലേവി പിന്നാലെ തിരിച്ചതു്. മത്തായി എന്ന വാക്കിന്റെ അർത്ഥം യഹോവായുടെ ദാനം എന്നാണ്.

3. ഈ ചുങ്കക്കാരൻ ലേവിയാണ് പിൻകാലങ്ങളിൽ സുവിശേഷം എഴുതി പ്രഖ്യാതനായി തീർന്ന വി. മത്തായി. ഇദ്ദേഹം ഗലീലക്കാരനാണ്. യഹൂദന്മാർക്കുവേണ്ടി A. D. 41-ൽ ഊർശ്ലേമിൽവച്ചു സുറിയാനി ഭാഷയിൽ വി. മത്തായിയുടെ സുവിശേഷം ഇദ്ദേഹത്താൽ എഴുതപ്പെട്ടു. [സുറിയാനിഭാഷക്ക് "അറാമായ എന്നാണ് പൗരസ്ത്യർ പറയുന്നതു്. (ദാനി 2, 4.) "സുറിയാനി" എന്നതു ഈ ഭാഷയുടെ പാശ്ചാത്യനാമമാകുന്നു.] വി. മത്തായി സസ്യങ്ങൾ മാത്രം ഭക്ഷിച്ചിരുന്നു എന്നു പറയപ്പെടുന്നു. അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. എത്തിയോപ്യ, പേർഷ്യ മുതലായ രാജ്യങ്ങളിൽ സുവിശേഷം പ്രസംഗിച്ചു. എത്തിയോപ്യായിൽവച്ചു് കൊല്ലപ്പെട്ടു. അദ്ദേഹത്തിന്റെ തിരുശേഷിപ്പു 1080-ൽ നെയാപ്പോലി രാജ്യത്തിലെ സലേർണാ എന്ന പട്ടണത്തിലുള്ള വി. മത്തായിയുടെ പള്ളിയിൽ കൊണ്ടുവന്നു് പ്രതിഷ്ഠിച്ചിരിക്കുന്നു.

4. യഹൂദന്മാരെ കീഴടക്കി ഭരിക്കുന്നതിന് റോമാഗവർമെന്റിനു ചുങ്കം പിരിച്ചുകൊടുത്തു സഹായിച്ചിരുന്ന സ്വദേശികളെ യഹൂദന്മാർ വെറുത്തു വന്നിരുന്നു.

5 പഴയ തോൽക്കുടവും പഴയ തുണിക്കഷണവും നമ്മുടെ കർത്താവിന്റെ ശിഷ്യന്മാരെക്കുറിക്കുന്നു. സാധാരണ ജീവിതം നയിച്ചിരുന്ന ശിഷ്യന്മാരെ കഠിനജീവിതത്തിന് പെട്ടെന്ന് നിഷ്കർഷിച്ചാൽ അവരുടെ മനസ്സ് ക്ഷീണിച്ചു പിൻതിരിഞ്ഞു പൊയ്ക്കളവാൻ എളുപ്പമുണ്ട്. എന്നാൽ ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്യുകയും ശ്ലീഹന്മാർക്കു പരിശുദ്ധാത്മാവു ലഭിക്കുകയും ചെയ്യുമ്പോൾ ക്രിസ്തീയ സഭയുടെ പുതിയ വീഞ്ഞും പുതിയ വസ്ത്രവുമായ ജീവിതക്രമം അവർ ക്രമശഃ അനുഷ്ഠിച്ചുകൊള്ളും.

www.malankaralibrary.com

## പാഠം 3

# ബെത്‌സയിദാ കുളം

യോഹ. 5, 1—18

യറുശലേം കോട്ടയ്ക്കു ആട്ടുവാതിൽ എന്നൊരു വാതിലും അതിനു വെളിയിലായി ഒരു കുളവുമുണ്ടു്. ബലിക്കുള്ള ആടുകളെ ഈ കുളത്തിൽ കുളിപ്പിച്ചശേഷം ഈ വാതിൽവഴി ദൈവാലയത്തിലേയ്ക്കു കൊണ്ടുപോകുന്നു. ആ കുളത്തിന്റെ പേർ "ബെത്‌സയിദാ" എന്നായിരുന്നു. ഈ കുളത്തിൽ അഞ്ചു മണ്ഡപങ്ങൾ ഉണ്ടായിരുന്നു. ചിലപ്പോൾ ഒരു ദൈവദൂതൻ ഇറങ്ങി ഈ കുളത്തിലെ വെള്ളം ഇളക്കും. അപ്പോൾ ആദ്യമായി ഇറങ്ങിക്കുളിക്കുന്നവൻ എത്ര മഹാരോഗിയായിരുന്നാലും സുഖമാകും. ഇങ്ങനെ ദൂതൻ വന്നു് വെള്ളം ഇളക്കുമ്പോൾ മുമ്പേ ഇറങ്ങുന്നതിനു് പലവിധത്തിലുള്ള രോഗികളും ഈ കുളക്കരയിൽ വന്നു് കാവൽ കിടക്കുക പതിവായിരുന്നു.

മുടന്തന്മാർ, കുഷ്ഠരോഗികൾ, കുരുടന്മാർ, കഠിനവാതക്കാർ തുടങ്ങി പലവിധത്തിലുള്ള രോഗികളെക്കൊണ്ടു് കുളത്തിന്റെ തീരപ്രദേശങ്ങൾ നിറഞ്ഞിരുന്നു. ഈ കുളത്തിൽ കുളിച്ച പലരും സുഖപ്പെട്ടു പോകുകയും ചെയ്തുകൊണ്ടിരുന്നു. ഒരു തളർവാതക്കാരൻ കുളത്തിൽ ഇറങ്ങി ആദ്യം കുളിക്കുന്നതിനു് കാത്തുകിടന്നിട്ടു് മുപ്പത്തിയെട്ടു വർഷങ്ങളായി. ഓരോ പ്രാവശ്യവും കാൽച്ചുറുക്കും ചുണയും ഉള്ളവർ ആദ്യം ഇറങ്ങുകയാൽ ഈയാൾ അടുത്ത അവസരം നോക്കി വീണ്ടും കാത്തുകിടക്കും. ഇങ്ങനെ ഇത്രയും നാൾ കഴിഞ്ഞു.

അങ്ങനെ ഇരിക്കെ യേശു തന്റെ പരസ്യശുശ്രൂഷക്കാലത്തു് രണ്ടാമത്തെ പെസഹാപെരുനാളിനായി യറുശലേമിൽ പോകുന്നതിനു ഭാഗ്യവശാൽ അതുവഴി വരാനിടയായി. അപ്പോൾ

www.malankaralibrary.com

അദ്ദേഹം ഈ വാതരോഗിയെകണ്ടു അവനോടു് "നിനക്കു സുഖം പ്രാപിക്കുവാൻ ആഗ്രഹമുണ്ടോ"[2] എന്നു ചോദിച്ചു. ചോദ്യത്തിന്റെ ഉദ്ദേശം ഗ്രഹിക്കാതെ ആ സാധു ഇങ്ങനെ പറഞ്ഞു. "ആദ്യമായി എന്നെ കുളത്തിൽ ഇറക്കുവാൻ ആരും ഇല്ല. ഞാൻ ചെന്നെത്തുമ്പോഴേക്കു് വേറൊരുവൻ എനിക്കുമുമ്പായി കുളത്തിൽ ഇറങ്ങുന്നു." യേശു ഇതുകേട്ടു് അവനോടു് "നീ എഴുന്നേറ്റു് നിന്റെ കിടക്ക എടുത്തുകൊണ്ടു നടക്കുക"[3] എന്നു കല്പിച്ചു തീൎന്നപ്പോഴേയ്ക്കു അയാൾ പൂൎണ്ണസുഖം പ്രാപിച്ചു് കിടക്കയുമെടുത്തു് സന്തോഷഭരിതനായി നടന്നുതുടങ്ങി.

ആ ദിവസം ഒരു ശാബതു ദിവസമായിരുന്നതിനാൽ ദൈവാലയത്തിലേക്കു പോകുന്ന ചില യഹൂദന്മാർ വഴിക്കുവച്ചു അയാളെ കണ്ടു. "ശാബതു ദിവസത്തിലാണോ കിടക്കയുംകൊണ്ടു പോകുന്നതു്" എന്നു ചോദിച്ചു. "എന്നെ സൗഖ്യമാക്കിയ ആൾ പറഞ്ഞതുകൊണ്ടാണു് ഞാൻ കിടക്കയും കൊണ്ടു പോകുന്നതു്" എന്നു് അയാൾ മറുപടി പറഞ്ഞു. "ആരാണു നിന്നെ സൗഖ്യമാക്കിയതു്?" എന്നവർ ചോദിച്ചതിനു് യേശുവിനെക്കുറിച്ചു യാതൊരറിവും ഇല്ലാഞ്ഞതിനാൽ അയാൾക്കു് മറുപടി പറയുവാൻ കഴിഞ്ഞില്ല.

പിന്നീടു് ദൈവാലയത്തിൽവച്ചു് യേശു അയാളെ കണ്ടു. അയാളോടു് 'മുമ്പിലത്തേതിനേക്കാൾ അധികം തിന്മയായതു നിനക്കു വരാതിരിപ്പാൻ ഇനിയും പാപം ചെയ്യരുതു്,"[4] എന്നു കല്പിച്ചു. ഉടനെ അയാൾ ചെന്നു് തന്നെ സൗഖ്യമാക്കിയതു് യേശുവാണെന്നു് എല്ലാവരോടും പറഞ്ഞു. ഇതു കേട്ടു് യഹൂദന്മാർ ക്രിസ്തു ശാബതു ലംഘിക്കുന്നു എന്നു പറഞ്ഞു് അദ്ദേഹത്തോടു് വൈരസ്യം പ്രദർശിപ്പിച്ചു തുടങ്ങി.

---

1 ശീലോഹാം കുളത്തിൽ കുളിച്ചാൽ ഏതു രോഗവും സൌഖ്യമാകും. അതുപോലെ ക്രിസ്തീയ മാമോദീസായാൽ അതുവരെയുള്ള എല്ലാ പാപവും മോചിക്കപ്പെടുന്നു.

www.malankaralibrary.com

2 വാതംകൊണ്ടു തളൎന്ന ഈ മനുഷ്യനെപ്പോലെ ചില ആളുകൾ പാപംമൂലം അവരുടെ ആത്മീയ ജീവിതം വളരെ തളൎന്നുപോയവരാണു്. ദീൎഘകാലം പാപിയായിരുന്നവനെപ്പോലും കൈക്കൊള്ളുന്നതിനും സുഖപ്പെടുത്തുന്നതിനും കൎത്താവിനു് കഴിവും സന്നദ്ധതയുമുണ്ടു്.

3 മനുഷ്യപുത്രൻ ശാബതിനും നാഥനാണു്. (മൎക്കോ 2, 28) അതിനാൽ ഒരുവനെ ശാബത്തു ആചാരത്തിൽനിന്നും വിമുക്തനാക്കാൻ ക്രിസ്തുവിനു അധികാരമുണ്ടെന്നു കാണിപ്പാൻ കൂടിയായിരുന്നു ആ രോഗിയോടു കട്ടിലെടുത്തു നടക്കുവാൻ പറഞ്ഞതു്. ക്രിസ്തുവിനുള്ള ഈ അധികാരം കത്തോലിക്കാതിരുസഭയ്ക്കും ഉണ്ടു്. (മത്താ. 28, 18; ലൂക്കാ 22, 29) യഹൂദന്മാർ ശനിയാഴ്ച ആചരിച്ചതു് അതു കൎത്തൃദിനം ആയതുകൊണ്ടായിരുന്നു. കത്തോലിക്കാസഭ ഞായറാഴ്ച്യാചാരം ഏൎപ്പെടുത്തിയിരിക്കുന്നതു അതു ശനിയാഴ്ചയേക്കാൾ കൂടുതൽ പ്രാധാന്യമുള്ള കൎത്തൃദിനം ആയിതീൎന്നതിനാലത്രെ. ഇങ്ങനെ കൎത്തൃദിനം ഏൎപ്പെടുത്തുവാൻ തിരുസഭക്കു് അധികാരമുണ്ടു്.

4 ഏതു പാപവും നമുക്കു് ശിക്ഷ വരുത്തും. അതിനാലത്രെ "ഇതിലും വലിയതു് നിനക്കു വരാതിരിപ്പാൻ മേലാൽ പാപംചെയ്യരുതു്" എന്നു പറഞ്ഞതു്. മോചനം കിട്ടിയാലും വീണ്ടും പാപത്തിൽ വീഴാൻ ഇടയുണ്ടു്. പിന്നെ അനുതപിപ്പാൻ മുമ്പിലത്തേതിലും പ്രയാസമുള്ളതുകൊണ്ടു് പാപത്തിൽ വീഴാതിരിപ്പാൻ നന്നായി കരുതണം.

പാഠം 4

# യേശു കുഷ്ഠരോഗിയെയും ശതാധിപന്റെ ഭൃത്യനെയും സൌഖ്യമാക്കിയതു്

(മത്താ. 8, 1—13; ലൂക്കാ 7, 1—10)

യഹൂദർ കുഷ്ഠരോഗികൾക്കു വളരെ ഹീനത്വം കല്പിച്ചിരുന്നു. ഗ്രാമത്തിനു പുറത്തല്ലാതെ താമസിക്കുവാൻ അവരെ അനുവദിച്ചിരുന്നില്ല. സാധാരണ രാജപാതയിൽക്കൂടി നടക്കുവാൻതന്നെ അവൎക്കനുവാദമില്ലായിരുന്നു. കുഷ്ഠരോഗി തല മൂടി

www.malankaralibrary.com

യും, ദേഹം മറച്ചും നടക്കണം. വഴിയിൽ ആരെയെങ്കിലും കണ്ടാൽ "അശുദ്ധൻ, അശുദ്ധൻ" എന്നു സ്വയം വിളിച്ചു പറയുകയും വേണം. ഏതു വിധമെല്ലാം അസ്വാതന്ത്ര്യങ്ങളുണ്ടോ അവകളെല്ലാം അവർ അനുഭവിച്ചുവന്നു. ഈ രോഗം തന്നെ ഒരു ദൈവശിക്ഷയായിട്ടാണു് കരുതിപ്പോന്നതു്. വല്ലവിധവും ഒരുവനു് ഈ രോഗം ഭേദപ്പെട്ടു കിട്ടിയാൽ അയാൾ പുരോഹിതന്റെ അടുത്തു ചെന്നു് മോശയുടെ ന്യായപ്രമാണപ്രകാരമുള്ള വഴിപാടുകൾ കഴിക്കുകയും പുരോഹിതൻ അയാളെ രോഗമില്ലാത്തവനാണെന്നു് പ്രഖ്യാപിക്കുകയും വേണം. (ലേവി. 14, 2) ഇതായിരുന്നു കുഷ്ഠരോഗികൾക്കുള്ള നിയമം.

യേശു ഗിരിപ്രഭാഷണം (വി. മത്താ. 5, 6, 7) കഴിഞ്ഞു് ഇറങ്ങി വന്നപ്പോൾ ഒരു കുഷ്ഠരോഗി ഈ നടപടികൾ വകവയ്ക്കാതെ അടുത്തു ചെന്നു് അദ്ദേഹത്തെ കുമ്പിട്ടു് "കർത്താവേ അങ്ങേയ്ക്കു് മനസ്സുണ്ടെങ്കിൽ എന്നെ സ്വച്ഛനാക്കുവാൻ കഴിയും" എന്നു പറഞ്ഞു. "എനിക്കു മനസ്സുണ്ടു്. നീ സ്വച്ഛനാകുക" എന്നു പറഞ്ഞുകൊണ്ടു് യേശു കൈനീട്ടി അവനെ തൊട്ടു് സുഖപ്പെടുത്തി. "ഇതു നീ ആരോടും പറയരുതു്. നീ പുരോഹിതന്റെ അടുക്കൽ ചെന്നു്, നിന്നെത്തന്നെ അവനു കാണിച്ചു് അവരുടെ സാക്ഷ്യത്തിനായി മോശ കല്പിച്ചിരിക്കുന്നപ്രകാരമുള്ള വഴിപാടു കഴിക്കുക"[1] എന്നു ആജ്ഞാപിച്ചു. അനന്തരം യേശു കപ്പർന്നഹോമിലേക്കു വന്നു.

അവിടെ വിജാതീയനായ ഒരു റോമ്മാശതാധിപനുണ്ടായിരുന്നു. അയാൾ യഹൂദന്മാരുടെ സ്നേഹിതനും അവർക്കു് ഒരു പ്രാർത്ഥനാലയം പണിയിച്ചുകൊടുത്ത ആളുമായിരുന്നു. അയാളുടെ ഒരു ഭൃത്യൻ പക്ഷവാതരോഗം മൂലം ആസന്നമരണനായി കിടക്കുന്നുണ്ടായിരുന്നു. തന്റെ ഈ ഭൃത്യനെ സൗഖ്യമാക്കണമെന്നു ശതാധിപൻ യഹൂദന്മാർ മൂലം യേശുവിനോടു അപേക്ഷിച്ചു[2]. യേശു ഉടനെ ശതാധിപന്റെ വീട്ടിലേക്കു പോയി. യേശു ചെല്ലുന്നതു കണ്ടു് ശതാധിപൻ "കർത്താവേ, അങ്ങു് എന്റെ വീ

www.malankaralibrary.com

ട്ടിൽ വരുവാൻ ഞാൻ യോഗ്യനല്ല. അങ്ങു ഒരു വാക്കു കല്പിച്ചാൽ മാത്രം മതിയാകും. എന്റെ ഭൃത്യനു സുഖം കിട്ടും. എന്തെന്നാൽ ഞാൻ അധികാരത്തിനു അധീനനായ ആളാകുന്നു. എന്റെ കീഴിലും ഭടന്മാരുണ്ട്. ഞാൻ ഒരുവനോടു പോകുക എന്നു പറഞ്ഞാൽ അവൻ പോകുന്നു. മറ്റൊരുവനോട് വരിക എന്നു പറഞ്ഞാൽ അവൻ വരുന്നു. ഞാൻ എന്റെ പരിചാരകനോട് ഇതു ചെയ്യുക എന്നു പറയുന്നു. അവൻ അതു ചെയ്യുന്നു" എന്നു പറഞ്ഞു. യേശു ഇതു കേട്ട് അത്ഭുതപ്പെട്ടു. "ഇസ്രായേലിൽ പോലും ഇത്ര തികഞ്ഞ വിശ്വാസം ഞാൻ കണ്ടിട്ടില്ല" എന്നു പ്രസ്താവിച്ചു. "കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്ന് അബ്രഹാമിനോടും ഇസഹാക്കിനോടും യാക്കോബിനോടും കൂടി സ്വർഗ്ഗരാജ്യത്തിൽ ഭക്ഷണമേശയ്ക്കു ഇരിക്കും. എന്നാൽ രാജ്യത്തിന്റെ പുത്രന്മാരോ? പുറത്തേക്കു തള്ളപ്പെടും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും". എന്ന് അവിടുന്ന് അരുളിച്ചെയ്തു.

അനന്തരം യേശു ശതാധിപനോട് "നീ പോകുക. നീ വിശ്വസിച്ചപ്രകാരംതന്നെ നിനക്കു ഭവിക്കട്ടെ". എന്നു കല്പിച്ചു. ആ നിമിഷം തന്നെ ആ ഭൃത്യൻ രോഗവിമുക്തനായി.

---

1 ക്രിസ്തു കുഷ്ഠരോഗിയെ സൌഖ്യമാക്കി എങ്കിലും അവൻ തന്നെത്തന്നെ പുരോഹിതനു കാണിച്ചുകൊടുത്തു വിധിപ്രകാരം വഴിപാടുകൾ അർപ്പിച്ചു കുഷ്ഠമില്ലാത്തവനെന്നു പ്രസിദ്ധപ്പെടുത്തണം എന്നും കൂടി പറഞ്ഞു. (ലേവി. 14: 12) പാപം കുഷ്ഠത്തിനു സമമാകയാൽ പാപിയായ മനുഷ്യൻ പട്ടക്കാരന്റെ അടുക്കൽ പോകുകയും കുമ്പസാരം (കുമ്പസാരം) മൂലം സ്വയം പട്ടക്കാരനു കാണിച്ചു കൊടുക്കുകയും പുരോഹിതൻ അവനു പാപപരിഹാരം കൊടുക്കുകയും ചെയ്തതിനു ശേഷം മാത്രം ഇതരസ്രോതസ്സുകളിൽ (കൂദാശകളിൽ) പങ്കെടുക്കേണ്ടതാണ്. കുഷ്ഠം രണ്ടു വിധമുണ്ട്. തൊലിപ്പുറമേയുള്ളതും അസ്ഥിയിൽ നിന്നുള്ളതും. ഇതുപോലെ പാപവും രണ്ടുവിധമുണ്ട്, മരണകരമായ പാപം(ഘനപാപം)മരണകരമല്ലാത്ത പാപം(ലഘു പാപം) (യോഹ. 5, 16)കുഷ്ഠം പകരുന്നതാണ്. പാപവും പകരുന്നതാണ്. ചീത്ത കൂട്ടുകെട്ടു പാടില്ല എന്നു പറയുന്നതു് ഇതിനാലാണ്.

www.malankaralibrary.com

2 തന്റെ ഭൃത്യൻ മരിച്ചാൽ മറെറാരുവനെ കിട്ടുമെന്നിരുന്നിട്ടും ശതാധിപൻ തന്റെ ഭൃത്യനെ കരുണയോടെ ശുശ്രൂഷിക്കുകയും അവനെ സുഖപ്പെടുത്തുവാൻ താല്പൎയ്യമായി യേശുവിനോടു അപേക്ഷിക്കുകയും ചെയ്കതിനാൽ ഹിതം സാധിച്ചു. രോഗിയെ ശുശ്രൂഷിക്കുന്നതു ഏഴു ശാരീരികപുണ്യങ്ങളിൽ ഒന്നാണു്.

## പാഠം 5

# നായിനിലെ വിധവയുടെ മകനും പാപിനിയായ സ്ത്രീയും

(ലൂക്കൊ. 7, 11—16;36—50)

ഹെൎമ്മോൻ കുന്നിന്റെ അടിഭാഗത്തു് നായിൻ എന്നൊരു ചെറിയ പട്ടണമുണ്ടു്. ഒരിക്കൽ യേശു ശിഷ്യന്മാരോടും ഒട്ടുവളരെ ആളുകളോടും കൂടി ഈ പട്ടണംവഴി യാത്രചെയ്യുകയായിരുന്നു. അപ്പോൾ കണ്ടകാഴ്ച അദ്ദേഹത്തിന്റെ ഹൃദയത്തെ വല്ലാതെ സ്പൎശിച്ചു. ഒരു വിധവയുടെ ഏകപുത്രന്റെ മൃതശരീരം വഹിച്ചുകൊണ്ടു് ദുഃഖിതരായ ഒരുകൂട്ടം ആളുകൾ ശ്മശാനസ്ഥലത്തേക്കു് പോകുന്നു1. ഇതു കണ്ടു് കരുണാവാരിധിയായ യേശു ആ സ്ത്രീയോടു് "കരയേണ്ട" എന്നു പറഞ്ഞു് സമാധാനിപ്പിച്ചിട്ടു് അടുത്തു ചെന്നു ശവമഞ്ചത്തെ തൊട്ടു. അപ്പോൾ അതു വഹിച്ചിരുന്നവർ നിന്നു. അനന്തരം "യുവാവേ, ഞാൻ നിന്നോടു പറയുന്നു, എഴുനേൽക്ക" എന്നു് യേശു തിരുവായ് മൊഴിഞ്ഞു. തൽക്ഷണം മരിച്ചവൻ എഴുനേററിരുന്നു സംസാരിച്ചുതുടങ്ങി. ആ യുവാവിനെ മാതൃഹസ്തങ്ങളിൽ ഏല്പിച്ചു2. ഈ സംഭവം കണ്ടുകൊണ്ടു നിന്നവരെല്ലാം "നമ്മുടെ ഇടയിൽ ഒരു ദീൎഘദൎശി എഴുനേററിരിക്കുന്നു" എന്നു പറഞ്ഞു് ദൈവത്തെ മഹത്വപ്പെടുത്തി.

അനന്തരം ശീമോൻ എന്ന ഒരു പരീശന്റെ ക്ഷണം അനുസരിച്ചു് യേശു അയാളുടെ ഭവനത്തിൽ വിരുന്നിനു ചെന്നു.

www.malankaralibrary.com

യേശു പല രോഗികളെയും സുഖപ്പെടുത്തിയ വിവരം അറിഞ്ഞു് ആളുകൾ പരീശന്റെ വസതിയിൽ എത്തിക്കൂടി. പട്ടണത്തിലെ പാപിനിയായ ഒരു സ്ത്രീ ഒരു വെൺകൽഭരണി നിറയെ സുഗന്ധതൈലവുമായി അവിടെച്ചെന്നു. അവൾ യേശുവിന്റെ പിമ്പിലായി പാദപീഠത്തിനരികെ നിന്നുകൊണ്ടു് തന്റെ പാപത്തെക്കുറിച്ചു് അനുതപിച്ചു, കണ്ണുനീർ വാർത്തു തുടങ്ങി. യേശുവിന്റെ പാദത്തിൽ അവൾ ചുംബിച്ചു. ധാരധാരയായി ഒഴുകിയ കണ്ണുനീർകൊണ്ടു് യേശുവിന്റെ പാദങ്ങളെ അവൾ ക്ഷാളനംചെയ്തു. വീണ്ടും ചുംബിച്ചശേഷം ഭംഗിയേറിയ അവളുടെ തലമുടിക്കെട്ടു് വിതിർത്തു തൃപ്പാദങ്ങൾ തുടച്ചു. അവൾ കൊണ്ടുവന്നിരുന്ന പരിമളതൈലം യേശുവിന്റെ പാദങ്ങളിൽ അഭിഷേകംചെയ്തു. യേശുവിനെ ക്ഷണിച്ചു വരുത്തിയ പരീശപ്രമാണിക്കു ഇതു് അശേഷം ഇഷ്ടമായില്ല.

"യേശു ഒരു ദീർഘദർശിയായിരുന്നുവെങ്കിൽ ഈ മഹാപാപിയെ തിരിച്ചറിഞ്ഞു് അകലെ നിർത്തുകയില്ലായിരുന്നോ" എന്നായിരുന്നു അയാളുടെ ചിന്ത. അതു് ഉടൻതന്നെ മനസ്സിലാക്കിയ യേശു ശീമോനെ വിളിച്ചു. "ഒരാൾക്കു രണ്ടു കടക്കാർ ഉണ്ടായിരുന്നു. ഒരുത്തൻ 50 ദീനോറായും മറ്റവൻ 500 ദീനോറായും കടംപെട്ടിരുന്നു. ഇവരുടെ നിർദ്ധനാവസ്ഥ കണ്ടു് യജമാനൻ രണ്ടുപേരുടെയും തുകകൾ സമനസ്സാലെ ഉപേക്ഷിച്ചു. "ഇതിലാരായിരിക്കും യജമാനനോടു കൂടുതൽ സ്നേഹം"? എന്നു ചോദിച്ചു. "കൂടുതൽ ഇളവുചെയ്തു കിട്ടിയവനായിരിക്കണം" എന്നയാൾ മറുപടി പറഞ്ഞു. അതിനു് യേശു "ശരിയായി ഉത്തരം പറഞ്ഞു. നീ ഈ സ്ത്രീയെ കാണുന്നുവല്ലോ. ഞാൻ നിന്റെ വീട്ടിൽ വന്നിട്ടു് പാദങ്ങൾ കഴുകുവാൻ വെള്ളമോ തലയിൽ അഭിഷേകത്തിനു് എണ്ണയോ തന്നില്ല. അവളാകട്ടെ കണ്ണുനീരുകൊണ്ടു് എന്റെ പാദം കഴുകി. മുടികൊണ്ടു തുടച്ചു. സുഗന്ധതൈലം പൂശി പാദത്തിൽ ചുംബിച്ചു. ആകയാൽ ഇവളുടെ നിരവധി പാപങ്ങൾ ഇവളോടു ക്ഷമിക്കപ്പെട്ടിരിക്കുന്നു.

www.malankaralibrary.com

ഇവൾ എന്നെ വളരെ സ്നേഹിച്ചുവല്ലോ. അല്പം സ്നേഹിക്കുന്നവ ൻ അല്പം മോചിക്കപ്പെടുന്നു" എന്നു യേശു മറുപടി നൽകി4. അപ്പോൾ കൂടെ ഭക്ഷണത്തിനിരുന്നവർ "പാപങ്ങൾ കൂടെയും മോചിക്കുന്ന ഇവൻ ആർ"? എന്നു പറഞ്ഞു. അവിടുന്നാകട്ടെ ആ സ്ത്രീയോടു "സ്ത്രീയേ, നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചു. സമാധാനമായിപ്പോക", എന്നാജ്ഞാപിച്ചിട്ടു ആ സ്ത്രീയെ യാത്രയാക്കി.

---

1 മരിച്ചവരുടെ സംസ്കാരകർമ്മത്തിൽ ഭാഗഭാക്കാകുന്നതു ഏഴു ശാരീരിക പുണ്യപ്രവൃത്തികളിൽ ഒന്നാണു. യഹൂദന്മാരും ഇതൊരു പുണ്യമായി കരുതി വന്നിരുന്നു. അതിനാലത്രെ വളരെപ്പേർ വിധവയുടെ ഏകപുത്രൻെറ സംസ്കാരകർമ്മത്തിൽ സംബന്ധിച്ചതു. "സന്തോഷഭവനത്തിൽ പോകുന്നതിനേക്കാൾ ദുഃഖിതഭവനത്തിൽ പോകുന്നതു പുണ്യകരം".

2 മരണകരമായ പാപത്തിൽ നിന്നും മോചനം പ്രാപിക്കുന്നവൻ മരണത്തിൽനിന്നും ഉയിർക്കുന്നവനോടു തുല്യനാകുന്നു. മരിച്ച മകൻ ഉയിർത്തപ്പോൾ മാതാവു സന്തോഷിച്ചു. പാപി മാനസാന്തരപ്പെടുമ്പോൾ ദൈവദൂതന്മാർ സന്തോഷിക്കുന്നു. (ലൂക്കാ. 15. 7) മരണകരമായ പാപം ചെയ്തതിൻെറ ഫലമായി ആത്മാവിൽ മരിച്ചവർക്കു കുമ്പസാരത്താൽ മോചനം കൊടുത്തു അവരെ ജീവനുള്ളവരാക്കി അയയ്ക്കുവാൻ സഭയ്ക്കു അധികാരം ഉണ്ടു. (യോഹ 20, 23.)

3 പാപിനി യേശുവിൻെറ പാദം നനച്ചതും തുടച്ചതും സുഗന്ധതൈലം പൂശിയതും എല്ലാം ഭക്തകൃത്യങ്ങളായിരുന്നു. നാം പള്ളിയെയും പട്ടക്കാരെയും സുവിശേഷവേലക്കാരെയും സഹായിക്കുന്നതും പള്ളി അലങ്കരിക്കുന്നതും ഭക്തകൃത്യങ്ങളാണു.

4 പാപിയെ ശിക്ഷക്കു വിധിക്കുവാനല്ല രക്ഷിക്കുവാനത്രെ യേശു വന്നതു. അദ്ദേഹം പാപിയെ ശിക്ഷിക്കാതെ, ശിമോൻെറ ദുഷ്ടബുദ്ധിയെ ശാസിക്കുന്നു.

www.malankaralibrary.com

# പാഠം 6

## യേശുവിന്റെ ശിഷ്യന്മാർ കതിരു പറിച്ചു തിന്നതു്

(മത്താ. 12, 1–8; മർക്കൊ. 2, 23–27; ലൂക്കോ. 6, 1–5)

യഹൂദപ്രമാണികൾക്കു യേശുവിനോടുള്ള വൈരാഗ്യം ക്രമേണ വളർന്നു വന്നു. ഒരു ശാബതുദിവസം അദ്ദേഹം ശിഷ്യന്മാരുമായി ഒരു വയലിൽക്കൂടി സഞ്ചരിക്കുമ്പോൾ വിശപ്പു സഹിയാതെ ശിഷ്യന്മാർ കതിരുകൾ പറിച്ചു് കൈകൊണ്ടു തിരുമ്മി ഭക്ഷിച്ചു. എന്നാൽ ഇതുമൂലം യേശുവും ശിഷ്യന്മാരും ശാബതിനെ അവഗണിക്കുന്നതായി ചില പ്രീശന്മാർ കരുതി. കതിരു പറിക്കുന്നതും കയ്യിലിട്ടു തിരുമ്മുന്നതും ഒരു വേലയായി സങ്കല്പിച്ചുകൊണ്ടു് ശാബതിൽ വേല ചെയ്തുകൂടാ എന്നുള്ള നിയമം ലംഘിച്ചതായി അവർ വ്യാഖ്യാനിച്ചു.

“നിന്റെ ശിഷ്യന്മാർ ശാബതിൽ അവിഹിതമായതു് പ്രവർത്തിക്കുന്നതു എന്തു്?” എന്നു് അവർ യേശുവിനോടു ചോദിച്ചു. അപ്പോൾ യേശു അവരോടു് ‘ആചാര്യന്മാർക്കല്ലാതെ ദേവാലയത്തിലെ കാഴ്ചയപ്പം ഭക്ഷിപ്പാൻ അവകാശമില്ലല്ലോ. പ്രധാനാചാര്യനായ അബിയാഥാറിന്റെ[1] കാലത്തു, ദാവീദിനും കൂടെയുള്ളവർക്കും വിശന്നപ്പോൾ, ദാവീദു് ദൈവാലയത്തിൽ പ്രവേശിച്ചു് കാഴ്ചയപ്പം എടുത്തു് കൂടെയുള്ളവരുമൊരുമിച്ചു ഭക്ഷിച്ചില്ലേ? ഇതിൽ ദാവീദു് കുറ്റക്കാരനായി വിചാരിക്കപ്പെടുന്നില്ലല്ലോ. അതു കുറ്റകരമല്ലെങ്കിൽ വിശപ്പു സഹിക്കാതെ ഇവർ ചെയ്തതു കുറ്റകരമാകുന്നതെങ്ങനെ?’ എന്നു ചോദിച്ചു. അതിനു ഉത്തരമില്ലാതെ പ്രീശന്മാർ കുഴങ്ങി. യേശു വീണ്ടും പറയുന്നു:– “ദൈവാലയത്തേക്കാൾ മനുഷ്യപുത്രൻ വലിയവനാണ്”. എന്നു തന്നെയുമല്ല അദ്ദേഹം ശാബതിന്റെയും നാഥനാകുന്നു[2]. ശാബതു മനുഷ്യർക്കായി നിയമിക്കപ്പെട്ടു. മനുഷ്യൻ ശാബതിനായി സൃ

www.malankaralibrary.com

ഷ്ടിക്കപ്പെട്ടവനല്ല. "ബലിയേക്കാറ് കരുണയെ ഞാൻ സ്നേഹിക്കുന്നു" (ഓസ്സി. 6, 6)എന്നു് എഴുതിയിരിക്കുന്നതു് എന്താണെന്നു പോയി പഠിപ്പിൻ.

"ശാബതുദിവസം ദൈവാലയത്തിൽ ആചാര്യന്മാക്ക പണി മുടക്കില്ല. ശാബതുദിവസം അവിടെ അവർ വിറകു വെട്ടുക, ബലിപീഠത്തിൽ തീ കത്തിക്കുക, ബലിക്കു വേണ്ട കമ്മങ്ങൾ ചെയ്യുക, കാഴ്ചയപ്പങ്ങൾ മാറിവെയ്ക്കുക മുതലായവ ചെയ്യുന്നു. എന്നാൽ അതു കുററകരമായി കരുതുന്നില്ലല്ലോ. അതു ചിന്തിക്കാത്തതെന്തു്? എന്നിപ്രകാരം അദ്ദേഹം തുടന്നു പറഞ്ഞു. പരീക്ഷപ്രീശേന്മാരാകട്ടെ അദ്ദേഹത്തിൻെറ ആശയസമ്പുഷ്ടമായ വാക്കുകൾ ശ്രദ്ധാപൂൎവ്വം കേട്ടു ചിന്തിക്കാതെ അദ്ദേഹത്തോടുള്ള വൈരസ്യം ഹൃദയത്തിൽ വച്ചു വളത്തി.

---

1. അബ്യാഥാർ എന്ന അപരനാമം കൂടെയുണ്ടായിരുന്നു. അതിനാലാണു് കർത്താവു ഉദ്ധരിച്ച കഥ രേഖപ്പെടുത്തിയിരിക്കുന്ന 1 രാജാ. 21, -ൽ അഹിമലക്ക എന്നു കാണുന്നതു്. ശാബതുതോറും യാഗപീഠത്തിന്മേൽ കാഴ്ചയപ്പം മാറിവയ്ക്കുകയും ( നാളാ. ,32) പഴയ അപ്പം നീക്കിക്കളകയും പതിവുണ്ടായിരുന്നു അതനുസരിച്ചു മാറിഎടുത്ത അപ്പമായിരുന്നു ദാവീദു, പുരോഹിതന്മാരുടെ അടുക്കൽനിന്നും വാങ്ങി ഭക്ഷിച്ചതു് എന്നാൽ അതു ആചാൎയ്യന്മാക്കുമാത്രമേ ഭക്ഷിപ്പാൻ പാടുള്ളു എന്നു നിയമമുള്ളതാണു്. (ലേവി 24,9).

2. ക്രിസ്തു ശാബതിൻെറ അതിനാഥനാകുന്നു എന്നു പറഞ്ഞാൽ ശാബതു അനുഷ്ഠാനത്തിൽനിന്നു് ആരേയും ഒഴിവാക്കുവാൻ ശാബതാചാരം നിശ്ചയിച്ച ദൈവപുത്രനു് സ്വതസിദ്ധമായ അധികാരമുണ്ടെന്നു സാരം. ക്രിസ്തു ശാബതിനും നാഥനാകുന്നു. അതിനാൽ ക്രിസ്തുവിൻെറ ഉയിർപ്പുപെരുനാൾ ശാബതിനേക്കാൾ ശ്രേഷ്ഠമാകുന്നു. അതിനാലത്രേ തിരുസഭ ശാബതാചാരത്തെ നിറുത്തുകയും, ഞായറാഴ്ച വിശുദ്ധ ദിവസമായി ആചരിക്കുവാൻ ആജ്ഞാപിക്കയും ചെയ്തിട്ടുള്ളതു്.

3. ദൈവാലയത്തിൽ ദൈവം നിശ്ചയിച്ചിട്ടുള്ള ആരാധനക്രമം നിവത്തിക്കുവാൻ പുരോഹിതന്മാർ ചെയ്യുന്ന പ്രവൃത്തികൾഒന്നും ശാബതുലംഘനമാകുന്നില്ല. (സംഖ്യ 28,9) ആ സ്ഥിതിക്കു ക്രിസ്തുവിൻെറ പരിസേവനത്താലുണ്ടായ ക്ഷീണം തീക്കുവാൻ കതിരുകൾ പറിച്ചതും കൈയ്യിലിട്ടു ഉരുമ്മിയതും ഒരിക്കലും ശാബതു ലംഘനമാകുന്നില്ല.

www.malankaralibrary.com

# പാഠം 7

# കൈ ശോഷിച്ച ഒരുവനെ യേശു സൗഖ്യമാക്കിയതു്

(മത്താ. 12, 9-23; മക്കോ .3, 1-6; ലൂക്കോ. 6, 6-11)

യേശു യറുശലേമിൽനിന്നു് ഒരു ശാബതു ദിവസം ഗലീലയിലേക്കു വന്നു. അവരുടെ പ്രാൎത്ഥനാലയത്തിൽ ചെന്നപ്പോൾ കൈ ശോഷിച്ച ഒരു മനുഷ്യൻ യേശുവിനെ കാണുന്നതിനായി അവിടെ എത്തി. ശാബതുദിവസം യേശു അവനെ സൗഖ്യമാക്കുമോ എന്നറിവാൻ യഹൂദന്മാർ ഉൽക്കണ്ഠയോടുകൂടെ നോക്കിക്കൊണ്ടിരുന്നു. "നീ നടുവിൽ മാറി എഴുന്നേററു നിൽക്കുക" എന്നു യേശു അവനോടാജ്ഞാപിച്ചു. തദനന്തരം അവൻ മാറി നിന്നു.

അപ്പോൾ യഹൂദപ്രമാണികളോടു് യേശു ഇപ്രകാരം ചോദിച്ചു. "ശാബതുദിവസം ഒരു ആടു് കുഴിയിൽ വീണാൽ നിങ്ങൾ പിടിച്ചു കയററുമോ? ശാബതിൽ നന്മ ചെയ്യുന്നതോ തിന്മ ചെയ്യുന്നതോ നിയമയുക്തം1? ശാബതിൽ ജീവനെ രക്ഷിക്കുന്നതോ കൊല്ലുന്നതോ ഏതു യോഗ്യം"? ഈ പ്രൗഢഗംഭീരപ്രശ്നങ്ങൾക്കു മറുപടി പറയാൻ കഴിയാതെ എല്ലാവരും സ്തംഭിതരായി നിന്നു. അവരുടെ ദുഷ്ടഹൃദയം കണ്ടു കോപിച്ചു് യേശു അവരെ നോക്കിയിട്ടു് ആ രോഗബാധിതനോടു് "നിൻെറ കൈ നീട്ടുക" എന്നു ആജ്ഞാപിച്ചു2. നീട്ടിയ ഉടൻ അവൻെറ കൈ സൗഖ്യമായി3.

ഈ അത്ഭുതപ്രവൃത്തികണ്ടു് ഭൂരിഭാഗം ജനങ്ങളും യേശുവിൽ വിശ്വസിച്ചെങ്കിലും പ്രീശന്മാർ നീരസപ്പെട്ടു, അവിടെ

www.malankaralibrary.com

നിന്നു പോയി അദ്ദേഹത്തെ അപായപ്പെടുത്താൻ ആലോചിക്കയാണുണ്ടായതു്. ആകയാൽ ഈ വിവരമറിഞ്ഞു് യേശു അവിടെ നിന്നു പൊയ്ക്കളഞ്ഞു. അദ്ദേഹം അനേകം രോഗികളെ സൗഖ്യമാക്കി എങ്കിലും തന്നെ പരസ്യപ്പെടുത്തരുതെന്നു അവരോടു പറഞ്ഞു. ഏശായാ പ്രവാചകന്റെ വചനം നിവൃത്തിയാകുവാൻ ഇതു് സംഭവിച്ചു.

"ഇതാ ഞാൻ തിരഞ്ഞെടുത്ത എന്റെ ഭൃത്യൻ എന്റെ ആത്മാവിനു വളരെ പ്രസാദമുള്ള എന്റെ പ്രിയൻ! ഞാൻ എന്റെ ആത്മാവിനെ അവന്റെ മേൽ നിവേശിപ്പിയ്ക്കും. അവൻ വിജാതിയർക്കു നീതി അറിയിക്കുകയും ചെയ്യും". (ഏശാ. 42,1.)

ഏറെനാൾ കഴിയുംമുമ്പു് ഊമനും കുരുടനും ആയ ഒരുവനെ യേശുവിന്റെ അടുക്കൽ കൊണ്ടുവരികയും അദ്ദേഹം അവനെ സൗഖ്യമാക്കിയപ്പോൾ അവൻ സംസാരിക്കുകയും കാഴ്ചയുള്ളവനായിത്തീരുകയും ചെയ്തു. ഇതു കണ്ടു് അത്ഭുതപ്പെട്ട ജനങ്ങൾ "വരുവാനുള്ള ദാവീദിന്റെ പുത്രൻ അല്ലയോ ഇവൻ" എന്നു പറഞ്ഞു. "ഇവൻ പിശാചിനെ പുറപ്പെടുവിക്കുന്നതു പിശാചിന്റെ തലവനായ ബെയിത്സെബൂബിനെക്കൊണ്ടാകുന്നു" എന്നു പ്രീശന്മാർ പറഞ്ഞു. യേശു ഇതു കേട്ടിട്ടു അവരോടു് 'ഒരു രാജ്യം തന്നിൽത്തന്നെ ഭിന്നിച്ചാൽ അതു ശൂന്യമായിപ്പോകും.4 ഒരു ഭവനം അതിനു വിരുദ്ധമായി വന്നാൽ അതു നശിക്കും. സാത്താൻ സാത്താനെ പുറപ്പെടുവിച്ചാൽ പിന്നെ അവന്റെ രാജ്യം നിലനിൽക്കുന്നതെങ്ങനെ5? ഞാൻ ദൈവാത്മാവുകൊണ്ടു സാത്താനെ പുറപ്പെടുവിക്കുന്നു എങ്കിൽ ദൈവരാജ്യം നിങ്ങൾക്കു സമീപിച്ചിരിക്കുന്നു എന്നു കണ്ടുകൊള്ളുവിൻ. എന്നോടുകൂടി ശേഖരിക്കാത്തവൻ ചിതറിക്കുന്നു. സകല പാപവും ദൂഷണവും ക്ഷമിക്കപ്പെടും. എന്നാൽ പരിശുദ്ധാത്മാവിനു വിരോധമായുള്ള ദൈവദൂഷണം ഇഹത്തിലും പരത്തിലും ക്ഷമിക്കപ്പെടുകയില്ല6" എന്നു അരുളിച്ചെയ്തു.

www.malankaralibrary.com

1. നന്മ ചെയ്യുന്നതിന ഒരു ദിവസവും വിലക്കപ്പെട്ടിട്ടില്ല.

2. തിരുസഭയിൽ ചേരാതെ ക്രിസ്തുവിലുള്ള വിശ്വാസംകൊണ്ടു മാത്രം രക്ഷ കിട്ടും എന്നു പറയുന്ന ഉപദേശം ശരിയല്ല. ക്രിസ്തുവിൽ വിശ്വസിച്ചു എന്നുവച്ച് സംതൃപ്തനാകരുത്. യേശുവിന്റെ അടുക്കൽ വന്ന കൈ ശോഷിച്ചവനെ യേശു തന്റെ ശാരീരികവ്യാപാരമാകുന്ന വചനത്താൽ സൌഖ്യമാക്കി. അതിനാൽ ക്രിസ്തുവിനെ വിശ്വസിക്കുന്നവർ ക്രിസ്തുവിന്റെ ഗൂഢാത്മശരീരമാകുന്ന തിരുസഭയിൽ ചേരുകയും ക്രിസ്തുവിന്റെ വചനം അദ്ദേഹത്തിന്റെ സ്ഥാപനമായ തിരുസഭയിൽനിന്നു ശ്രവിക്കുകയും ചെയ്യേണ്ടതാണ്. "സഭയെ അനുസരിക്കാത്തവൻ നിനക്കു പുറജാതിക്കാരനും ചുങ്കക്കാരനുംപോലെ ആയിരിക്കട്ടെ" (മത്താ. 18, 17).

3. കൈ ശോഷിച്ചവനെ യേശു സൌഖ്യമാക്കി, ദൈവകല്പനപ്രകാരം പ്രവർത്തിപ്പാൻ ശക്തി ലഭിക്കുവാൻ യേശുവിനോടു പ്രാർത്ഥിക്കട്ടെ മതിയായി ശക്തി അവനു നൽകപ്പെടും.

4. രാജ്യത്തിനെതിരായി രാജ്യംതന്നെ എഴുന്നേററാൽ ആ രാജ്യം തന്നെ ശൂന്യമാകും. അതിനാൽ തിരുസഭയുടെ വിശ്വാസത്തിനെതിരായി പഠിപ്പിക്കുന്നവനെ സഭാംഗമായി വച്ചുകൊണ്ടിരുന്നാൽ സഭ നിലനില്ക്കയില്ല. അതിനാൽ ഭിന്നോപദേശമുള്ളവരെ കത്തോലിക്കാ തിരുസഭ ബഹിഷ്കരിച്ചു പ്രഖ്യാപനം ചെയ്തിട്ടുള്ളതു തെററല്ല.

5. മനുഷ്യരെ തിന്മയിലേക്ക് വശീകരിക്കുവാൻ മാത്രമേ പിശാചിനു സാധിക്കയുള്ളു. (1 പത്രോ. 5, 8) എന്നാൽ പിശാചിന്റെ പിടിയിൽനിന്നു ഒരുവനെ വിട്ടുവിച്ചു ദൈവസന്നിധിയിലേക്കും സദാചാരത്തിലേക്കും ആനയിക്കുവാൻ ഒരു പിശാചിനും സാധിക്കയില്ല. അതു അവരുടെ വാസനക്കും സ്വഭാവത്തിനും എതിരാണ്.

6. "പരിശുദ്ധാത്മാവിനു എതിരായ ദൂഷണം ക്ഷമിക്കപ്പെടുകയില്ല". സത്യം ഇന്നതാണെന്നു ഒരുവന്റെ അന്തഃക്കരണത്തിൽ പരിശുദ്ധാത്മാവ് തോന്നിച്ചിട്ടും വകവയ്ക്കാതെ അതിനെ അവഗണിച്ചു സത്യത്തിനു വിരുദ്ധമായി ഒരുവൻ ഉറച്ചു നിന്നാൽ അങ്ങനെ ഇരിക്കുന്നിടത്തോളം കാലം അതു ക്ഷമിക്കപ്പെടുകയില്ല. ഇഹത്തിലും പരത്തിലും ക്ഷമിക്കപ്പെടുകയില്ല എന്നു പറയുന്നതിൽനിന്ന് പാപങ്ങളോ പാപങ്ങളുടെ കറകളോ പരിഹരിക്കുന്നതിനു മരണാനന്തരം ഒരു പദ്ധതി അഥവാ ശുദ്ധീകരണസ്ഥലം ഉണ്ടെന്നുള്ള സത്യംകൂടി ഈ വാക്യത്തിൽ അന്തർഭവിച്ചിട്ടുണ്ട്.

www.malankaralibrary.com

## പാഠം 8

# യേശു പന്ത്രണ്ടു അപ്പോസ്തലന്മാരെ തിരഞ്ഞെടുത്തതു്

(മത്താ. 10,1-42; മർക്കോ.3,13-19: ലൂക്കോ.6,12-16)

യേശുവിനു് അനുചരന്മാർ ദിവസംതോറും വർദ്ധിച്ചുവന്നു. ഇതു കണ്ടു് യേശു പ്രസംഗമദ്ധ്യേ ഇങ്ങനെ പറഞ്ഞു. "കൊയിത്തു വളരെ, വേലക്കാരോ ചുരുക്കം. ആകയാൽ മുന്തിരിത്തോട്ടത്തിലേക്കു കൂടുതൽ വേലക്കാരെ അയയ്ക്കുവാൻ കൊയിത്തിന്റെ ഉടമസ്ഥനോടു് നിങ്ങൾ പ്രാർത്ഥിക്കുവിൻ". ഇങ്ങനെ പറഞ്ഞ ശേഷം അദ്ദേഹം ആ രാത്രി മുഴുവൻ പ്രാർത്ഥനയിൽ കഴിച്ചുകൂട്ടി. പ്രഭാതത്തിൽ എല്ലാ ശിഷ്യന്മാരെയും അടുക്കൽ വരുത്തി. തന്നോടുകൂടെ ഇരിക്കുന്നതിനും പ്രസംഗിക്കുന്നതിനുമായി യേശു അവരിൽനിന്നും പത്രോസ്[1] എന്നു മറുനാമമുള്ള ശിമോൻ, അദ്ദേഹത്തിന്റെ സഹോദരനായ അന്ത്രയോസ്, സബ്ദിപുത്രനായ യാക്കോബ്, അദ്ദേഹത്തിന്റെ സഹോദരനായ യോഹന്നാൻ, പീലിപ്പോസ്, ബർത്തലോമ്മ, ചുങ്കക്കാരൻ മത്തായി, ദിദിമൂസ് എന്നു മറുനാമമുള്ള തോമ്മസ്, ചെറിയ യാക്കോബ്, എരിവുകാരൻ ശിമോൻ, തദ്ദായി, യൂദാസ്കറിയോത്താ, എന്നിങ്ങനെ പന്ത്രണ്ടുപേരെ തിരഞ്ഞെടുത്തു[2]. ഇവരിൽ ഒന്നാമൻ പത്രോസ് ആയിരുന്നു. അവക്കു് അപ്പോസ്തലന്മാർ[3] എന്നു് പേർ ഇട്ടു.

ഇസ്രായേലിൽനിന്നും കാണാതെ പോയ ആടുകളുടെ അടുക്കൽ ചെന്നു്, "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു"[4], എന്നു് അറിയിക്കുവാൻ ഈ ശിഷ്യന്മാരോടു് യേശു കല്പിച്ചയച്ചു. മാത്രമല്ല, രോഗികളെ സൗഖ്യമാക്കുവാനും പിശാചുക്കളെ പുറത്താക്കുവാനും, മരിച്ചവരെ ഉയിർപ്പിക്കുവാനും കുഷ്ഠരോഗികളെ സൗഖ്യ

www.malankaralibrary.com

മാകുവാനുമുള്ള അധികാരങ്ങളും5 അവക്കു കൊടുത്തു. "സൗജന്യമായി ലഭിച്ചു; സൗജന്യമായി കൊടുപ്പിൻ" എന്നു പറഞ്ഞു6.

യാത്രയിൽ അവർ യാതൊന്നും എടുക്കരുതെന്നും വേലക്കാർ തങ്ങളുടെ കൂലിയ്ക്കു് യോഗ്യരാണെന്നും, അദ്ദേഹം കല്പിച്ചു. "ചെന്നായ്ക്കളുടെ ഇടയിൽ കുഞ്ഞാടുകളെപ്പോലെ ഞാൻ നിങ്ങളെ അയയ്ക്കുന്നു" എന്നാണു് ക്രിസ്തു കല്പിച്ചതു്. "നിങ്ങൾ സൎപ്പങ്ങളെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ പരമാൎത്ഥികളും ആയിരിക്കണം7. മനുഷ്യരെ സൂക്ഷിച്ചുകൊള്ളുവിൻ, അവർ ഞാൻ കാരണം നിങ്ങളെ കോടതികൾക്കും രാജാക്കന്മാൎക്കും ഏല്പിച്ചുകൊടുക്കും. അവരുടെ സംഘങ്ങളിൽ വച്ചു് അവർ നിങ്ങളെ അടിപ്പിച്ചു എന്നും വരും. ശിഷ്യൻ ഗുരുവിനെക്കാൾ മെച്ചമുള്ളവനോ, ഭൃത്യൻ യജമാനനെക്കാൾ ശ്രേഷ്ഠനോ ആകയില്ലല്ലോ. അതിനാൽ ശരീരത്തെ കൊല്ലുന്നവനെ നിങ്ങൾ ഭയപ്പെടേണ്ടതില്ല. ശരീരത്തെയും ആത്മാവിനെയും നരകത്തിൽ ഇടുന്നതിനു അധികാരമുള്ളവനെ ഭയപ്പെടുവിൻ".

"മനുഷ്യന്റെ മുമ്പാകെ എന്നെ ഏറ്റുപറയുന്നവനെ എന്റെ പിതാവിന്റെ മുമ്പാകെ ഞാനും ഏറ്റുപറയും. എന്നേക്കാൾ അധികമായി പിതാവിനെയോ മാതാവിനെയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല. ഈ ചെറിയവരിൽ ഒരുവനു് ഒരു പാത്രം വെള്ളം കുടിപ്പാൻ കൊടുത്താൽ അതിന്റെ കൂലി നശിച്ചുപോകയില്ലെന്നു സത്യമായി ഞാൻ പറയുന്നു. നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു". എന്നിപ്രകാരം ക്രിസ്തു അവരോടു കല്പിച്ചിട്ടു് അവരെ ഈരണ്ടീരണ്ടായി വേദോപദേശത്തിനു് ഓരോ സ്ഥലത്തേക്കു് അയച്ചു.

---

1. ശ്ലീഹന്മാരുടെ പേരെവിടെയെല്ലാം ഒരുമിച്ചു പറയുന്നുണ്ടോ അവിടെയെല്ലാം പത്രോസിന്റെ പേരു് ഒന്നാമതായി പറയുന്നു. പ്രായം കൊണ്ടു് മൂത്തയാൾ പത്രോസല്ല. ആദ്യം ക്രിസ്തുവിന്റെ ശിഷ്യനായതു

www.malankaralibrary.com

പത്രോസല്ല. ക്രിസ്തു അധികം സ്നേഹിച്ചിരുന്നയാളും പത്രോസല്ല. പത്രോസിൻെറ പേര് ആദ്യം പറയുന്നതിൻെറ ഏക കാരണം അദ്ദേഹത്തെ അപ്പോസ്തലസംഘത്തിൻെറ സർവ്വഭൗമനും തിരുസഭയുടെ അസ്ഥിവാരവുമായി കർത്താവു നിശ്ചയിച്ചു എന്നുള്ളതാണ്.

2. യേശു പന്ത്രണ്ടു അപ്പോസ്തലന്മാരെ തിരഞ്ഞെടുക്കണമെന്നുള്ളത് ഇസ്രായേലിൻെറ ഗോത്രപിതാക്കന്മാരുടെ എണ്ണംകൊണ്ട് മുൻകൂട്ടി ദൈവം കാണിച്ചിരുന്നു. അപ്പോസ്തലൻ എന്ന പേര് ക്രിസ്തുവിനുള്ളതാണ്. "നാം സ്വീകരിച്ചുപറയുന്ന അപ്പോസ്തലനും മഹാപുരോഹിതനുമായ യേശു" (എബ്രാ. 3-1) എന്ന് ക്രിസ്തുവിനെക്കുറിച്ചു നാം വായിക്കുന്നു. ഇതുകൂടാതെ ഇടയൻ, (എബ്രാ. 13,20 അപ്പോ. പ്ര. 20,28), വാതിൽ (യോഹ. 10,9) വെളിച്ചം (യോഹ. 8,12, മത്താ. 5,14)എന്നിങ്ങനെ ക്രിസ്തുവിനുള്ള പര്യായപേരുകളും ശിഷ്യന്മാർക്ക പൊതുവേ പറയപ്പെടുന്നു. എന്നാൽ ക്രിസ്തുവിന് പത്രോസ് (പാറ) എന്നൊരു പേരുണ്ട്. 'ആ പാറ ക്രിസ്തുവാകുന്നു' (1 കോറ. 10,4) ഈപേര് പത്രോസിനു മാത്രമേ കൊടുത്തുള്ളു. എന്നാൽ പത്രോസ് എന്നുള്ളതിന് പാറക്കഷണം എന്നാണർത്ഥമെന്ന് ചിലർ പറയുന്നുണ്ട്. അങ്ങനെ പറഞ്ഞാലും തെറ്റില്ല. ക്രിസ്തു ഭൂമിയിലും ശുദ്ധീകരണസ്ഥലത്തും സ്വർഗ്ഗത്തിലും ഉള്ള മുഴുവൻ സഭയുടെയും അടിസ്ഥാനപ്പാറയാകുന്നു. പത്രോസ് ക്രിസ്തുവിൻെറ കീഴിൽ അതിൽ ഒരു വിഭാഗമായ ഭൂമിയിലെ സഭക്ക് മാത്രം പരമാധികാരിയാകുന്നു. അതിനാൽ പത്രോസിനെ സംബന്ധിച്ചിടത്തോളം പത്രോസ് എന്ന വാക്കിന് പാറക്കഷണം എന്ന് പറയുന്നതിൽ തെറ്റില്ല. "എന്നാൽ ആ പാറ ക്രിസ്തു ആകുന്നു" എന്നു പറയുന്ന സ്ഥലത്ത് പാറ എന്ന പദത്തിനു മൂലഗ്രന്ഥത്തിൽ ഏതു വാക്കു ഉപയോഗിച്ചിരിക്കുന്നുവോ അതേ വാക്കു തന്നെയാണ് പത്രോസിനു പേരായികൊടുത്തിട്ടുള്ളത്.

3. ഈ അപ്പോസ്തലന്മാർ ക്രിസ്തുവിൽനിന്ന് കേട്ടു പഠിച്ചിട്ടുള്ളത് യാതൊരു തെറ്റും കൂടാതെ ജനങ്ങളെ പഠിപ്പിച്ചവരും, ആ ഉപദേശജോലി ഉപേക്ഷിക്കണമെന്ന് നിർബന്ധിക്കപ്പെട്ടിട്ടും അതു ഉപേക്ഷിക്കാതെ പീഡയേററവരും രക്തസാക്ഷികളായി മരണം വരിച്ചവരുമാകയാൽ അവർ ക്രിസ്തുവിനെപ്പററി പറകയും, എഴുതുകയും ചെയ്തിട്ടുള്ളതെല്ലാം യഥാർത്ഥങ്ങളാണെന്നു നിസ്സംശയം വിശ്വസിക്കാവുന്നതാണ്.

4. ഇസ്രായേലിൽനിന്നു തെററിപ്പോയവരുടെ അടുക്കലേക്ക് ആദ്യമായി പോകുവിൻ എന്നു പറഞ്ഞിരിക്കുന്നത് പ്രത്യേക ഉദ്ദേശത്തിലാണ്.

www.malankaralibrary.com

മിശിഹായെക്കുറിച്ചുള്ള വാഗ്ദത്തം നൽകപ്പെട്ടതും, ആ വാഗ്ദത്തപ്രകാരം വന്നിരിക്കുന്ന ആൾ ക്രിസ്തു ആണെന്നു് മനസ്സിലാക്കാൻ എളുപ്പമുള്ളതും യഹൂദർക്കാണു്. അതിനാലാണു് ആദ്യമായി യഹൂദന്മാരോടു് സുവിശേഷിപ്പിൻ എന്നു പറഞ്ഞതു്. തന്നെയുമല്ല, യഹൂദന്മാർ തെററിദ്ധരിക്കാതിരിപ്പാനും ഇതു് ആവശ്യമായിരുന്നു.

5. അപ്പോസ്തലന്മാർ ക്രിസ്തുവിൽനിന്നു് അധികാരം ലഭിച്ചവരാകയാൽ നാം അവരെ അനുസരിക്കണം.

6. "സൗജന്യമായി ലഭിച്ചു, സൗജന്യമായി കൊടുപ്പിൻ" എന്നു പറഞ്ഞാൽ ദൈവം അപ്പോസ്തലസ്ഥാനവും അതിനടുത്ത അധികാരങ്ങളും സൗജന്യമായി അവർക്കു കൊടുത്തു എന്നാകുന്നു. അതിനാൽ സ്വന്തം ലാഭത്തിനും പുകഴ്ചക്കുമായി അവയെ ഉപയോഗിച്ചുകൂടാ എന്നർത്ഥം. ഇതുകൊണ്ടു് കർമ്മാദികൾക്കു് പൗരോഹിത്യവരുമാനം കൊടുക്കുന്നതു് തെററാണെന്നു വ്യാഖ്യാനിക്കാൻ പാടില്ല. കർമ്മാദികൾക്കു് കൊടുക്കുന്ന വരുമാനം കർമ്മത്തിന്റെ വിലയല്ല. പള്ളിയുടെയും പുരോഹിതന്റെയും പരിപോഷണാർത്ഥം കൊടുക്കപ്പെടുന്ന ഒരു വരുമാനം മാത്രമാണു് അതു്. വേലക്കാരൻ തന്റെ കൂലിക്കു യോഗ്യനാകുന്നു എന്നും (ലൂക്കോ. 10,7) ബലിപീഠത്തിൽ ശുശ്രൂഷിക്കുന്നവൻ ബലിപീഠംകൊണ്ടു ജീവിക്കണം എന്നും ഉണ്ടല്ലോ. (ആവ. 18,1—5).

7. "സർപ്പത്തെപ്പോലെ വിവേകികളായിരിപ്പിൻ" സർപ്പം ഏതു അപകടത്തിലും തല ഭദ്രമായി സൂക്ഷിക്കുന്നു. അതുപോലെ ശ്രേഷ്ഠമായിരിക്കുന്ന ക്രിസ്തീയവിശ്വാസം സംരക്ഷിക്കുവാനായിരിക്കണം നമ്മുടെ സർവ്വപ്രധാനമായ യത്നം. പാമ്പു് ഇടുങ്ങിയ സ്ഥലത്തുകൂടെ കടന്നു് അവയുടെ പടം പൊഴിച്ചു് ജീവിതപുതുക്കം പ്രാപിക്കുന്നു. നാമും ഇടുങ്ങിയ പാതയിലൂടെ കടന്നു് പ്രകൃതിക്കു് ദുസ്സഹമായ പുണ്യാഭ്യാസംകൊണ്ടു് നമ്മിലുള്ള പഴയ ജീവിതം നീക്കി ക്രിസ്തുവിൽ നവീകൃതരാകേണ്ടതാകുന്നു. "പ്രാവുകളെപ്പോലെ നിഷ്കളങ്കരായിരിക്കണം", അന്യരെ ഉപദ്രവിക്കാതെയും അവരുടെ ഉപദ്രവങ്ങൾക്കു് പ്രതികാരം ചെയ്യാതെയും ഇരിക്കുന്ന ശാന്തമായ പ്രകൃതം പ്രാവിൽനിന്നു് നാം പഠിക്കേണ്ടതാണു്.

www.malankaralibrary.com

## പാഠം 9

# അഞ്ചപ്പംകൊണ്ട് ക്രിസ്തു അയ്യായിരംപേരെ പോഷിപ്പിച്ചത്

(മത്താ. 14,13–23; ലൂക്കോ. 9,10-17: മർക്കോ. 6,30–46)

പെസഹാപ്പെരുനാളടുത്തു. സുവിശേഷവേലയ്ക്കായി പോയിരുന്ന ശിഷ്യന്മാർ ക്രിസ്തുവിന്റെ അടുക്കൽ വന്ന് അവരുടെ പ്രവൃത്തിയുടെ ഫലം അറിയിച്ചു. ഭക്ഷണത്തിനുപോലും സമയം കിട്ടാതവണ്ണം അനവധി ആളുകൾ വന്നും പോയുമിരുന്നതുകൊണ്ട് ഒരു വിജനപ്രദേശത്തുപോയി പ്രാർത്ഥിക്കുന്നതിനും വിശ്രമിക്കുന്നതിനും ക്രിസ്തു ശിഷ്യന്മാരുമായി ഗലീലക്കടലിനക്കരെ പോയി. അവിടെയും വളരെ ആളുകൾ വന്നുകൂടി.

ഇതു കണ്ട് കാരുണ്യമനസ്സനായ ക്രിസ്തു വിശ്രമിക്കുവാൻ പോകാതെ അപ്പോസ്തലന്മാരോടും ശിഷ്യന്മാരോടും കൂടി ഒരു മലമുകളിൽ കയറിയിരുന്ന് ജനങ്ങളെ പഠിപ്പിക്കുവാൻ തുടങ്ങി. രോഗികളെയും സുഖപ്പെടുത്തി. നേരം വൈകാറായപ്പോൾ ശിഷ്യന്മാർ അടുത്തു ചെന്ന് "ഇത് മണലാരണ്യമാണല്ലോ. അങ്ങ് ഇനി എല്ലാവരെയും പിരിച്ചുവിടണം. അവർ അടുത്തുള്ള ഗ്രാമങ്ങളിലും പട്ടണങ്ങളിലും പോയി ഭക്ഷണം വാങ്ങി കഴിക്കട്ടെ" എന്ന് ഉണർത്തിച്ചു. 'അവർ പോകേണ്ട ആവശ്യമില്ല. നിങ്ങൾ അവർക്ക് ഭക്ഷണം കൊടുപ്പിൻ' എന്നായിരുന്നു ക്രിസ്തുവിന്റെ മറുപടി. 'സ്ത്രീകളെയും കുഞ്ഞുങ്ങളെയും കൂടാതെ തന്നെ അയ്യായിരത്തോളം വരുന്ന ജനക്കൂട്ടത്തെ എങ്ങനെ ഭക്ഷണം കൊടുത്തു തൃപ്തിപ്പെടുത്തും? അവർക്ക് അല്പാല്പമായി കൊടുക്കുന്നതായാൽതന്നെയും 200 ദീനാറയ്ക്കു അപ്പം വേണ്ടിവരും" എന്ന് പിലിപ്പോസ് പറഞ്ഞു.

www.malankaralibrary.com

നിങ്ങൾക്കു് എത്ര അപ്പമുണ്ടെന്നു ക്രിസ്തു ചോദിച്ചതിന് ഇവിടെ ഒരു ബാലന്റെ പക്കൽ അഞ്ചപ്പവും രണ്ടു മീനുമുണ്ടെന്നു അന്ത്രയോസ് മറുപടി പറഞ്ഞു. അതിവിടെ കൊണ്ടുവന്നാശേഷം 50 വീതമുള്ള പന്തികളായി നിങ്ങൾ ജനത്തെ ഭക്ഷണത്തിനായി ഇരുത്തുവിൻ എന്നു് യേശു ഉപദേശിച്ചു. അതനുസരിച്ചു് ശിഷ്യന്മാർ പ്രവർത്തിച്ചു. ആ അഞ്ചപ്പവും രണ്ടു മീനുമെടുത്തു് യേശു സ്വർഗ്ഗത്തിലേക്കു നോക്കി വാഴ്ത്തി ജനത്തിനു വിളമ്പുവാൻ അപ്പോസ്തലന്മാരെ ഏല്പിച്ചു[1]. അവർ വിളമ്പി. സകല മനുഷ്യരും ഭക്ഷിച്ചു സംതൃപ്തരായി[2], വളരെ അധികം മിച്ചം വരികയും ചെയ്തു. ശേഷിച്ച കഷണങ്ങൾ യേശുവിന്റെ ആജ്ഞയനുസരിച്ചു് ശേഖരിച്ചതു് പന്ത്രണ്ടു കുട്ട നിറച്ചുണ്ടായിരുന്നു. "ലോകത്തിലേക്കു വരുവാനുള്ള ദീർഘദർശി ഇവൻ തന്നെയാകുന്നു" എന്നു് കാണികൾ പറഞ്ഞു. അവർ അദ്ദേഹത്തെ ബലാൽ, രാജാവാക്കുവാൻ ശ്രമിച്ചു[3]. യേശു അതു കണ്ടു് ശിഷ്യന്മാരെ അക്കരയ്ക്കയച്ചിട്ടു് പ്രാർത്ഥിപ്പാനായി തനിയേ വനാന്തരത്തിലേക്കു പോയി[4].

---

1. യേശുവിന്റെ ഉപദേശം കേട്ടു് ശാരീരികചിന്തവിട്ട ജനത്തിൽ അദ്ദേഹത്തിന് അനുകമ്പ തോന്നി. അവർക്ക് ആവശ്യമുള്ള ഭക്ഷണം കൊടുത്തു. ദൈവാരാധനാനിരതരായവർക്ക് ആത്മീയപോഷണത്തിനുപുറമേ ബാഹ്യാവശ്യങ്ങളും ദൈവം നടത്തിക്കൊടുക്കും.

2. അഞ്ചപ്പംകൊണ്ടു അയ്യായിരംപേരെ തൃപ്തിപ്പെടുത്തിയതുപോലെ ക്രിസ്തു ഇന്നും വിശുദ്ധ കുർബാനയിൽ തന്റെ ശരീരംകൊണ്ടു എല്ലാവരേയും തൃപ്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

3. അപ്പം ഭക്ഷിച്ചു തൃപ്തരായപ്പോൾ യേശുവിനെ രാജാവാക്കുവാൻ ജനങ്ങൾ ശ്രമിച്ചു. മറ്റൊരവസരത്തിൽ ശത്രുക്കളുടെ കൈയ്യിൽ അകപ്പെട്ട യേശുവിനെ കണ്ടപ്പോൾ അവനെ ക്രൂശിക്കുക എന്നും ജനങ്ങൾ അട്ടഹസിച്ചു. നല്ല കാലത്തു് എല്ലാവരും നമ്മെ പുകഴ്ത്തും. കഷ്ടകാലത്തു് നമ്മെ അപഹസിക്കുകയും ചെയ്യും. അതിനാൽ മനുഷ്യരുടെ സ്തുതിവചനങ്ങളും അപഹാസങ്ങളും നാം അത്ര സാരമാക്കേണ്ടതില്ല.

www.malankaralibrary.com

4. യേശുവിനെ രാജാവാക്കുവാൻ ശ്രമിച്ചപ്പോൾ ശിഷ്യന്മാരെ അക്കരെ അയച്ചിട്ട് തനിയെ പ്രാർത്ഥിപ്പാനായി മലയിലേക്ക പോയി. മുഖസ്തുതിവചനത്തിൽ പിശാചിന്റെ കൈ ഉണ്ടെന്ന മനസ്സിലാക്കാത്തവൻ നിഗളത്തിലും മുഖസ്തുതികളിലും അധഃപതിച്ചുപോകും. മററുള്ളവർ നമ്മെ പുകഴ്ത്തി പറയുമ്പോൾ നാം നിഗളിച്ചുപോകാതിരിപ്പാൻ വേണ്ടി നാമും ഇതുപോലെ ഒഴിഞ്ഞുമാറി പ്രാർത്ഥിക്കേണ്ടതാണ്.

## പാഠം 10

# ക്രിസ്തു വെള്ളത്തിന്മേൽ നടന്നതു്

(മത്താ.14,23–34;മാർക്കോ.6,46–56;യോഹ.6,15-29.)

അഞ്ചപ്പംകൊണ്ടു് അയ്യായിരംപേരെ പോഷിപ്പിച്ച ശേഷം യേശു ജനങ്ങളെ പിരിച്ചു വിട്ടിട്ട്, ശിഷ്യന്മാർ പടകിൽ കയറി അക്കരെ പോകുവാൻ കല്പിച്ചു. അനന്തരം യേശു മലയിൽ കയറി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ശിഷ്യന്മാരുടെ പടക് കടൽ നടുവിലെത്തി. ഭയങ്കരമായ ഒരു കാററും പിശറും വന്നു. പടക് മറിഞ്ഞു് വെള്ളത്തിൽ താണു് എല്ലാവരും മരിക്കും എന്ന നിലയായി. എല്ലാവരും വളരെ ഭയന്നു. രാത്രി നാലാം യാമത്തോടടുത്തിരുന്നു.

അപ്പോൾ യേശു വെള്ളത്തിൻ മീതെക്കൂടി നടന്നു വരുന്നതു അവർ കണ്ടു[1]. പക്ഷെ അതു് മായക്കാഴ്ചയാണെന്നു് കരുതി ശിഷ്യന്മാർ ഭയന്നു് വിറച്ചു തുടങ്ങി. "ശാന്തമായിരിപ്പിൻ, ഭ്രമിക്കണ്ട. ഞാനാകുന്നു" എന്നു് യേശു പറഞ്ഞു. "കർത്താവേ, അവിടുന്നാണെങ്കിൽ വെള്ളത്തിൻമീതെക്കൂടി നടന്നു് ഞാൻ അങ്ങേ അടുത്തു വരുവാൻ കല്പിക്കുക"[2] എന്നു് പത്രോസ് കർത്താവിനോടു് അപേക്ഷിക്കുകയും ആജ്ഞപ്രകാരം പത്രോസ് വെള്ളത്തിൻമീതെക്കൂടി നടക്കുവാനിറങ്ങുകയും ചെയ്തു. പക്ഷെ, അതിശക്തിയായി ഇളകി മറിയുന്ന തിരമാലകളിൽ താൻ താണുപോകുമെന്നു കണ്ടു് "കർത്താവേ, എന്നെ രക്ഷിക്കേണമെ", എന്നു് പത്രോസ് വിളിച്ചു പറഞ്ഞു. "അല്പവിശ്വാസി, നീ എന്തിനു

www.malankaralibrary.com

സംശയിച്ചു"? എന്നു ചോദിച്ചുകൊണ്ടു്, യേശു കൈ നീട്ടി പത്രോസിനെ രക്ഷിച്ചു[3]. അവർ പടകിൽ കയറിയപ്പോൾ കാററും ശാന്തമായി. ഇതു കണ്ടു് പടകിൽ ഇരുന്നവർ "സത്യമായി നീ ദൈവപുത്രനാകുന്നു"[4], എന്നു പറഞ്ഞു് യേശുവിനെ വന്ദിച്ചു[5].

പടക കരയ്ക്കടുപ്പിച്ചു് എല്ലാവരും ഗനേസറേത്തിലെത്തി. യേശു വന്നിട്ടുണ്ടെന്നു കേട്ടു്, അനവധി രോഗികളെ നാനാഭാഗത്തുനിന്നും അവിടെ കൊണ്ടുവന്നു. അവരെയെല്ലാം യേശു സുഖപ്പെടുത്തുകയും, അദ്ദേഹത്തിൻെറ വസ്ത്രാഗ്രത്തിൽ തൊട്ടു് അനേകർ സൗഖ്യമാവുകയും ചെയ്തു. പിറേറ ദിവസം വളരെ പേർ അക്കരെനിന്നും വന്നു. "റബ്ബീ! അങ്ങു് എപ്പോൾ ഇവിടെ വന്നു"? എന്നു ചോദിച്ചു. ക്രിസ്തു ഇക്കരയ്ക്കു പോന്നതു്, അവർ കണ്ടിരുന്നില്ല. "നിങ്ങൾ അടയാളങ്ങൾ ഗൗനിച്ചിട്ടല്ല, അപ്പം തിന്നു തൃപ്തിയായതിനാലാണു് എന്നെ അന്വേഷിക്കുന്നതു്. നശ്വരമായ ഭോജനത്തിനായിട്ടല്ല നിത്യജീവങ്കലേക്കു് നമ്മെ നിലനിറുത്തുന്ന ആഹാരത്തിനായിട്ടത്രേ നിങ്ങൾ അദ്ധ്വാനിക്കേണ്ടതു്, അതു മനുഷ്യപുത്രൻ നിങ്ങൾക്കു തരും"[6] എന്നു് യേശു വീണ്ടും പറഞ്ഞു. അപ്പോൾ അവർ യേശുവിനോടു്, "ഞങ്ങൾ ദൈവഹിതം[7] പ്രവർത്തിക്കുന്നതിനു് എന്തു ചെയ്യണം"? എന്നു ചോദിച്ചതിനു് "ദൈവം അയച്ചവനിൽ നിങ്ങൾ വിശ്വസിക്കണം. അതാകുന്നു ദൈവത്തിൻെറ പ്രവൃത്തികൾ" എന്നു യേശു മറുപടി പറഞ്ഞു.

---

1. യേശു വെള്ളത്തിന്മേൽ നടന്നു. യേശുവിൻെറ മർമ്മപരമായ ശരീരമാകുന്ന കത്തോലിക്കാതിരുസഭയും, എത്രയോ ചക്രവർത്തിമാരുടെയും രാജാക്കന്മാരുടെയും പീഡകളും ഉപദ്രവങ്ങളും ആകുന്ന സമുദ്രം തരണംചെയ്താണു് വന്നിട്ടുള്ളതു്. ക്രിസ്തുവിൻെറ അമാനുഷികമായ ശക്തി കത്തോലിക്കാസഭയ്ക്കുമുണ്ടു്. (1 കോറി. 12,27. കൊലൊ ,18)

2. വെള്ളത്തിന്മേൽ നടക്കുക എന്നുള്ളതു അസാദ്ധ്യമായ കാര്യമാണെങ്കിലും ക്രിസ്തു കല്പിച്ചാൽ തനിക്കു അതു കഴിയുമെന്നു പത്രോസ് വിശ്വസിച്ചു. എങ്കിലും വിശ്വാസത്തിൻെറ പരിപൂർണ്ണതയിൽ

www.malankaralibrary.com

പത്രോസ് എത്തിയിരുന്നില്ല. അതിനാൽ പത്രോസിന്റെ വിശ്വാസത്തിനു ചാഞ്ചല്യമുണ്ടായി. പത്രോസ് അന്ധാളിച്ചുപോയി.

3. പത്രോസ് മുങ്ങിപ്പോകുവാൻ യേശു സമ്മതിച്ചില്ല. കൈനീട്ടി പത്രോസിനെ പിടിച്ചു. ഇന്നും യേശു പത്രോസിന്റെ പിൻഗാമികളായ മാർപ്പാപ്പാമാരുടെ കൈയ്യു പിടിച്ചു നടത്തുന്നു.

4. "നീ സത്യമായും ദൈവപുത്രനാകുന്നു" എന്നു അവർ ഏററു പറഞ്ഞു. ക്രിസ്തു വെള്ളത്തിന്മേൽ നടന്നതും, അദ്ദേഹം പടകിൽ കയറിയപ്പോൾ കാററും കടലും ശാന്തമായതും അവർ കണ്ടു. അതിനാലത്രെ ഇങ്ങനെ ഏററുപറഞ്ഞതു്. ഇതത്രെ അത്ഭുതങ്ങൾ വെളിപ്പെടുത്തിതരുന്ന വിശ്വാസം. ഇതുപോലെ ക്രിസ്തുവിന്റെ അത്ഭുതപ്രവൃത്തികളെ സൂക്ഷ്മനിരീക്ഷണം ചെയ്യുന്ന ഏവനും ക്രിസ്തു ദൈവപുത്രനാണെന്നു സ്വാഭാവിക വിവേചനയാൽ ഏററുപറവാൻ കഴിയും.

5. ശ്ലീഹന്മാരെ അധിപരാക്കി ക്രിസ്തു സ്ഥാപിച്ചിട്ടുള്ള സഭയെ സകലവിധ ഓളങ്ങളിൽനിന്നും തിരമാലകളിൽനിന്നും രക്ഷിപ്പാൻ ക്രിസ്തു ശക്തനാണെന്നു ശിഷ്യന്മാരെ ഉൽബോധിപ്പിക്കുവാൻകൂടെയായിരുന്നു ക്രിസ്തു വെള്ളത്തിന്മേൽ നടന്നു അവരുടെ അടുക്കൽ ചെന്നതു്.

6. "നിങ്ങൾക്കു നിത്യജീവൻ തന്നു അതിൽ നിങ്ങളെ നിലനിറുത്തുന്ന ആഹാരത്തിനായി അധ്വാനിപ്പിൻ. അതു മനുഷ്യപുത്രൻ നിങ്ങൾക്കു തരും" എന്നു പറയുന്നതു വിശുദ്ധ കുർബാനയിൽ ദൈവം തരുന്ന കൃപയെപററി ആകുന്നു. വിശുദ്ധ കുർബാന എത്രമാത്രം ഒരുക്കത്തോടും പ്രാർത്ഥനയോടും വിശ്വാസത്തോടുംകൂടി കൂടെക്കൂടെ നാം കൈക്കൊള്ളുന്നുവോ അത്രയ്ക്കു നമ്മുടെ ജീവിതം പരിശുദ്ധമായിരിക്കുകയും ദൈവകൃപയുടെ സമൃദ്ധി നമുക്കു ഉണ്ടാകുകയും ചെയ്യും. ആകയാൽ അതിനായി ശ്രമിപ്പിൻ.

7. ദൈവഹിതം പ്രവൎത്തിക്കുക എന്നതു് യേശുവിൽ വിശ്വസിക്കുകയും യേശുവിന്റെ ഹിതാനുസരണം ജീവിക്കയും ചെയ്യുന്നതാകുന്നു. യേശുവിൽ വിശ്വസിക്കുക എന്നതു് തിരുസഭയെ വിശ്വസിക്കുക എന്നതുതന്നെയാകുന്നു. വിശ്വാസവും സന്മാർഗ്ഗവും പഠിപ്പിക്കുവാനായി ദൈവം സ്ഥാപിച്ചിരിക്കുന്ന ഏകസഭയെ വിശ്വസിക്കയും തിരുസഭയുടെ കല്പനകളെ അനുസരിച്ചു ജീവിക്കുകയും ചെയ്യേണ്ടതു് നമ്മുടെ കടമയാകുന്നു.

**A. M. D. G. Mque**

www.malankaralibrary.com

## ക്ലാസ് ആരംഭിക്കുന്നതിനുമുമ്പുള്ള പ്രാർത്ഥന

(മുട്ടിന്മേൽ നിന്നുകൊണ്ട്)

പരിശുദ്ധാത്മാവേ, എഴുന്നെള്ളി വരിക; നിന്റെ വിശ്വാസികളുടെ ഹൃദയങ്ങളെ നിറയ്ക്കുക; നിന്റെ സ്നേഹത്തിന്റെ അഗ്നിയെ അവയിൽ കത്തിക്കുകയും ചെയ്യുക.

മു. സർവ്വേശ്വരാ, നിന്റെ ആത്മാവിനെ അയയ്ക്കുക; അപ്പോൾ സകലവും സൃഷ്ടിക്കപ്പെടും.

സ. ഭൂമിയുടെ മുഖം നീ പുതുക്കുകയും ചെയ്യും.

### നമുക്കു പ്രാർത്ഥിക്കാം

പരിശുദ്ധാത്മാവിന്റെ വെളിവാൽ വിശ്വാസികളുടെ ഹൃദയങ്ങളെ പഠിപ്പിച്ച സർവ്വേശ്വരാ, ഈ ആത്മാവിന്റെ സഹായത്താൽ ഞങ്ങൾ ചൊവ്വുള്ളവയെ ഗ്രഹിപ്പാനും നിന്റെ ആശ്വാസത്തിൽ എപ്പോഴും ആനന്ദിപ്പാനും ഞങ്ങൾക്കു അനുഗ്രഹം ചെയ്യണമെന്ന് ഞങ്ങളുടെ കർത്താവീശോമിശിഹാ മുഖാന്തരം നിന്നോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

നന്മനിറഞ്ഞ മറിയമേ .... .... ....

മു. ബോധജ്ഞാനത്തിന്റെ സിംഹാസനമേ,

സ. ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.

---

*Nihil obstat*

**Rt. Rev. Msgr. C. T. Kuruvilla.**

*Imprimatur*

✠ Benedict Mar Gregorios,
*Archbishop of Trivandrum.*

*Trivandrum,*
2-10-1961.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com